# ജനപഥം

ജനുവരി 2013




4
**ഒരു പ്രവാസിയുടെ തുറക്കാത്ത കത്ത്**

6
**കേരളം ഇപ്പോൾ ഒരു മഹത്തായ ലക്ഷ്യം**
ഉമ്മൻചാണ്ടി - മുഖ്യമന്ത്രി

8
**പ്രവാസികളുടെ മഹോത്സവം**
വയലാർ രവി
കേന്ദ്ര പ്രവാസികാര്യ മന്ത്രി

10
**പ്രവാസി ഭാരതീയ ദിവസ്**
**പ്രശ്നങ്ങളും പ്രതീക്ഷകളും**
പി.കെ. കുഞ്ഞാലിക്കുട്ടി
വ്യവസായ-ഐ.ടി. മന്ത്രി

12
**വികസനത്തിന്റെ പ്രവാസവഴികൾ**
കെ.എം. മാണി - ധനകാര്യമന്ത്രി

15
**പ്രവാസി ഭാരതീയ ദിവസ്**
**ഇന്ത്യയിലെ ഏറ്റവും വലിയ**
**പ്രവാസി കൂട്ടായ്മ**
കെ.സി. ജോസഫ്
സാംസ്കാരിക-നോർക്ക മന്ത്രി

18
**ഫുജൈറയിലെ**
**വെയിൽ തിന്നുന്ന മരം**
ഡിക്സൺ ജോർജ്

22
**ഇന്ത്യൻ പ്രവാസികൾ**
**ജീവിതം, ഗൃഹാതുരത, സാഹിത്യം**
ടി.പി. ശ്രീനിവാസൻ

26
**പ്രവാസിദിന ചിന്തകൾ**
ഡി. ബാബുപോൾ

28
**അന്യസംസ്ഥാനങ്ങളിലെ**
**പ്രവാസി മലയാളികൾ**
പ്രൊഫ. ഓംചേരി എൻ.എൻ.പിള്ള

32
**പ്രവാസവീഥിയിലെ വിജയചരിതങ്ങൾ**

**അലാവുദീന്റെ അത്ഭുത വിളക്ക്**
മുസാഫിർ

38
**സ്നേഹസ്പർശം പകരുന്ന**
**മലയാളി മാലാഖമാർ**
എ.എം. സജിത്ത്

42
**ഗൾഫ് കുടിയേറ്റത്തിന്റെ ചരിത്രവും**
**വർത്തമാനവും**
കെ.പി. സേതുനാഥ്

44
**വിമാനയാത്രക്കാരനായ തൊഴിലാളി**
വി. മുസഫർ അഹമ്മദ്

48
**മലയാണ്മയുടെ സിംഗപ്പൂർ പാരമ്പര്യം**
എം.കെ. ഭാസി

51
**പ്രവാസിയുടെ ദേശീയത**
ബാബു തളിയത്ത്

53
**യൂറോപ്പിൽ ഒരു മലയാളി**
മുരളി വെട്ടത്ത്

56
**പോരാളിയായ പ്രവാസി**
അജിത് വെണ്ണിയൂർ

61
**പണം കായ്ക്കുന്ന മരങ്ങൾ**
ബൈജു ഭാസ്കർ

64
**നോർക്ക പ്രവാസികൾക്കൊരു**
**കൈത്താങ്ങ്**

67
**പ്രവാസം മാറുന്ന മുഖം**
എഴുമാവിൽ രവീന്ദ്രനാഥ്

# പ്രതികരണം




## പെൺ ജീവിതത്തിന് നന്ദി

ഡിസംബർ ലക്കത്തിലെ പെൺജീവിതം വളരെ ഇഷ്ടമായി. ഭാവി സ്വയം തെരഞ്ഞെടുക്കാൻ ഇന്നത്തെ കുട്ടികൾക്ക് വളരെ കുറഞ്ഞ സ്വാതന്ത്ര്യമേ ലഭിക്കുന്നുള്ളു. ആഗ്രഹിച്ച മേഖല തെരഞ്ഞെടുക്കാൻ മിക്കവാറും കുട്ടികൾക്ക് കഴിയാറില്ല. മാതാപിതാക്കളുടെ ആഗ്രഹപ്രകാരം ഡോക്ടർ അല്ലെങ്കിൽ എൻജിനീയർ ഇതിൽ ഏതെങ്കിലും ആയിത്തീരാൻ വിധിക്കപ്പെട്ടവർ. അവരുടെ സർഗ കഴിവുകളും ആഗ്രഹങ്ങളും മനസ്സിൽ തന്നെ കുഴിച്ചുമൂടേണ്ടിവരുന്നു. എന്നാൽ ഇഛാശക്തിയോടെ സ്വന്തം സ്വപ്നങ്ങൾ യാഥാർഥ്യമാക്കാൻ യത്നിക്കുന്നവർക്ക് അത് സാധ്യമാണ് എന്ന് തെളിയിച്ച പെൺ ജീവിതത്തിന് നന്ദി.

**അജിത,**
മാരാരിക്കുളം, ആലപ്പുഴ

## അഴിമതിയെ ചെറുക്കാൻ ഒന്നിക്കാം

ജനപഥം ഡിസംബർലക്കം വായിച്ചു. *പ്രതിരോധം ഫലപ്രദം* എന്ന ശീർഷകത്തോടെയുള്ള കവർ പേജ് ലളിതവും മനോഹരവുമായിരുന്നു.

മാധ്യമപ്രവർത്തകനും സാമൂഹിക പ്രവർത്തകനുമായ ബി. ആർ. പി. ഭാസ്കറിന്റെ *എങ്ങനെ ചെറുക്കും ഈ ആഗോള പ്രതിഭാസത്തെ* എന്ന ലേഖനം വളരെ നന്നായിരുന്നു. ഏതൊരാവശ്യവുമായി ഓഫീസുകളിൽ ചെന്നാലും ഉദ്യോഗസ്ഥർ ജനങ്ങളെ വളരെ ബുദ്ധിമുട്ടിക്കുന്ന കാഴ്ചയാണ് കണ്ടുവരുന്നത്. കൈക്കൂലി കൊടുത്താൽ മാത്രമേ കാര്യങ്ങൾ സുഗമമായി നടക്കൂ എന്ന അവസ്ഥയാണിന്നുള്ളത്. അഴിമതി നിയന്ത്രണവിധേയമാക്കാൻ ഉദ്യോഗസ്ഥർ തന്നെ ശ്രമിക്കണം. ഈ വർഷത്തെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം 95 ൽ നിന്ന് 182 ലേക്ക് മാറട്ടെ എന്ന് ആശംസിക്കാം.

**ദിനേശൻ,**
പേരൂർക്കട, തിരുവനന്തപുരം

## എയ്ഡ്സ് ഒരു ധാർമിക പ്രശ്നം

കേരളത്തിലും ഇന്ത്യയിലും എയ്ഡ്സ് ബാധിതരുടെ വർധന തടയുവാൻ സാധിച്ചതായുള്ള കണക്കുകൾ ശുഭകമാണ്. എന്നാൽ ഈ മഹാമാരിയെ വരുതിയിലാക്കിക്കഴിഞ്ഞുവെന്ന് കരുതാൻ ഇവയൊന്നും പര്യാപ്തമല്ല. ആധുനിക ലോകത്ത് മനുഷ്യന് ഇന്നും എയ്ഡ്സ് വെല്ലുവിളിതന്നെയാണ്. അതിനാൽ കരുതലോടെയും ജാഗ്രതയോടെയും നാം മുന്നോട്ടു പോകേണ്ടതുണ്ട്. കേവലം ആരോഗ്യപ്രശ്നം എന്നതിനപ്പുറം ധാർമിക പ്രശ്നമായിക്കൂടി കണ്ടുകൊണ്ടുള്ള പ്രതിരോധങ്ങളാണ് അനിവാര്യം. കേരളത്തിലെ എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായി പ്രതിപാദിച്ച ജനപഥം ഡിസംബർ ലക്കം സന്ദർഭോചിതമായി.

**അബ്ദുല്ല ഉമ്മർ**
പാലക്കാട്

## അറിയിപ്പ്

ഈ ലക്കം പ്രവാസി പതിപ്പായതിനാൽ മാസികയിലെ സ്ഥിരം പംക്തികൾ അടുത്ത ലക്കം മുതൽ തുടരുന്നതാണ്.

**ജനപഥം**

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ജനുവരി 2013

പുസ്തകം 1 ലക്കം 11

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in

ചീഫ് എഡിറ്റർ
**എ. ഫിറോസ്**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**ജേക്കബ് സാംസൺ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**കെ.സി. അനിൽകുമാർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

അസി. എഡിറ്റർ
**നാഫിഹ് എം.**

ട്രാൻസ്‌ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**എൻ. സുനിൽകുമാർ**

കവർ & ലേഔട്ട്
**കെ. ബിജു**

ടൈപ് സെറ്റിങ്
**സരിത നവാസ്**

**പ്രതിനിധികൾ:**

- **ടി.എ. ഷൈൻ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **അശ്വതി വി.പി.,** പത്തനംതിട്ട
- **പ്രവീൺ എസ്.ആർ.,** ഇടുക്കി
- **പി.ആർ. റോയി,** ആലപ്പുഴ
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്

**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യൂ, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.

**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471- 2518171**



# പ്രവാസികൾക്കായി ഒരു ദിനം

പ്രവാസം ശാദ്വലഭൂമി തേടിയുള്ള യാത്രയാണ്. ചരിത്രാതീതകാലം മുതൽ ആരംഭിച്ചതാണ് പ്രവാസം. മോശയുടെ നേതൃത്വത്തിൽ യഹൂദരുടെ ഈജിപ്തിലേക്കുള്ള പലായനം ബൈബിളിൽ പറയുന്നുണ്ട്. അത് മെച്ചപ്പെട്ട ജീവിതം തേടിയുള്ള യാത്രയായിരുന്നു. ഇന്നും തൊഴിലിനുവേണ്ടിയുള്ള യാത്രകളെല്ലാം പുതിയ സ്വപ്നങ്ങൾ തേടിയുള്ള യാത്രകൾ തന്നെയാണ്. പ്രകൃതിയുടെ സവിശേഷമായ സൗന്ദര്യത്താൽ അനുഗൃഹീതമായ നമ്മുടെ നാട്ടിൽ നിന്ന് നമുക്ക് തൊഴിൽതേടി അന്യദേശങ്ങളിൽ പോകേണ്ടിവന്നത് എന്തുകൊണ്ടാണ്? ചാതുർവർണ്യത്തിന്റെ അടഞ്ഞ സാമൂഹിക ഘടനയ്ക്കുള്ളിൽ കഴിഞ്ഞിരുന്ന ഒരു സമൂഹമായിരുന്നു നമ്മുടേത്. അറബികളും യഹൂദന്മാരും കച്ചവടത്തിനായി ഇവിടെ വന്നു. തുടർന്ന് പോർച്ചുഗീസുകാർ, ഡച്ചുകാർ, ബ്രിട്ടീഷുകാർ എന്നിവരും നമ്മുടെ നാട്ടിൽ എത്തി. അറബികളും യഹൂദരും കച്ചവടത്തിനാണ് വന്നതെങ്കിൽ വാസ്കോഡിഗാമ എത്തിയത് ആധിപത്യത്തിനായിരുന്നു. മേൽക്കോയ്മയ്ക്കായിരുന്നു. ഇങ്ങനെ ആധിപത്യത്തിനായും കച്ചവടത്തിനായും വിദേശികൾ എത്തിയപ്പോൾ അവർക്കൊപ്പം ലോകവീക്ഷണവും സ്വപ്നങ്ങൾ തേടാനുള്ള അഭിവാഞ്ഛയും നമ്മിൽ ഉരുത്തിരിഞ്ഞിരിക്കണം. ആദ്യം ബർമ, സിലോൺ എന്നിവിടങ്ങളിലാണ് നമ്മൾ തൊഴിൽതേടിപ്പോയതെങ്കിൽ തുടർന്ന് മലേഷ്യ, സിംഗപ്പൂർ എന്നിവിടങ്ങൾ കണ്ടെത്തി. ബ്രിട്ടീഷ് ഭരണത്തിന്റെ തുടർച്ചയായി നമ്മൾ ഇംഗ്ലണ്ടിലും തൊഴിലാളികളായി.

നേഴ്സിങ് ഒരു സവിശേഷ തൊഴിൽ മേഖലയായി വളർന്നപ്പോൾ നമ്മൾ നേഴ്സിങ് പഠിച്ച് അമേരിക്കയിലും യൂറോപ്പിലും പോയി. വളരെ ചെറിയ ന്യൂനപക്ഷമാണ് വിദേശ തൊഴിൽതേടി ആദ്യകാലങ്ങളിൽ പോയിരുന്നത്. എന്നാൽ അറുപതുകളുടെ അവസാനം ഗൾഫ് വലിയൊരു തൊഴിൽ മേഖലയായപ്പോൾ എല്ലാ വിഭാഗങ്ങളിലുമുള്ള ജനങ്ങൾ സ്വപ്നങ്ങൾ തേടി വിദേശത്തേക്ക് യാത്രയായി. അത് കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക മേഖലയുടെ മുഖഛായതന്നെ മാറ്റിമറിച്ചു.

പ്രവാസി സമൂഹം നമ്മുടെ സാമൂഹിക ഘടനയിൽ ഒരു സവിശേഷ സ്ഥാനം വഹിക്കുന്നുണ്ട്. സ്വദേശത്തിന്റെ ചിന്തയും മൂല്യങ്ങളും ജീവിതത്തിലുടനീളം പിന്തുടരുമെങ്കിലും ജീവിക്കുന്ന രാജ്യത്തിന്റെ സാമൂഹിക സാംസ്കാരിക ഘടനക്കകത്ത് ജീവിക്കേണ്ടിവരികയും ചെയ്യുന്ന ഒരു ജനതയാണിത്. സ്വത്വ പ്രതിസന്ധി നേരിടുന്ന അവർ സ്വരാജ്യത്ത് പ്രത്യേക പരിഗണന അർഹിക്കുന്നു.

പ്രവാസി ഭാരതീയ ദിവസം 11 ാം വർഷം ആഘോഷിക്കുകയാണ്. വലിയൊരു പ്രവാസി സമൂഹമുള്ള കേരളത്തിൽ ഈ ദിനം ആഘോഷിക്കുമ്പോൾ നമുക്കതിൽ അഭിമാനിക്കാം. പ്രവാസികൾ അതതു രാജ്യങ്ങളിൽ നേരിടുന്ന പ്രതിസന്ധികളിൽ ഗുണപരമായി ഇടപെടുന്നതിന് പരിമിതികളുണ്ടെങ്കിലും ശ്രമങ്ങൾ നടത്തുവാൻ ഈ സമ്മേളനത്തിന് കഴിയട്ടെ.

**എ. ഫിറോസ്**
ചീഫ് എഡിറ്റർ



**നവമാധ്യമങ്ങളിൽ പ്രചരിച്ച വളരെ പ്രസിദ്ധമായ ഒരു രചനയാണിത്. ഗൾഫ്ജീവിതത്തിൽ ഒരു സാധാരണ മലയാളി നേരിടുന്ന കുടുംബജീവിത സന്ദർഭം വളരെ ലളിതമായി അജ്ഞാതനായ രചയിതാവ് ഇതിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലെ ജമാൽ ഓരോ സാധാരണ ഗൾഫ് മലയാളിയുടെയും പ്രതിനിധിയാണ്**

# ഒരു പ്രവാസിയുടെ തുറക്കാത്ത കത്ത്

പ്രിയത്തിൽ ബാപ്പയും ഉമ്മയും അറിയാൻ ജമാൽ എഴുതുന്നത്

ഗൾഫിൽ വന്നിട്ട് ഇന്നേക്ക് അഞ്ചു വർഷം തികയുന്നു. അടുത്ത മാസം നാട്ടിൽ വരുന്നു. കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് വിസയ്ക്കു വേണ്ടി വാങ്ങിച്ച കടം വീട്ടാനും പിന്നെ ഒരിക്കൽക്കൂടി വന്നുപോകാനും സാധിച്ചു എന്നതൊഴിച്ചാൽ സമ്പാദ്യമായി ഒന്നുമില്ല. ഇനി ഗൾഫിലേക്ക് ഞാൻ തിരിച്ചു പോരുന്നില്ല. അധ്വാനിക്കാനുള്ള ആരോഗ്യമുള്ളതുകൊണ്ട് നാട്ടിൽ വല്ല കൂലിപ്പണിക്കും പോകാം. നിങ്ങളുടെ അഭിപ്രായം മറുപടിയിൽ അറിയിക്കുമല്ലോ.

എന്ന് സ്വന്തം ജമാൽ

പ്രിയത്തിൽ മകൻ ജമാൽ അറിയാൻ ബാപ്പ എഴുതുന്നത്

കത്ത് കിട്ടി. നീ വരുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷിക്കുന്നു. ബാക്കി വിവരങ്ങൾ ഉമ്മ എഴുതും. ജമാൽ അറിയാൻ ഉമ്മ എഴുതുന്നത്.. നമ്മുടെ വീട് ചോർന്നൊലിക്കുന്ന വിവരം നിനക്കറിയാമല്ലോ. ഓടു മാറ്റാൻ ആശാരി വന്നപ്പോൾ പട്ടികയും കഴുക്കോലും മാറ്റണമെന്നാണ് പറഞ്ഞത്. ഇനി മരത്തിനു പൈസ ചിലവാക്കുന്നതിലും നല്ലത് വാർക്കുന്നതാണെന്നാണ് എല്ലാവരുടെയും അഭിപ്രായം. എന്തായാലും പുര നന്നാക്കാതെ പറ്റില്ലല്ലോ. ഇവിടെ വന്നു കൂലിപ്പണിക്കു പോയാൽ നിന്നെക്കൊണ്ട് പുര നന്നാക്കാൻ സാധിക്കുമോ. ഉമ്മ പറഞ്ഞന്നെയുള്ളു. ഇനി എല്ലാം നിന്റെ ഇഷ്ടം.

എന്ന് സ്വന്തം ഉമ്മ

പ്രിയത്തിൽ ഉമ്മ അറിയാൻ ജമാൽ എഴുതുന്നത്

ഞാൻ ഈ മരുഭൂമിയിൽ വന്നിട്ട് ഇന്നേക്ക്

പത്തു വർഷം കഴിഞ്ഞു. അടുത്ത മാസം നാട്ടിലേക്കു വരാൻ ഉദ്ദേശിക്കുന്നു. ഏതായാലും ഇക്കഴിഞ്ഞ മൂന്നു നാല് വർഷം കൊണ്ട് നമ്മുടെ വീട് പുതുക്കിപ്പണിയാൻ സാധിച്ചു. അതിന്റെ കടങ്ങളൊക്കെ വീട്ടി. ഇനി നാട്ടിൽ ടാക്സി ഓടിച്ചു കഴിയാമെന്നാണ് ഞാൻ വിചാരിക്കുന്നത്. നമ്മുടെ നിത്യച്ചെലവിനുള്ള വക അതിൽനിന്നു കിട്ടും. ഈ മരുഭൂമിയിലെ ജീവിതം എനിക്കു മടുത്തു. നാട്ടിൽ വന്നു മക്കളോടൊപ്പം കഴിയണം. ഉമ്മയുടെ അഭിപ്രായം അറിയിക്കുമല്ലോ.

പ്രിയ മകൻ അറിയാൻ ഉമ്മ എഴുതുന്നത്

നിന്റെ എഴുത്തു വായിച്ചപ്പോൾ ഉമ്മായ്ക്ക് സങ്കടമായി. എന്റെ കുട്ടി ചെറുപ്പം മുതൽ ഈ കുടുംബത്തിനുവേണ്ടി അധ്വാനിക്കാൻ തുടങ്ങിയതാണ്. എങ്കിലും ഒരു കാര്യംകൂടെ ആവശ്യപ്പെടുകയാണ്. സൈനബയ്ക്ക് വയസ്സ് ഇരുപതുകഴിഞ്ഞു. അവളെ ഒരുത്തന്റെ കൂടെ പറഞ്ഞയക്കണ്ടേ. അതിനു നീ എന്തെങ്കിലും വഴി കണ്ടിട്ടുണ്ടോ. അവളുടെ നിക്കാഹു കഴിഞ്ഞു കണ്ടിട്ട് ഉമ്മായ്ക്ക് മരിച്ചാലും വേണ്ടില്ല. നിന്നെ വിഷമിപ്പിക്കാനല്ല ഉമ്മ ഇതെഴുതിയത്. ഇനി എല്ലാം നിന്റെ ഇഷ്ടം.

എന്ന് സ്വന്തം ഉമ്മ

പ്രിയത്തിൽ ഉമ്മയും സുഹറയും അറിയാൻ ജമാൽ എഴുതുന്നത്

ഞാൻ ഗൾഫിൽ വന്നിട്ട് കഴിഞ്ഞ ജനുവരിയിലേക്ക് 14 വർഷം കഴിഞ്ഞു. ഇവിടുത്തെ ജീവിതം മടുത്തു. ഇനി തുടരാൻ വയ്യ. ഞാൻ വിസ കാൻസൽ ചെയ്ത് പോരുകയാണ്. കഴിഞ്ഞ നാലു വർഷംകൊണ്ട് സൈനബയുടെ നിക്കാഹ് പടച്ചവന്റെ കൃപയാൽ നമ്മൾ ഉദ്ദേശിച്ചതിലും ഭംഗിയായി നടത്താൻ സാധിച്ചു. അവർ ആവശ്യപ്പെട്ടപോലെ അറുപതു പവനും രണ്ടു ലക്ഷം രൂപയും കൊടുത്തതിന്റെ കടം മുഴുവനും വീട്ടി. ഇനി നാട്ടിൽവന്ന് വല്ല ഡ്രൈവർ പണിയോ മറ്റോ എടുത്തു കഴിയാമെന്നാണ് വിചാരിക്കുന്നത്. വലിയ ദേഹാധ്വാനമുള്ള പണിയൊന്നും ഇനി ചെയ്യാൻ കഴിയില്ല. പ്രഷറും ഷുഗറുമൊക്കെ ആവശ്യത്തിൽക്കൂടുതലുണ്ട്. ഇവിടുന്നു ചികിത്സിക്കാൻ നിന്നാൽപ്പിന്നെ കിട്ടുന്ന ശമ്പളം മുഴുവനും അതിനു കൊടുക്കേണ്ടിവരും. ഏതായാലും ഇനി നാട്ടിൽവന്നിട്ട് ആയുർവേദ ചികിത്സ വല്ലതും നോക്കാം. കത്തു ചുരുക്കട്ടെ.

എന്ന് സ്വന്തം ജമാൽ

പ്രിയത്തിൽ എന്റെ ജമാൽ അറിയാൻ ഉമ്മ എഴുതുന്നത്

നിന്റെ കത്തുവായിച്ച് ഉമ്മ ഒരുപാട് കരഞ്ഞു. ഇനി ഏതായാലും നീ തിരിച്ചു പോകേണ്ട. പിന്നെ സുഹറയ്ക്ക് എന്തോ എഴുതാനുണ്ടെന്നു പറഞ്ഞു... പ്രിയത്തിൽ എന്റെ ഇക്കാക്ക അറിയാൻ സുഹറ എഴുതുന്നത്. ഇന്നുവരെ ഞാൻ എനിക്കുവേണ്ടി ഒന്നും നിങ്ങളോട് ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ ഇപ്പോ ഒരു കാര്യം പറയാതെ വയ്യ. ജലാലിന്റെ കല്യാണം കഴിഞ്ഞതോടെ ഉമ്മായ്ക്ക് ഇപ്പോ എന്നെ കണ്ടുകൂടാതായി. ഇപ്പോ എല്ലാത്തിനും ചെറിയ മരുമകൾ മതി. പിന്നെ ഈ വീട് ജലാലിന്റെ പേരിൽ എഴുതിക്കൊടുക്കാൻ പോവാണെന്നു ഉമ്മ പറയുന്നതു കേട്ടു. നമുക്ക് സ്വന്തമായി ഒരു കൂരയെങ്കിലും വേണ്ടേ ജമാലിക്കാ. അത് ഇക്കാക്ക് നാട്ടിൽ നിന്നുണ്ടാക്കാൻ സാധിക്കുമോ. കമ്പിയുടെയും സിമന്റിന്റെയും പിന്നെ ഇപ്പോഴത്തെ പണിക്കൂലിയുമൊക്കെ ഇക്കാക്ക് അറിയാമല്ലോ. നാളെ മക്കളെയും കൊണ്ട് ഇറങ്ങേണ്ടിവന്നാൽ നമ്മൾ എവിടെപ്പോകും. ഞാൻ എന്റെ സങ്കടം പറഞ്ഞെന്നേയുള്ളു. ഇനി എല്ലാം നിങ്ങടെ ഇഷ്ടം.

പ്രിയത്തിൽ സുഹറ അറിയുന്നതിന്

എന്റെ പ്രവാസി ജീവിതത്തിന് ഈ മാസത്തോടെ പത്തൊൻപതു വർഷം പൂർത്തിയായി. നീ ആഗ്രഹിച്ചതിലും നല്ലൊരു വീട് കഴിഞ്ഞ നാലുവർഷത്തെ എന്റെ അധ്വാനം കൊണ്ട് ഉണ്ടാക്കുവാൻ നമുക്കു സാധിച്ചു. കയ്യിൽ ഇനി പൈസയൊന്നും ബാക്കിയില്ല. കമ്പനിയിൽ നിന്നും പിരിഞ്ഞുപോരുമ്പോൾ മൂന്നു ലക്ഷം രൂപ കിട്ടും. അതു മാത്രമാണ് ആകെയുള്ള സമ്പാദ്യം. എന്നാലും തിരിഞ്ഞുനോക്കുമ്പോൾ ഇത്രയൊക്കെ ചെയ്യാൻ സാധിച്ചല്ലോയെന്ന സംതൃപ്തിയുണ്ട്. ഇനി ഇവിടെ തുടരാൻ വയ്യ. നീണ്ട പത്തൊൻപതു വർഷവും ജീവിതം എന്തെന്ന് ഞാനറിഞ്ഞിട്ടില്ല. ഇനി നാട്ടിൽവന്ന് സ്വസ്ഥമായി നിന്നോടും മക്കളോടുമൊപ്പം കഴിയണം. ഈ മാസാവസാനത്തോടെ ഞാൻ ജോലിയിൽനിന്ന് പിരിയുകയാണ്. ശേഷം നേരിൽ.

പ്രിയത്തിൽ ഇക്കാക്ക അറിയാൻ സുഹറ എഴുതുന്നത്

കത്ത് വായിച്ചു, ഒരുപാട് സന്തോഷമായി. ഇപ്പോഴെങ്കിലും ഗൾഫ് ജീവിതം മതിയാക്കാൻ തോന്നിയല്ലോ. പിന്നെ മോൻ ഒരു കാര്യം എഴുതാൻ പറഞ്ഞു. അവനു എൻജിനീയറിങ്ങിനു പോകാനാണ് താത്പര്യം. കോയമ്പത്തൂർ അമൃത ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും അഡ്മിഷൻ കാർഡ് വന്നിട്ടുണ്ട്. ആദ്യത്തെ വർഷം നാലു ലക്ഷംരൂപ വേണം. പിന്നെ ഓരോ വർഷവും മൂന്നു ലക്ഷം മതിയാകും. തവണകളായിട്ടു കൊടുത്താൽ മതിയെന്നാണ് അവൻ പറയുന്നത്. അവിടെ പഠിക്കുന്നതൊക്കെ ഗൾഫുകാരുടെ മക്കളാണത്രേ. ഈ 30 ാം തീയതിക്കുള്ളിൽ ചേരണമെന്നാണ് അവൻ പറയുന്നത്. ഇക്ക കത്ത് കിട്ടിയാലുടനെ മറുപടി അയക്കുമല്ലോ.

സ്നേഹപൂർവം സുഹറ



മകന്റെ എൻജിനീയറിങ് പഠനത്തിനും മകളുടെ വിവാഹത്തിനുമായി പിന്നെയും വർഷങ്ങൾ ചെലവിട്ടു നീണ്ട ഇരുപത്തിയേഴു വർഷത്തെ ജീവിതം മതിയാക്കി സ്വന്തം സമ്പാദ്യങ്ങളായ പ്രഷറും ഷുഗറും നടുവ് വേദനയും അൾസറുമായി ജമാൽ നാട്ടിലേക്ക് വിമാനം കയറുമ്പോൾ പുതിയ ആവലാതികളുമായി വന്ന കത്ത് അയാളുടെ പോക്കറ്റിലുണ്ടായിരുന്നു. ജമാൽ ജീവിതത്തിൽ ആദ്യമായി തുറന്നു വായിക്കാത്ത കത്ത്. ■



**ഉമ്മൻചാണ്ടി**
മുഖ്യമന്ത്രി

# കേരളം ഇപ്പോൾ ഒരു മഹത്തായ ലക്ഷ്യം

പ്രവാസികൾക്ക് അവരുടെ വേരുകൾ മറക്കാനാവില്ല. കേരളം അവരുടെ മാതൃഭൂമിയായി തുടരും. അവർക്ക് തങ്ങളുടെയും ജന്മനാടിന്റെയും ക്ഷേമത്തിന് എന്തെങ്കിലും ചെയ്യണമെന്ന് ആഗ്രഹമുണ്ടെങ്കിൽ കേരളം അവരെ തുറന്ന മനസ്സോടെ സ്വാഗതം ചെയ്യും.

പ്രകൃതിസൗന്ദര്യത്താൽ അനുഗൃഹീതമായ കേരളം വൻതോതിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നു. കേരളത്തിന്റെ മനോഹാരിതയും പ്രകൃതിസമ്പത്തും പച്ചപ്പും വൃത്തിയായി കാത്തുസൂക്ഷിക്കാൻ നാം പ്രതിജ്ഞാബദ്ധമാണ്. അതേസമയം, കേരളം വെറും വിനോദസഞ്ചാര കേന്ദ്രം മാത്രമായിത്തീരാൻ നാം ആഗ്രഹിക്കുന്നില്ല. മറ്റു സാമ്പത്തികപ്രവർത്തനങ്ങളും സംസ്ഥാനത്ത് ശക്തിയാർജിക്കുന്നുണ്ട്. എമർജിങ് സംസ്ഥാനത്തെ അത്തരം പരിസ്ഥിതി സൗഹൃദ സാമ്പത്തികപ്രവർത്തനങ്ങൾക്ക് അനുയോജ്യമായ ഇടമാക്കാൻ ഉദ്ദേശിച്ചുള്ളതായിരുന്നു. കേരളം സാമ്പത്തികമായി ഊർജസ്വലമായ, പച്ചപ്പും വൃത്തിയുമുള്ള സംസ്ഥാനമായി കാണപ്പെടാനാണ് നമ്മൾ ശ്രമിക്കുന്നത്. കേരളത്തെ റീബ്രാൻഡ് ചെയ്യാൻ ബോധപൂർവമായ ശ്രമമൊന്നുമില്ലെങ്കിലും ഇത് ഒരുപക്ഷേ, കേരളത്തെ അതിവേഗം വളരുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിലൊന്നാക്കി മാറ്റാനുള്ള നമ്മുടെ പരിശ്രമങ്ങളുടെ ഫലമാകാം.

കേരളം നിക്ഷേപസൗഹൃദസംസ്ഥാനമല്ലെന്നു ചിലർക്ക് ധാരണയുണ്ട്. എന്നാൽ അതല്ല ഇപ്പോഴത്തെ അവസ്ഥ. നമ്മുടെ പ്രധാന ഊന്നൽ വിനോദസഞ്ചാരത്തിലാണ്. അതോടൊപ്പം ഉന്നത വിദ്യാഭ്യാസം, വിവരസാങ്കേതികവിദ്യ, അടിസ്ഥാനവികസനം തുടങ്ങിയ മേഖലകളും നാം ലക്ഷ്യമിടുന്നു. വിദ്യാഭ്യാസ, ആരോഗ്യസംരക്ഷണമേഖലകളിൽ നാം മുന്നേറിയെങ്കിലും അടിസ്ഥാനസൗകര്യവികസനത്തിൽ ഇനിയുമേറെ മുന്നോട്ടുപോകാനുണ്ട്. ഈ വിടവ് നികത്താൻ പൊതു-സ്വകാര്യ പങ്കാളിത്തം (പബ്ലിക്- പ്രൈവറ്റ് പാർട്ടിസിപ്പേഷൻ) ആവശ്യമാണ്. എന്നാൽ നമുക്ക് പുതിയൊരു മുദ്രാവാക്യമുണ്ട്-പബ്ലിക്-പ്രൈവറ്റ്-പീപ്പിൾസ് പാർട്ടിസിപ്പേഷൻ (പൊതു-സ്വകാര്യ-ജനകീയ പങ്കാളിത്തം-പിപിപിപി).



കേരളം നിക്ഷേപ സൗഹൃദസംസ്ഥാനമല്ലെന്നു ചിലർക്ക് ധാരണയുണ്ട്. എന്നാൽ അതല്ല ഇപ്പോഴത്തെ അവസ്ഥ. നമ്മുടെ പ്രധാന ഊന്നൽ വിനോദസഞ്ചാരത്തിലാണ്. അതോടൊപ്പം ഉന്നത വിദ്യാഭ്യാസം, വിവരസാങ്കേതികവിദ്യ, അടിസ്ഥാനവികസനം തുടങ്ങിയ മേഖലകളും നാം ലക്ഷ്യമിടുന്നു

ഉദാഹരണത്തിന് എയർ കേരള പദ്ധതിയുടെ ഭാഗമായി ജനകീയ പങ്കാളിത്തമാണ് നാം ഉറ്റുനോക്കുന്നത്. പതിനായിരം രൂപ നൽകി വിദേശ ഇന്ത്യക്കാർക്ക് ഈ പദ്ധതിയുടെ ഓഹരികൾ വാങ്ങാം.

കേരളത്തിന്റെ ആകമാന വികസനത്തിന്, പ്രത്യേകിച്ചും അടിസ്ഥാനസൗകര്യവികസനത്തിന് ഗണ്യമായ ആക്കം കൂട്ടുന്ന ഒരുകൂട്ടം പദ്ധതികൾക്ക് സംസ്ഥാനം തുടക്കം കുറിച്ചിട്ടുണ്ട്. കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ തുടങ്ങിയ വൻപദ്ധതികളിൽ പ്രവാസി കേരളീയർക്ക് നിക്ഷേപിക്കാൻ അവസരമുണ്ട്.

ഊർജാവശ്യങ്ങൾ നിറവേറ്റാൻ ഹരിതോർജ സംരംഭങ്ങളുടെ ഭാഗമായി വലിയ തോതിൽ സൗരോർജപാനലുകൾ താമസിയാതെ സ്ഥാപിക്കും. സതേൺ പവർ ഗ്രിഡിന്റെ പൂർത്തീകരണത്തോടെ ഇപ്പോഴത്തെ നിലയിൽനിന്ന് ഊർജരംഗം ഗണ്യമായ രീതിയിൽ മെച്ചപ്പെടും. പുതിയ പുനരധിവാസ പാക്കേജ് ദേശീയപാതകൾക്കും മറ്റും ഭൂമി ഏറ്റെടുക്കുന്നതുപോലുള്ള തടസ്സങ്ങൾ ഇല്ലാതാക്കുകയോ വലിയതോതിൽ കുറയ്ക്കുകയോ ചെയ്യും. ഗ്യാസ് പൈപ്പ് ലൈൻ പൂർണമായി സ്ഥാപിച്ചുകഴിയുമ്പോൾ, പാചകവാതക രംഗത്ത് അത് വിപ്ലവം സൃഷ്ടിക്കും. ഇവയെല്ലാംതന്നെ അടുത്ത ഒരുവർഷത്തിനുള്ളിൽ നേടാമെന്നാണ് ഞങ്ങൾ കരുതുന്നത്.

എമർജിങ് കേരള പോലുള്ള ശ്രദ്ധേയ സംരംഭങ്ങൾ ഒറ്റപ്രാവശ്യം കൊണ്ട് അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. നിർണായകലക്ഷ്യങ്ങൾ നേടാനുള്ള മഹത്തായ ആശയവും ശ്രമവുമാണത്. അതൊരു തുടർ പ്രക്രിയയാവും. കേരളത്തിന്റെ ഭാവിക്ക് ശുഭകരമായവ അതിൽനിന്ന് പിറവിയെടുക്കും. ■



■ **വയലാർ രവി**
കേന്ദ്രപ്രവാസികാര്യ മന്ത്രി




# പ്രവാസികളുടെ മഹോത്സവം

ലോകമെമ്പാടുമുള്ള പ്രവാസികൾ ഒത്തുകൂടുന്ന മഹോത്സവമാണ് പ്രവാസി ഭാരതീയ ദിവസ്. ഈ കൂട്ടായ്മ പരസ്പരം അറിയാനും അറിയിക്കാനും കഴിയുന്ന ഒരു മഹാ സംരംഭംകൂടിയാണ്. 11 ാമത് പ്രവാസി ഭാരതീയ ദിവസ് കേരളത്തിലാണ് നടക്കുന്നത്. പ്രവാസികളുടെ എണ്ണത്തിൽ കേരളം മുൻപന്തിയിലാണെങ്കിലും പ്രവാസി ദിവസ് ആദ്യമായിട്ടാണ് കേരളത്തിൽ നടക്കുന്നത്. ഇത് കേരളീയരായ പ്രവാസികൾക്കുള്ള പുതുവത്സര സമ്മാനമാണ്.

പ്രവാസികളിൽ വിദേശ പൗരത്വമുള്ളവരും ഇന്ത്യൻ പൗരന്മാരുമുണ്ട്. ഗൾഫ് രാജ്യങ്ങളിൽ കാലാകാലങ്ങളായി കുടിയേറിയവർ ഇന്ത്യൻ പൗരത്വം കാത്തുസൂക്ഷിക്കുന്നവരാണ്. യൂറോപ്പ്, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ പൗരത്വം നേടാൻ കഴിഞ്ഞവരാണ് ഭൂരിപക്ഷവും. ഈ രാജ്യങ്ങളിൽ ജനിച്ചുവളർന്നവർ ഇന്ത്യൻ വംശജരാണെങ്കിലും പൗരത്വം ആ ജനിച്ച നാടിന്റേതാണ്. ഈ വിഭാഗങ്ങളെയെല്ലാം ഒരുമിച്ചു ചേർക്കുന്ന ഒരു അന്താരാഷ്ട്ര കൂട്ടായ്മയാണ് പ്രവാസി ഭാരതീയ ദിവസ്.

പ്രവാസികളിൽ ഗൾഫ് രാജ്യങ്ങളിൽ ജീവിക്കുന്നവർക്കായിരുന്നു ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ നേരിടേണ്ടിവന്നത്. പ്രവാസികാര്യ മന്ത്രാലയത്തിന്റെ രൂപീകരണത്തിനുശേഷം ഏറ്റവുമധികം ശ്രദ്ധയാകർഷിച്ചത് ഗൾഫിലെ ഇന്ത്യക്കാരുടെ പ്രശ്നങ്ങളാണ്. മന്ത്രിയാകുന്നതിനു വളരെക്കാലം മുൻപുതന്നെ ഗൾഫ് രാജ്യ

പ്രശ്നങ്ങളെ അത് അർഹി
ക്കുന്ന ഗൗരവത്തോടെ
കൈകാര്യം ചെയ്യാൻ
കഴിഞ്ഞത് പ്രവാസികാര്യ
മന്ത്രാലയത്തിന്റെ വലിയ
നേട്ടമാണ്. പരിഷ്കാരങ്ങൾ
പലതും ഏർപ്പെടുത്തുകയു
ണ്ടായി. ജോലിക്കു
പോകുന്നവർക്ക് തൊഴിൽ
കരാർ നിർബന്ധമാക്കി

ങ്ങളിൽ സഞ്ചരിക്കാനും അവരുമായി കൂട്ടുകൂടുവാനും കഴിഞ്ഞിരുന്നതുകൊണ്ട് പ്രശ്നങ്ങളുടെ ഉള്ളറകൾ കണ്ടെത്തുവാൻ എനിക്ക് വിഷമം ഉണ്ടായിരുന്നില്ല.

ഒരിക്കൽ ഒരു ദേശീയദിനപത്രം എന്നെക്കുറിച്ചെഴുതി 'വയലാർ രവി ഓവർസീസ് കേരള മന്ത്രിയാണ്' – ആ വിശേഷണത്തെ ഒരു ബഹുമതിയായി ഞാൻ കണക്കാക്കുകയാണ്. ഇതിനെക്കുറിച്ചു ചോദിച്ച പത്രക്കാരായ ചില സുഹൃത്തുക്കളോട് ഞാൻ പറഞ്ഞു 'Yes I am a Keralite' (അതേ ഞാൻ കേരളത്തിൽ ജനിച്ചവനാണ്).

ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ വിസയിൽ ജോലിയെടുക്കുവാൻ പോകുന്നവർക്കാണ് പ്രശ്നങ്ങൾ അത്രയും. അതുകൂടാതെ ലക്ഷക്കണക്കിന് ആളുകളുണ്ട്. ഏജന്റുമാരുടെയും സബ് ഏജന്റുമാരുടെയും മധുര മനോഹരമായ വാചകങ്ങളുടെ മേളക്കൊഴുപ്പിൽ എത്രയും വേഗം ഗൾഫിൽ എത്തണമെന്ന ആവേശമായിരുന്നു കേൾക്കുന്ന ചെറുപ്പക്കാർക്ക്. എന്നാൽ എത്തിപ്പെടുന്നതോ സ്പോൺസർമാർ എന്ന ഭീകരന്റെ കയ്യിലാണ്.

ദുർബലമായ കരാറും കരാറില്ലാതെയും ഗൾഫിലേക്ക് വിമാനം കയറുന്ന പാവങ്ങൾക്ക് വിമാനം ഇറങ്ങുമ്പോൾ മാത്രമാണ് വന്നുപെട്ടിരിക്കുന്ന ചൂഷണവലയം കാണാൻ കഴിയുന്നത്. വീട്ടുജോലിക്കുപോകുന്ന സ്ത്രീകളുടെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. കുടുംബം രക്ഷിക്കാനുള്ള തത്രപ്പാടിൽ കടൽ കടന്നുപോകുന്ന സാധാരണ സ്ത്രീകൾക്ക് വീട്ടുജോലിയും തൊഴിൽ നിയമ പരിരക്ഷയും അവിടെ ഉണ്ടായിരുന്നില്ല.



2012–ലെ പ്രവാസി ഭാരതീയദിനം ഉദ്ഘാടനചടങ്ങ്

ഈ പ്രശ്നങ്ങളെ അത് അർഹിക്കുന്ന ഗൗരവത്തോടെ കൈകാര്യം ചെയ്യാൻ കഴിഞ്ഞത് പ്രവാസി മന്ത്രി കാര്യാലയത്തിന്റെ വലിയ നേട്ടമാണ്. പരിഷ്കാരങ്ങൾ പലതും ഏർപ്പെടുത്തുകയുണ്ടായി. ജോലിക്കു പോകുന്നവർക്ക് തൊഴിൽ കരാർ നിർബന്ധമാക്കി. ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കരാറിലുണ്ടാവണമെന്ന് നിർബന്ധമാക്കി, കാലാവധിയും നിശ്ചയിച്ചു. ഒരു തൊഴിൽ തർക്കമുണ്ടായാൽ ഈ തൊഴിൽ കരാർ ശക്തമായ രേഖയായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്.

തൊഴിലാളികളെ ചൂഷണം ചെയ്യുന്ന പതിവ് ഏറെക്കുറെ അവസാനിച്ചിട്ടുണ്ട്. ലേബർ ക്യാംപിൽ ഒരിക്കൽ ഞാൻ പോയി അവരോടൊപ്പമിരുന്ന് ഭക്ഷണം കഴിച്ചു. ആ ലേബർ ക്യാംപിലെ സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് നേരിട്ടറിയാൻ കഴിഞ്ഞു. ഇതിനെത്തുടർന്ന് ലേബർ ക്യംപിലെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളുമായി ചർച്ച ചെയ്ത് നടപടികളെടുക്കാൻ എംബസികളെ ഏൽപ്പിച്ചിരുന്നു. ഏറെക്കുറെ ഇതിനൊരു പരിഹാരമുണ്ടായിട്ടുണ്ട്, പൂർണമാണെന്ന് അവകാശപ്പെടുന്നില്ല.

സ്ത്രീ തൊഴിലാളികളുടെ കാര്യത്തിൽ വളരെ കർശനമായ നിലപാടാണുള്ളത്. ഇതിൽ ഒരു വിട്ടുവീഴ്ചയുമില്ല. ശക്തമായ കരാറില്ലാതെ ഒരു സ്ത്രീക്ക് വീട്ടുജോലിക്ക് പോകാൻ കഴിയില്ല. അവരുടെ മിനിമം കൂലി നിശ്ചയിക്കുക, അവരുടെ കയ്യിൽ ഒരു മൊബൈൽ ഫോൺ കൊടുക്കുക എന്നീ നിബന്ധനകൾ ഉണ്ടാക്കിയിട്ടുണ്ട്. എന്ത് ആവശ്യത്തിനായാലും എംബസിയുമായി ബന്ധപ്പെടാനാണ് ഫോൺ കൊടുക്കുന്നത്. പലയിടത്തും ഗാർഹിക പീഡനങ്ങളിൽ നിന്നും രക്ഷപെടുന്ന സ്ത്രീകൾക്ക് അഭയം നൽകാൻ എംബസി വീടുകൾ വാടക യ്ക്കെടുത്ത് 'ഷെൽട്ടറുകളായി' പ്രവർത്തിപ്പിക്കുന്നു. അവിടെ ഭക്ഷണവും താമസ സൗകര്യവും നൽകുന്നു. പ്രശ്നം പരിഹരിക്കാൻ പറ്റാത്ത സ്ത്രീകളെ അവിടെ നിന്നും തിരിച്ചു നാട്ടിലേക്ക് അയക്കുകയാണ് ചെയ്യുന്നത്.

ഗൾഫിലെ ഇന്ത്യക്കാരുടെ പ്രശ്നങ്ങൾക്ക് ഇന്ന് വളരെയധികം മാറ്റം ഉണ്ടായിട്ടുണ്ട്. പരിഹാരം കാണുവാൻ കഴിയാത്ത പ്രശ്നം ഉണ്ടാവുകയാണെങ്കിൽ പ്രവാസികാര്യ മന്ത്രാലയവുമായി സഹകരിച്ച് പ്രവർത്തിച്ച് നേട്ടമുണ്ടാക്കാൻ കഴിഞ്ഞ ജനസമൂഹമാണ് ഗൾഫിലുള്ളത്.

യന്ത്ര ബോട്ടുകൾ ഉണ്ടാക്കുന്നതിനു മുൻപുതന്നെ പായ് കപ്പലിൽ കയറി മഹാസമുദ്രങ്ങൾ കടന്ന് ഇന്ത്യക്കാർ അന്യദേശങ്ങളിൽ എത്തിയിട്ടുണ്ട്. ഐതിഹാസികമായ വീരചരിത്രമെഴുതി ആഫ്രിക്കൻ തീരങ്ങളിലെ ഗ്രാമങ്ങൾ ഉണർത്തി ചരിത്രം സൃഷ്ടിച്ച പിൻമുറക്കാരാണ് അവിടെയുള്ളത്. ഇവർ ഇന്ന് ആഫ്രിക്കയിലെ പല രാജ്യങ്ങളിലും ശക്തമായ സമൂഹമായി കഴിയുന്നു. അവരുടെ ചരിത്രം മറ്റൊന്നാണ്. ആ ചരിത്രത്തിന്റെ താളുകളിലേക്ക് നമുക്ക് മറ്റൊരിക്കൽ കടന്നുചെല്ലാം. ■




**പി.കെ.കുഞ്ഞാലിക്കുട്ടി**
വ്യവസായ-ഐ.ടി മന്ത്രി


# പ്രവാസി ഭാരതീയ ദിവസ്
# പ്രശ്നങ്ങളും പ്രതീക്ഷകളും

പ്രവാസത്തിന്റെ സുദീർഘചരിത്രം അവകാശപ്പെടാൻ സാധിക്കുന്ന ലോക ജനതകളിലൊന്നാണ് നമ്മുടേത്. സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവും ഭാഷാപരവുമായ ഉന്നതിയിലേക്ക് നമ്മുടെ നാടിനെ നയിച്ചത് നമ്മുടെ ജനത നടത്തിയ ക്ലേശകരമായ പ്രവാസ ജീവിതത്തിന്റെ ഫലം കൂടിയാണെന്ന വിലയിരുത്തൽ പ്രസക്തമാണെന്ന് തന്നെയാണ് എന്റെയും പക്ഷം. കേരളത്തിനെ മാത്രമായെടുത്താൽ, പ്രവാസികൾ നൽകിയ സംഭാവന എത്രമാത്രം വലുതാണെന്ന് നമുക്കെളുപ്പത്തിൽ ബോധ്യപ്പെടും. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഏതാണ്ട് സാർവത്രികമായ സമത്വം എല്ലാമേഖലകളിലും നമുക്ക് സാധ്യമായതിന് പിന്നിൽ നമ്മുടെ പ്രവാസികൾക്ക് വലിയ പങ്കുണ്ടെന്നത് നിസ്തർക്കമാണ്.




കേരളത്തിന്റെ ആഭ്യന്തരോത്പാദനത്തിന്റെ 31 ശതമാനം 2011 ൽസംഭാവന ചെയ്തത് പ്രവാസികളാണെന്നാണ് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ പഠനം വ്യക്തമാക്കുന്നത്. ഇത് പ്രവാസികളുടെ ആകെ സമ്പാദ്യത്തിന്റെ ചെറിയൊരുഭാഗം മാത്രമാണ്. അവിദഗ്ധ മേഖലയിൽ പണിയെടുക്കുന്നവരും ചെറിയവരുമാനക്കാരുമായ പ്രവാസികൾ തങ്ങളുടെ കുടുംബങ്ങളുടെ നിത്യവൃത്തിക്കായി അയക്കുന്ന പണമാണ് ഇതിൽ വലിയൊരുപങ്കും. സംസ്ഥാനത്തിന്റെ സമഗ്രമായ ആധുനീകരണത്തിനും പുരോഗതിക്കും ക്രിയാത്മകമായ പ്രവാസി നിക്ഷേപം അനിവാര്യമാണ്. പ്രവാസികളിൽ നല്ലൊരുപങ്കിനും തങ്ങൾ അധ്വാനിച്ച് സമ്പാദിച്ചപണം പിറന്ന നാട്ടിൽ നിക്ഷേപിക്കണമെന്ന ആഗ്രഹം സ്വാഭാവികമായി തന്നെ

ഉണ്ട്. എന്നാൽ മാന്യമായ ലാഭവും ക്രിയാത്മകമായ പിന്തുണയും ലഭ്യമാകുമോ എന്ന ആശങ്കകാരണം പലരും പിന്മാറുകയാണ്. അടുത്ത കാലത്തായി ഈ മനോഭാവത്തിൽ ചെറിയമാറ്റം പ്രകടമാണ്. വിദേശ മലയാളികൾ കേരളത്തിൽ കൂടുതലായി നിക്ഷേപം നടത്താൻ സന്നദ്ധത കാട്ടുന്നു. ഇവർക്ക് പരമാവധി പിന്തുണ നൽകുകയാണ് സർക്കാരിന്റെ ദൗത്യം. ഇക്കാര്യത്തിൽ ആകാവുന്നതൊക്കെ ചെയ്യാൻ ഉമ്മൻചാണ്ടി സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ഗൾഫ് പ്രവാസികളുടെ എന്നത്തേയും പ്രശ്നമാണ് വിമാന കമ്പനികൾ ഈടാക്കുന്ന അമിതയാത്രാക്കൂലി. തുച്ഛമായ ശമ്പളത്തിന് പണിയെടുക്കുന്ന നിരവധി ലക്ഷം പ്രവാസികൾക്ക് വർഷങ്ങളുടെ ഇടവേളയിൽ ഓണത്തിനോ, പെരുന്നാളിനോ, ക്രിസ്മസിനോ ആണ് അവധിയെടുത്ത് നാട്ടിലേക്ക് വരാൻ സാധിക്കുക. അതുവരെ സമ്പാദിച്ച പണം മുഴുവൻ അങ്ങോട്ടുമിങ്ങോട്ടും യാത്രക്കായി വിമാനകമ്പനികൾ തന്നെ ഈടാക്കുന്ന അവസ്ഥയാണുള്ളത്. ഒരായുഷ്കാലം മുഴുവൻ എല്ലുമുറിയെ പണിയെടുത്ത്, ഒടുവിൽ ഒന്നുമില്ലാതെ തിരിച്ചെത്തേണ്ടിവരുന്ന അവസ്ഥ അതിദയനീയമാണ്. ഇന്ത്യക്ക് പുറത്ത് വിദേശങ്ങളിൽ പണിയെടുക്കുന്ന 22 ലക്ഷത്തോളം മലയാളികളിൽ ഗൾഫ് മേഖലയിലുള്ള ഏതാണ്ട് 80 ശതമാനംപേരും സമ്പാദ്യത്തിന്റെ ഭൂരിഭാഗവും യാത്രാക്കൂലിക്കായി ചെലവാക്കേണ്ട അവസ്ഥയിലാണ് ഇന്നുള്ളത്. ഇതിനൊരുമാറ്റം അടിയന്തരമായും ഉണ്ടാകേണ്ടതുണ്ട്. എമർജിങ് കേരളയുടെ ഭാഗമായി നടന്ന എൻ.ആർ.കെ സെഷനിൽ നിരവധിപേർ ഈ വിഷയം ഉന്നയിച്ചത് ഞാൻ ഓർക്കുകയാണ്. ഇതിന്റെ ഭാഗമായാണ് എയർകേരള എക്സ്പ്രസ് എന്ന ആശയം വീണ്ടും സജീവമാക്കാൻ കേരള സർക്കാരിനെ പ്രേരിപ്പിച്ചത്. കേന്ദ്രസർക്കാരിൽ നിന്ന് ചില ഇളവുകൾ നേടിയെടുത്തുകൊണ്ട് എയർകേരള യാഥാർത്ഥമാക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. എയർകേരളയും പ്രവാസികളുടെ പിന്തുണയോടെ തന്നെയാകും യാഥാർത്ഥ്യമാക്കുക.

പ്രവാസികളുടെ ക്ഷേമത്തിനായി നിരവധി പദ്ധതികളാണ് കേരളസർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. പ്രവാസി ക്ഷേമ പെൻഷൻ പദ്ധതിയിൽ ചേരാനുള്ള പ്രായം 60 ആക്കാനുള്ള തീരുമാനം, മുൻഗണനാക്രമത്തിൽ പ്രവാസി ക്ഷേമപദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ, പ്രവാസി പുനരധിവാസത്തിനുള്ള നടപടികൾ എന്നിങ്ങനെ നിരവധി കാര്യങ്ങൾ

> കേന്ദ്രസർക്കാരിൽ നിന്ന് ചില ഇളവുകൾ നേടിയെടുത്തുകൊണ്ട് എയർകേരള യാഥാർഥ്യമാക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. എയർകേരളയും പ്രവാസികളുടെ പിന്തുണയോടെ തന്നെയാകും യാഥാർഥ്യമാക്കുക. പ്രവാസികളുടെ ക്ഷേമത്തിനായി നിരവധി പദ്ധതികളാണ് കേരളസർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്.

തുടങ്ങിവെക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ എല്ലാമായി എന്നുപറയാൻ കഴിയില്ല. വിദേശത്തേക്ക് തൊഴിൽതേടിപോകുന്ന മലയാളികളുടെ എണ്ണത്തിൽ 2015 ഓടെ ഗണ്യമായ കുറവുണ്ടാകുമെന്നാണ് പഠനറിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെയും ഗൾഫ് നാടുകളിലെ സ്വദേശിവത്കരണത്തിന്റെയും ഫലമായി മലയാളികൾക്ക് വൻതോതിൽ തൊഴിൽ നഷ്ടം ഉണ്ടാകാൻ സാധ്യതയുണ്ട്. എന്നാൽ പ്രചരിപ്പിക്കപ്പെടുംപോലെ ഭീകരമാകും ഇതെന്ന് കരുതാനും കഴിയില്ല. മലയാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഗൾഫ് നാടുകളിൽ സാധ്യമായതുവഴി ആ നാടുകൾക്കുണ്ടായ പുരോഗതി കാണാതിരിക്കാനാവില്ല. ഒരു ദിവസംകൊണ്ട് ഇത്രയധികം പേരെ അവർ ഒഴിവാക്കുമെന്ന് വിശ്വസിക്കാനും ആകില്ല. എന്നാൽ കാലക്രമത്തിൽ പ്രശ്നങ്ങളുണ്ടാകാം. അത്തരമൊരവസ്ഥയെ ദീർഘവീക്ഷണത്തോടെ നമുക്ക് നേരിടേണ്ടതുണ്ട്. കൂട്ടായ യത്നത്തിലൂടെ നാം കൈവരിച്ച സാമൂഹിക നേട്ടങ്ങൾ വ്യവസായിക രംഗത്തും, തൊഴിൽ സൃഷ്ടിക്കുന്ന രംഗത്തും നമുക്ക് കൈവരിക്കാവുന്നതേയുള്ളൂ. അതിന് സൗഹൃദത്തിലും സഹവർത്തിത്വത്തിലും അധിഷ്ഠിതമായ ഒരു വികസന സമീപനം കൈക്കൊള്ളണം. അതുവഴി നമ്മുടെ നാടിന്റെ പുരോഗതിയും കൂടുതൽ മലയാളികൾക്ക് സ്വന്തം നാട്ടിൽ തൊഴിലെടുക്കാനുള്ള സാഹചര്യവും സംജാതമാകും. ഇത്തരമൊരവസ്ഥ സാധ്യമാകാൻ ദീർഘവീക്ഷണത്തോടെയുള്ള പ്രവാസി നിക്ഷേപം നമ്മുടെ നാടിന് കൂടുതലായി ആവശ്യമുണ്ട്.

പ്രവാസികളിൽ നിന്നുള്ള വരുമാനം നമ്മുടെ നാടിന്റെ നട്ടെല്ലാണെന്ന് നേരത്തെതന്നെ സൂചിപ്പിച്ചിരുന്നു. 2008-11 കാലഘട്ടത്തിൽ മലയാളികളുടെ വിദേശത്തേക്കുള്ള തൊഴിൽ തേടിയുള്ള യാത്രയുടെ തോത് നാല് ശതമാനം വർദ്ധിച്ചപ്പോൾ ഇങ്ങോട്ടേക്കുള്ള വിദേശ നാണ്യത്തിന്റെ വരവിൽ ഏകദേശം 15 ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായതെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. 2008 ൽ 43,288 കോടി രൂപയാണ് പ്രവാസിമലയാളികൾ നാട്ടിലേക്ക് അയച്ചതെങ്കിൽ 2011 ൽ 49,695 കോടി രൂപയാണ് അവർ കേരളത്തിലേക്കയച്ചത്. രൂപയുടെ മൂല്യത്തിലുണ്ടായ കുറവ് കണക്കിലെടുത്താൽ ഈ വർദ്ധനവ് പോലും തൃപ്തികരമാണെന്ന് പറയാനാവില്ലെന്നാണ് പ്രവാസിമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിദഗ്ധരുടെ നിലപാട്.

സങ്കീർണമാണ് പ്രവാസികളുടെ പ്രശ്നങ്ങളെന്ന് വ്യക്തമാണ്. എന്നാൽ പരിഹാരങ്ങൾ ഇല്ലായെന്ന് പറയാനുമാകില്ല. ഇത്തരമൊരു സാഹചര്യത്തിലാണ് 2013 ലെ പ്രവാസി ഭാരതീയ ദിനം കേരളത്തിൽ നടക്കാൻ പോകുന്നത്. കൊച്ചിയിൽ ജനുവരി 7 മുതൽ 9 വരെ നടക്കുന്ന പ്രവാസി ഭാരതീയ ദിവസ് സമ്മേളനം പ്രവാസിപ്രശ്നങ്ങളെ ശരിയായ നിലക്ക് അഭിസംബോധന ചെയ്യുമെന്നാണ് ഞാൻ പ്രത്യാശിക്കുന്നത്. ഇന്ത്യയിലെ ജനങ്ങളെപ്പോലെതന്നെ വൈവിധ്യമുള്ളവരാണ് നമ്മുടെ പ്രവാസികളും. നമ്മുടെ കരുത്ത് നാനാത്വത്തിലെ ഏകത്വമാണ്. അതുകൊണ്ട് തന്നെ വൈവിധ്യമുള്ള നമ്മുടെ നാടിന്റെ പുരോഗതിക്കായി വ്യത്യസ്തമേഖലകളിൽ നിക്ഷേപം നടത്താനുള്ള സാധ്യതകൾ ഈ സമ്മേളനത്തിൽ പ്രവാസികൾ പങ്ക് വെക്കുമെന്ന് പ്രതീക്ഷിക്കാം. കേരളത്തിൽ നടക്കുന്ന സമ്മേളനമായതുകൊണ്ടും രാജ്യത്തിന്റെ പ്രവാസികാര്യ മന്ത്രി ഒരു മലയാളിയായതുകൊണ്ടും സംസ്ഥാനത്തിന്റെ പുരോഗതിക്ക് സഹായകരമായ നിരവധി അനുകൂല സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ട്. വിദേശമലയാളികളുടെ പതിവിൽ കവിഞ്ഞ സഹകരണം ഇത്തവണത്തെ പ്രവാസി ഭാരതീയ ദിവസ് സമ്മേളനത്തിനുണ്ടാകുമെന്നും ഞാൻ കരുതുന്നു. ഇന്ത്യയുടെയും കേരളത്തിന്റെയും വികസനത്തിനും പ്രവാസികളുടെ പ്രശ്നങ്ങൾ ശരിയാംവണ്ണം ചർച്ച ചെയ്ത് പരിഹരിക്കുന്നതിനും ഇത്തവണത്തെ പ്രവാസി ഭാരതീയ ദിവസ് സമ്മേളനം സഹായകരമാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. ■



കെ.എം. മാണി
ധനകാര്യമന്ത്രി

# വികസനത്തിന്റെ പ്രവാസ വഴികൾ

അന്താരാഷ്ട്ര മനുഷ്യവിഭവസൂചികയിൽ (Human Development Index) കേരളത്തിന്റെ സ്ഥാനം വികസിത രാജ്യങ്ങൾക്കൊപ്പമാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യത്തോടെ കേരളത്തിന്റെ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ മണ്ഡലങ്ങളിലുണ്ടായ മാറ്റങ്ങൾ വിശകലനം ചെയ്താൽ കേരളത്തിലുണ്ടായ മാറ്റങ്ങൾ അത്ഭുതകരമാണെന്നു കാണാൻ കഴിയും. ഈ മാറ്റങ്ങളാണ് കേരള മോഡൽ എന്ന പേരിൽ കേരളത്തിന്റെ വികസനം അന്താരാഷ്ട്രതലങ്ങളിൽ ചർച്ചചെയ്യപ്പെടാൻ വഴിയൊരുക്കിയത്. ലോകം ശ്രദ്ധിച്ച കേരള മോഡൽ സൃഷ്ടിക്കുന്നതിനു പിന്നിൽ പ്രവാസികളായ മലയാളികളുടെ അധ്വാനത്തിന്റെ ചരിത്രമാണുള്ളത്. മണിയോഡർ എക്കണോമി എന്നറിയപ്പെടുന്ന കേരളത്തിന്റെ സമ്പദ്ഘടനയാണ് കേരളത്തെ ആധുനികമാക്കുന്നതിലും ഏറ്റവും പിന്നിൽ നിൽക്കുന്ന ഗ്രാമങ്ങളിൽപ്പോലും വികസനത്തിന്റെ വെളിച്ചമെത്തിക്കുന്നതിനും പ്രധാന പങ്കു വഹിച്ചത്.

പ്രവാസികളായ ഭാരതീയരും ഇന്ത്യൻ വംശജരും ചേർന്നാൽ ലോകത്താകമാനം 30 ദശലക്ഷം ഇന്ത്യക്കാരുണ്ടെന്നാണ് 2010 ലെ യു.

എൻ.ഡി.പി റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്. ചൈന കഴിഞ്ഞാൽ ഏറ്റവുമധികം കുടിയേറ്റക്കാർ ഇന്ത്യക്കാരാണ്. വിദേശത്തു പഠിക്കാനായി പോകുന്ന ഇന്ത്യൻ വിദ്യാർഥികളുടെ എണ്ണത്തിലും വളരെ വലിയ വർധനയാണുണ്ടായിട്ടുള്ളതെന്ന് യുനെസ്കോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്റ്റാറ്റിസ്റ്റിക്സിന്റെ പഠനങ്ങൾ കാണിക്കുന്നത്. 1999 ൽ വിദേശത്തു പഠിക്കുന്ന ഇന്ത്യൻ വിദ്യാർഥികൾ 51000 ആയിരുന്നുവെങ്കിൽ 2007 ൽ അത് 1,53,000 ആയി ഉയർന്നു. വിദേശ വിദ്യാഭ്യാസത്തിനു ശേഷം മടങ്ങിയെത്തുന്ന യുവാക്കൾ നമ്മുടെ വൈജ്ഞാനിക മേഖലയുടെ വികസനത്തിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. എന്നാൽ വിദ്യാർഥികൾ മെച്ചപ്പെട്ട ശമ്പളം ലഭിക്കുന്ന തൊഴിലുകൾ വിദേശരാജ്യങ്ങളിൽ സ്വീകരിക്കുമ്പോൾ രാജ്യത്തിനുണ്ടാകുന്ന brain drain ഗൗരവത്തോടെ നമ്മൾ കാണേണ്ടതാണ്. ഏറ്റവും സമർഥരായ വിദ്യാർഥികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങളും ശമ്പളവും നൽകിയാൽ അവരുടെ സേവനങ്ങൾ മറ്റു രാജ്യങ്ങളിലേക്ക് പോകുന്നത് ഒഴിവാക്കാൻ നമുക്കു കഴിയും. സാമ്പത്തിക വളർച്ച നേടിക്കൊണ്ടു മാത്രമെ അത് സാധ്യമാക്കാൻ കഴിയൂ. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ സുപ്രധാനമായ പങ്കുവഹിക്കാൻ പ്രവാസികൾക്കു കഴിയുമെന്നു തെളിയിച്ച രാജ്യമാണ് ചൈന. ഇന്ന് ലോക സമ്പദ്ഘടനയിൽ ചൈനക്കുള്ള സ്വാധീനം നമുക്കറിയാവുന്നതാണ്. പ്രവാസികളായ ചൈനക്കാരുടെ പണം നാട്ടിൽ എങ്ങനെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുമെന്നതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് ചൈന.

പ്രവാസത്തിന് മനുഷ്യകുലത്തോളം പഴക്കമുണ്ടെന്ന് നമുക്കറിയാം. 19 ാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് ഭരണകാലത്താണ് ഇന്ത്യക്കാരുടെ സംഘടിത കുടിയേറ്റം ആരംഭിക്കുന്നത്. മൗറീഷ്യസ്, ഫിജി, ഈസ്റ്റ് ആഫ്രിക്ക, ഗിനിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് പണ്ട് കുടിയേറിയവർ ഇന്ത്യയിലെ പാവപ്പെട്ട തൊഴിലാളികളായിരുന്നുവെങ്കിൽ, 1970 കളിൽ മദ്ധ്യേഷ്യയിലേക്കു കുടിയേറിയവരെ ആകർഷിച്ചത് എണ്ണ സമൃദ്ധമായ ഗൾഫ് രാജ്യങ്ങളിലെ മെച്ചപ്പെട്ട വേതനവ്യവസ്ഥകളാണ്. ഇന്ന് ഗൾഫ് രാജ്യങ്ങളിൽ 20,37,813 ൽ അധികം മലയാളികൾ ഉണ്ടെന്നാണ് കണക്ക്. 2011 ലെ കണക്കനുസരിച്ച് ഏറ്റവുമധികം മലയാളികളുള്ള രാജ്യം യു.എ.ഇ ആണ്. യു.എ.ഇ യിലുള്ള മലയാളികളുടെ എണ്ണം 8,83,313 ആണ്. 1998 ൽ ഇത് 4,21,959 ആയിരുന്നു. പതിമൂന്നു വർഷം കൊണ്ട് യു.എ.ഇ യിൽ മാത്രമുള്ള പ്രവാസി മലയാളികളുടെ എണ്ണത്തിൽ 38.7 ശതമാനം വർധനയാണുണ്ടായത്.

> തൊഴിൽ വൈദഗ്ധ്യമുള്ളവരുടെ കുടിയേറ്റം പരിശോധിച്ചാൽ 2011ലെ കണക്കനുസരിച്ച് കുടിയേറ്റക്കാരിൽ 35.8 ശതമാനം പ്രൊഫഷണലുകളാണ്. അതേ സമയം നിരക്ഷരർ 2.4 ശതമാനവും പ്രീ–പ്രൈമറി വിദ്യാഭ്യാസം മാത്രമുള്ളവർ 3.4 ശതമാനവുമാണ്. സ്വന്തം രാജ്യത്ത് വിനിയോഗിക്കേണ്ട വൈദഗ്ധ്യവും നൈപുണ്യവും നമ്മൾ വിദേശമണ്ണിൽ ഉപയോഗപ്പെടുത്തുന്നതായിട്ടാണ് കാണുന്നത്

മലയാളികൾ പണ്ട് സിലോൺ, ബർമ, സിംഗപ്പൂർ എന്നീ രാജ്യങ്ങളിലേക്കാണ് ജീവിതം മെച്ചപ്പെടുത്തുന്നതിന് കപ്പൽ കയറിയതെങ്കിൽ അറുപതുകളുടെ അവസാനവും എഴുപതുകളുടെ ആദ്യവും തുടങ്ങുന്ന പേർഷ്യൻ യാത്രകൾ നമ്മുടെ സാമൂഹിക-സാമ്പത്തിക ചരിത്രം തന്നെ മാറ്റിയെഴുതി. ഈ കുടിയേറ്റങ്ങൾ സാധാരണക്കാരന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് കാരണമായി മാറി. കേരളത്തിന്റെ ഇന്നത്തെ സ്ഥിതി പരിശോധിച്ചാൽ വിദേശത്തുപോയി സാധാരണ ജോലികൾ ചെയ്യുന്ന തൊഴിലാളികൾക്ക് വിദേശത്തു കിട്ടുന്നതിനൊപ്പമോ അതിനെക്കാൾ കൂടുതലോ ആണ് അതേ തൊഴിൽ നാട്ടിൽ ചെയ്താൽ കിട്ടുന്നത്. വിദേശത്ത് വേതനത്തിന്റെ കാര്യത്തിൽ കാര്യമായ വർധന ഉണ്ടായിട്ടില്ല, എന്നാൽ കേരളത്തിൽ ക്രമാതീതമായി കൂലി വർധിച്ചതായി കാണാൻ കഴിയും. എങ്കിലും വിദേശത്തുപോയി പണിയെടുക്കുന്നതിലാണ് നമ്മുടെ നാട്ടുകാർ താത്പര്യം കാണിക്കുന്നത്. സാമൂഹികമായ അംഗീകാരമായിരിക്കാം ഇതിനൊരു കാരണമായിട്ടുള്ളത്. തൊഴിൽ വൈദഗ്ധ്യമുള്ളവരുടെ കുടിയേറ്റം പരിശോധിച്ചാൽ 2011 ലെ കണക്കനുസരിച്ച് കുടിയേറ്റക്കാരിൽ 35.8 ശതമാനം പ്രൊഫഷണലുകളാണ്. അതേ സമയം നിരക്ഷരർ 2.4 ശതമാനവും പ്രീ-പ്രൈമറി വിദ്യാഭ്യാസം മാത്രമുള്ളവർ 3.4 ശതമാനവുമാണ്. സ്വന്തം രാജ്യത്ത് വിനിയോഗിക്കേണ്ട വൈദഗ്ധ്യവും നൈപുണ്യവും നമ്മൾ വിദേശമണ്ണിൽ ഉപയോഗപ്പെടുത്തുന്നതായിട്ടാണ് കാണുന്നത്. ഇത് രാജ്യത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും ദോഷകരമായി ബാധിക്കുന്നു. സാമ്പത്തികരംഗത്ത് വളരെ വേഗത്തിൽ വളരാനും വികസിത രാജ്യങ്ങൾക്കൊപ്പം നിൽക്കാനും കഴിഞ്ഞാൽ മാത്രമെ ഇത് പരിഹരിക്കാൻ കഴിയൂ. ഇതൊക്കെ നമ്മുടെ നാട്ടിൽ ഗൗരവപൂർവം ചർച്ച ചെയ്യേണ്ട വിഷയമാണ്.

ഇന്ന് മലയാളികളിൽ പത്തിലൊരാൾ വിദേശത്താണ്. ജൂൺ 2012 ലെ കണക്കനുസരിച്ച് നമ്മുടെ സംസ്ഥാനത്തെ ബാങ്കുകളിലെ വിദേശ നിക്ഷേപം 55,663 കോടി രൂപയാണ്. 2011 ജൂണിൽ ഇത് 38,556 കോടി രൂപയായിരുന്നു. ഒരു വർഷം കൊണ്ട് 17,107 കോടി രൂപയുടെ വർധനയാണ് ഉണ്ടായത്. വിദേശ നിക്ഷേപത്തിൽ ഒരു വർഷം കൊണ്ട് 44.37 ശതമാനം വർധന ഉണ്ടാകാനുള്ള പ്രധാന കാരണം ഡോളറും ഇന്ത്യൻ രൂപയുമായി വിനിമയനിരക്കിലുണ്ടായ വ്യത്യാസമാണ്. ഈ വ്യത്യാസം കൂടുതൽ വിദേശ നാണ്യം നമ്മുടെ നാട്ടിലേക്ക് എത്തിച്ചേരാൻ സഹായകമായെങ്കിലും അതൊന്നും നമ്മുടെ കാർഷിക-വ്യാവസായിക മേഖലകളുടെ വളർച്ചയ്ക്ക് സഹായകമായി എന്നു പറയാൻ കഴിയുകയില്ല.

എക്കണോമിക് ടൈംസ് ന്റെ പഠനം കാണിക്കുന്നത് നമ്മുടെ രാജ്യത്ത് എത്തുന്ന വിദേശ പണം റിയൽ എസ്റ്റേറ്റ് മേഖലയിലേക്ക് ഒഴുകുകയാണെന്നാണ്. 26.7 ശതമാനം എൻ.ആർ.ഐ കളും തങ്ങളുടെ നിക്ഷേപം റിയൽ എസ്റ്റേറ്റ് മേഖലയിലാണ് നിക്ഷേപിക്കാൻ താത്പര്യം കാണിക്കുന്നത്. സുരക്ഷിതമായ നിക്ഷേപം എന്ന നിലയിലും മെച്ചപ്പെട്ട റിട്ടേൺ ലഭിക്കുമെന്ന പ്രതീക്ഷയിലുമാണ് റിയൽ എസ്റ്റേറ്റ് രംഗത്ത് വിദേശ ഇന്ത്യക്കാർ പണം നിക്ഷേപിക്കുന്നത്. വിദേശ ഇന്ത്യക്കാരുടെ വസ്തുക്കളാണ് ഏറ്റവുമധികം കയ്യേറ്റങ്ങൾക്ക് വിധേയമാകുന്നതെന്ന് എക്കണോമിക് ടൈംസിന്റെ മറ്റൊരു റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. വസ്തുവിന്റെ ഉടമ സ്ഥലത്തില്ലാതിരിക്കുന്നതും വസ്തുക്കൾ കൃത്യമായി പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും കഴിയാതാകുന്നതുമാണ് കയ്യേറ്റത്തിന് വഴിതെളിയിക്കുന്നതെന്ന് ഇതിനെക്കുറിച്ചുള്ള പഠനങ്ങൾ കാണിക്കുന്നത്. കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുത്തിരിക്കുന്ന വിദേശ മലയാളികൾക്ക് ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടെന്ന വസ്തുതയും നമുക്കറിയാം.

നോൺ റസിഡന്റ് ഇന്ത്യൻസ് ഇന്ന് നോട്ട് റിക്വയേർഡ് ഇന്ത്യൻസ് ആയി മാറി എന്ന പരിഭവം നമ്മുടെ പല പ്രവാസി സുഹൃത്തുക്കൾക്കുമുണ്ട്. പ്രവാസികളിൽ

നിന്ന് പരമാവധി പിഴിഞ്ഞെടുത്തതിനു ശേഷം അവരെ അവഗണിക്കുന്നു എന്ന തോന്നൽ ചിലരുടെയെങ്കിലും മനസ്സിലുണ്ടെന്ന സത്യം മറച്ചുവെച്ചിട്ടു കാര്യമില്ല. പ്രവാസികൾ നേരിടുന്ന നിരവധി പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കാനോ അനുഭാവപൂർവം പരിഗണിക്കാനോ അധികാരികൾ തയാറാകുന്നില്ലെന്ന പരാതിയും നിലനിൽക്കുന്നു. മുൻകൂട്ടി അറിയിക്കാതെ ഫ്ളൈറ്റുകൾ റദ്ദാക്കുക, യാതൊരു മാനദണ്ഡവും പാലിക്കാതെ വിമാന യാത്രാനിരക്ക് വർധിപ്പിക്കുക, കാർഗോ ക്ലിയറൻസുമായി ബന്ധപ്പെട്ട് യാത്രക്കാരെ ബുദ്ധിമുട്ടിക്കുക, വിദേശത്തുവെച്ച് മരണമടയുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കാനുള്ള ബുദ്ധിമുട്ടുകൾ തുടങ്ങി നിരവധി പ്രശ്നങ്ങൾ ഗൾഫ് മലയാളികൾ നേരിടുന്നുണ്ട്. ഇതിന് മാന്യവും സത്വരവുമായ പരിഹാര നടപടികളുണ്ടാകേണ്ടിയിരിക്കുന്നു. യഥാർഥത്തിൽ ഗൾഫ് മലയാളികൾ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം ആരോഗ്യവുമായി ബന്ധപ്പെട്ടതാണ്. ഗൾഫിൽ ജോലി ചെയ്യുന്നവരിൽ ബഹുഭൂരിപക്ഷവും

> 26.7 ശതമാനം എൻ.ആർ.ഐ കളും തങ്ങളുടെ നിക്ഷേപം റിയൽ എസ്റ്റേറ്റ് മേഖലയിലാണ് നിക്ഷേപിക്കാൻ താത്പര്യം കാണിക്കുന്നത്. സുരക്ഷിതമായ നിക്ഷേപം എന്ന നിലയിലും മെച്ചപ്പെട്ട റിട്ടേൺ ലഭിക്കുമെന്ന പ്രതീക്ഷയിലുമാണ് റിയൽ എസ്റ്റേറ്റ് രംഗത്ത് വിദേശ ഇന്ത്യക്കാർ പണം നിക്ഷേപിക്കുന്നത്.



അനുഭവിക്കുന്ന മാനസിക പിരിമുറുക്കം ഒട്ടേറെ രോഗങ്ങൾക്ക് വഴിതെളിക്കുന്നുണ്ട്. അതോടൊപ്പം തന്നെ ജീവിതശൈലീരോഗങ്ങളും ഗൾഫ് മലയാളികളുടെ ഇടയിൽ വ്യാപകമാണ്. വാർധക്യകാലത്ത് നാട്ടിലെത്തുന്ന പ്രവാസികൾക്ക് ചികിത്സാ സഹായം നൽകത്തക്കവിധത്തിൽ ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതിക്ക് തുടക്കം കുറിക്കേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞു. കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ചെലവുകളും ക്രമാതീതമായി വർധിക്കുകയാണ്. ഒരു ജീവിതകാലം മുഴുവൻ ഗൾഫിൽ ജോലി ചെയ്യുന്നവർ തങ്ങളുടെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതോടെ നിർധനരായി മാറുന്ന സ്ഥിതിക്ക് മാറ്റമുണ്ടായേ മതിയാകൂ. നല്ല സ്കൂൾ വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്ക് കുറഞ്ഞ ചെലവിൽ ഗൾഫിൽ തന്നെ ലഭിക്കാനുള്ള സൗകര്യവും ഉണ്ടാകേണ്ടതുണ്ട്. ഗൾഫിൽ നിന്ന് നാട്ടിലെത്തുന്നവർ നേരിടേണ്ടിവരുന്ന മറ്റൊരു ഭീഷണി സ്വർണം കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ടാണ്. നാട്ടിലേക്ക് സ്വർണം കൊണ്ടുവരുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള നിയമം അനുസരിച്ച് താലിമാലയും കല്യാണമോതിരവും അണിഞ്ഞു വന്നാൽ അറസ്റ്റിലാകുന്ന സ്ഥിതിയാണ് ഇന്നുള്ളത്. നമ്മളെല്ലാം ഒന്നിച്ചു നീങ്ങിയാൽ ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.

വിമാനയാത്രയുമായി ബന്ധപ്പെട്ട് ഗൾഫ് മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാമെന്ന ലക്ഷ്യത്തോടെയാണ് എയർ കേരളാ എക്സ്പ്രസ് പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചത്. എന്നാൽ തടസ്സങ്ങൾ പരിഹരിച്ച് നമ്മൾ ആഗ്രഹിക്കുന്ന വേഗത്തിൽ മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടില്ല. പ്രവാസികളുടെ ക്ഷേമം മുൻനിർത്തി ചില പദ്ധതികൾക്ക് തുടക്കം കുറിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അനധികൃത റിക്രൂട്ട്മെന്റുകാരുടെ ചതിയിൽപ്പെട്ട് വിദേശത്ത് തൊഴിൽ തേടിപ്പോകുന്ന ആളുകൾ വഞ്ചിതരാകരുതെന്ന ലക്ഷ്യത്തോടെയാണ് എല്ലാ ജില്ലകളിലും പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കുന്നത്. പ്രവാസി ക്ഷേമ പദ്ധതിയിലൂടെ വിധവാ സഹായം, പ്രവാസാനുകൂല്യം, ഭവനവായ്പ, സ്വയം തൊഴിൽ വായ്പ, ചികിത്സാ സഹായം, വാർധക്യ കാല ആശ്വാസം തുടങ്ങി നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുന്നുണ്ട്. തിരികെ വരുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി 2012-13 ൽ രണ്ടു കോടി രൂപ വിവിധ പദ്ധതികളിലേക്ക് മൂലധന സബ്സിഡിയായി നൽകുന്നതിന് വകയിരുത്തിയിട്ടുണ്ട്. സ്വർണം കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത് പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. തിരുവനന്തപുരത്ത് യു.എ.ഇ. കോൺസുലേറ്റ് സ്ഥാപിക്കണമെന്ന നമ്മുടെ ദീർഘകാല ആഗ്രഹത്തിന് കേന്ദ്ര പ്രവാസികാര്യ വകുപ്പ് അനുമതി നൽകിയത് നമുക്കെല്ലാവർക്കും സന്തോഷിക്കാൻ വകനൽകുന്നതാണ്.

ഗൾഫ് മലയാളികളുടെ നീറുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുന്തിയ പരിഗണനയാണ് സർക്കാർ നൽകിയിട്ടുള്ളത്. സ്വദേശത്തേയും വിദേശത്തേയും മലയാളികൾ ഒന്നിച്ചു നിന്നാൽ കേരളത്തിന്റെ വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഇൻഫർമേഷൻ ടെക്നോളജി, ടൂറിസം, ആരോഗ്യം, വിദ്യാഭ്യാസം, ക്ഷീരവ്യവസായം തുടങ്ങി നിരവധി മേഖലകളിൽ പണം ലാഭകരമായി നിക്ഷേപിക്കാൻ ഗൾഫ് മലയാളികൾക്ക് കഴിയും. കേരളം ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ പ്രവാസികൾക്കു കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ■

■ കെ.സി. ജോസഫ്
സാംസ്കാരിക-നോർക്ക മന്ത്രി




### പ്രവാസി ഭാരതീയ ദിവസ്

# ഇന്ത്യയിലെ ഏറ്റവും വലിയ പ്രവാസി കൂട്ടായ്മ

തൊഴിൽ തേടിയും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ അന്വേഷിച്ചും പിറന്ന നാടും ബന്ധുജനങ്ങളെയും വിട്ട് അന്യദേശങ്ങളിൽ പോയി പണിയെടുക്കുവാൻ നിർബന്ധിതരായ ഒരു ജനതയെയാണ് നാം പ്രവാസി എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. അതി പ്രാചീന കാലം മുതൽ തന്നെ വിദേശീയരുമായി അടുത്തിടപഴകുവാനും കച്ചവടത്തിൽ ഏർപ്പെടാനും നമുക്ക് അവസരമുണ്ടായി. പ്രാചീന കേരളം വിദേശ കച്ചവടക്കാരുടെ പ്രിയപ്പെട്ട പ്രദേശമായിരുന്നു. നമ്മുടെ സുഗന്ധവ്യഞ്ജനങ്ങളാണ് വിദേശ കച്ചവടക്കാരെ നമ്മുടെ കൊച്ചുകേരളത്തിലേക്ക് ആകർഷിച്ചത്. നമ്മുടെ നാട് സവിശേഷമായ വിഭവങ്ങളാൽ സമൃദ്ധമായിരുന്നെങ്കിലും മെച്ചപ്പെട്ട ജീവിതം തേടി നമുക്ക് വിദേശങ്ങളിലേക്ക് പോകേണ്ടിവന്നത് ചരിത്രത്തിലെ വലിയൊരു വൈരുദ്ധ്യമാണ്. ബർമയിലേക്കും സിലോണിലേക്കും തുടർന്ന് മലേഷ്യ, സിങ്കപ്പൂർ, ലണ്ടൻ, അമേരിക്ക, ജർമനി തുടങ്ങി ഗൾഫ് പ്രദേശങ്ങളിലേക്കും തൊഴിൽ തേടിപ്പോയ നാം ഇപ്പോൾ ഇന്ത്യയിലെ വലിയൊരു പ്രവാസി സമൂഹമാണ്. നമ്മുടെ സംസ്ഥാനം ലോക സമ്പദ്ഘട

നയോട് ഏറെ ബന്ധപ്പെട്ടു കിടക്കുകയുമാണ്. ഇന്ന് ഗൾഫിൽ 34.3 ലക്ഷം മലയാളികൾ തൊഴിലെടുക്കുന്നുണ്ടെന്നാണ് കണക്ക്.

നാടിന്റെ സമ്പദ്‌വ്യവസ്ഥയും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നതിന് വിദേശ മലയാളി നൽകുന്ന സംഭാവനകൾ വളരെ വലുതാണ്. അവരെ മറന്നുകൊണ്ട് വികസന പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയാത്ത സാഹചര്യം ഇന്നുണ്ട്. കാരണം പലവിധ സാമൂഹികവും വ്യക്തിപരവുമായ സമ്മർദങ്ങൾക്കിടയിലാണ് ഓരോ വ്യക്തിയും വിദേശ മണ്ണിൽ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നത്. തൊഴിൽ പ്രായം കഴിയുമ്പോൾ അല്ലെങ്കിൽ തൊഴിലെടുത്ത് ജീവിക്കുവാൻ കഴിയാതാകുമ്പോൾ സ്വന്തം നാട്ടിലേക്കു മടങ്ങുന്ന ഓരോ പൗരനും വേണ്ട പരിഗണനകളും പദ്ധതികളും ആവശ്യമാണ്.

> വിദേശത്ത് ജീവിച്ച് കുടുംബത്തിനുവേണ്ടിയും നാടിനുവേണ്ടിയും പണിയെടുക്കുന്ന ഭാരതീയരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും പുതിയ പദ്ധതികൾക്ക് രൂപം നൽകുന്നതിനുമാണ് എല്ലാ വർഷവും പ്രവാസി ഭാരതീയ ദിവസ് ഭാരത സർക്കാർ സംഘടിപ്പിച്ചുവരുന്നത്

സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. ചുരുക്കത്തിൽ കേരളീയ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രവാസി മലയാളികളുടെ അധ്വാനം അടിസ്ഥാന ഘടകം തന്നെയാണ്. അതിനാൽ മടങ്ങിവരുന്നവരും മടങ്ങിവന്നവരുമായ പ്രവാസി സമൂഹത്തിന്റെ പുനരധിവാസം കേരളത്തിലെ ഗവണ്മെന്റ് ഗൗരവമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വിദേശത്ത് തൊഴിൽ തേടിപോകുന്നവരുടെ തൊഴിൽ നൈപുണ്യം മെച്ചപ്പെടുത്തുന്നതിനുള്ള സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിങ് പ്രോഗ്രാം കൂടുതൽ പ്രയോജനകരമായി പുനസംഘടിപ്പിച്ച് നടപ്പിലാക്കാനുള്ള ശ്രമത്തിലാണ് സർക്കാർ. ചെറുതും വലുതുമായ വ്യവസായ സംരംഭങ്ങളിൽ മുതൽമുടക്കാൻ പ്രവാസികൾക്ക് ഇന്ന് പ്രത്യേക താല്പര്യമാണുള്ളത്.

വിദേശത്ത് ജീവിച്ച് കുടുംബത്തിനുവേ



**പ്രവാസി ഭാരതീയദിവസ് 2013ന്റെ സംഘാടകസമിതി ഓഫീസ് ഉദ്ഘാടനം**

കേരളത്തിലെ തൊഴിലില്ലായ്മ വലിയതോതിൽ പരിഹരിച്ചത് വിദേശ രാജ്യങ്ങളിൽ ലഭ്യമായ തൊഴിലവസരങ്ങളിലൂടെയാണ്. ലക്ഷക്കണക്കിന് മലയാളികൾ ഗൾഫ് നാടുകളിലും അമേരിക്കയിലും യൂറോപ്പിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലുമായി ജോലി നോക്കുന്നു. പ്രവാസി കുടുംബങ്ങളുടെ ഉപജീവനം അവരുടെ ഉറ്റവരും ഉടയവരും ചുട്ടുപൊള്ളുന്ന മണലാരണ്യത്തിൽ ചോര നീരാക്കി സ്വരൂപിക്കുന്ന സമ്പാദ്യത്തിലൂടെയാണ്. അതുപോലെ പ്രവാസി കേരളീയർ അയക്കുന്ന പണം കൊണ്ട് നാട്ടിൽ വൻതോതിൽ തൊഴിലവസരങ്ങൾ ണ്ടിയും നാടിനുവേണ്ടിയും പണിയെടുക്കുന്ന ഭാരതീയരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പുതിയ പദ്ധതികൾക്ക് രൂപം നൽകുന്നതിനുമാണ് എല്ലാ വർഷവും പ്രവാസി ഭാരതീയ ദിവസ് ഭാരത സർക്കാർ സംഘടിപ്പിച്ചുവരുന്നത്. മഹാത്മാഗാന്ധി 1915 ൽ സൗത്ത് ആഫ്രിക്കയിൽനിന്ന് ഇന്ത്യ



ജയ്പൂരിൽ നടന്ന പ്രവാസി ഭാരതീയദിവസ് 2012 ലെ കലാവിരുന്ന്

യിലേക്ക് മടങ്ങിയെത്തിയത് ജനുവരി ഒൻപതിനാണ്. നമ്മുടെ രാഷ്ട്രപിതാവിന്റെ മടങ്ങിവരവിനെ അനുസ്മരിച്ചുകൊണ്ടാണ് എല്ലാ വർഷവും ജനുവരി 7, 8, 9 തീയതികളിൽ പ്രവാസി ഭാരതീയ ദിവസ് എന്ന മഹാസമ്മേളനം നടത്തുന്നത്. ഓരോ വർഷവും ഇന്ത്യയുടെ പല ഭാഗങ്ങളിലാണ് ഇത് സംഘടിപ്പിക്കുന്നത്. ഇന്ത്യയിലെ ഏറ്റവും വലിയ പ്രവാസി സംഗമത്തിന് നാം കേരളത്തിലെ കൊച്ചിയിൽ സാക്ഷ്യം വഹിക്കുകയാണ്. കേരള സർക്കാരിന്റെ ശ്രമഫലമായി കേന്ദ്ര സർക്കാർ പ്രവാസി മലയാളികൾക്ക് നൽകിയ വലിയ അംഗീകാരം കൂടിയാണിത്.

ഇന്ത്യയിലെ തന്നെ വലിയൊരു പ്രവാസി സമൂഹമായ നമുക്ക് പ്രവാസി ഭാരതീയ ദിവസ് സംഘടിപ്പിക്കുന്നതിലൂടെ അപൂർവ അവസരമാണ് ലഭിച്ചിരിക്കുന്നത്. ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിലെ ജനങ്ങൾ പൊതുവേയും മലയാളികളുടെ പ്രശ്നങ്ങൾ പ്രത്യേകിച്ചും ചർച്ചചെയ്യുവാൻ കിട്ടുന്ന അവസരമാണിത്. സ്വാഭാവികമായും പ്രവാസികളുടെ പ്രശ്നങ്ങൾക്ക് തൃപ്തികരമായ പരിഹാരം കണ്ടെത്തുന്നതിന് ഈ സമ്മേളനത്തിലൂടെ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ജനുവരി 7 ന് നടക്കുന്ന പ്രവാസി സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് ഏറ്റവും കുറഞ്ഞ തുകയായ 1000 രൂപയാണ് രജിസ്ട്രേഷൻ ഫീസായി സർക്കാർ ഈടാക്കുന്നത്. ഇതിലൂടെ പരമാവധി പ്രവാസി മലയാളികൾക്ക് സമ്മേളനത്തിൽ പങ്കെടുക്കുന്നതിനുള്ള അവസരമാണ് സംസ്ഥാന സർക്കാർ ഒരുക്കിയിരിക്കുന്നത്. ഇന്ന് കേരളത്തിൽ വിപുലമായ നിക്ഷേപ സാധ്യതകളാണ് നിലവിലുള്ളത്. ഈ സാധ്യതകൾ പ്രയോജനപ്പെടുത്താൻ പ്രവാസി നിക്ഷേപകരെ സ്വാഗതം ചെയ്യുകയാണ്.

> പരമാവധി പ്രവാസി മലയാളികൾക്ക് സമ്മേളനത്തിൽ പങ്കെടുക്കുന്നതിനുള്ള അവസരമാണ് സംസ്ഥാന സർക്കാർ ഒരുക്കിയിരിക്കുന്നത്. ഇന്ന് കേരളത്തിൽ വിപുലമായ നിക്ഷേപ സാധ്യതകളാണ് നിലവിലുള്ളത്. ഈ സാധ്യതകൾ പ്രയോജനപ്പെടുത്താൻ പ്രവാസി നിക്ഷേപകരെ സ്വാഗതം ചെയ്യുകയാണ്

പതിനൊന്നാമത് പ്രവാസി ഭാരതീയ ദിവസ് പ്രത്യേക ഊന്നൽ നൽകുന്നത് Engaging diaspora; The Indian growth story എന്ന വിഷയത്തിനാണ്. പ്രവാസി ഭാരതീയ ദിവസിനു മുന്നോടിയായി വികസനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുന്നുണ്ട്. തൊഴിൽ വൈദഗ്ധ്യം, സയൻസ്, ടൂറിസം എന്നീ വിഷയങ്ങൾ കൂടാതെ വിവിധ വിഷയങ്ങളിൽ- India's growth, greater opportunities, overseas Indians, Safe environment, Engaging young overseas Indians, Investment opportunities in States- പ്ലീനറി സെഷനുകളും നടക്കും. കേരളത്തിൽ നടക്കുന്നതിനാലും വലിയൊരു വിഭാഗം തൊഴിലെടുക്കുന്ന തൊഴിൽ മേഖലയെന്ന ഊന്നൽ കൊടുത്തുകൊണ്ടുമാണ് NRIs in the Gulf എന്ന വിഷയത്തിൽ പ്രത്യേക സെഷൻ നടത്തുന്നത്.

സമഗ്രമായ വികസനമാണ് കേരളം ആഗ്രഹിക്കുന്നത്. ഗൾഫിലെ ഓരോ മലയാളിയും ആഗ്രഹിക്കുന്നത് വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനാണ്. അതിന് ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും എല്ലാ ശ്രമങ്ങളും ഉണ്ടാകും. ■

ഡിക്സൺ ജോർജ്



# ഫുജൈറയിലെ വെയിൽതിന്നുന്ന മരം

വെള്ളിയാഴ്ചകളിലാണ് ഫുജൈറയിൽ കാലാവസ്ഥ മാറുന്നതെന്ന് ടാക്സി ഡ്രൈവർ മുഹമ്മദ് പറഞ്ഞു. 30 വർഷത്തോളം ഇവിടെ ടാക്സി ഓടിക്കുന്ന അദ്ദേഹത്തെ വിശ്വസിക്കാം. ഞാനും നിരീക്ഷിച്ചു; ശരിയാണ്. കഴിഞ്ഞ വെള്ളിയാഴ്ചയാണ് മുന്നറിയിപ്പില്ലാതെ പൊടിക്കാറ്റു വീശിയത്. അതിനും മുമ്പത്തെ ആഴ്ചയാണ് മസാഫിയിൽ ആലിപ്പഴ വർഷം നടന്നത്. ആദ്യമായാണ് ആലിപ്പഴം ഇങ്ങനെ പൊഴിയുന്നത് ഞാൻ കണ്ടത്. തികച്ചും വിസ്മയം. ഫിലിപ്പീൻകാരനായ ഡ്രൈവർ ലോയ്ഡ് വണ്ടി വഴിയിൽ നിർത്തി. അറബികളോടൊപ്പം ഞങ്ങളും ആലിപ്പഴം പെറുക്കി. വജ്രം പോലെ പരിശുദ്ധമായ പരലുകൾ.

ഈ ഫിലിപ്പിനോയുടെ ക്രിസ്മസാണ് ഒരു തെരുവുനായ കൊണ്ടുപോയത്. അഞ്ചു വർഷങ്ങൾക്കു മുമ്പാണ് ഞാൻ ഫുജൈറയിലെ ഒരു കമ്പനിയിൽ മാനേജരായി ജോലിക്കെത്തിയത്. ദുബായ് ഭരണാധികാരിയായിരുന്ന ഷേഖ് മക്തും മരിച്ച ദിവസമായിരുന്നു അഭിമുഖം. കമ്പനി ഉടമകളായ രണ്ട് അറബികൾ എന്ന വിളിച്ചു. ഇന്റർവ്യൂ മാറ്റിവച്ചതിനാൽ തിരികെ പോകാൻ പറഞ്ഞു. പകുതി ദൂരം പിന്നിട്ട ഞാൻ തിരികെ പോയില്ല. പാവം അറബികൾ എന്നെ കാത്ത് രണ്ടു മണിക്കൂറോളം ഇരുന്നു. പിന്നെ ഇന്റർവ്യൂ, അപ്പോയ്മെന്റ്...

ഫുജൈറ മലകളാൽ ചുറ്റപ്പെട്ട ഒരു എമിറേറ്റ്സാണ്. കിഴക്ക് കടൽ, ഒമാൻ ഉൾക്കടൽ. പേർഷ്യൻ ഉൾക്കടൽ ഫുജൈറ സ്പർശിക്കുന്നില്ല. കടലിനും മലകൾക്കുമിടയിലെ ഇടുങ്ങിയ പ്രദേശത്തും മലഞ്ചെരിവിലുമാണ് ആൾതാമസം. ഇവിടെ മരുഭൂമിയില്ല. ഏറ്റവും കൂടുതൽ മഴലഭിക്കുന്ന പ്രദേശം. എങ്കിലും ചൂടിന് ഒരു കുറവും ഇല്ല.

ഇവിടുത്തെ കടൽക്കാഴ്ച മനോഹരമാണ്. ഫുജൈറ പോർട്ടിന് അടുത്തുള്ള ഒരു ഫ്ളാറ്റിലാണ് എന്റെ ഓഫീസും താമസവും. കടലിൽ നങ്കൂരം ഇട്ടിരിക്കുന്ന കപ്പലിൽ രാത്രി കാഴ്ച മനോഹരമാണ്. കപ്പൽ നോക്കി 'ഒരു നാൾ ഞാനും...' എന്ന് പാടുക പതിവായിരുന്നു. മറൈൻ കമ്പനിയിലാണ് എനിക്ക് പണി. ഒരു ഫിലിപ്പിനോ സെക്രട്ടറി ഉണ്ട്. അവൾ എനിക്ക് ഒരിക്കൽ ഒരു വലിയ മീൻ തല പുഴുങ്ങിയതു കൊണ്ടുവന്നു. അല്പം കഴിച്ചപ്പോൾ മതിയായി. മസാല ഒന്നുംചേർക്കാതെ വെറുതെ പുഴുങ്ങി



വച്ചിരിക്കുന്നു. ഇടയ്ക്കിടെ ഉണക്കമീൻ തിന്നിട്ട് പല്ലുതേക്കുന്നതു കാണാം. ഉണക്കമീൻ എനിക്കും ഇഷ്ടമാണ്. പക്ഷെ, ഇത്...

അൽപം അകലെയായി ഒരു ക്രിസ്ത്യൻ പള്ളിയുണ്ട്. ചെറുതും ശാന്തവുമായ പള്ളി. അവിടെ കുമ്പസാരിക്കാൻ പോയത് ഒരിക്കലും മറക്കാനാകില്ല. വികാരി ചോദിച്ചു കുമ്പസരിച്ചിട്ട് എത്ര നാളായി? ഞാൻ കണക്കുകൂട്ടാൻ അൽപം സമയമെടുത്തു.; എന്നിട്ട് 22 വർഷം എന്ന് പറഞ്ഞു. അച്ചൻ അൽപനേരം എന്നെ നോക്കി വെറുതേയിരുന്നു. പോ... ശാശെ.... എന്നു പറയുമോയെന്ന് ഞാൻ പേടിച്ചു.

ക്രിസ്മസ് വരികയാണ്. കോടമഞ്ഞിൽ പുതഞ്ഞു കിടക്കയാണ് കടലും മലകളും. നല്ല തണുത്ത അന്തരീക്ഷം. ക്രിസ്മസ് കടന്നു വരാൻ പറ്റിയ കാലാവസ്ഥ. ലോയ്ഡ് വളരെ സന്തോഷവാനാണെന്നു തോന്നി. എന്താ ഇത്ര സന്തോഷം? ഞാൻ ചോദിച്ചു. പറയാം ബോസ് - അവൻ.

അവന്റെ വില്ലയുടെ ഭാഗത്താണ് ഞാൻ ആദ്യമായി കാക്കകളെയും തെരുവുനായ്ക്കളെയും കാണുന്നത്. ദുബായിയിൽ കാക്കകളില്ല; തെരുവു നായ്ക്കളും. മുഖത്ത് കറുത്ത ചുട്ടിയുള്ള ഒരു പട്ടിയെ അവൻ ഒരിക്കൽ കാണിച്ചു തന്നിരുന്നു. അവനെ നക്കുകയും മണക്കുകയുമൊക്കെ ചെയ്ത് ഇപ്പോഴും കൂടെയുണ്ട്. എന്നെ കാണുമ്പോൾ തുറിച്ച നോട്ടവും മുരൾച്ചയും. ഓഫീസ് വിട്ടുവന്നാൽ അവൻ ആ പട്ടിയുമായാണ് കളിക്കുന്നത്. അവന്റെ കുട്ടിയുമായല്ല എന്ന് അവന്റെ ഭാര്യ എന്നോട് ഒരു ദിവസം പരിഭവം പറഞ്ഞിരുന്നു. അത്രയ്ക്ക് സ്നേഹമാണ് അവനു പട്ടിയോടും പട്ടിക്ക് അവനോടും.

ക്രിസ്മസിന്റെ തലേന്നാളും ക്രിസ്മസിനും ഞങ്ങൾക്ക് അവധി ഇല്ലല്ലോ. പലപ്പോഴും ഞങ്ങൾ അവധി ആകുകയാണ് പതിവ്. അന്ന് അവൻ രണ്ടു കൂട്ടുകാരുമായാണ് വീട്ടിലെത്തിയത്. പതിവുപോലെ പട്ടി അവനെ നക്കുകയും മണക്കുകയം ചെയ്തു. അതിന് എന്തോ പന്തികേട് തോന്നി. അപ്പോൾ അവൻ വിളിച്ചുപറഞ്ഞു ബോസിന്റാൻഗ്... ബോസിന്റാൻഗ്.. അവനും കൂട്ടുകാരും ചിരിച്ചു. കയ്യിലുള്ള ഒരു പൊതി ഉയർത്തിക്കാട്ടി വീണ്ടും അവൻ പറഞ്ഞു. ബോസിന്റാൻഗ്...

പട്ടി പൊതിയിൽ നിന്നുയർന്ന പ്രത്യേക ഗന്ധം ശ്വസിച്ചതും ഒറ്റ ഓട്ടം; വാണം വിട്ടപോലെ എന്ന ഗ്രാമ്യപദമാണ് ആ ഓട്ടത്തിന് ചേരുക. ലോയ്ഡ് കൂട്ടുകാരോടൊപ്പം പട്ടിയുടെ പുറകെ ഓടി. ആ പട്ടി ഏതോ ദൂരത്തേക്ക് ഓടിപ്പോയി. പിന്നീടൊരിക്കലും അത് തിരിച്ചുവന്നില്ല.

അകലെ ഒരു ഈന്ത മരത്തിന്റെ തണലിൽക്കിടന്ന് ആ പട്ടി ഇങ്ങനെ ചിന്തിച്ചിരിക്കണം: ഞാൻ ഏറ്റവും സ്നേഹിച്ചിരുന്ന ആ നായിന്റെ... ശെ ന്റെ മോൻ ഇങ്ങനെ ചെയ്യുമെന്ന് ഒരിക്കലും വിചാരിച്ചില്ല. ആരെയും സ്നേഹിക്കരുത് ഇത്രയും അന്ധമായി. അത് കിതയ്ക്കുന്നുണ്ടായിരുന്നു.

ക്രിസ്മസ് മാസ് കഴിഞ്ഞു. ലോയ്ഡ് വളരെ നിരാശനായിരുന്നു. അവൻ ആ കഥ പറഞ്ഞു. അവന്റെ കൂട്ടുകാരാണ് പറഞ്ഞ തത്രേ. ബോസിന്റാൻഗ് ഉണ്ടാക്കിയാലോ ക്രിസ്മസിന്? ആദ്യം അവൻ ഞെട്ടി. കുട്ടികളേക്കാൾ ഏറെ അടുപ്പമുള്ള പട്ടി. നാവിന് വെള്ളമൂറുന്ന ബോസിന്റാൻഗ്.. ഏതു തെരഞ്ഞെടുക്കണം? ആകെ കൺഫ്യൂഷൻ. ക്രിസ്മസും വരുന്നു. ജീവിതം ഒന്ന് ആഘോഷിക്കേണ്ടേ? എന്നും ഇങ്ങനെ നിറം മങ്ങിയ ഒരു ജീവിതം മതിയോ? അവൻ മനസ്സില്ലാ മനസ്സോടെ സമ്മതിച്ചു. അവർ സൂപ്പർ മാർക്കറ്റിൽ പോയി, ഗ്രീൻ ഒനിയൻ (പച്ചത്തണ്ടോടു കൂടിയ വെളുത്ത ഉള്ളി), ലീകിന്റെ തണ്ട് (ഒരുതരം ഉള്ളിച്ചെടി), ഗബിയുടെ തണ്ട് പിന്നെ ശിഷോ ഇല (ഇവനാണ് കേമൻ; ഇലയുടെ മണം മത്തുപിടിപ്പിക്കും) എന്നിവയും മസാലയും വാങ്ങി, ആവേശത്തോടെ വീടെത്തി.

ഇപ്പോൾ ഒരു മലയുടെ മുകളിൽ നിന്ന്, പേടിയും കോപവും അടങ്ങാത്ത ആ പട്ടി ഇങ്ങനെ ചിന്തിച്ചു; ആ പൊതിയിലെ ഏതോ കഠിന മണം, എന്നിൽ പിതൃക്കളുടെ ഓർമ ഉണർത്തി. ഒരു മിന്നൽ പിണരുപോലെ ഏതോ അപകടത്തിന്റെ ചിന്ത. എന്താണത്? അവന്റെ ഒരു ബോസിന്റാൻഗ്...

ഈ മണം ശിഷോ ഇലയുടെതായിരുന്നു.

ആ മത്തുപിടിച്ച മണം പക്ഷെ, ലോയ്ഡിന്റെ ക്രിസ്മസ് നിറം കെട്ടതാക്കി.

എന്താണ് ഈ ബോസിന്റാൻഗ്?

പട്ടിയിറച്ചി കൊണ്ടുള്ള ഒരുതരം സൂപ്പ്.

### കുറുക്കൻമാരെ കണ്ട ഇടങ്ങൾ

എമിരേറ്റ്സിൽ കുറുക്കനെ കാണുമെന്ന് ഞാൻ ഒരിക്കലും വിചാരിച്ചില്ല. മരുഭൂമിയിൽ ഇവയ്ക്ക് വളരാനാകുമോ? എന്തായാലും കഴിഞ്ഞ ആഴ്ച ഞാൻ കുറുക്കനെ കണ്ടു. രാവിലെയുള്ള പതിവു നടത്തത്തിനിടെ, മരുഭൂമിയിൽ നിന്ന് എന്റെ വഴിക്കു കുറുകെ ഏതോ ഒരു ജീവി ഓടിമറയുന്നു.



പട്ടിയല്ല, കുറുക്കൻ തന്നെ. അത് എന്നെ നോക്കി. ഞാൻ മൊബൈൽ ഫോക്കസ് ചെയ്തു ഒരു പടമെടുത്തു. ഒരു മിന്നായം പോലെ അടുത്ത കുറ്റിക്കാട്ടിൽ മറഞ്ഞു. മരുഭൂമിയിലും കുറ്റിക്കാടുകളുണ്ട്! അടുത്ത

ദിവസം കണ്ടില്ല. അതിനടുത്ത ദിവസം വീണ്ടും എന്റെ മുന്നിൽ. പിന്നീടെന്നും ഞാൻ അതിനെ തെരയാറുണ്ട്.

ആദ്യമായി കുറുക്കനെ കാണുന്നത് നാട്ടിലെ പാർവതിപുത്തനാറിലെ ഞാറ മുഖം കടവിൽ, ചുവന്നു പഴുത്ത കൈത ച്ചക്ക തിന്നാൻ അവ എത്തിയപ്പോഴാണ്. അന്ന് പാർവതിയാറ് തെളിഞ്ഞ ജലമായി രുന്നു. നീന്തൽ പഠിച്ചതും ചൂണ്ടയിട്ടു മാന ത്തുകണ്ണിയെ പിടിച്ചതും ഇനി തിരിച്ചുവ രാത്ത നഷ്ട ബാല്യം. രാത്രികളിൽ കുറു ക്കന്റെ ഓരിയിടൽ... ആ കുറുക്കന്മാർ എവി ടെക്കോ മാഞ്ഞുപോയി.

കണ്ണൂരിൽ ദീപികയുടെ (പത്രം) താമ സമുറിയുടെ ചാരെയുള്ള കാട്ടിലാണ് പിന്നീടു കുറുക്കന്മാരെ ഞാൻ കാണുന്നത്. തുറന്ന ജയിലിനു മുന്നിലുള്ള കുറ്റിക്കാ ട്ടിൽ ഇളം വെയിൽ കൊള്ളാൻ അവ ഇട യ്ക്കിടെ കാട്ടിന്റെ മറവിൽ നിന്നും ഇറങ്ങാ റുണ്ട്. എന്റെ കയ്യിൽ അൽകാടെലിന്റെ ആദ്യകാലത്തെ ഒരു മൊബൈൽ ഉണ്ട്. രണ്ടു കൈ കണ്ട് പിടിക്കണം അത്ര വലുതാ. ഏതു പാമ്പിന്റെ കൂട്ടിൽ കൊണ്ടു വച്ചാലും റേഞ്ച് കിട്ടുന്ന സാധനം. പക്ഷെ എനിക്ക് റേഞ്ച് കിട്ടണമെങ്കിൽ കാട്ടിനോട് ചേർന്ന് ഞങ്ങളുടെ മതിലിൽ കയറി നൽക്കണം. അങ്ങനെയാണ് കുറുക്കന്മാരെ കണികാണുന്നത്. അത് നന്നായി, അയൽപ ക്കത്തെ സുന്ദരിയെ കണ്ടതും അങ്ങനെ തന്നെയാണ്. അവൾ ഏതോ ടെലി ഫിലിമിൽ അഭിനയിച്ചിട്ടുണ്ട്. ഞങ്ങൾ ആംഗ്യഭാഷയിൽ പ്രണ യിച്ചുതുടങ്ങി. കാവലിനു കുറുക്ക ന്മാരും. അവൾ ഒരിക്കൽ എനിക്ക് പായസം കൊടുത്തയച്ചു. നല്ല മധുരം...

അവളെയോ കുറുക്കന്മാ രെയോ കണ്ണൂര് വിട്ടതിനുശേഷം കണ്ടിട്ടില്ല.

ഇപ്പോൾ ഇവിടെ...

അടുത്തെങ്ങാനും എനിക്കു വേണ്ടി ഒരു കാമുകികൂടി ഉണ്ടാ കുമോ...?

## മരുഭൂമിയെ പൊതിഞ്ഞു കോടമഞ്ഞ്

ഗൾഫിൽ ചൂട് പതിയെ പിൻവാങ്ങുന്നു. റമദാൻ നോമ്പ് കഴിയുന്നതോടെ പ്രശാന്തമായ കാലാവസ്ഥ പതിവാണ്. വൈകു ന്നേരങ്ങളിൽ പുറത്തിരിക്കാം എന്നായിട്ടുണ്ട്. പാർക്കുകളിലും കോർണിഷിലും ആൾക്കൂട്ടം വന്നു തുടങ്ങി. എങ്ങോ പറന്നു പോയി രുന്ന കടൽകാക്കകൾ ഒറ്റയൊറ്റയായി എത്തിത്തുടങ്ങി. ഞാൻ പതിവായി നട ക്കാൻ പോകുന്ന കോർണിഷ് പാർക്കിലെ ലഗൂണിൽ അവ ഇപ്പോൾ മീൻ പിടിക്കു ന്നുണ്ട്. രണ്ടു ചെറിയ മീൻകൊത്തികൾ ചെറിയ പാറകളിൽ ഇരുന്ന് മീൻ കൂട്ടങ്ങളെ നോക്കുന്നുണ്ട്. ഈ കൊടും ചൂട് അവ എങ്ങനെയാണ് അതിജീവിച്ചത്? കഴിഞ്ഞ ദിവസങ്ങളിൽ എവിടെയായിരുന്നു ഈ കിളികൾ?

ഇന്ന് വെളുപ്പിനെ പെട്ടെന്ന് മരുഭൂമിയെ കോടമഞ്ഞ് മൂടിക്കളഞ്ഞു. 50 മീറ്റർ പോലും ദൂരക്കാഴ്ചയില്ല. വാഹനങ്ങൾ ഹസാർഡ് ലൈറ്റിട്ട് വളരെ പതുക്കെ പോകുന്നു. അതാ വേഗത്തിൽ ചീറി പ്പാഞ്ഞ് ഒരു വണ്ടി. ഏതെങ്കിലും കുരു ത്തംകെട്ട പിള്ളേരാകണം. മരുഭൂമിയിൽ ഇങ്ങനെ മഞ്ഞോ എന്ന് ഞാൻ അത്ഭുത പ്പെട്ടിരുന്നു. എങ്കിലും അത്ര തണുപ്പില്ല. തണുപ്പ് വരാനിരിക്കുന്നതേയുള്ളു.


ഗൾഫിൽ ചൂട് പതിയെ പിൻവാങ്ങുന്നു. റമദാൻ നോമ്പ് കഴിയുന്ന തോടെ പ്രശാന്തമായ കാലാവസ്ഥ പതിവാണ്. വൈകുന്നേരങ്ങളിൽ പുറത്തിരിക്കാം എന്നാ യിട്ടുണ്ട്. പാർക്കു കളിലും കോർണി ഷിലും ആൾക്കൂട്ടം വന്നുതുടങ്ങി


## സുഹൈൽ നക്ഷത്രം

സൂര്യോദയത്തിനു മുമ്പ് സുഹൈൽ നക്ഷത്രം കണ്ടുതുടങ്ങി. യു.എ.ഇയിൽ ചൂട് പിൻവാങ്ങുകയാണ്. അതാകും രണ്ടു മൂന്നു ദിവസമായി എന്റെ വില്ലയിലെ ഖഫ് മരത്തിൽ ചീവിടുകൾ നിലവിളി നിർത്തി യത്. ചൂട് കൂടുമ്പോൾ അവ നിർത്താതെ നിലവിളിക്കുകയാണല്ലോ! അല്ല ഈ ഖഫ് മരം വെള്ളമില്ലാതെ എങ്ങനെ വളരുന്നു. ഈ മരം വെയിൽ തിന്നുകയാണോ? അയ്യ പ്പന്റെ വെയിൽ തിന്നുന്ന പക്ഷിയെ പ്പോലെ! ഇനി തണുപ്പിന്റെ അസഹ്യത. ഇവിടെ ഇങ്ങനെയാണ് എല്ലാം കഠിനം. ചൂടും തണുപ്പും! സുഹൈൽ ഏറ്റവും പ്രകാശമുള്ള നക്ഷത്രമാണ്. ഡിസംബർ ആകുമ്പോൾ അത് അപ്രത്യക്ഷമാകും.

## ജബൽ യിബിറിനു പിന്നിലെ സൂര്യൻ

നവംബറിലാണ് ഗൾഫ് നാടുകളിൽ തണുപ്പിന്റെ വരവ്. കോടമഞ്ഞും മഴയും



പേർഷ്യൻ ഉൾക്കടലിന്റെ രോഷവും ഈ തണുത്ത കാലത്ത് അനുഭവിച്ചേ മതിയാവൂ. മറ്റു കാലങ്ങളിൽ തിരയടിക്കാത്ത ഈ ഉൾക്കടൽ ഇത്ര രോഷാകുലയാകുമെന്ന് ആർക്കും കരുതാനാവില്ല. ഈദിനു ശേഷം ഇന്തപ്പഴം ചുവന്നു തുടുത്ത് വീണുകിടക്കുന്ന വഴിയോരങ്ങളിലൂടെ മഞ്ഞുപാളികൾ ഇറങ്ങിവന്നു ശരീരം കുത്തി വേദനിപ്പിക്കും. അസഹ്യമായ ചൂടുപോലെ തണുപ്പും.

റാസ് അൽ ഖൈമ യു.എ.ഇയിലെ ഏഴു എമിരേറ്റ്സുകളിൽ ഒന്നാണ്. ചുണ്ണാമ്പ് കല്ലുകളുടെ മലയാണ് ഇവിടെ ഏറെയും. ഇവിടെനിന്നു ചുണ്ണാമ്പ് കല്ലുകൾ മറ്റു ഗൾഫ് രാജ്യങ്ങളിലേക്കും ഇന്ത്യയിലേക്കും കയറ്റി അയക്കുന്നു. ഈ തണുപ്പു കാലത്ത് മഞ്ഞു മൂടിയ ജബൽ (അറബിയിൽ മല എന്നർഥം) യിബിർ കാണാം. മൃതരായ പിതൃക്കളെപ്പോലെ മലർന്നു കിടക്കുന്ന ഈ മലനിരകളാണ് ഞങ്ങൾക്കു ചുറ്റും തണുപ്പും മഞ്ഞും മഴയും കൊണ്ടുവരുന്നത്. ജബൽയിബിർ 1527 മീറ്റർ ഉയരമുള്ള യു.എ.ഇയിലെ ഏറ്റവും ഉയർന്ന കൊടുമുടിയാണ്. ഒമാൻ മുതൽ എമിരേറ്റ്സ് വരെ വ്യാപിച്ചുകിടക്കുന്ന ഹജാർ മലനിരകളുടെ ഒരു ഭാഗമാണ് യിബിർ.. സൂര്യൻ മലകൾക്ക് അപ്പുറത്ത് മഞ്ഞിൽ മരവിച്ചു കാണുമ്പോൾ പാവം തോന്നും; കാരണം ചൂടുകാലത്ത് ഈ സൂര്യൻ തന്നെയാണോ തൊഴിലാളികളെ ചുട്ടുപൊള്ളിക്കുന്നതെന്ന് അതിശയിച്ചുപോകും.





ഖഫ് മരം : *വംശഭീഷണി നേരിടുന്ന, മരുഭൂമിയിൽ വളരുന്ന ഈ മരം യു.എ.ഇ.യുടെ ദേശീയമരമാണ്. എത്ര കൊടുംചൂടിലും വെള്ളമില്ലാതെ ഇത് വളർന്ന് നിൽക്കുന്നത് കാണാം. ഇലകൾ വാടാതെ, ശിഖരങ്ങൾ ഉണങ്ങാതെ കാണപ്പെടുന്ന ഈ മരം വെയിൽ തിന്നാണോ വളരുന്നതെന്ന് തോന്നിപ്പോകും.*

ഉച്ചിയിൽ നിന്നും ഇറങ്ങിയ സൂര്യൻ

ചുട്ടുപൊള്ളിച്ച ശരീരവും പേറി

രാത്രി ഇറങ്ങുന്ന പ്രേതങ്ങൾ പോലെ

വേച്ചും കിതച്ചും കച്ചാ വഴികളിലൂടെ

പഴമണം മാറാത്ത വില്ലയിലെത്തുന്നു - ഇത് തൊഴിലാളികളുടെ അവസ്ഥയാണ്

## വെയിൽ തിന്നുന്ന മരം

കഴിഞ്ഞ വർഷം ഡിസംബറിൽ എന്റെ വീട്ടുപടിക്കൽ നിന്ന ഒരു വമ്പൻ ഖഫ് മരം ആരോ മുറിച്ചുകൊണ്ടു പോയി. ഖഫ് മരങ്ങൾക്ക് വെള്ളം പോലും വേണ്ടെന്നത് വിചിത്രമാണ്. മരുഭൂമിയിൽ എങ്ങും ഈ വൃക്ഷങ്ങൾ കാണാം, എങ്കിലും ആരാണ് ഈ മരം മുറിച്ചുകൊണ്ടുപോയത്? എന്നും പുലർച്ചെ ഈ മരത്തിന്റെ കാണാചില്ലയിൽ ഇരുന്നു പാടുന്ന കാണാക്കിളികളാണ് എന്നെ ഉണർത്തിയിരുന്നത്. ഈ ചെറു പക്ഷികൾ മാത്രമാണ് കൊടുംചൂടിൽ പോലും എമിരേറ്റ്സ് വിട്ടുപോകാത്തത്. ഏതു പച്ച ശിഖരം തേടി അവ പോയി? എനിക്ക് തണലും തണുവും പിന്നെ കാണാക്കിളികളുടെ പാട്ടും നഷ്ടപ്പെടുത്തിയത് ആരാണ്? അങ്ങനെ ഒരു ഖഫ് മരം കൂടി നഷ്ടമായി.

ജബൽയിബിർ 1527 മീറ്റർ ഉയരമുള്ള യു.എ.ഇയിലെ ഏറ്റവും ഉയർന്ന കൊടുമുടിയാണ്. ഒമാൻ മുതൽ എമിരേറ്റ്സ് വരെ വ്യാപിച്ചു കിടക്കുന്ന ഹജാർ മലനിരകളുടെ ഒരു ഭാഗമാണ് യിബിർ. സൂര്യൻ മലകൾക്ക് അപ്പുറത്ത് മഞ്ഞിൽ മരവിച്ചു കാണുമ്പോൾ പാവം തോന്നും. ചൂടുകാലത്ത് ഈ സൂര്യൻ തന്നെയാണോ തൊഴിലാളികളെ ചുട്ടുപൊള്ളിക്കുന്നതെന്ന് അതിശയിച്ചുപോകും.

## ദേശീയ ദിനം

ഓരോ പ്രവാസിക്കും ദ്വിത്വ ദേശീയതയുണ്ട് (dual nationality). അതിനാൽ ദേശീയ ദിനങ്ങൾ ആഘോഷിക്കേണ്ടതാണ്. ഏഴ് എമിരേറ്റ്സ് ചേർന്നാണ് ഐക്യ എമിരേറ്റ്സ് ഉണ്ടായത് (യു.എ.ഇ). മത്സ്യബന്ധനവും പവിഴ ശേഖരവും മറ്റുമായി ദാരിദ്ര്യത്തിലായിരുന്ന ഒരു ഭൂതകാലം പലരും ഇവിടെ ഓർക്കുന്നുണ്ട്. പക്ഷെ, എണ്ണ കണ്ടെത്തിയ ശേഷമുള്ള വളർച്ച ആരെയും ആശ്ചര്യപ്പെടുത്തുന്നു. ഭരണാധികാരികളുടെ ദീർഘവീക്ഷണം ശ്ലാഘനീയം! 198 ലധികം രാജ്യക്കാർ ഇവിടെ ജോലിചെയ്യുകയോ വന്നു പോവുകയോ ചെയ്യുന്നുണ്ട്. അത്ര വിശാലമാണ് ഈ രാജ്യത്തിന്റെ മനസ്സ്. അന്യരാജ്യക്കാർ ആവേശത്തോടെ എമിരേറ്റ്സിന്റെ ദേശീയ ദിനം ആഘോഷിക്കുന്നതു കാണാം. വഴിയായ വഴികളിൽ, കെട്ടിടങ്ങളിൽ, വാഹനങ്ങളിൽ എവിടെ വേണമെങ്കിലും ദേശീയ പതാക ഉയർത്താം. ഒരു നിയന്ത്രണവുമില്ല. ■

■ ടി.പി. ശ്രീനിവാസൻ



# ഇന്ത്യൻ പ്രവാസികൾ
# ജീവിതം, ഗൃഹാതുരത, സാഹിത്യം

ഇന്ത്യൻ പ്രവാസികളുടെ ജീവിതത്തിൽ ഇന്നു സൂര്യനസ്തമിക്കുന്നില്ല. പ്രവാസോദയം ലോകത്താദ്യം പൊട്ടിവിരിഞ്ഞ ഫിജിയിലെ ടാവ്യൂനി ദ്വീപിൽ ഇന്ത്യൻ കർഷകർ കരിമ്പുപാടങ്ങളിൽ പണിയെടുക്കാൻ പോകുന്ന ആ നിമിഷംതന്നെ സാൻജോസിലെ കംപ്യൂട്ടർ എൻജിനീയർമാർ തങ്ങളുടെ ആർഭാടകരമായ മെഴ്സിഡിസ് കാറിൽ ജോലി കഴിഞ്ഞു വീട്ടിലേക്കുമടങ്ങുന്നു. കാലിഫോർണിയയിലെ ഇന്ന് ഫിജിയിൽ നാളെയാണ്.

പ്രവാസികളുടെ ജീവിതരീതികളും വ്യത്യസ്തമാണ്. മ്യാന്മറിലെ ദരിദ്രകർഷകർ മുതൽ അമേരിക്കയിലെ കോടീശ്വരന്മാർവരെ നീളുന്നു അത്. ഏതാണ്ട് ഇരുനൂറുവർഷംമുമ്പ് ദാരിദ്ര്യത്തിലും നികൃഷ്ടസാഹചര്യങ്ങളിലും നിന്നും വാഗ്ദത്തഭൂമിതേടി പലായനം ചെയ്തവരുടെ പിന്മുറക്കാരാണ് പലരും. മറ്റുള്ളവരാകട്ടെ വിദ്യാഭ്യാസത്തിനും തൊഴിലിനുമുള്ള അവസരങ്ങൾ തേടിയെത്തിയ പ്രൊഫഷണലുകളും. പല വികസിതസമൂഹങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിന് അധ്യാപകരും ഡോക്ടർമാരും നേഴ്സുമാരും എത്തി. പാശ്ചാത്യനാടുകളിലെ വിവരസാങ്കേതികവിപ്ലവവും ഗൾഫിലെ എണ്ണസമൃദ്ധിയും ഇന്ത്യൻ തൊഴിലാളികളെ ആകർഷിച്ചു. ആഫ്രിക്കയിലെ ഇന്ത്യൻ വ്യാപാരികൾ വർഷങ്ങളായി അവിടെയുള്ളവരാണ്. അതിനാൽ പ്രവാസസമൂഹം എല്ലാം കൂടിക്കലർന്നതാണ്, ഇന്ത്യയുടെ ഒരു സൂക്ഷ്മപ

രിചേരദമാണ്. പക്ഷേ അത് പലകാലങ്ങളിലേയും വികസനഘട്ടങ്ങളിലേയും ഇന്ത്യയേയാണ് പ്രതിഫലിപ്പിക്കുന്നത്. അവരുടെ നിലപാടുകൾ, അവർ എന്നെത്തിപ്പെട്ടു, എവിടേക്കുപോയി, വിദേശത്ത് എന്തൊക്കെ ഭാഗ്യനിർഭാഗ്യങ്ങളിലൂടെ കടന്നുപോയി എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഒരർത്ഥത്തിൽ ആഫ്രിക്ക, ഫിജി, കരീബിയൻ നാടുകൾ എന്നിവിടങ്ങളിലേക്കുള്ള കുടിയേറ്റം നിർബന്ധിതമാണെങ്കിൽ അമേരിക്ക, ബ്രിട്ടൻ, മറ്റ് യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്കുള്ള കുടിയേറ്റങ്ങൾ സ്വേച്ഛയാലായിരുന്നു.

പ്രവാസസമൂഹം എത്രമാത്രം വൈവിധ്യം നിറഞ്ഞതാണോ അത്രമാത്രം അവരിൽ ഒരുപോലെ വർത്തിക്കുന്ന ഒന്നുണ്ട്. ഇന്ത്യക്കാരെ ഇന്ത്യയിൽ നിന്ന് നമുക്ക് കൊണ്ടുപോകാം. പക്ഷെ ഇന്ത്യയെ അവരിൽ നിന്നും അടർത്തിമാറ്റാനാവില്ല. ഇരുനൂറുവർഷം മുമ്പ് പോയവരായാലും ഈയിടെ പോയവരായാലും ഇന്ത്യൻ ജീവിതരീതിയിലൂടെ, സംസ്കാരത്തിലൂടെ, മതത്തിലൂടെ ഇന്ത്യ അവരിൽ ജീവിക്കുന്നു. പല കാരണങ്ങളാലും ഒരിക്കലും മടങ്ങിവരാനായില്ലെങ്കിലും തങ്ങളുടെ ഇന്ത്യൻ വേരുകളെക്കുറിച്ച് ഗൃഹാതുരരാണവർ. മാതൃഭൂമിക്കായി അവർ ദാഹിക്കുന്നു. തങ്ങളുടെ ആചാരങ്ങൾ അവർ പരിപാലിക്കുന്നു; ഒരുപക്ഷെ ആ ആചാരങ്ങൾ ഇന്ത്യയിൽപ്പോലും മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ടാകാമെങ്കിലും. തങ്ങളുടെ ഭാഷകൾ അവർ നെഞ്ചോടുചേർത്തു വെക്കുന്നു. തത്ഫലമായി ഇന്ത്യൻ സമൂഹം ഒരിക്കലും തങ്ങളെ ദത്തെടുത്തിരിക്കുന്ന രാജ്യങ്ങളിലെ ജനതകളുമായി സമ്പൂർണമായും ലയിച്ചുചേരുന്നില്ല. ഇരുനൂറുവർഷങ്ങൾക്കിപ്പുറവും ഫിജിയിലെ ഇന്ത്യൻ പൗരന്മാർ തങ്ങളെ ഫിജി ഇന്ത്യക്കാർ എന്നുതന്നെ അറിയപ്പെടാൻ ആഗ്രഹിക്കുന്നു. അതേസമയം അവിടുത്തെ പോളിനേഷ്യൻ, മെലനേഷ്യൻ ജനതകൾ സ്വയം ഫിജിയന്മാർ എന്നുവിശേഷിപ്പിക്കുന്നു.

എന്തൊക്കെയായാലും ജന്മനാട്ടിൽ കഴിയുന്ന നമുക്കു സാധിക്കാത്ത ഒരു കാര്യത്തിൽ പ്രവാസികൾ വിജയിച്ചിരിക്കുന്നു, സമ്പൂർണമായും ഉദ്ഗ്രഥിതരാവാൻ അവർക്കു കഴിഞ്ഞിരിക്കുന്നു. ഇന്ത്യൻ കുടിയേറ്റക്കാർ സഹനത്തിന്റെ തീച്ചൂളയിൽ വിഭാഗീയസ്വത്വങ്ങൾ വെടിഞ്ഞിരിക്കുന്നു. ഫിജിയിലും ഗയാനയിലും ദക്ഷിണാഫ്രിക്കയിലും ജാതികളും ഭാഷാവ്യത്യാസങ്ങളും അവരിൽ തീർത്തും അപ്രത്യക്ഷമായിരിക്കുന്നു. മിക്കവരും ഹിന്ദിയുടെ ഒരു ദേശ്യഭേദം സംസാരിക്കുകയും കുറെയൊക്കെ ഇന്ത്യൻ ഭക്ഷണരീതി പിന്തുടരുകയും ചെയ്യുന്നു. തദ്ദേശീയ ആചാരങ്ങളുമായി ചേർന്നുനിൽക്കുംവിധം തങ്ങളുടെ ആചാരങ്ങളെ സ്വാംശീകരിച്ച് അവർ പ്രാദേശികസമൂഹവുമായി ഇഴുകുന്നു. ആദ്യകാല കുടിയേറ്റക്കാരിൽ തദ്ദേശീയ ജനതകളുമായുള്ള വിവാഹബന്ധങ്ങൾ അപൂർവമായിരുന്നു. അവരിൽ പലരും അടുത്തിടെയാണ് ഇന്ത്യ കാണുന്നത്.



ശശിതരൂർ

ജന്മനാട്ടിൽ കഴിയുന്ന നമുക്കു സാധിക്കാത്ത ഒരു കാര്യത്തിൽ പ്രവാസികൾ വിജയിച്ചിരിക്കുന്നു, സമ്പൂർണമായും ഉദ്ഗ്രഥിതരാവാൻ അവർക്കു കഴിഞ്ഞിരിക്കുന്നു. ഇന്ത്യൻ കുടിയേറ്റക്കാർ സഹനത്തിന്റെ തീച്ചൂളയിൽ വിഭാഗീയസ്വത്വങ്ങൾ വെടിഞ്ഞിരിക്കുന്നു



വി.എസ്. നൈപാൾ


അടിസ്ഥാനപരമായി തങ്ങളുടെ വേരുകൾ തിരയാനും അങ്ങനെ ഇന്ത്യൻ സംസ്കാരത്തിന്റെ ഭാഗമാണ് തങ്ങളുമെന്ന ബോധം ഊട്ടിയുറപ്പിക്കാനും തങ്ങളെ ഏറ്റെടുത്ത രാജ്യത്തിന്റെ സാഹിത്യ, സാമൂഹ്യ, രാഷ്ട്രീയ ജീവിതത്തിൽ അടയാളം പതിപ്പിക്കാനും ഇന്ത്യൻ പ്രവാസി സമൂഹത്തിന് കഴിഞ്ഞിട്ടുണ്ട്. പ്രഥമവും പ്രധാനവുമായി അവർ അക്ഷീണം പ്രയത്നിക്കുകയും കഠിനപ്രവൃത്തിയിലും സത്യസന്ധതയിലും വിശ്വാസ്യതയിലും മതിപ്പ് നേടുകയും ചെയ്തിട്ടുണ്ട്. അവരുടെ പ്രവർത്തനസംസ്കാരം ചില രാജ്യങ്ങളിലെ ആദിമനിവാസികളുടെ തിമിർപ്പും ലാഘവബുദ്ധിയുംനിറഞ്ഞ രീതിക്ക് നേർവിപരീതമായിരുന്നു. ഇന്ത്യൻ പ്രവാസികളുടെ സാംസ്കാരികപാരമ്പര്യം, മികവ് നേടാനുള്ള അവരുടെ പരിശ്രമങ്ങൾ, വിദ്യ നേടാനുള്ള അവരുടെ വാഞ്ഛ, സമ്പാദ്യശീലം, ഉത്സാഹശാലിത്വം എന്നിവ ആകർഷകമാണ്. ചെല്ലുന്നിടത്തെല്ലാം അവർ സ്കൂളുകളും ആശുപത്രികളും കെട്ടുകയും കുട്ടികളെ ഉന്നതപഠനത്തിനായി വിദേശത്തേക്ക് അയക്കുകയും ചെയ്തു. താഴ്ന്ന ജോലിക്കാരുടെ മക്കൾ പ്രൊഫഷണലുകളും മാനേജർമാരുമായി. ചില രാജ്യങ്ങളിൽ വ്യാപാര, വ്യവസായ രംഗങ്ങളിലൂടെ സമ്പദ്‌വ്യവസ്ഥയെത്തന്നെ അവർ നിയന്ത്രിക്കുന്നു. ദക്ഷിണ ശാന്തസമുദ്രരാജ്യങ്ങളിൽ ഫിജിയാണ് ഏറ്റവും വികസിതം. ഇന്ത്യൻ പ്രവാസി സമൂഹമാണ് അതിനു പിന്നിൽ. പ്രധാനമായും ഇന്ത്യൻ പ്രവാസികൾ കരീബിയനിലും മൗറീഷ്യസിലും രാഷ്ട്രീയമാറ്റങ്ങൾ കൊണ്ടുവന്നു. അവരുടെ ശക്തമായ രാഷ്ട്രീയബോധവും പരിവർത്തനപ്രേരകമായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യം തങ്ങളെ ദത്തെടുത്ത രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിനായി ശബ്ദമുയർത്താനും അവരെ ത്വരിപ്പിച്ചു. ഉദാഹരണത്തിന് ഫിജിയിൽ തദ്ദേശീയജനതക്ക് ബ്രിട്ടീഷ് സാമ്രാജ്യത്തിൽ നിന്ന് സ്വാതന്ത്ര്യം നേടാൻ ആഗ്രഹമില്ലായിരുന്നു. ഇന്ത്യൻ നേതാക്കളാണ് സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനുമായി മുന്നിട്ടിറങ്ങിയത്.

പ്രവാസസമൂഹവുമായി അകലം പാലിക്കുന്ന സമീപനമാണ് ഇന്ത്യ പിന്തുടർന്നത്. പ്രത്യേകിച്ചും രാഷ്ട്രീയമായി ശരിയായിരി

ക്കാനാണ് ഇന്ത്യ ആഗ്രഹിച്ചത്. മറ്റുരാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നുവെന്ന് ആരോപിക്കപ്പെടാൻ ഇന്ത്യ ആഗ്രഹിച്ചില്ല. തങ്ങളുടെ ജനത അവരെ ദത്തെടുത്ത രാജ്യങ്ങളോട് കൂറുപുലർത്തണമെന്നാണ് ഇന്ത്യ പ്രതീക്ഷിച്ചത്. എങ്കിലും അവരുടെ ക്ഷേമത്തിലും താത്പര്യങ്ങളോടും അനുഭാവം പുലർത്തുകയും ചെയ്തു. നയപരമായ കാരണങ്ങളാൽ മ്യാന്മറും ഉഗാണ്ടയും വിടേണ്ടിവന്നവരെ ഇന്ത്യ രണ്ടും കൈയും നീട്ടി സ്വീകരിച്ചെങ്കിലും അവർക്ക് അവിടെ ഉപേക്ഷിച്ചുപോരേണ്ടിവന്ന സ്വത്തുക്കളിൽ യാതൊരു അവകാശവാദവും ഉന്നയിച്ചില്ല. രാജീവ്ഗാന്ധിയാണ് അതിൽനിന്ന് വ്യതിചലിച്ചത്. ഫിജിയിലെ അട്ടിമറിസമയത്ത് ഫിജി ഇന്ത്യക്കാരുടെ മൗലികാവകാശങ്ങൾ നിഷേധിക്കുന്നതിനെതിരെ പോരാടാൻ അദ്ദേഹം തീരുമാനിച്ചു. സൈനികഭരണകൂടത്തിനെതിരെ ഉപരോധം ഏർപ്പെടുത്തിയ അദ്ദേഹം ഫിജിയെ കോമൺവെൽത്തിൽനിന്ന് പുറത്താക്കുന്നതിലും വിജയിച്ചു. പ്രവാസികൾ ഇന്ത്യയുടെ സാമ്പത്തികവികസനത്തിൽ പങ്കാളികളാകണമെന്ന് താത്പര്യമുള്ളതിനാൽത്തന്നെ അവരുടെ പ്രശ്നങ്ങളോട് മുഖംതിരിക്കാനാവില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ യുക്തി. ഒരു ചെറിയ കാലയളവിനുശേഷം ഫിജി ജനാധിപത്യത്തിലേക്കു മടങ്ങിയെത്തുകയും ചെയ്തു.

സമീപകാലത്ത് പ്രവാസസമൂഹം ഇന്ത്യയും ആതിഥേയരാജ്യവുമായുള്ള ഒരു പാലമായി വർത്തിക്കുന്നുണ്ട്. പ്രത്യേകിച്ചും അമേരിക്കയിലും ബ്രിട്ടനിലും. ഈ രാജ്യങ്ങളിലെ ഇന്ത്യൻ പ്രവാസികൾ അവരുടെ വിദ്യാഭ്യാസവും മികവും സമർപ്പണബോധവും കാരണം വലിയ സ്വാധീനശേഷി നേടിക്കഴിഞ്ഞിരിക്കുന്നു. അമേരിക്കയിലെ മുപ്പതുലക്ഷത്തോളം വരുന്ന ഇന്ത്യക്കാർ, ജനസംഖ്യയുടെ വെറും ഒരു ശതമാനം മാത്രമേയുള്ളൂവെങ്കിലും രാഷ്ട്രീയ, സാംസ്കാരിക, അക്കാദമിക, ശാസ്ത്ര,സാങ്കേതികരംഗങ്ങളിൽ സുപ്രധാനമായ പങ്കുള്ളവരാണ്. അമേരിക്കയിലെ ഇന്ത്യക്കാർ രാഷ്ട്രീയസമിതികളുണ്ടാക്കിയിരിക്കുന്നത് ന്യൂനപക്ഷസമൂഹം എന്നനിലയിലുള്ള അവകാശങ്ങൾ നേടിയെടുക്കാൻ മാത്രമല്ല ഇന്ത്യ-അമേരിക്കൻ ബന്ധം പരിപോഷിപ്പിക്കാൻ വേണ്ടി കൂടിയാണ്.

അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തിന്റെ രാഷ്ട്രീയശേഷി വ്യക്തമായത് ഇന്ത്യ-അമേരിക്കൻ ആണവകരാർ ഇന്ത്യയിലും അമേരിക്കയിലും ദുർഘടങ്ങൾ നേരിട്ടപ്പോഴാണ്.ശാസ്ത്രീയാടിസ്ഥാനത്തിൽ മാത്രമല്ല രാഷ്ട്രീയാടിസ്ഥാനത്തിലും കരാറിന്റെ പ്രസക്തി മനസ്സിലാക്കിയ ഇന്ത്യൻ അമേരിക്കക്കാർ അമേരി



**സൽമാൻ റുഷ്ദി**

ക്കൻ കോൺഗ്രസ്അംഗങ്ങൾക്കിടയിലും സെനറ്റംഗങ്ങൾക്കിടയിലും മറ്റുനയരൂപകർത്താക്കൾക്കിടയിലും ഫലപ്രദമായി പ്രചാരണം നടത്തുകയും അതിൽ വിജയം കാണുകയും ചെയ്തു. ഇന്ത്യൻ സമൂഹത്തിന്റെ പദവി ഇന്ത്യയെയും ഇന്ത്യ-അമേരിക്കൻ ബന്ധത്തിലെ മെച്ചപ്പെടൽ പ്രവാസികളെയും തങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ സഹായിക്കുന്നു.

ഗൾഫിലെ ഇന്ത്യൻ പൗരന്മാർ മാത്രമാണ് ഇന്ത്യയിലേക്കു പണമയച്ചും ഇവിടെ നിക്ഷേപിച്ചും പ്രവാസികളെക്കുറിച്ചുള്ള പ്രതീക്ഷ നിറവേറ്റിയത്. ഗൾഫിൽനിന്നയച്ച പണമാണ് കുറച്ചുവർഷങ്ങൾക്കുമുമ്പ്



**ജുംപാ ലാഹിരി**

കേരളത്തെ പാപ്പരത്തത്തിൽനിന്ന് രക്ഷിച്ചത്. ഇപ്പോഴും സംസ്ഥാനത്തിന്റെ വളർച്ചക്ക് അത് സംഭാവന ചെയ്യുന്നു. അതിനുള്ള അംഗീകാരമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഗൾഫിലെ ഇന്ത്യക്കാരുടെ ആവശ്യങ്ങൾക്ക് സവിശേഷശ്രദ്ധ നൽകിവരുന്നു.

ഇന്ത്യയും അതിന്റെ പ്രവാസസമൂഹവും പരസ്പരം വീണ്ടും കണ്ടെത്തിക്കൊണ്ടിരിക്കുകയും പരസ്പരം സഹായിക്കാൻ കഴിയുമെന്ന് തിരിച്ചറിയുകയും ചെയ്തിരിക്കുന്നു. പ്രവാസികാര്യമന്ത്രാലയത്തിന്റെ സ്ഥാപനം, വർഷത്തിലൊരിക്കൽ ഇന്ത്യയിലെ വ്യത്യസ്ത പ്രദേശങ്ങളിലായി നടക്കുന്ന പ്രവാസി ഭാരതീയ ദിവസ് സമ്മേളനം, പ്രവാസികളിലെ സവിശേഷവ്യക്തിത്വങ്ങൾക്കുള്ള പ്രവാസിഭാരതീയ പുരസ്കാരങ്ങൾ എന്നിവ വിദേശത്തു വസിക്കുന്ന സന്താനങ്ങളോടുള്ള രാഷ്ട്രത്തിന്റെ കടപ്പാടിന്റെ പ്രത്യക്ഷങ്ങളാണ്. വാസ്തവത്തിൽ പ്രവാസികൾക്കായി ഇനിയുമേറെ ചെയ്യണമെന്ന കാര്യത്തിൽ ഇവിടുത്തെ എല്ലാ രാഷ്ട്രീയകക്ഷികൾക്കും ഏകാഭിപ്രായമാണ്.

മാതൃഭൂമിക്കുവേണ്ടിയുള്ള തീവ്രാഭിലാഷമാണ് പ്രവാസികളിൽ അത്യധികമായി ഉണരുന്ന വികാരം. യാത്ര അപകടകരവും അസാധാരണവുമായിരുന്നപ്പോൾ ഈ വാഞ്ഛ അതിതീവ്രമായിരുന്നു. ഇനിയൊരിക്കലും നാട്ടിലേക്കു മടങ്ങാനാവില്ലെന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. സാങ്കേതികമുന്നേറ്റത്തിന്റെ കാലത്ത് യാത്ര എളുപ്പവും ദൂരം ഹ്രസ്വവുമായെങ്കിലും വിദൂരദേശത്താണെന്ന അസംതൃപ്തി അവരുടെ ഭാവനയെ പോഷിപ്പിച്ചുകൊണ്ടേയിരിക്കുന്നു. അവരുടെ ഗൃഹാതുരതക്കൊപ്പം ജന്മനാടിന്റെ പാരമ്പര്യങ്ങളോടും മതങ്ങളോടും ഭാഷകളോടുമുള്ള വിചിത്രമായ അടുപ്പം പ്രവാസസാഹിത്യത്തിനു ജന്മം നൽകി.

ജന്മനാടുവിട്ട് തന്റെ പുതിയ സാഹചര്യങ്ങളോട് ഇഴുകിച്ചേരാൻ സമയത്തിന്റെയും പണത്തിന്റെയും അതിരുകൾ കടന്ന് പായുമ്പോഴും പറ്റുന്ന വേളയിൽ വീടെത്താൻ പ്രവാസി കൊതിച്ചുകൊണ്ടേയിരിക്കുന്നു. തത്ഫലമായി അയാൾ അരികുകളിൽത്തന്നെ തുടരുന്ന ജീവിയാവുന്നു. വി.എസ്. നൈപാൾ വിശേഷിപ്പിക്കുന്നതുപോലെ പ്രാന്തവത്കൃത മനുഷ്യൻ. നൈപാൾ പറയുന്നത് ട്രിനിഡാഡിലേക്കുള്ള യാത്ര അന്തിമമായിരുന്നുവെന്ന് ഇന്ത്യക്കാർക്ക് നന്നായി അറിയാമായിരുന്നെന്നാണ്. എന്നിരുന്നാലും ഈ സംഘർഷങ്ങളും യാതനകളും പ്രവാസസാഹിത്യത്തിലെ ആവർത്തിതപ്രമേയമായി

തുടരുന്നു. പ്രവാസസാഹിത്യപ്രതിഭകൾ തുടക്കത്തിൽ പ്രതികൂലസാഹചര്യങ്ങളിലാണ് ആവിഷ്കാരം കണ്ടെത്തിയതെങ്കിലും അത് തഴച്ചുവളർന്നത് ഉത്കർഷോദയത്തോടെയാണ്. പിന്നീട് എഴുത്തുകാർ ഗൃഹാതുരതക്കൊപ്പം തങ്ങളുടെ ആതിഥേയരാജ്യങ്ങളുമായി തട്ടിച്ചുകൊണ്ട് ഇന്ത്യൻ സമൂഹത്തിലെ തിന്മകളെക്കുറിച്ചുള്ള വിമർശനങ്ങളും നടത്തി. ഇന്ത്യൻ ഇംഗ്ലീഷ് എഴുത്തുകാരിലെ ഏറ്റവും പ്രമുഖരിൽ പലരും പ്രവാസികളാണ്. വി. എസ്. നൈപാൾ, സൽമാൻ റുഷ്ദി, അമിതാവ് ഘോഷ്, ജുംപ ലാഹിരി, ശശി തരൂർ എന്നിവരെല്ലാം പ്രവാസഎഴുത്തുകാരാണ്. വിക്രം സേത്തും റോഹിങ്ടൺ മിസ്ട്രിയും പോലും സർഗാത്മകമാകാൻ തുടങ്ങിയത് വിദേശത്ത് താമസിക്കാൻ തുടങ്ങിയശേഷമാണ്. നമ്മുടെ സ്വന്തം അനിതാപ്രതാപ് പറയുന്നത് വലിയ പുറപ്പാടുകളിൽനിന്ന് മഹത്തായ സർഗാത്മകത സൃഷ്ടിക്കപ്പെടുന്നുവെന്നാണ്. പുറപ്പാടിന്റെ വേദനകൾ എത്ര തീവ്രമാകുന്നുവോ അത്രയും മഹത്തരമാകും സാഹിത്യവും.

പ്രവാസസാഹിത്യകാരിലെ ഇന്ത്യയുടെ ഏറ്റവും രൂക്ഷവിമർശകൻ വി. എസ്. നൈപാളാണെന്ന് അനായാസം പറയാം. ഇന്ത്യയെയും കരീബിയനെയും കുറിച്ചുള്ള നൈപാളിന്റെ പരിഹാസങ്ങളും അറബിതരരാജ്യങ്ങളിലെ മുസ്ലിം മൗലികവാദത്തെക്കുറിച്ചുള്ള വിലിയിരുത്തലുകളും നിർദ്ദയമായ തിരസ്കാരങ്ങളുടെ വിഷയങ്ങളായി. ജന്മനാട്ടിൽനിന്നും ആതിഥേയരാജ്യത്തിൽനിന്നുമുള്ള എതിർപ്പുകളിൽ കുലുങ്ങാതെ നൈപാൾ ഇന്നും സാഹിത്യവികാസത്തിന്റെ പ്രഭവകേന്ദ്രമായി തുടരുന്നു. മിഡ്നൈറ്റ്സ് ചിൽഡ്രൻ എന്ന വഴിവെട്ടിയ നോവലിലൂടെ സൽമാൻ റുഷ്ദി ഇന്ത്യൻ ഇംഗ്ലീഷ് എഴുത്തിന്റെ നവോത്ഥാനത്തിന് ചുക്കാൻ പിടിച്ചു. അദ്ദേഹത്തിന്റെ കൃതികളുടെ സജീവപ്രമേയം ഇന്ത്യൻ ഉപഭൂഖണ്ഡമാണ്. റുഷ്ദിയുടെ പാരനോർമൽ പ്രാഗ്മാറ്റിസം ഇന്ത്യൻ വായനക്കാർക്ക് ആകർഷകവുമാണ്. അമിതാവ് ഘോഷാകട്ടെ തദ്ദേശീയരിൽ കൊളോണിയലിസത്തിന്റെ സ്വാധീനത്തെക്കുറിച്ച് ഏറെ കാവ്യാത്മകവും ഉൾക്കാഴ്ചയുള്ളതുമായ രചനകൾ നടത്തി. ജുംപ ലാഹിരി തന്റെ ആദ്യനോവലായ നെയിംസേക്കിൽ ഒരു കുടിയേറ്റകുടുംബത്തിന്റെ ജീവിതചിത്രങ്ങൾ ഒരു കുട്ടിയുടെ കണ്ണിലൂടെ വേദനാജനകമായി ആവിഷ്കരിച്ചുകൊണ്ട് പുതിയ പ്രവണത സൃഷ്ടിച്ചു. ശശി തരൂർ മഹാഭാരതകഥ ആധുനികകാലത്ത് ആഖ്യാനം ചെയ്തുകൊണ്ട് ദി ഗ്രേറ്റ് ഇന്ത്യൻ നോവലിൽ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ നിശിതമായ രാഷ്ട്രീയ ഹാസ്യാവിഷ്കാരം നിർവഹിച്ചു. ഏറെ പ്രസക്തമായ പ്രവാസസാഹിത്യരചനകൾ മലയാളം ഉൾപ്പെടെയുള്ള പ്രാദേശികഭാഷകളിൽ ഉണ്ടാവുന്നു. പുതിയ കാലത്തെ പ്രവാസികളുടെ ദിനപത്രങ്ങൾ, ആനുകാലികങ്ങൾ, ടെലിവിഷൻ, വെബ്സൈറ്റുകൾ എന്നിവ ഇന്ത്യയെ വിമർശനാത്മകമായി നോക്കിക്കാണുന്നു. അവരുടെ വീക്ഷണങ്ങൾ ഇന്ത്യയുടെ വിജയത്തിൽ ആഹ്ളാദിക്കുന്നതിനോടൊപ്പം ഇന്ത്യയുടെ പരാജയങ്ങളെ നിശിതമായി വിമർശിക്കുന്നവയുമാണ്. വികസിതരാജ്യങ്ങളിലുള്ളവർ ഇന്ത്യ അവരുടെ പ്രതീക്ഷക്കൊത്ത് വേഗത്തിൽ പുരോഗമിക്കുന്നില്ലെന്ന അക്ഷമ പുലർത്തുന്നു. പരിമിതികൾ കണക്കിലെടുക്കാതെ ഇന്ത്യ അതിദ്രുതം വികസിക്കാനുള്ള ഉപദേശങ്ങളും അവർ നിരന്തരം നൽകുന്നു.



അനിതാപ്രതാപ്

ഇന്ത്യയിൽനിന്നുള്ള ആദ്യതലമുറ കുടിയേറ്റക്കാർ ജന്മനാടിനെക്കുറിച്ചുള്ള ആവലാതികൾ നിരന്തരം കൊണ്ടുനടക്കുന്നെങ്കിലും രണ്ടും മൂന്നും തലമുറക്കാർ മുൻവിധികളില്ലാതെ ഇന്ത്യയെ നോക്കിക്കാണുന്നവരും ഇന്ത്യയുടെ നേട്ടങ്ങളിൽ അഭിമാനം കൊള്ളുന്നവരുമാണ്. അവരെ സംബന്ധിച്ച് ഇന്ത്യ സ്വപുരോഗതിക്കായി ഉപയോഗിക്കാവുന്ന ഒരു ബ്രാൻഡ് നെയിമാണ്. അവർ ഇന്ത്യയുടെ യഥാർഥ ആസ്തികളായി തീർന്നിരിക്കുന്നു.

ആഗോളീകരണത്തിന്റെ നേട്ടങ്ങളിലൊന്ന് പ്രവാസിസമൂഹത്തിന് ഇന്ത്യയോടുണ്ടായ പുതിയ താത്പര്യമാണ്. ഇന്ത്യയുടെ വർധിതമായ കരുത്ത് ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള പ്രവാസികൾക്ക് നേട്ടമായും തീർന്നിരിക്കുന്നു. ■



ഫിജിയിലെ ഒരു ഹിന്ദുക്ഷേത്രം

■ ഡി. ബാബുപോൾ

# പ്രവാസിദിന ചിന്തകൾ

കേരളീയരുടെ പ്രവാസ ജീവിതത്തിന് ഔത്തരാഹന്മാരുടെയും തമിഴരുടെയും പ്രവാസജീവിത ചരിത്രത്തിൽ നിന്ന് വിഭിന്നമായ ഒരു ചരിത്രമുണ്ട്. ബീഹാറിൽ നിന്നും മറ്റും ആഫ്രിക്കയിലേക്കും ഫിജിയിലേക്കും പശ്ചിമാർധഗോളത്തിലേക്കും പോയവർ അടിമകളായിരുന്നില്ലെങ്കിലും അടിമപ്പണിക്ക് പോകാൻ ഇടയായവരാണ്. ശ്രീലങ്കയിലേക്കും മലേഷ്യയിലേക്കും പോയ തമിഴരും അവിദ്യാലംകൃതരായ അവിദഗ്ധ തൊഴിലാളികളായിരുന്നു. മലയാളികളാവട്ടെ തോട്ടങ്ങളിൽ കങ്കാണികളും കണ്ടക്കുർമാരും ഓഫീസുകളിൽ ഗുമസ്തന്മാരുമായിട്ടാണ് കുടിയേറിയത്. ബർമ, മലയ, സിലോൺ എന്നിവിടങ്ങളായിരുന്നു നമ്മുടെ ആളുകൾ ചെന്നെത്തിയ ഇടങ്ങൾ.

അന്നത്തെ യാത്രാസൗകര്യങ്ങളും വാർത്താവിനിമയോപാധികളും നിർമിച്ച പരിമിതികൾ പറിച്ചുനടപ്പെട്ടവരുടെ സംസ്കാരത്തിന് ഇന്നില്ലാത്ത ഒരു തനിമ നൽകി. മിക്കവർക്കും പ്രാദേശികബന്ധങ്ങളുണ്ടായി. അങ്ങനെ ജനിച്ച രണ്ടാം തലമുറയ്ക്ക് കേരളം ഏഴാം കടലിനക്കരെ ഏഴിലംപാലപൂത്ത രാവുകളിൽ ലാസ്യനൃത്തമാടിയ സുന്ദരികളായ യക്ഷികളുടെ മണമുള്ള ഭൂമി മാത്രമായിരുന്നു. ആഫ്രിക്കയിലോ ഗയാനയിലോ പോയവരുടെ ഗതികേട് മലയാളികൾക്കുണ്ടായില്ല. എങ്കിലും പറിച്ചു നടപ്പെട്ടവർ ദീർഘനിശ്വാസത്തോടെ അനുഭവിച്ച ഗൃഹാതുരത്വം അടുത്ത തലമുറയെ അലോസരപ്പെടുത്തിയില്ല. അവരുടേതും ഗൃഹാതുരത്വം തന്നെയായിരുന്നു; എന്നാൽ കേട്ടറിഞ്ഞ ഐതിഹ്യമാലകളും കാല്പനികത നിറം ചേർത്ത വാങ്മയങ്ങളും സൃഷ്ടിച്ചതും അനുഭവിക്കാത്തതിനെ അടുത്തറിയാൻ കഴിയാതെപോയ വേദനയിൽ നിന്ന് ഉരുവായതുമായിരുന്നു ആ ഗൃഹാതുരത്വം. അത് വർത്തമാന സംഘർഷങ്ങളെ അതിജീവിക്കുന്ന വികാരമല്ല.

അതോടൊപ്പം വന്നു രണ്ടാം ലോകമഹായുദ്ധം. ബർമയിലും മലേഷ്യയിലും ജപ്പാൻ ജയിച്ചുകയറി. യുദ്ധം അവസാനിച്ചുവെങ്കിലും ശിഥിലമായ വാർത്താവിനിമയ ബന്ധങ്ങൾ പുനഃസ്ഥാപിക്കപ്പെടാൻ ഏറെ വൈകി. പണ്ടു




അമേരിക്കയിലെ ഒരു മലയാളി കൂട്ടായ്മ

തന്നെ ദുർബലയായിരുന്ന വികലാംഗ ഗർഭ ക്ലേശങ്ങളിൽ ഉഴറി.

ഭാരതത്തിന്റെ സ്വാതന്ത്ര്യ പ്രാപ്തിയോടെ ആരംഭിച്ച ബ്രിട്ടീഷാധിപത്യാന്ത്യം പൗരത്വ പ്രശ്നങ്ങൾ സൃഷ്ടിച്ചു. മലേഷ്യയിൽ അത്രയങ്ങ് ഗുതരമായിരുന്നില്ലെങ്കിലം സിലോണിൽ അത് പ്രമുഖവിഷയമായിരുന്നു.

അറുപതു വർഷം മുമ്പ് പ്രവാസി മലയാളിയുടെ അവസ്ഥ ഏതാണ്ട് ഇങ്ങനെയൊക്കെയായിരുന്നു. മദിരാശിയിലും മുംബൈയിലും പേർഷ്യയിലെ എണ്ണപ്പാടങ്ങളിലും ജീവിതം ഹോമിച്ചവർ ഒരിക്കലും ഒരു പ്രവാസി സംസ്കാരമുയർത്തുന്ന വെല്ലുവിളികൾക്ക് അടിമപ്പെട്ടുവെന്നു തോന്നുന്നില്ല. കണ്ണൂരിൽ ജോലികിട്ടിയ ഒരു നെയ്യാറ്റിൻകരക്കാരന് 1956 ന് മുമ്പു തോന്നിയതിലേറെയൊന്നും ക്ലേശം അവർക്കും തോന്നിയിട്ടുണ്ടാവില്ല. വിരഹവും ക്ലേശങ്ങളുമൊക്കെയുണ്ട്, എങ്കിലും നാളെ ഞാൻ മടങ്ങുമെന്ന ചിന്ത അവരെ ധൈര്യപ്പെടുത്തി.

അമേരിക്കയിലേക്കുള്ള കുടിയേറ്റമാണ് പ്രവാസിമനസ്സിന്റെ സ്വഭാവത്തിൽ ഒരു രാസപരിണാമത്തിനു വഴിവച്ചത്. രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പ് അമേരിക്കയിലെത്തി അപ്രത്യക്ഷരായ കളരിപ്പയറ്റുകാരെ മറക്കാം. നാല്പതുകളുടെ അന്ത്യത്തിൽ ചെന്നെത്തിയ അതിരമ്പുഴക്കാരൻ സെബാസ്റ്റ്യനെയും കോട്ടയം സ്വദേശി സൈമൺ കോറെപ്പിസ്ക്കോപ്പയെയും മറക്കാം. ലിൻഡൻ ജോൺസൺ കുടിയേറ്റ നിയമങ്ങൾ ലഘൂകരിച്ചതിനെയാണ് ഒരു നീർമറി ആയി കാണേണ്ടത്. അതായത് അമേരിക്കയിലെ മലയാളി പ്രവാസത്തിന്റെ കഴിഞ്ഞ നാൽപതു പതിറ്റാണ്ടുകളാണ് ഇന്നത്തെ അമേരിക്കൻ മലയാളിയെ നിർവചിക്കുന്നത്.



അമേരിക്കൻ മലയാളികളുടെ ഓണാഘോഷം





ആദ്യഘട്ടത്തിൽ കുടിയേറിയവരും അവരുടെ മക്കളും പേരക്കുട്ടികളും ഇക്കൂട്ടത്തിൽ ഒരു പ്രത്യേകവിഭാഗമാണ്. മലേഷ്യയിലും സിംഗപ്പൂരിലും ഇതേ പ്രതിഭാസം കാണുന്നു എന്നതും ആനുഷംഗികമായെങ്കിലും ഇവിടെ പ്രസ്താവിക്കേണ്ടതുണ്ട്. അവിടെ രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പ് ചെന്നെത്തിയവരും ലീ ക്വാൻയു യുഗത്തിനു ശേഷം കുടിയേറിയവരും പ്രവാസി മലയാളികളാണെങ്കിലും അവർ തമ്മിൽ ഭേദമുണ്ട്. കാത്തോലിക്കരും പെന്തക്കോസ്തുകാരും ക്രിസ്ത്യാനികളാണെങ്കിലും അവർ തമ്മിൽ വൈജാത്യമുള്ളതുപോലെ തന്നെ. അമേരിക്കയിൽ അറുപതുകളുടെ അന്ത്യത്തിലും എഴുപതുകളുടെ ആദ്യ പാതിയിലും കുടിയേറിയവർ ആണ്ടോടാണ്ട് നാട്ടിൽ വരുന്നത് ഏതാണ്ട് അവസാനിപ്പിച്ചിരുന്നു. മക്കളും അവരുടെ മക്കളും അമേരിക്കയിൽ അലിഞ്ഞുചേർന്നതാണ്, സ്വന്തം വാർധക്യം പോലെ തന്നെ, ഇതിന് കാരണം.

30 വർഷങ്ങൾക്കപ്പുറം തന്നെ മലേഷ്യൻ മലയാളികൾ പെനാങ്ങുകാരും ജോഹോർകാരും കെഎല്ലുകാരും ആയി സ്വയം തിരിച്ചറിഞ്ഞുതുടങ്ങിയിരുന്നു. എന്നാൽ അമേരിക്കയിൽ ഞാൻ ഈ ഭാവം ആദ്യമായി തിരിച്ചറിഞ്ഞത് കഴിഞ്ഞ രണ്ടു കൊല്ലത്തിനിടയിലാണ്. അതുവരെ മല്ലപ്പള്ളിക്കാരും കൊയിലാണ്ടിക്കാരും ഉണ്ടായിരുന്ന സമൂഹത്തിൽ ഇപ്പോൾ ടെക്സാസുകാരും സിയാറ്റിലുകാരുമായി സ്വയം അടയാളപ്പെടുത്തുന്നവരുടെ എണ്ണം ഏറിവരുന്നു.

അത് അസ്വഭാവികമോ അനഭിലഷണീയമോ അല്ല. എന്നാൽ അത് സവിശേഷ ശ്രദ്ധ പതിയേണ്ട ഇടമാണു താനും. ഭാരതവും കേരളവുമെല്ലാം ഏഴാം കടലിന്നക്കരെയുള്ള പൂർവജന്മ ബന്ധങ്ങളുടെ മങ്ങിയ ഓർമകളായി മാറുമ്പോൾ പുതിയതായി അമേരിക്കയിൽ കുടിയേറുന്നവർക്ക് ഉണ്ടാകാവുന്ന ചിന്താക്കുഴപ്പങ്ങളാണ് എന്നെ വേവലാതിപ്പെടുത്തുന്നത്. അവർ എല്ലാം മറന്ന് ആ വെള്ളപ്പൊക്കത്തിലേക്ക് എടുത്തുചാടുന്നതും കരയ്ക്കിരുന്ന് നദി കാണുന്നവരുടെ അന്യതാഭാവം ഉൾക്കൊണ്ട് ഉൾവലിയുന്നതും ഒരുപോലെ അപകടകരമാണ്. ഒന്നാം തലമുറ കടന്നുവന്ന വഴികളിലൂടെ പതുക്കെപ്പതുക്കെ നടന്നുവരാൻ സമയം കിട്ടാത്ത ഹതഭാഗ്യരാണ് ഇക്കൂട്ടർ. അവർക്ക് ഒരു തവളച്ചാട്ടം – ലീപ് ഫ്രോഗിങ് – അനുപേക്ഷണീയമാണ്. എന്നാൽ അത് ഇല്ലത്തുനിന്ന് പുറപ്പെടാനും അമ്മാത്ത് അന്തിയുറങ്ങാനും സഹായിക്കുന്ന തരത്തിലാവണം. അതിന് സഹായഹസ്തം ഉണ്ടാകേണ്ടത് കുങ്കിയാനകളിൽ നിന്നാണ്. അതുണ്ടാവട്ടെ. ■

■ പ്രൊഫ. ഓാംചേരി എൻ.എൻ. പിള്ള




# അന്യസംസ്ഥാനങ്ങളിലെ പ്രവാസി മലയാളികൾ




പ്രവാസിയുടെ നിർവചനത്തിൽ അവ്യക്തതയൊന്നുമില്ല. സ്വന്തം നാടുവിട്ട് മറ്റെവിടെയെങ്കിലും താമസിക്കുന്നവരാണ് പ്രവാസികൾ. മറുനാടൻ മലയാളി എന്ന നാടൻ പദം കൊണ്ട് തിരിച്ചറിയപ്പെട്ടിരുന്നവർ. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികളും ഇന്ത്യയ്ക്ക് വെളിയിൽ താമസിക്കുന്ന മലയാളികളും പ്രവാസികൾ തന്നെ. ഇന്ത്യയിൽ എത്ര പ്രവാസി മലയാളികളുണ്ടെന്ന് വ്യക്തമായ കണക്കുകളൊന്നുമില്ല. വിദേശത്തെ പ്രവാസി മലയാളികളെക്കുറിച്ച് കണക്കുണ്ട്. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ പഠനമനുസരിച്ച് 2011 ൽ അമേരിക്കയും ഗൾഫ് നാടുകളും ഉൾപ്പെടെ ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ താമസിക്കുന്ന മലയാളികളുടെ എണ്ണം 22.8 ലക്ഷമാണ്. ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികളുടെ കൃത്യമായ കണക്കുകളില്ല.

കേരളത്തിൽ നിന്ന് ഗൾഫിലേക്കുള്ള ദൂരത്തിലധികം സഞ്ചരിച്ചും തികച്ചും വ്യത്യസ്തമായ ഭാഷകളും അപരിചിതമായ ആചാരങ്ങളും അസഹനീയമായ കാലാവസ്ഥയും അനുകൂലമല്ലാത്ത ദേശീയ പ്രതികരണങ്ങളും വകവയ്ക്കാതെ, അധ്വാനിച്ച് സ്വയം ജീവിക്കുന്നതോടൊപ്പം വീട്ടിലേക്ക് പണമയക്കുകയെന്നത് ജീവിത വ്രതമാക്കിയിട്ടുള്ള ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലുള്ള പ്രവാസിലക്ഷങ്ങൾ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് നൽകുന്ന സംഭാവന നാം ഓർമിക്കാറില്ല



സി.ഡി.എസ്സിന്റെ ഒരു പരാമർശത്തിൽ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലുള്ള മലയാളികളുടെ എണ്ണം പത്തു ലക്ഷത്തിൽ താഴെയാണെന്നു കണ്ടു. (ജനപഥം, ഒക്ടോബർ ലക്കം) അത് ശരിയല്ല. ഡൽഹിയിലും പ്രാന്തപ്രദേശങ്ങളിലും മാത്രം പത്തു ലക്ഷത്തിലധികം മലയാളികൾ ഉള്ളതായി കരുതപ്പെടുന്നു. മുംബൈ, പൂനെ ഇവ ഉൾപ്പെട്ട മഹാരാഷ്ട്രയിൽ ഇരുപതു ലക്ഷത്തോളം മലയാളികളുണ്ടെന്നാണ് കണക്ക്. തമിഴ്നാട്, കർണാടക, ഉത്തർപ്രദേശ്, രാജസ്ഥാൻ, പഞ്ചാബ്, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ മലയാളികളുടെ വമ്പിച്ച സാന്നിധ്യമുണ്ട്. എല്ലാ സംസ്ഥാനങ്ങളിലെയും മലയാളികളുടെ സംഖ്യ ഊഹക്കണക്കായെടുത്താൽ കേരളത്തിലെ മലയാളികളുടെ മൂന്നിൽ ഒന്ന് എന്ന കണക്കിൽ മറുനാട്ടിൽ മലയാളിയുണ്ട്. അതായത് ഒരു കോടി. അതിൽ വിദേശ മലയാളികളുടെ എണ്ണം കുറച്ചാലും എൺപതു ലക്ഷം മറുനാടൻ മലയാളികൾ ഇന്ത്യയിലുണ്ടെന്നു കരുതുന്നതിൽ തെറ്റില്ല. വിദേശ മലയാളികളിൽ നിന്ന് 5500 കോടി രൂപയുടെ വിദേശനാണ്യം ഓരോ വർഷവും നാട്ടിൽ എത്തിക്കൊണ്ടിരിക്കുന്നുവെന്നാണ് കണക്ക്. പ്രവാസി മലയാളികളെക്കുറിച്ച് പറയുമ്പോൾ അഭിമാനപൂർവം സർക്കാരും നമ്മളെല്ലാവരും ഉദ്ധരിക്കുന്നതാണ് ഈ വിദേശനാണ്യക്കണക്ക്. ഗൾഫിലെ പ്രതികൂല സാഹചര്യങ്ങളോട് മല്ലിട്ട് ഇത്രവലിയരു തുക നാട്ടിലുള്ളവർക്ക് അയച്ചുകൊടുക്കുന്ന ആ പ്രവാസികളുടെ നന്മയെ നാം അനുമോദിക്കുന്നു. അതോടൊപ്പം കൃതജ്ഞതാപൂർവം ഓർമിക്കപ്പെടേണ്ട, തുല്യപ്രാധാന്യമുള്ള മറ്റൊരു വസ്തുത നാം വിസ്മരിക്കുന്നു. കേരളത്തിൽ നിന്ന് ഗൾഫിലേക്കുള്ള ദൂരത്തിലധികം സഞ്ചരിച്ചും തികച്ചും വ്യത്യസ്തമായ ഭാഷകളും അപരിചിതമായ ആചാരങ്ങളും അസഹനീയമായ കാലാവസ്ഥയും അനുകൂലമല്ലാത്ത ദേശീയ പ്രതികരണങ്ങളും വകവയ്ക്കാതെ, അധ്വാനിച്ച് സ്വയം ജീവിക്കുന്നതോടൊപ്പം വീട്ടിലേക്ക് പണമയക്കുകയെന്നത് ജീവിത വ്രതമാക്കിയിട്ടുള്ള ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലുള്ള പ്രവാസിലക്ഷങ്ങൾ. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് നൽകുന്ന സംഭാവന നാം ഓർമിക്കാറില്ല. കുറേ കാലത്തിനുമുൻപ് സി.ഡി.എസ് തന്നെയാണോ എന്നെനിക്ക് ഓർമയില്ല, ആരോ നടത്തിയ പഠനത്തിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പണിയെടുത്തു ജീവിക്കുന്ന മലയാളികൾ നാട്ടിലേക്കയക്കുന്ന പണം വിദേശത്തുനിന്നു വരുന്ന തുകയെക്കാൾ ഒട്ടും കുറവല്ലെന്ന് വ്യക്തമാക്കിയിരുന്നു. വിദേശത്തുനിന്നു വരുന്ന



പണത്തിന്റെ കൃത്യമായ കണക്കറിയാൻ സുഗമമായ മാർഗങ്ങൾ ഉള്ളതുപോലെ പോസ്റ്റ് ഓഫീസ് വഴിയും ബാങ്കുകൾ വഴിയും ഇന്ത്യയ്ക്കുള്ളിൽത്തന്നെ അയച്ചു വരുന്ന തുകയും കൂട്ടിയെടുക്കാൻ വഴിയില്ലായിരിക്കുമോ? ഫിൻലന്റിലായാലും ഭിലായിലായാലും സ്വന്തം വീടിനെയും നാടിനെയും ധ്യാനിച്ചുകൊണ്ട് പണിയെടുക്കുന്നവരുടെ വികാരം ഒന്നുതന്നെയാണ്. അവർ അയക്കുന്ന തുകയുടെ മൂല്യവും ഒന്നുതന്നെയാണ്.

പ്രവാസികളുടെ വിദേശത്തുനിന്നുള്ള തിരിച്ചുവരവ് സർക്കാരിനെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ്. കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങളായി ഗൾഫിൽനിന്ന് മടങ്ങിവരുന്നവരുടെ എണ്ണം കൂടിയിട്ടുള്ളത് അവരുടെ പുനരധിവാസമുൾപ്പെടെ പല പ്രശ്നങ്ങളും സൃഷ്ടിച്ചിരിക്കുന്നു. ഇവിടെയാണ് മറ്റു സംസ്ഥാനങ്ങളിലുള്ള മറുനാടൻ മലയാളികളുടെ കാര്യം സർക്കാർ കൂടുതൽ ഗൗരവത്തോടെ കാണേണ്ടതിന്റെ ആവശ്യകത ഉണർന്നുവരുന്നത്.

രുന്നത് ശരിയായില്ലെന്നു ബോധ്യമാകുന്ന ഒരു സ്ഥിതിവിശേഷമാണ് അനതിവിദൂരമായ ഭാവിയിൽ നാം അഭിമുഖീകരിച്ചേക്കാവുന്നത്. മറ്റു സംസ്ഥാനങ്ങളിൽ ജീവിക്കുന്ന മലയാളികൾ അവിടെത്തന്നെ സ്ഥിരതാമസമാക്കുമോ കേരളത്തിലേക്കു മടങ്ങുമോ? മടങ്ങേണ്ടിവരുമോ? മറുനാട്ടിൽ തമസിക്കുന്ന മലയാളികളിൽ സ്വന്തമായി വീടുള്ളവർ എത്ര ശതമാനമുണ്ട്? വാടകവീട്ടിലോ ജോലിസംബന്ധമായ ക്വാർട്ടേഴ്സിലോ താമസിക്കുന്നവർ ജോലി കഴിഞ്ഞാൽ നാട്ടിലേക്കു മടങ്ങുമോ അവിടെത്തന്നെ തങ്ങുമോ? ഇന്ത്യയിൽ, ഒരു സംസ്ഥാനത്തും സാധാരണക്കാരന് ഭൂമി വാങ്ങി വീടുവയ്ക്കാനോ വീടു വാങ്ങാനോ സാധ്യമല്ലാത്തവിധം ഭൂമിക്കും വീടിനും വില വർധിച്ചിരിക്കുന്നു. ഉദാഹരണത്തിന് ഡൽഹി മലയാളികളിൽ സ്വന്തമായി വീടുള്ളവർ 25 ശതമാനത്തിലധികം വരില്ലെന്നാണ് കണക്കാക്കപ്പെടുന്നത്. ഇക്കഴിഞ്ഞ ഏഴെട്ടു വർഷമായി ഭൂമിവിലയും വീടു വിലയും സാധാരണക്കാരന്

ഡിസിഎയിൽ നിന്നും വിറ്റിരുന്ന സ്ഥലത്തിന്റെ ഇന്നത്തെ വില ചതുരശ്ര ഗജത്തിന് 75000 മുതൽ ഒരു ലക്ഷത്തിൽ ഏറെയാണ്. അത് സർക്കാർ നിശ്ചയിച്ചിട്ടുള്ള വില. പക്ഷെ വില്പന നടക്കുന്നത് അതിലും എത്രയോ വലിയ തുകയ്ക്കാണ്. ഡൽഹിയിൽ മാത്രമല്ല ഇന്ത്യയിലെ എല്ലാ പ്രദേശങ്ങളിലും, കേരളം ഉൾപ്പെടെ, ഇതാണ് സ്ഥിതി. ഇപ്പോൾ സ്വന്തം വീടില്ലാത്തവർക്ക് താമസിക്കുന്ന സ്ഥലത്ത് തങ്ങാൻവയ്യാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഈ യാഥാർഥ്യം ഓർമയിൽ വച്ചുകൊണ്ടുവേണം ഇന്ത്യയിലെ മറുനാടൻ മലയാളികളുടെ ഭാവിയെക്കുറിച്ചു ചിന്തിക്കാൻ.

മലയാളി കുടിയേറ്റത്തിന്റെയും കുടിയിറക്കത്തിന്റെയും പുതിയ പ്രവണതയെക്കുറിച്ചുള്ള സി.ഡി.എസ്സിന്റെ പഠനറിപ്പോർട്ടിലെ നാലു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

ഒന്ന്: വിദേശത്തേക്കു കുടിയേറുന്ന മല



എത്ര പ്രവാസികൾ ഇന്ത്യയിലെ ഒരോ സംസ്ഥാനത്തുമുണ്ടെന്നോ അവർ എത്ര പണം കേരളത്തിലേക്കയക്കുന്നുവെന്നോ ഒന്നും കൃത്യമായി അറിയാൻ ശ്രമിക്കാതി

അപ്രാപ്യമാംവിധം കുതിച്ചുകയറിയിരിക്കുന്നു. ഇപ്പോൾ സ്വന്തമായി വീടുള്ളവർ മിക്കവരും അതിനുമുമ്പ് വാങ്ങിയവരാണ്. 1970 വരെ ചതുരശ്ര ഗജത്തിന് 40 രൂപയ്ക്ക്

യാളികളുടെ എണ്ണം കുറഞ്ഞുവരുന്നു. 2015 ഓടെ ഗണ്യമായ കുറവുണ്ടാകും.

രണ്ട്: വിദേശവാസം കഴിഞ്ഞ് കേരളത്തിലേക്കു മടങ്ങിയെത്തുന്നവരുടെ

എണ്ണവും തിരിച്ചുവരവിന്റെ വേഗതയും കൂടിവരുന്നു.

മൂന്ന്: ഇന്ത്യയിൽ അന്യസംസ്ഥാനങ്ങളിലേക്കുള്ള മലയാളികളുടെ കുടിയേറ്റത്തിൽ വർധനവുണ്ടായിവരുന്നു.

നാല്; കേരളത്തിലെ മൊത്തം ജനസംഖ്യയിൽ പത്താം ക്ലാസും അതിനുമുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളവർ 40.5 ശതമാനമായിരിക്കുമ്പോൾ വിദേശ മലയാളികളിൽ 60 ശതമാനവും അന്യസംസ്ഥാന കുടിയേറ്റക്കാരിൽ 70 ശതമാനവും പത്താം ക്ലാസും അതിനുമുകളിലും വിദ്യാഭ്യാസയോഗ്യതയുള്ളവരാണ്. അന്യസംസ്ഥാന കുടിയേറ്റക്കാരാണ് കേരളത്തിലും വിദേശത്തുമുള്ള മലയാളികളെക്കാൾ കൂടുതൽ ഉയർന്ന വിദ്യാഭ്യാസം നേടിയിട്ടുള്ളവർ.



അന്യസംസ്ഥാനങ്ങളിലുള്ള മറുനാടൻ മലയാളികൾ കേരളത്തിനു നൽകുന്ന സംഭാവനയുടെ പ്രാധാന്യം കൂടുതൽ യാഥാർഥ്യബോധത്തോടെ അന്വേഷിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടിയിരിക്കുന്നുവെന്നാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്.

പ്രവാസിയുടെ പഠനം വിദേശ മലയാളികളെ മാത്രം മുൻനിർത്തിയുള്ളതായാൽ പോരായെന്ന തിരിച്ചറിവ് വൈകിക്കൂട. അന്യസംസ്ഥാനങ്ങളിൽ ജീവിക്കുന്ന മലയാളികളെക്കുറിച്ച് ആഴത്തിൽ പഠിക്കേണ്ടത് ആവശ്യമാണ്. തികച്ചും അവഗണിക്കപ്പെട്ടിരിക്കുന്ന ആ മേഖല നൽകുന്ന അപായ സൂചന മനസ്സിലാക്കി നടപടികൾ കൈക്കൊള്ളണം.

തങ്ങളുടെ വിദ്യാഭ്യാസത്തിനും കഴിവിനും അനുസരിച്ച് കുറച്ചെങ്കിലും മാന്യമായി ജീവിക്കാനുള്ള സാഹചര്യം കേരളത്തിൽ ഇല്ലാത്തതുകൊണ്ടാണ് ചെറുപ്പക്കാർ ജോലിതേടി അന്യ സംസ്ഥാനങ്ങളിലേക്കു പോകുന്നത്. അന്യസംസ്ഥാനങ്ങളിൽ ഉയർന്നുവരുന്ന പ്രതിബന്ധങ്ങളെ തരണം ചെയ്താണ് അവർ അവിടെ ജോലിയെടുക്കുന്നതും ജോലിയിൽ തുടരുന്നതും. അവിടെ വേരുറപ്പിക്കാനാവുന്ന ചുറ്റുപാടുകൾ വളർന്നുവരുന്നുണ്ട്. അവിടെ ജീവിച്ചു പണിയെടുക്കാനാകാതെ വരുമ്പോൾ, പണിതീർന്ന് പിന്നീട് ജീവിക്കാനാകാതെവരുമ്പോൾ ബഹുഭൂരിപക്ഷം പേരും മടങ്ങിപ്പോരാൻ നിർബന്ധിതരാകും. അതു മുൻകൂട്ടിക്കണ്ട് പ്രവാസിക്ഷേമ പരിപാടികൾ മറുനാടൻ മലയാളികളുടെ വർത്തമാനകാല യാഥാർഥ്യങ്ങളുമായി പൊരുത്തപ്പെടുന്ന രീതിയിൽ പുനരാവിഷ്കരിക്കേണ്ടതുണ്ട്. താമസിക്കുന്ന സംസ്ഥാനങ്ങളിൽ പ്രയോജനപ്പെടുത്താവുന്ന ഭവനവായ്പ, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ സഹായം തുടങ്ങിയവ ഉറപ്പാക്കുന്ന സംവിധാനമുണ്ടാകണം.

**പ്രവാസിക്ഷേമ പരിപാടികൾ മറുനാടൻ മലയാളികളുടെ വർത്തമാനകാല യാഥാർഥ്യങ്ങളുമായി പൊരുത്തപ്പെടുന്ന രീതിയിൽ പുനരാവിഷ്കരിക്കേണ്ടതുണ്ട്. താമസിക്കുന്ന സംസ്ഥാനങ്ങളിൽ പ്രയോജനപ്പെടുത്താവുന്ന ഭവനവായ്പ, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ സഹായം തുടങ്ങിയവ ഉറപ്പാക്കുന്ന സംവിധാനമുണ്ടാകണം.**

2013 ലെ പ്രവാസി ഭാരതീയ ദിവസ് കേരളത്തിൽ നടക്കുമ്പോൾ പതിവുപോലെ വിദേശ മലയാളികളെക്കുറിച്ചു മാത്രം ചർച്ച ചെയ്യുന്ന പരിപാടിയായി അത് ഒതുക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രവാസികളെക്കുറിച്ച് പൊതുവിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ജീവിക്കുന്ന പ്രവാസികളെക്കുറിച്ച് പ്രത്യേകമായും ചർച്ചചെയ്യുന്ന സെഷനുകൾ പ്രവാസി ഭാരതീയ ദിവസം 2013 ൽ ഉൾപ്പെടുത്തണം.

അന്യസംസ്ഥാനങ്ങളിൽ ജീവിക്കുന്ന പ്രവാസികളുടെ കാര്യത്തിൽ സർക്കാർ മുൻഗണന നൽകണമെന്ന് ഞാൻ നിർദേശിക്കുന്നത് നാട്ടിലേക്കുള്ള അവരുടെ മടക്കയാത്ര തടയാനുള്ള പരിപാടികളെപ്പറ്റി മുൻകൂട്ടി ചിന്തിക്കേണ്ടതാവശ്യമായതുകൊണ്ടാണ്.

അവരുടെ ഇന്നുകൾ അവഗണിക്കപ്പെട്ടാൽ കേരളത്തിന്റെ നാളെകൾക്കാണ് അതു ദോഷം ചെയ്യുന്നത്. വള്ളത്തോൾ പറഞ്ഞതുപോലെ ഭോഗ്യസമൃദ്ധിയാൽ സമ്പന്നമായ 'ദേശാന്തരങ്ങളിൽ' ജീവിക്കുമ്പോഴും തൃക്കേരളത്തിന്റെ മുഖം ഓർമിച്ചുകഴിയുന്ന മറുനാടൻ മലയാളി, വൈലോപ്പിള്ളിയുടെ അസ്സാം പണിക്കാരെപ്പോലെ അറിയുമേ ഞങ്ങൾ അറിയും നീതിയും നെറിയും കെട്ടൊരീ പിറന്ന നാടിനെ എന്നു പരുഷവാക്കുകൾ പറഞ്ഞു മടങ്ങിവരാനിടയാകരുതല്ലോ. ■

# പ്രവാസവീഥിയിലെ വിജയചരിതങ്ങൾ

കേരളത്തിന്റെയും ഇന്ത്യയുടെയും വികസന സ്വപ്നങ്ങൾ പടർന്ന് പന്തലിക്കുന്നത് കടലുകൾ താണ്ടി മറുനാട്ടിൽ വിയർപ്പൊഴുക്കി കനകം വിളയിച്ച പ്രവാസികളുടെ കരുത്തിൽക്കൂടിയാണ്. പേർഷ്യയെന്നും ഗൾഫെന്നും മലയാളികൾ വിശേഷിപ്പിക്കുന്ന പെട്രോ ഡോളറുകൾ സമ്പന്നമാക്കിയ മണലാരണ്യങ്ങളായിരുന്നു മലായ്ക്കും സിലോണിനും ശേഷം പശിയകറ്റാനും കുടുംബത്തിന്



എം.എ. യൂസഫലി



സി.കെ. മേനോൻ



ജോയ് ആലുക്കാസ്



ഗൾഫാർ മുഹമ്മദലി



സിദ്ദിഖ് അഹമ്മദ്

മാന്യമായ ജീവിതം പടുത്തുയർത്താനും കേരളീയന് തുണയായത്. മരുഭൂമിയിൽ വിയർപ്പൊഴുക്കി മലയാളി സമ്പാദിച്ച പണം കേരളത്തിന്റെ മുഖഛായതന്നെ മാറ്റിയിരിക്കുന്നു. ഇന്ന് നമ്മുടെ കുടിയേറ്റത്തിന്റെ ചക്രവാളങ്ങൾ അമേരിക്കയിലേക്കും യൂറോപ്യൻ രാജ്യങ്ങളിലേക്കും പടർന്നു കിടക്കുന്നു. അവിദഗ്ധ തൊഴിലാളികൾ മുതൽ പ്രത്യേക നൈപുണ്യം ആവശ്യമുള്ള തൊഴിലുകളിൽ വരെ ഏർപ്പെട്ട് വിദേശത്തുനിന്ന് മലയാളി നാട്ടിലേക്കയയ്ക്കുന്ന തുക അമ്പത്തയ്യായിരം കോടിയോളം വരുമെന്നാണ് കണക്ക്.

നമ്മുടെ അഭിമാനമായ പ്രവാസികളിൽ രാജ്യാന്തര വ്യവസായ സാമ്രാജ്യങ്ങൾ കെട്ടിപ്പടുത്ത മലയാളികളുമുണ്ട്. ഇന്ന് അവരുടെ സരംഭങ്ങൾ കേരളത്തിന്റെ വികസനത്തിനും കരുത്തേകുന്നു. ഈ പ്രവാസി മലയാളി വ്യവസായികളിലും സംരംഭകരിലും പലരുടെയും വിജയ ചരിത്രങ്ങൾ ഏറെ ശ്രദ്ധേയമാണ്. നമുക്ക് സുപരിചിതമായ ഏതാനും പേരുകളാണ് എം.എ. യൂസഫലി, പി.എൻ.സി. മേനോൻ, രവി പിള്ള, ഗൾഫാർ മുഹമ്മദലി, അറ്റ്ലസ് രാമചന്ദ്രൻ, ഡോ. ആസാദ് മൂപ്പൻ, സി.കെ. മേനോൻ, കെ.ടി. റബിയുള്ള, ജോയ് ആലുക്കാസ്, സിദ്ദിഖ് അഹമ്മദ്, ബോബി ചെമ്മണ്ണൂർ... അവരുടെ വിജയ ചരിത്രങ്ങളിലൂടെ കടന്നു പോകുന്ന പരമ്പര ഈ ലക്കം മുതൽ ആരംഭിക്കുന്നു.

തയ്യാറാക്കിയത് : പ്രമുഖ പത്രപ്രവർത്തകൻ മുസാഫിർ
ഈ ലക്കത്തിൽ എം.എ. യൂസഫലിയെക്കുറിച്ച്...
*അലാവുദീന്റെ അത്ഭുതവിളക്ക്*

അടുത്ത പേജ് കാണുക...


രവിപിള്ള


ഡോ. ആസാദ് മൂപ്പൻ


പി.എൻ.സി. മേനോൻ


അറ്റ്ലസ് രാമചന്ദ്രൻ


കെ.ടി. റബിയുള്ള


ബോബി ചെമ്മണ്ണൂർ




# അലാവുദീന്റെ അത്ഭുത വിളക്ക്


എം.എ. യൂസഫലി

ഐക്യ അറബ് എമിറേറ്റുകളിലെ ഏറ്റവും സ്വാധീനമുള്ള ഇരുപത് വ്യക്തികളിലൊരാളായി വാൾ സ്ട്രീറ്റ് ജേർണൽ വിശേഷിപ്പിച്ച വ്യവസായിയാണ് തൃശൂർ നാട്ടിക സ്വദേശി എം.എ. യൂസഫലി. ആറു ഗൾഫ് രാജ്യങ്ങളടങ്ങിയ ജി.സി.സിയിലെ പത്ത് ഇന്ത്യൻ ധനാഢ്യരിൽ നാലാം സ്ഥാനക്കാരനും ഇദ്ദേഹം തന്നെ. സർക്കാർ മേഖലയ്ക്കു പുറത്ത് ഏറ്റവുമധികം മലയാളികൾക്ക് തൊഴിൽ നൽകുന്ന എം.കെ. ഗ്രൂപ്പ് സാരഥിയായ യൂസഫലിയുടെ വർണാഭമായ ജീവിത്തിലൂടെ..

ലുലു എന്നാൽ മുത്ത്. ഗൾഫ് നഗരങ്ങളിൽ പ്രൗഢിയോടെ തലയുയർത്തി നിൽക്കുന്ന ലുലു ഹൈപ്പർമാർക്കറ്റുകളും ലുലു ഡിപ്പാർട്ടുമെന്റ് സ്റ്റോറുകളും ലുലു സൂപ്പർമാർക്കറ്റുകളും ഒരു തൃശൂർക്കാരൻ ചോരയും നീരും നൽകി വിളയിച്ചെടുത്ത മുത്തുകളാണ്. അളവറ്റ ഈശ്വരകൃപയും ഇച്ഛാശക്തിയും ഇന്ധനമായി ലഭിച്ച ഈ മലയാളി; നാട്ടിക എം.കെ. മാൻഷനിലെ എം.എ. യൂസഫലി. മുഖവുരയുടെയും മുഖസ്തുതിയുടെയും പാഴ്വാക്കുകളിലൊന്നും കുരുക്കിയിടാനാവാത്ത, സംതൃപ്ത

ജീവിതം സഹജീവികൾക്കു കൂടി അർഹതപ്പെട്ടതാണെന്നു കരുതി അതിനായി സ്വജീവിതം ഉഴിഞ്ഞുവെച്ച കർമനിരതൻ. അവനവനാത്മസുഖത്തിനായാചരിക്കുന്നവ അപരന് ഗുണത്തിനായ് വരേണമെന്ന കവിവാക്യം അക്ഷരാർഥത്തിൽ പ്രയോഗവത്കരിച്ച പരോപകാരി.

ഇന്നിപ്പോൾ കേരളത്തിന്റെയും ഗൾഫ് രാജ്യങ്ങളുടെയും മീതെ പറക്കുന്ന ഓരോ വിമാനത്തിലും യൂസഫലിയോടും അദ്ദേഹത്തിന്റെ എം.കെ. ഗ്രൂപ്പിനോടും ജീവിതം കൊണ്ട് കടപ്പെട്ട ഒരാളെങ്കിലുമുണ്ടാകുമെന്ന് മുമ്പൊരിക്കലെഴുതിയ പത്രപ്രവർത്തകന്റെ ഉപമ ഒട്ടും ആലങ്കാരികമല്ലെന്ന് ഗൾഫിൽ ജീവിക്കുന്ന ഏതു മലയാളിയും സമ്മതിക്കും. മുപ്പതോളം രാജ്യങ്ങളിലായി പടർന്നുകിടക്കുന്ന എം.കെ. ഗ്രൂപ്പിന്റെ സ്നേഹശൃംഖലയിലെ കണ്ണികളായി ഏതാണ്ട് കാൽ ലക്ഷം പേർ ജോലി ചെയ്യുന്നു. ഇവരിൽ ഇരുപതിനായിരത്തോളം പേർ ഇന്ത്യക്കാരാണ്. ഇന്ത്യക്കാരിൽ ഭൂരിപക്ഷവും കേരളീയർ. (ഓർക്കുക, ഈ ഓരോ പ്രവാസിയും അയച്ചുകൊടുക്കുന്ന പണം കൊണ്ടാണ് നാട്ടിൽ ഓരോ കുടുംബത്തിന്റെയും നിത്യനിദാനം നടന്നു പോകുന്നത്. അഥവാ, ഒരു കോടി മനുഷ്യരെയെങ്കിലും യൂസഫലിയുടെ എം.കെ. ഗ്രൂപ്പ് പരോക്ഷമായി തീറ്റിപ്പോറ്റുന്നുവെന്നത് അതിശയോക്തിയല്ല.)

> അതിവിസ്മയങ്ങളുടെ അത്ഭുതപൂർവമായ ഒരു വിജയഗാഥയാണ് യൂസഫലിയുടെ ജീവിതം. 1973 ഡിസംബറിലെ തണുപ്പുള്ള രാത്രിയിലാണ് ചാവക്കാട് കടപ്പുറത്തു നിന്ന് സാഹസികമായ ആ ജീവിതയാത്ര തുടങ്ങുന്നത്.

എം.കെ. ഗ്രൂപ്പ് രണ്ടായിരം കോടി ഡോളറിന്റെ വാർഷിക വിറ്റുവരവുള്ള പടുകൂറ്റൻ വാണിജ്യ സാമ്രാജ്യമായി കെട്ടിപ്പടുത്തത് അലാവുദീന്റെ അത്ഭുതവിളക്കു പോലെ, അല്ലെങ്കിൽ ആലീസിന്റെ വിസ്മയലോകം പോലെ അവിശ്വസനീയമായി ആർക്കും തോന്നിപ്പോകും. കഴിഞ്ഞ റമദാൻ മാസക്കാലത്ത് പരിശുദ്ധ മക്കയിൽ ഉംറ തീർഥാടനത്തിനെത്തിയ യൂസഫലിയോട് ഈ വൻ നേട്ടങ്ങളുടെ രഹസ്യം ചോദിച്ചപ്പോൾ വിനയത്തോടെ അദ്ദേഹത്തിന്റെ മറുപടി: എല്ലാം അല്ലാഹുവിന്റെ കാരുണ്യം. എനിക്കുതന്നെ ഇതൊന്നും വിശ്വസിക്കാനാവുന്നില്ല.

സമ്പത്തിന്റെ കൊടുമുടിയിലും കുലീനവും ഹൃദ്യവുമായ പെരുമാറ്റത്തിലൂടെ സമൂഹത്തിന്റെ ഏതു തട്ടിലുള്ളവരെയും ആകർഷിക്കുന്ന സ്വഭാവവൈശിഷ്ട്യം. അതാണ് യൂസഫലിയുടെ വ്യക്തിത്വത്തിന്റെ സവിശേഷത. മക്ക ഇന്റർകോണ്ടിനെന്റൽ ഹോട്ടലിന്റെ ഡീലക്സ് സ്വീറ്റിൽ യൂസഫലിയും പത്നി സാബിറയും. എല്ലാ വർഷവും വിശുദ്ധ റമദാനിലെ അവസാനത്തെ പത്തു ദിവസങ്ങളിൽ യൂസഫലിയും കുടുംബവും മക്കയിൽ ആരാധനയ്ക്കായി എത്തുന്നു. കഴിഞ്ഞ മൂന്നു വർഷമായി പരിശുദ്ധ കഅബാലയം കഴുകുന്ന കർമത്തിൽ പങ്കെടുക്കാൻ സൗദി ഭരണാധിപൻ അബ്ദുല്ല രാജാവിന്റെ പ്രത്യേക അതിഥിയായി അദ്ദേഹമെത്തുന്നു. ഈ ബഹുമതി ലഭിക്കുന്ന അപൂർവം ഇന്ത്യക്കാരിലൊരാൾ, ഏക മലയാളി. പുലരും വരെ



**മഹാരാഷ്ട്ര ഗവർണർ കെ. ശങ്കരനാരായണൻ ഉൾപ്പെടെയുള്ള ഇന്ത്യൻ നേതാക്കൾക്കൊപ്പം എം.എ. യൂസഫലി, സൗദിയിലെ സൽമാൻ രാജകുമാരനെ സന്ദർശിച്ചപ്പോൾ**



എം.എ. യൂസഫലി സൗദി ഭരണാധികാരി അബ്ദുള്ള രാജാവുമൊത്ത്

നീളുന്ന ഉപവാസകാല പ്രാർഥനകളിൽ യൂസഫലി പങ്കെടുക്കുന്നു.

## വിസ്മയങ്ങളുടെ വിജയപർവം

അതിവിസ്മയങ്ങളുടെ അഭൂതപൂർവമായ ഒരു വിജയഗാഥയാണ് യൂസഫലിയുടെ ജീവിതം. 1973 ഡിസംബറിലെ തണുപ്പുള്ള രാത്രിയിലാണ് ചാവക്കാട് കടപ്പുറത്തു നിന്ന് സാഹസികമായ ആ ജീവിതയാത്ര തുടങ്ങുന്നത്. നാട്ടികയിലേയും തൃപ്രയാറിലേയും ചേർപ്പിലേയുമൊക്കെ ചെറുപ്പക്കാർ കാണാപ്പൊന്ന് തേടി കടൽ കടക്കുന്ന കാലം. ക്ലേശങ്ങളുടെ തിര മുറിച്ചു നീന്തി അക്കരെ കടക്കുന്നവരുടെ കഥ കേട്ട് ആവേശം കൊള്ളുന്ന പുതിയ തലമുറ. തീരദേശത്തെ ഒരു ശരാശരി മുസ്ളീം കുടുംബാംഗമായ യൂസഫലിയുടെ സ്വപ്നവും ഗൾഫ് തന്നെയായതിൽ അത്ഭുതമില്ല. എങ്കിലും എളാപ്പ എം.കെ. അബ്ദുല്ലയുടെ കൂടി പ്രേരണയാലാണ് പെട്ടെന്ന് യാത്ര വേണ്ടിവന്നതെന്ന് അദ്ദേഹം ഓർക്കുന്നു. ബാപ്പ അബ്ദുൽഖാദർ ഹാജിക്ക് അഹമ്മദാബാദിൽ ചെറിയ മത്സ്യസംസ്കരണ ബിസിനസുണ്ട്. അതുമായി സഹകരിച്ച് അവിടെ കുറച്ചുനാൾ കഴിയാമെന്നും ഒപ്പം ബിസിനസ് മാനേജ്മെന്റിലൊരു ഡിഗ്രിയെടുക്കാമെന്നുമൊക്കെ യൂസഫലിക്ക് മോഹമുദിച്ചതും ഇക്കാലത്തുതന്നെ. നാട്ടിക ഗവ. ഫിഷറീസ് സ്കൂളിലും കാരാഞ്ചിറ സെന്റ് സേവ്യേഴ്സ് ഇംഗ്ലീഷ് മീഡിയം സ്കൂളിലും പഠനം പൂർത്തിയാക്കി വെറുതേയിരിക്കുമ്പോഴായിരുന്നു അത്. അഹമ്മദാബാദിൽ അധികകാലം ഉഴപ്പി നടക്കാൻ പക്ഷെ ഇതിനകം യു.എ. ഇയിലെത്തിയിരുന്ന എളാപ്പ സമ്മതിച്ചില്ല. എം.കെ. ബ്രദേഴ്സ് എന്ന പേരിൽ അദ്ദേഹത്തിന് അബുദാബിയിൽ ചെറിയൊരു പലചരക്ക് കടയുണ്ടായിരുന്നു. ആ കടയുടെ വിസയിലാണ് യൂസഫലിയെ അബുദാബിയിലേക്ക് കൊണ്ടുപോയത്. നക്ഷത്രങ്ങൾ മിഴി ചിമ്മിയ മാനത്തിനു താഴെ ദുംറ എന്ന ചെറുകപ്പൽ ആഴിത്തിരകളിൽ ഉലഞ്ഞാടിയപ്പോൾ യൂസഫലിയുടെ മനസ്സ് മന്ത്രിച്ചിരിക്കുമോ, പുറപ്പെടേണ്ടിയിരുന്നില്ല എന്ന്? മൂന്നര പതിറ്റാണ്ടു മുമ്പത്തെ യു.എ.ഇയിൽ വെള്ളവും വെളിച്ചവും വൈദ്യുതിയുമൊക്കെ അപൂർവം. കൊടുംചൂടിൽ അത്യധ്വാനം. എം.കെ. സ്റ്റോറിലേക്ക് സാധനങ്ങൾ കൊണ്ടുവരുന്ന ട്രക്കിൽ നിന്ന് വലിയ പെട്ടികൾ ഇറക്കി അവ ചുമന്ന് കടയിലിറക്കി യൂസഫലി തളർന്ന കാലം. (ഈ കാർട്ടണുകൾ ചുമന്നതിന്റെ തഴമ്പുകൾ തന്റെ ദേഹത്തിന്റെ സ്വകാര്യ അഭിമാനത്തിന്റെ അടയാളമെന്ന് യൂസഫലി). പക്ഷെ സ്ഥിരോത്സാഹം, കഠിനാധ്വാനം, ഒപ്പം ദീർഘദർശിത്വം. റീട്ടെയിൽ വ്യാപാര രംഗത്തിന്റെ സാധ്യതകളെക്കുറിച്ച് യൂസഫലിയുടെ മനസ്സിൽ ചില പദ്ധതികൾ നാമ്പിട്ടു. യു.എ.ഇ. പതുക്കെ പുരോഗതിയുടെ പടവുകൾ കയറുന്ന കാലം. ബിസിനസ് തഴച്ചുവളരാൻ പറ്റിയ പശിമയുള്ള മണ്ണ്.

സൂപ്പർ മാർക്കറ്റ് എന്ന ആശയമായിരുന്നു ആദ്യം നടപ്പിലാക്കിയത്. തുടർന്ന് ഹൈപ്പർമാർക്കറ്റിലേക്കുള്ള വളർച്ച. എളാപ്പ എം.കെ. അബ്ദുല്ലയുടെ സഹായത്തോടെ കോൾഡ് സ്റ്റോറേജ് ബിസിനസിലും കാൽവെച്ചു. അൽതയ്യിബ് കോൾഡ് സ്റ്റോറേജ് മത്സ്യമാംസ ശീതീകരണ വ്യവസായത്തിലെ വലിയ സംരംഭമായി മാറി. ഇന്ത്യൻ മാംസം ഇറക്കുമതി ചെയ്യുന്ന യു.എ.ഇയിലെ പ്രമുഖ ബ്രാൻഡ് നാമമായി അൽ തയ്യിബ്. അബുദാബിയിൽ ലുലു സെന്റർ വൻവിജയമായി. സ്വദേശികളും വിദേശികളും സാധനങ്ങൾ വാങ്ങാൻ ലുലു തേടിയെത്തി. ആവശ്യക്കാർക്കു വേണ്ടതെല്ലാം ഒരു കുടക്കീഴിൽ.

> തൃശൂർ ലുലു കൺവെൻഷൻ സെന്ററും എറണാകുളം ലുലു ഇന്റർനാഷണൽ സെന്ററും എം.കെ. ഗ്രൂപ്പിന്റെ കേരളത്തിലെ പൊൻതൂവലുകളാണ്. ഒരിക്കൽ പരിചയപ്പെട്ടാൽ, അയാൾ ജീവിതത്തിന്റെ ഏതു മേഖലയിൽ നിന്നായാലും സൗഹൃദത്തിന്റെ അദൃശ്യപാശം കൊണ്ട് അയാളെ സ്നേഹച്ചരടിൽ ബന്ധിക്കാനുള്ള യൂസഫലിയുടെ കഴിവ് അപാരമാണ്



ഉപഭോക്താക്കളെ തൃപ്തിപ്പെടുത്തുന്ന ജോലിക്കാർ. അൽഫല പ്ലാസ എന്ന പടുകൂറ്റൻ ഷോപ്പിങ് കോംപ്ലക്സ് ഏത് പ്രവാസി ഇന്ത്യക്കാരന്റെയും അഭിമാനത്തിന്റെ പ്രതീകമായി തലയുയർത്തി നിന്നു. തുടർന്നങ്ങോട്ട് കണ്ണഞ്ചിക്കുന്ന വേഗതയിലാണ് യൂസഫലിയുടെയും എം.കെ. ഗ്രൂപ്പിന്റെയും വളർച്ചയുണ്ടായത്. ഖത്തറിലേക്കും ഒമാനിലേക്കും ബഹ്റൈനിലേക്കും കുവൈത്തിലേക്കും എം.കെ. ഗ്രൂപ്പിന്റെ വാണിജ്യസാമ്രാജ്യം പടർന്നു പന്തലിച്ചു. സൗദിയിലെ രണ്ടു മുഖ്യനഗരങ്ങളിൽ – റിയാദ്, അൽകോബാർ – ലുലു ഹൈപ്പർമാർക്കറ്റുകൾ തുറന്നു. ജിദ്ദയിൽ ഉടൻ പ്രവർത്തനമാരംഭിക്കും. ഇതിനു പുറമെ യെമൻ, ചൈന, ഹോംകോങ്, കെനിയ, ബെനിൻ, ടാൻസാനിയ, ഇന്തോനേഷ്യ, തായ്‌ലാന്റ് എന്നിവിടങ്ങളിലും എം.കെ. ഗ്രൂപ്പിന്റെ ശാഖകളുണ്ട്. ഭക്ഷ്യോത്പന്ന–തുണിത്തര കയറ്റുമതി സ്ഥാപനങ്ങൾ, യു.എ.ഇയിലും ഖത്തറിലും വിശാലമായ ഐ.ടി സെന്ററുകൾ, ഷിപ്പിങ് കമ്പനി, തൃശൂർ പുഴയ്ക്കൽ പാടത്ത് 45 കോടി രൂപ ചെലവിൽ ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ ഇൻർനാഷണൽ കൺവെൻഷൻ സെന്റർ.. നെടുമ്പാശേരിയിലെ മാരിയോട്ട് ഹോട്ടൽ, ഏറ്റവുമൊടുവിൽ കൊച്ചിയിൽ നിർമാണം പൂർത്തിയായ ലുലു ഇൻർനാഷണൽ സെന്റർ.

അബുദാബി ചേംബർ ഓഫ് കൊമേഴ്സ് അംഗം, അബുദാബി ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ ഭരണസമിതിയിൽ അംഗത്വം ലഭിച്ച ആദ്യവിദേശിയെന്ന ബഹുമതിയും എം.എ. യൂസഫലിക്കുള്ളതാണ്. ചേംബറിലേക്കുള്ള തെരഞ്ഞെടുപ്പിൽ യു.എ.ഇ. പൗരന്മാരേക്കാൾ കൂടുതൽ വോട്ട് കിട്ടിയത് യൂസഫലിക്കായിരുന്നു.

തുടർന്ന് ചേംബറിന്റെ വാണിജ്യസമിതി ഉപാധ്യക്ഷനായും അദ്ദേഹം എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. സ്വന്തം നാടായ നാട്ടികയിലെ ഓരോ കുടുംബത്തിൽ നിന്നും ഒരാൾക്കെങ്കിലും എം.കെ. ഗ്രൂപ്പിൽ ജോലി നൽകുകയെന്നത് യൂസഫലിയുടെ തീരുമാനമാണ്. തൃശൂർ ലുലു കൺവെൻഷൻ സെന്ററും എറണാകുളം ലുലു ഇന്റർനാഷണൽ സെന്ററും എം.കെ. ഗ്രൂപ്പിന്റെ കേരളത്തിലെ പൊൻതൂവലുകളാണ്. ഒരിക്കൽ പരിചയപ്പെട്ടാൽ, അയാൾ ജീവിതത്തിന്റെ ഏതു മേഖലയിൽ നിന്നായാലും സൗഹൃദത്തിന്റെ അദൃശ്യപാശം കൊണ്ട് അയാളെ സ്നേഹച്ചരടിൽ ബന്ധിക്കാനുള്ള യൂസഫലിയുടെ കഴിവ് അപാരമാണ്. ഒരേ സമയം ക്രൈസ്തവസഭയുടെയും ഹിന്ദു സമുദായ സംഘടനയുടെയും (എസ്.എൻ.ഡി.പി.) കമാൻഡർ പദവി വഹിക്കുന്നു അദ്ദേഹം. 2004 ൽ സിറിയൻ ഓർത്തഡോക്സ് ചർച്ച് യൂസഫലിക്ക് സഭയുടെ കമാൻഡർ പദവിയും പിറ്റേ വർഷം മലങ്കര ഓർത്തഡോക്സ് സഭ ഓർഡർ ഓഫ് സെന്റ് ജോർജ് പദവിയും നൽകി. യു.എ.ഇയിലാദ്യമായി ഹിന്ദുക്കൾക്ക് സ്വന്തമായി ശ്മശാനത്തിന് അനുമതി ലഭിച്ചത് യൂസഫലിയുടെ ശ്രമഫലമായിരുന്നു. ജീവകാരുണ്യരംഗത്ത് അദ്ദേഹം നടത്തിവരുന്ന ശ്രമങ്ങൾ ഏറെ ശ്ളാഘനീയമാണ്. നിർധന രോഗികൾക്ക് സൗജന്യമായി ഹൃദയശസ്ത്രക്രിയ നടത്തുന്ന പദ്ധതിക്ക് തുടക്കമിട്ട ഗ്ലോബൽ കേരള ഫൗണ്ടേഷന്റെ ശില്പിയും യൂസഫലിയാണ്. പെരിന്തൽമണ്ണ എം.ഇ.എസ്. മെഡിക്കൽ കോളേജിന്റെയും കൊച്ചി ലേക്‌ഷോർ ഹോസ്പിറ്റലിന്റെയും ചെയർമാൻ കൂടിയാണ് അദ്ദേഹം.

പ്രവാസികൾക്കും സ്വദേശികൾക്കും വേണ്ടിയുള്ള പ്രശംസനീയമായ സേവനം മുൻനിർത്തി നിരവധി പുരസ്കാരങ്ങളും യൂസഫലിയെത്തേടിയെത്തി. കഴിഞ്ഞ വർഷമാണ് രാഷ്ട്രപതി പ്രതിഭാ പാട്ടീലിൽനിന്ന് പത്മശ്രീ പുരസ്കാരം ഏറ്റുവാങ്ങിയത്. ഈ പുരസ്കാരം നേടിയ ആദ്യ പ്രവാസി ഇന്ത്യക്കാരൻ. പ്രവാസി ഭാരതീയ സമ്മാൻ, ഏഷ്യൻ ബിസിനസ് ലീഡർ അവാർഡ്, രാജീവ് ഗാന്ധി അവാർഡ്, മികച്ച കയറ്റുമതി വ്യവസായിക്കുള്ള പുരസ്കാരം... അംഗീകാരങ്ങളുടെയും ബഹുമതികളുടെയും പൊൻതൂവലുകൾ നിരവധി. എത്ര ഉയരങ്ങളിലെത്തുമ്പോഴും കോടികളുടെ സൗഭാഗ്യം തന്നെ വന്നു തഴുകുമ്പോഴും തീർത്തും വിനയാന്വിതനായി യൂസഫലി പറയും: ഞാനൊരിക്കലും വന്ന വഴി മറക്കില്ല. രാജാവിന്റെ മുമ്പിൽ രാജാവിനേക്കാൾ ഉയരുകയും സാധാരണക്കാരന്റെ മുമ്പിൽ സാധാരണക്കാരനെക്കാൾ താഴുകയും ചെയ്യണം. അതാണ് എന്റെ വിജയരഹസ്യം. ഉവ്വ്, ഇനിയും കൂടുതൽ വിജയങ്ങൾ, കൂടുതൽ ഉയരങ്ങൾ യൂസഫലിയെ കാത്തിരിക്കുന്നു. ■



എ.എം. സജിത്ത്

# സ്നേഹസ്പർശം പകരുന്ന മലയാളി മാലാഖമാർ

ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും സേവനസ്പർശവുമായി ഇന്ത്യൻ നേഴ്സുമാരുണ്ട്. രാജ്യത്തിന്റെ അപ്രഖ്യാപിത അംബാസഡർമാരാണ് അവർ. വിദേശ ഇന്ത്യൻ സമൂഹത്തിന്റെ വലിയൊരു പങ്കുവരുന്ന നേഴ്സിങ് സമൂഹത്തിന്റെ ആവലാതികളും വേവലാതികളും നമ്മുടെ കർണങ്ങളിൽ പതിയുന്നുണ്ടോ? ഒരു അന്വേഷണം.



ജസീന്ത സൽദാനയ്ക്ക് ജന്മനാട്ടിൽ ആദരാഞ്ജലി അർപ്പിച്ചപ്പോൾ

ജസീന്ത സൽദാന ഒരു പ്രതീകമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനത്തിന്റെയും കാരുണ്യത്തിന്റേയും അണയാത്ത മെഴുകുതിരിയുമായി ആതുരശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്ന ഇന്ത്യൻ വനിതകളുടെ പ്രതീകം. ബ്രിട്ടനിലെ ഏറ്റവും ഉന്നത ആശുപത്രിയിൽ ഉന്നതപൗരന്മാരെ മാത്രം പരിചരിക്കുന്ന ഒരു വി.ഐ.പി നേഴ്സായിട്ടും ജസീന്തയെ കാത്തിരുന്നത് ദുർവിധിയായിരുന്നു. അവിചാരിതമായ വിവാദത്തിൽ അകപ്പെട്ടതിന്റെ മാനസിക സമ്മർദവും കുറ്റപ്പെടുത്തലുകളും താങ്ങാനാവാതെ ഒരു കയർത്തുമ്പിൽ അവർ ജീവിതം അവസാനിപ്പിച്ചു.

മംഗലാപുരത്തെ കല്ലറയിൽ അന്ത്യനിദ്ര കൊള്ളുന്ന സൽദാനയുടെ ജീവിതം പക്ഷെ പൂർണമായും നിറം മങ്ങിയതാവാത്തത് ബ്രിട്ടനിലെ രാജകുടുംബവും വിദേശത്തെ സർക്കാരുകളും കാട്ടിയ അനുഭാവപൂർണമായ പ്രതികരണവും നടപടികളും കൊണ്ടാവണം. രണ്ട് ഓസ്ട്രേലിയൻ



റേഡിയോ ജോക്കികളുടെ വിളയാട്ടമാണ് രണ്ടു മക്കളുടെ അമ്മയായ 46 കാരിയുടെ ജീവിതം താറുമാറാക്കിയത്. എലിസബത്ത് രാജ്ഞിയും ചാൾസ് രാജകുമാരനുമാണെന്ന ഭാവേന ആശുപത്രിയിൽ ഫോണിൽ വിളിച്ച്, അവിടെ പ്രവേശിപ്പിക്കപ്പെട്ടിരുന്ന, വില്യം രാജകുമാരന്റെ ഭാര്യ കേറ്റ് മിഡിൽടണിന്റെ ആരോഗ്യനില സംബന്ധിച്ച വാർത്ത ചോർത്തി പുറംലോകത്തിന് നൽകിയ സംഭവമാണ് ജസീന്തയെ ആകെ ഉലച്ചുകളഞ്ഞത്. രാജകുമാരിയെ പരിചരിച്ച ജസീന്തയാണ് നിർഭാഗ്യവശാൽ ആ ഫോൺ എടുത്തത്. നിഷ്കളങ്കയായ ആ നേഴ്സ് സത്യസന്ധമായ വിവരങ്ങൾ നൽകുകയും ചെയ്തു. പിറ്റേന്ന് ലോക വാർത്താമാധ്യമങ്ങൾ കേറ്റിന്റെ ഗർഭ വാർത്തയുമായി പുറത്തിറങ്ങിയപ്പോഴാണ് ചെയ്തു പോയ തെറ്റിന്റെ ഗൗരവം ജസീന്തക്ക് മനസ്സിലായത്. ഏറെ മാനസിക സമ്മർദം അനുഭവിച്ച അവർ സഹപ്രവർത്തകരുടെ കുറ്റപ്പെടുത്തൽ കൂടിയായപ്പോൾ പൂർണമായും തകർന്നു. മരണമല്ലാതെ മറ്റൊരു പോംവഴി അവരുടെ മനസ്സിൽ തെളിഞ്ഞില്ല. പക്ഷെ ജസീന്തയുടെ നിരപരാധിത്വം ബോധ്യമായ രാജകുടുംബം അവരോട് കരുണകാട്ടി. ഓസ്ട്രേലിയൻ മാധ്യമ കമ്പനി വൻതുക കുടുംബത്തിന് നഷ്ടപരിഹാരം നൽകി.

സ്നേഹിക്കാൻ ഒരു കുടുംബവും മനസ്സുതുറക്കാൻ പ്രിയപ്പെട്ടവരും അടുത്തുണ്ടായിട്ടും ഈ കടുത്ത മാനസിക സമ്മർദം അതിജീവിക്കാൻ ജസീന്തക്ക് കഴിഞ്ഞില്ലെങ്കിൽ, വിദേശരാജ്യങ്ങളിലെ അപരിചിതമായ അന്തരീക്ഷത്തിലും സംസ്കാരത്തിലും ഭാഷയിലും താങ്ങാൻ ആരുമില്ലാതെ ജീവിതം പടുത്തുയർത്താൻ പണിയെടുക്കുന്ന ഇന്ത്യൻ നേഴ്സുമാർ അനുഭവിക്കുന്ന മാനസിക സമ്മർദം എത്രയധികമാണെന്നത് ചിന്തിക്കാവുന്നതേയുള്ളു. ലോകത്തെ വൻനഗരങ്ങളിലോ, ആധുനിക സൗകര്യങ്ങൾ ഏറെയുള്ള ആശുപത്രികളിലോ മാത്രമല്ല, യാത്രക്ക് ഇപ്പോഴും ഒട്ടകത്തെ ആശ്രയിക്കുന്ന വിദൂരമായ അറേബ്യൻ ഗ്രാമങ്ങളിലും ഒറ്റമുറികളിൽ ഒതുങ്ങുന്ന ആരോഗ്യകേന്ദ്രങ്ങളിലും പ്രാചീനമായ ആചാരങ്ങളിലും ജീവിതരീതിയിലും കഴിയുന്ന ജനവിഭാഗങ്ങൾക്കിടയിലും ഇന്ത്യൻ നേഴ്സുമാർ ജോലിയെടുക്കുന്നുണ്ട് എന്നുമറിയുമ്പോഴാണ് ഈ മേഖലയുടെ വൈപുല്യവും വൈവിധ്യവും ബോധ്യപ്പെടുക.

## അംഗീകാരം ഇങ്ങനെയും

സൗദി അറേബ്യയിലെ മദീനയിൽ ഈയിടെ നടന്ന ഒരു യാത്രയയപ്പ് ചടങ്ങ് ശ്രദ്ധേയമായത് അതിൽ പങ്കെടുത്ത സ്വദേശികളുടെ ആധിക്യം കൊണ്ടായിരുന്നു. 35 വർഷമായി ഈ പുണ്യനഗരത്തിലെ സർക്കാർ ആശുപത്രിയിൽ ജോലി ചെയ്യുന്ന മലയാളി നേഴ്സിനായിരുന്നു യാത്രയയപ്പ്. ഒരേ ആശുപത്രിയിൽ ഇത്ര സുദീർഘമായ കാലം പ്രവർത്തിച്ച ഈ നേഴ്സ് ആ പ്രദേശത്തിന്റെ അമ്മയെന്ന് വിളിക്കപ്പെട്ടതിൽ അത്ഭുതമില്ല. ഏറെ ആദരവോടെ, അതിലേറെ സ്നേഹത്തോടെയാണ് സൗദി പൗരന്മാർ അവരെ ഉമ്മീ എന്ന് വിളിച്ചിരുന്നത്. അവരുടെ എല്ലാ പ്രശ്നങ്ങളും തുറന്നു പറയാൻ പറ്റുന്ന ഒരാളായിട്ടാണ് നാട്ടുകാർ അവരെ കണ്ടത്. ഇവിടെ ജോലി ചെയ്യുന്ന മലയാളികൾക്കും ആശ്രയവും തണലുമായിരുന്നു അവർ. നിയമപ്രശ്നങ്ങളിൽപോലും ഇടപെടാൻ അവർക്ക് കഴിഞ്ഞിരുന്നുവെന്ന് മദീനയിലെ പ്രവാസി മലയാളികൾ ഓർക്കുന്നു. അവർക്ക് പരിചയമില്ലാത്തവരായി ഉന്നത ഉദ്യോഗസ്ഥരിലും പോലീസ് ഉദ്യോഗസ്ഥരിലും ആരുമില്ല. അതിനാൽ എന്തു പ്രശ്നമുണ്ടായാലും അവർക്ക് അതിൽ വ്യക്തിപരമായി ഇടപെടാൻ കഴിഞ്ഞു. 35 വർഷത്തെ സേവനത്തിന് ശേഷം ഏറെ മടിയോടെയാണ് നാട്ടിൽ പോകാനുള്ള അവരുടെ ആഗ്രഹത്തിന് ആശുപത്രി അധികൃതർ അനുമതി നൽകിയത്. സ്വദേശികളും മലയാളികളും സ്നേഹപ്രകടനങ്ങൾകൊണ്ട് വീർപ്പുമുട്ടിച്ചാണ് അവരെ യാത്രയയച്ചത്. 700 കിലോയോളം വരുന്ന സമ്മാനപ്പൊതികളാണ് അവർക്ക് നാട്ടിലേക്ക് ചുമക്കേണ്ടി വന്നത്, 70 പവനോളം സ്വർണാഭരണങ്ങളും. തികച്ചും സാധാരണക്കാരിയായ ഒരു വിദേശിവനിതക്ക് ഒരു പ്രദേശത്തിന്റെയാകെ അംഗീകാരം കിട്ടുന്ന ഇത്തരം സംഭവങ്ങൾ പക്ഷെ അപൂർവമാണെന്ന് മാത്രം.

സൗദി അറേബ്യയിൽ അഞ്ചു വർഷത്തോളം നേഴ്സായി ജോലി നോക്കിയ ശേഷം ഓസ്ട്രേലിയയിലേക്ക് പോയ മാള സ്വദേശിനിയായ റീന തങ്കച്ചൻ പറയുന്ന കഥകൾ ഇന്ത്യയിലും വിദേശത്തും നേഴ്സുമാരുടെ ജോലിയുടെ സ്വഭാവം തന്നെ വ്യത്യസ്തമാണെന്നതിന്റെ ഉദാഹരണമാണ്. ഇന്ത്യയിലെ പരമ്പരാഗത രീതിയിൽനിന്ന് വ്യത്യസ്തമാണ് വിദേശരാജ്യങ്ങളിൽ നേഴ്സിങ് ജോലി. പ്രത്യേകിച്ച് വലിയ ആശുപത്രികളിൽ. രോഗിക്ക് സമയാസമയങ്ങളിൽ മരുന്നു നൽകുക, ഇഞ്ചക്ഷൻ നൽകുക തുടങ്ങിയ കാര്യങ്ങളിൽ മാത്രമല്ല വിദേശത്ത് ഒരു നേഴ്സിന് ശ്രദ്ധിക്കേണ്ടി വരിക. രോഗിക്ക് ഭക്ഷണം നൽകുന്നതും ടോയ്‌ലറ്റിൽ കൊണ്ടുപോകുന്നതുമടക്കം എല്ലാ കാര്യങ്ങളിലും നഴ്സിന്റെ ശ്രദ്ധയെത്തണം. രോഗി അഡ്മിറ്റ് ചെയ്യപ്പെടുന്നതോടെ അവരുടെ കാര്യങ്ങളുടെ സമ്പൂർണ ഉത്തരവാദിത്വം നേഴ്സിന്റെ മേൽ വന്നുചേരുന്നു. ഇത്തരം മൂന്നോ നാലോ രോഗികളുണ്ടാകും ഓരോ നേഴ്സിന്റേയും ചുമതലയിൽ. ഇന്ത്യയിൽ ഐ.സി.യുവിലോ പ്രത്യേക വാർഡുകളിലോ മാത്രമേ ഇത്തരം ചുമതലകൾ ഉണ്ടാകാറുള്ളു. അതുപോലും പരിമിതമായി മാത്രം. എന്നാൽ രോഗിയെ കുളിപ്പിക്കുന്നതടക്കം പല കാര്യങ്ങളും വിദേശത്ത് നേഴ്സുമാർക്ക് ചെയ്യേണ്ടിവരാറുണ്ട്. ഇത് പലപ്പോഴും സംഘർഷങ്ങളിലേക്കും കടുത്ത മാനസിക സമ്മർദങ്ങളിലേക്കും നയിക്കു

ന്നുണ്ടെന്നാണ് റീന പറയുന്നത്. ടോയ്‌ലറ്റിൽ പോകണമെന്ന് ആവശ്യപ്പെട്ട രോഗി, നേഴ്സ് അഞ്ചു മിനിറ്റ് വൈകിയതിന് ക്രൂരമായി മർദിച്ച സംഭവം പോലുമുണ്ടെന്ന് റീന പറഞ്ഞു.

ഇത്തരം സംഭവങ്ങളിൽ നീതി ലഭ്യമല്ലാതെ വരികയും സ്വന്തം നിരപരാധിത്വം സ്ഥാപന അധികൃതർക്ക് മുമ്പാകെ തെളിയിക്കാൻ സാധ്യമാകാതെയിരിക്കുകയും ചെയ്യുന്ന അവസ്ഥ വ്യാപകമാണെന്നും അവർ പറഞ്ഞു. ഒരു ഉപഭോക്താവെന്ന നിലക്ക് രോഗിയുടെ വാദത്തിന് കൂടുതൽ പ്രാമുഖ്യം ലഭിക്കുകയും നഴ്സ് പലപ്പോഴും അവരുടെ തെറ്റായ വാദങ്ങളുടെ ഇരയായി മാറുകയും ചെയ്യുന്നു. ഡോക്ടർമാരും നേഴ്സിങ് സൂപ്പർവൈസർമാർ പോലും പലപ്പോഴും നേഴ്സുമാരുടെ പക്ഷത്ത് നിൽക്കാതെ അവരെ കുറ്റപ്പെടുത്തുന്ന സമീപനം സ്വീകരിക്കേണ്ടി വരാറുണ്ട്. ചിലയിടങ്ങളിൽ ഇത് ജോലി നഷ്ടം തന്നെ ഉണ്ടാക്കുമ്പോൾ, മറ്റ് ചിലേടത്ത് ശമ്പളം വെട്ടിക്കുറക്കുക തുടങ്ങിയ ശിക്ഷകളിലൊതുങ്ങും. രണ്ടായാലും നേഴ്സ് എപ്പോഴും അവഗണിക്കപ്പെടുന്ന ഒരു തൊഴിലാളിയാണ്.

### താങ്ങാനാവാത്ത മാനസിക സമ്മർദം

ഏറ്റവുമധികം മാനസിക സമ്മർദം അനുഭവിക്കേണ്ടി വരുന്ന തൊഴിൽ മേഖലയാണ് നേഴ്സിങ്. വിദേശരാജ്യങ്ങളിലെ കടുത്ത നിയമങ്ങളും നീതി ലഭ്യമാക്കാനുള്ള സാങ്കേതിക പ്രയാസങ്ങളുമൊക്കെ പലരേയും വലിയ പ്രശ്നങ്ങളിലേക്ക് തള്ളിവിടാറുണ്ട്. വൈദ്യരംഗത്തെ അനാസ്ഥ പലേടത്തും കടുത്ത ശിക്ഷകിട്ടുന്ന കുറ്റംകൂടിയാണ്. ഇത്തരം സന്നിഗ്ധഘട്ടങ്ങളിൽ നമ്മുടെ നയതന്ത്ര കാര്യാലയങ്ങളിൽ നിന്ന് കൂടുതൽ സഹായം ലഭ്യമാകേണ്ടതുണ്ടെന്ന് പല നേഴ്സുമാരും പറയുന്നു. തൊഴിൽപരമായും അല്ലാതെയും തങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ വിദേശത്തെ ഇന്ത്യൻ മിഷനുകൾ കൂടുതൽ മുന്നോട്ടു വരണമെന്നും അവർ ചൂണ്ടിക്കാട്ടുന്നു.

കുടുംബത്തേയും കുട്ടികളേയും വിട്ടു നിൽക്കുന്ന നല്ലൊരു വിഭാഗം നേഴ്സുമാർ വിദേശത്ത് ജോലി ചെയ്യുന്നുണ്ട്. അമേരിക്കയിലും ബ്രിട്ടനിലും കനഡയിലും മറ്റും ജോലി ചെയ്യുന്ന നേഴ്സുമാർക്ക് നാട്ടിലെ വിവാഹകമ്പോളത്തിൽ നല്ല മാർക്കറ്റാണെന്നത് സത്യമാണ്. കാരണം ഇത്തരം രാജ്യങ്ങളിലേക്ക് കുടിയേറാനുള്ള മികച്ച മാർഗമാണ് നേഴ്സുമാരെ വിവാഹം ചെയ്യൽ. നേഴ്സുമാർക്ക് ഇത്തരം രാജ്യങ്ങളിൽ മികച്ച ശമ്പളം കിട്ടുന്നുണ്ടെന്നതും ശരിയാണ്. എന്നാൽ എല്ലാ രാജ്യങ്ങളിലും ഇതല്ല സ്ഥിതി. പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ.

ഗൾഫ് രാജ്യങ്ങളിൽ നേഴ്സിങ് ജോലിക്കെത്തുന്ന നല്ലൊരു വിഭാഗം അമേരിക്കയിലേക്കും മറ്റും കുടിയേറുകയെന്ന ലക്ഷ്യത്തോടെ വരുന്നവരാണെന്ന് ജിദ്ദയിലെ സൗദി ജർമൻ ആശുപത്രിയിൽ സൂപ്പർവൈസറായിരുന്ന മാർഗരറ്റ് പറയുന്നു. കുറച്ചുകാലം ജോലി ചെയ്ത് പരിചയസമ്പന്നരാകുന്നതോടെ അവർ പുറത്തേക്കുള്ള വഴി തേടുന്നു. ഇത് പലപ്പോഴും ആശുപത്രിയുടെ പ്രവർത്തനം താളം തെറ്റിക്കുന്നതായും ഇന്ത്യൻ നേഴ്സുമാരിലാണ് ഈ പ്രവണത അധികമെന്നും അവർ ചൂണ്ടിക്കാട്ടുന്നുണ്ട്. ഗൾഫ് രാജ്യങ്ങളിൽ ഇന്ത്യൻ നേഴ്സുമാരുടെ തൊഴിൽസാധ്യത കുറയുന്നതിന് ഇത് ഇടയാക്കിയിട്ടുണ്ട്. എപ്പോഴും വിട്ടുപോകാം എന്നതിനാൽ ഇന്ത്യൻ നേഴ്സുമാർക്ക് പലപ്പോഴും ശമ്പളം കുറച്ചുകൊടുക്കുന്ന പ്രവണതയുമുണ്ട്. പ്രവൃത്തിപരിചയത്തിനു വേണ്ടി മാത്രം വരുന്നവരാകട്ടെ ഇത് വലിയ പരാതിയില്ലാതെ സ്വീകരിക്കുമ്പോൾ, കുടിയേറ്റ ലക്ഷ്യമില്ലാത്ത സാധാരണ നേഴ്സുമാർ ശമ്പളക്കുറവു മൂലം ബുദ്ധിമുട്ടുകയും ചെയ്യും.

### ശമ്പളവും ഭാഷയും

ഗൾഫിൽ ശമ്പളത്തിൽ നിലനിൽക്കുന്ന വിവേചനം ഞെട്ടിക്കുന്നതാണെന്ന് ജിദ്ദയിലെ കിംഗ് ഫൈസൽ സ്പെഷലിസ്റ്റ് ആശുപത്രിയിൽ ജോലി ചെയ്യുന്ന കൊട്ടാരക്കര സ്വദേശിനി ജിനു പറയുന്നു. ഏതു രാജ്യക്കാരാണ് എന്ന് നോക്കി ശമ്പളം നിശ്ചയിക്കുന്ന പ്രവണത ഇവിടെ അധികമാണെന്നും ഇന്ത്യക്കാർ ഈ പരിഗണനാലിസ്റ്റിൽ എപ്പോഴും താഴെയാണെന്നും അവർ പറയുന്നു. ദക്ഷിണാഫ്രിക്ക, അയർലണ്ട് തുടങ്ങിയ രാജ്യങ്ങളാണ് മുൻനിരയിൽ. ഫിലിപ്പൈൻസ് പോലെയുള്ള ഏഷ്യൻ രാജ്യങ്ങളിൽനിന്നുള്ളവരെക്കാളും പിന്നിലാണ് ഇന്ത്യക്കാർ. നേഴ്സുമാർ അനുഭവിക്കുന്ന തൊഴിൽ പ്രശ്നങ്ങളിലും മറ്റും നയതന്ത്രകാര്യാലയങ്ങളുടെ ഇടപെടൽ കുറവാണെന്നും അവർക്കും പരാതിയുണ്ട്. ജനറൽ നേഴ്സിങ് പാസ്സായി വിദേശങ്ങളിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിനാൾക്കാർ ഈയിടെ വൻ പ്രതിസന്ധിയിലായിരുന്നു. നേഴ്സിങ് ജോലിക്കുള്ള അടിസ്ഥാന യോഗ്യത ബി.എസ്‌സി നേഴ്സിങ് ആയി പല രാജ്യങ്ങളും നിജപ്പെടുത്തിയതാണ് ഈ പ്രശ്നത്തിനിടയാക്കിയത്. ആയിരക്കണക്കിന് പേർക്ക് ഇങ്ങനെ തൊഴിൽ നഷ്ടപ്പെട്ടതായും ഇത് തടയാൻ ഫലപ്രദമായ ഇടപെടൽ നടത്താൻ നമുക്കായില്ലെന്നും അവർ ചൂണ്ടിക്കാട്ടുന്നു. ഇവർ നാട്ടിലേക്ക് മടങ്ങിച്ചെല്ലുമ്പോൾ പുനരധിവാസത്തിന് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിലും ഏറെ വെല്ലുവിളികൾ നിലനിൽക്കുന്നു.

വിദേശങ്ങളിൽ ജോലി ചെയ്യുന്ന നേഴ്സുമാർ അനുഭവിക്കുന്ന മറ്റൊരു പ്രധാന പ്രശ്നമാണ് ഭാഷ. ഇന്ത്യൻ നേഴ്സുമാർക്ക് വിദേശമാർക്കറ്റിൽ കാര്യമായ സ്വീകാര്യത ലഭിക്കാനുള്ള കാരണം ഇംഗ്ലീഷ് കൈകാര്യം ചെയ്യാനുള്ള അവരുടെ കഴിവാണ്. ഫിലിപ്പൈൻസിന്റേയും പ്രധാന അനുകൂല ഘടകം ഇതുതന്നെ. എന്നാൽ അമേരിക്കയിലോ ബ്രിട്ടനിലോ അല്ലെങ്കിൽ ഇംഗ്ലീഷ് സംസാരഭാഷയായ രാജ്യങ്ങളിലോ മാത്രമാണ് ഈ ഗുണം തുണയാകുന്നത്. ഗൾഫ് രാജ്യങ്ങളിലും ചില യൂറോപ്യൻ രാജ്യങ്ങളിലും ജോലി ചെയ്യുന്ന നേഴ്സുമാർ പ്രാദേശിക ഭാഷ അറിയാത്തതുമൂലം വലിയ പ്രതിസന്ധികളിൽ ചെന്നു പെടാറുണ്ട്. സൗദി അറേബ്യ പോലെ വിശാലമായ രാജ്യങ്ങളിൽ ഒറ്റ നേഴ്സ് മാത്രമുള്ള ഗ്രാമീണ ആരോഗ്യകേന്ദ്രങ്ങളിൽപോലും മലയാളികളടക്കമുള്ള ഇന്ത്യൻ നഴ്സുമാർ ജോലി ചെയ്യുന്നുണ്ട് എന്നത് നമ്മുടെ പ്രവാസാനുഭവത്തിന്റെ സങ്കീർണതകൾ വ്യക്തമാക്കുന്നു. വിദൂരമായ ദേശത്ത്, മറ്റൊരു സംസ്കാരത്തിലും ഭാഷയിലും പിടിച്ചുനിൽക്കാനും അതിജീവിക്കാനുമുള്ള നമ്മുടെ നേഴ്സിങ് സഹോദരിമാരുടെ ത്വരയും തന്ത്രങ്ങളും തീർച്ചയായും അഭിനന്ദനാർഹമാണ്. എന്നാൽ അതിനുള്ള ശ്രമത്തിനിടയിൽ അവരനുഭവിക്കുന്ന മാനസിക സമ്മർദങ്ങളും മറ്റു പ്രശ്നങ്ങളും എങ്ങും രേഖപ്പെടുത്താത്ത കഥകളാണ്.

### നേഴ്സ് ക്ഷാമത്തിന്റെ കഥ

ആഗോളതലത്തിൽ ആരോഗ്യമേഖല അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നാണ് നേഴ്സുമാരുടെ ക്ഷാമം. അമേരിക്കയും ബ്രിട്ടനും പോലെയുള്ള

> നമ്മുടെ നാട്ടിൽ നേഴ്സുമാർ നേരിടുന്ന പ്രശ്നങ്ങൾ മറ്റൊരു രീതിയിൽ അന്യനാടുകളിലും നിലനിൽക്കുന്നുണ്ട്. വിദേശത്തേക്ക് ജോലി തേടി പോകുന്നവരോടുള്ള മനോഭാവത്തിലും കാര്യമായ മാറ്റങ്ങൾ വരണം.



വികസിത രാജ്യങ്ങളിൽ മാത്രമല്ല, വികസ്വര രാജ്യങ്ങളിലും നേഴ്സുമാരെ കിട്ടാനില്ലാത്ത അവസ്ഥയാണ്. ഐക്യരാഷ്ട്രസഭയുടെ സഹസ്രാബ്ദ വികസന ലക്ഷ്യപ്രകാര മുള്ള ലോകാരോഗ്യ നിലവാരം സാധ്യമാക്കണമെങ്കിൽ നാൽപത് ലക്ഷം ആരോഗ്യ പ്രവർത്തകർ അധികമായി ഉണ്ടാവണമെന്നാണ് ലോകാരോഗ്യ സംഘടനയുടെ കണക്ക്. ഇതിൽ മുക്കാൽ പങ്കും നഴ്സുമാരാണ്.

ഈ പ്രതിസന്ധി പരിഹരിക്കാനും ആഭ്യന്തര വിപണിയിലെ ആവശ്യങ്ങൾ പാലിക്കാനും പാശ്ചാത്യരാജ്യങ്ങൾ കണ്ടെത്തിയ ഏറ്റവും നല്ല മാർഗം വിദേശത്ത് നിന്ന് നഴ്സുമാരെ റിക്രൂട്ട് ചെയ്യുക എന്നതാണ്. ഏഷ്യൻ രാജ്യങ്ങളാണ് ഇന്ന് ലോകത്ത് ഏറ്റവുമധികം നേഴ്സുമാരെ വിദേശങ്ങളിലേക്ക് അയക്കുന്നത്. ഫിലിപ്പൈൻസ്, ഇന്ത്യ, ചൈന തുടങ്ങിയവ നേഴ്സുമാരെ കയറ്റുമതി ചെയ്യുന്ന പ്രധാന രാജ്യങ്ങളാണ്. ഇതിനായി പ്രത്യേകമായ റിക്രൂട്ട്മെന്റ് സംവിധാനങ്ങളും സർക്കാർ സമിതികളും നിലനിൽക്കുന്നുണ്ട്. ഇത്തരം സംവിധാനങ്ങൾ വഴി റിക്രൂട്ട് ചെയ്യപ്പെടുന്ന നഴ്സുമാർക്ക് നിയമപ്രകാരവും തൊഴിൽ കരാർ പ്രകാരവും ലഭ്യമാകേണ്ട ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടോ. ജോലി സമയം നിജപ്പെടുത്തിയിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളിൽ തുടരന്വേഷണം നടത്താൻ സന്നദ്ധരാകുന്നില്ലെന്ന പരാതി വ്യാപകമാണ്.

## ചൂഷണം വിദേശത്തും

നമ്മുടെ നാട്ടിൽ നേഴ്സുമാർ നേരിടുന്ന പ്രശ്നങ്ങൾ മറ്റൊരു രീതിയിൽ അന്യനാടുകളിലും നിലനിൽക്കുന്നുണ്ട്. വിദേശത്തേക്ക് ജോലി തേടി പോകുന്നവരോടുള്ള മനോഭാവത്തിലും കാര്യമായ മാറ്റങ്ങൾ വരണം. തിരിച്ചുവരുമ്പോൾ അവരുടെ അനുഭവപരിചയവും തൊഴിൽപരിചയവും വൈദഗ്ധ്യവും നാടിന് മുതൽക്കൂട്ടാവുന്ന രീതിയിൽ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പുനരധിവാസ പദ്ധതികളും ആവിഷ്കരിക്കപ്പെടണം.

കുറഞ്ഞ വേതനത്തിന് സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ധാരാളം നേഴ്സുമാർ ഗൾഫ് രാജ്യങ്ങളിലുണ്ട്. ഇവിടങ്ങളിൽ കാര്യമായ ചൂഷണങ്ങളും അരങ്ങേറുന്നുണ്ട്. സ്വകാര്യ മേഖലയിൽ നേഴ്സുമാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരസ്യമായ രഹസ്യമാണെങ്കിലും പരിഹാരങ്ങളില്ല. കൂടുതൽ തൊഴിൽ സമയം, കുറഞ്ഞ ശമ്പളം, മാന്യമല്ലാത്ത പെരുമാറ്റം തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ നേരിട്ടാണ് ഇവിടങ്ങളിൽ നേഴ്സുമാർ ജോലി ചെയ്യുന്നത്. വിവിധ രാജ്യക്കാരായ സഹപ്രവർത്തകരോടൊപ്പം ജോലി ചെയ്യുന്നതുമൂലമുള്ള പ്രശ്നങ്ങൾ നിരവധിയാണെന്ന് ചില നേഴ്സുമാർ ചൂണ്ടിക്കാട്ടുന്നു. വിവേചനത്തിനെതിരെ ശബ്ദമുയർത്താനും ചൂഷണങ്ങളെ തടഞ്ഞുനിർത്താനും കെൽപില്ലാതെ പലപ്പോഴും നിസ്സഹായരായിപ്പോകുകയാണ് നഴ്സിങ് മേഖലയിലെ സഹോദരിമാർ. ലൈംഗിക ചൂഷണത്തിന്റെ കഥകൾപോലും അവരിൽ പലർക്കും പറയാനുണ്ട്. വിദേശത്തേക്ക് പോകുക എന്ന ലക്ഷ്യത്തോടെ നാട്ടിൽ ചൂഷണങ്ങൾക്ക് വിധേയരായിത്തന്നെ സ്വകാര്യമേഖലയിൽ ജോലിയെടുക്കുന്നവർ വിദേശങ്ങളിലും അതേ ചൂഷണങ്ങൾക്ക് ഇരയാകുന്ന വൈരുദ്ധ്യം പലപ്പോഴും നടക്കുന്നതാണ്.

കേരളീയ സമൂഹം ശ്രദ്ധിക്കേണ്ട ഏറ്റവും വലിയ വിഷയങ്ങളിലൊന്നായാണ് പ്രവാസി പുനരധിവാസത്തെ സി.ഡി.എസ് വിശേഷിപ്പിക്കുന്നത്. വർഷങ്ങളോളം സ്വന്തം നാട്ടിൽനിന്ന് മാറിനിന്ന്, വേരുകൾ നഷ്ടപ്പെട്ടവരായി തിരിച്ചെത്തുമ്പോൾ, അവരുടെ ശാരീരിക, മാനസികാവസ്ഥകൾ മനസ്സിലാക്കി പിന്തുണക്കാനും ജീവിതം ശരിയായ വഴിയിലൂടെ തിരിച്ചുവിടാനും സഹായിക്കാൻ സർക്കാരിന് കഴിയണം. നേഴ്സുമാരടക്കം, തിരിച്ചെത്തിയ പ്രവാസിയെ, ഉപയോഗശൂന്യമായ ചണ്ടിപോലെ മാത്രം പരിഗണിക്കുന്ന സമൂഹത്തിൽ ഭരണകൂടത്തിന്റെ കൈത്താങ്ങ് മാത്രമേ എന്തെങ്കിലും മാറ്റങ്ങൾക്ക് ഇടയാക്കുകയുള്ളൂ. അത് തിരിച്ചറിഞ്ഞുള്ള ഒരു പ്രവാസി പുനരധിവാസ പദ്ധതി കേരളത്തിന്റെ അടിയന്തര പരിഗണന അർഹിക്കുന്നു.

## പുതിയ അവസരങ്ങൾ

അമേരിക്കയും ബ്രിട്ടനുമല്ലാതെ ഇന്ന് നേഴ്സിങ് മേഖലയിൽ സുവർണാവസരങ്ങൾ തെളിഞ്ഞുവരുന്ന പല രാജ്യങ്ങളുമുണ്ട്. ജപ്പാനും സിംഗപ്പൂരും പോലെ. ഇത്തരം രാജ്യങ്ങളിൽ കടുത്ത നേഴ്സ് ക്ഷാമം അനുഭവപ്പെട്ടത് വിദേശ റിക്രൂട്ട്മെന്റ് ത്വരപ്പെടുത്താനും അതിനായി സുതാര്യവും തുറന്നതുമായ റിക്രൂട്ട്മെന്റ് നയങ്ങൾ സ്വീകരിക്കാനും ഈ രാജ്യങ്ങളെ നിർബന്ധിതരാക്കിയിട്ടുണ്ട്. ഇത്തരം അവസരങ്ങൾ കണ്ടെത്തുകയും ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്യുന്നത് ചൂഷണാധിഷ്ഠിത വ്യവസ്ഥകളിൽ വിദേശത്ത് ജോലി ചെയ്യുന്ന നേഴ്സുമാരെ സംബന്ധിച്ച് ഏറെ ഉചിതമായിരിക്കുമെന്ന് ഈ രംഗത്തുള്ളവർ ചൂണ്ടിക്കാട്ടുന്നുണ്ട്. അതേസമയം, നികുതിരഹിതമായ ശമ്പളമാണ് ഗൾഫ് രാജ്യങ്ങളുടെ മുഖ്യ ആകർഷണം. മറ്റ് മിക്കവാറും രാജ്യങ്ങളിൽ കനത്ത നികുതി ഭാരം പ്രവാസികളെ ചൂഴ്ന്നു നിൽക്കുന്നുണ്ട്.

ഇങ്ങനെയൊക്കെയായാലും ഇന്ത്യൻ നേഴ്സുമാരെക്കുറിച്ച്, വിശിഷ്യാ മലയാളികളെക്കുറിച്ച് ഈ മേഖലയിൽ നല്ല അഭിപ്രായമാണ് നിലനിൽക്കുന്നതെന്ന് ശ്രദ്ധേയമാണ്. ജോലിയിൽ വൈദഗ്ധ്യവും ആത്മാർഥതയുമുള്ളവരാണ് ഇന്ത്യൻ നേഴ്സുമാരെന്ന് അവർ പറയുന്നു. ഡോക്ടർമാർക്കു പോലും പലപ്പോഴും ആശ്രയിക്കാവുന്ന തരത്തിൽ ആതുരശുശ്രൂഷാരംഗത്തെക്കുറിച്ച് പിടിപാടുള്ളവരാണ് ഇന്ത്യൻ നേഴ്സുമാരെന്ന് ജിദ്ദയിൽ ജോലി ചെയ്യുന്ന ഈജിപ്തുകാരനായ ഡോക്ടർ ഹിഷാം മുസ്തഫ പറയുമ്പോൾ അതിൽ ഒട്ടും അതിശയോക്തിയില്ല. ലോക ആരോഗ്യരംഗത്ത് ഇത്രമേൽ ഗുണപരമായ സ്വാധീനം ചെലുത്തുന്ന വലിയൊരു ജനവിഭാഗത്തോട് നമ്മുടെ സമീപനം ഇനിയും മാറേണ്ടതുണ്ട്. ■

*(സൗദി അറേബ്യയിലെ ജിദ്ദയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന മലയാളം ന്യൂസ് ദിനപത്രത്തിൽ എഡിറ്ററാണ് ലേഖകൻ)*

കെ.പി. സേതുനാഥ്


# ഗൾഫ് കുടിയേറ്റത്തിന്റെ ചരിത്രവും വർത്തമാനവും



ഇരുപതാം നൂറ്റാണ്ടിലെ കേരളചരിത്രത്തിന്റെ അവിഭാജ്യഘടകമാണ് കുടിയേറ്റം. കേരളത്തിനകത്തും, കേരളത്തിൽ നിന്നും പുറത്തേക്കുമുള്ള കുടിയേറ്റങ്ങളും അഥവാ പറിച്ചുനടീലുകളും ആധുനികമലയാളിയുടെ സ്വത്വനിർമിതിയെ എങ്ങനെയെല്ലാം സ്വാധീനിച്ചുവെന്ന വിഷയം അതർഹിക്കുന്ന ഗൗരവത്തോടെയും, അവധാനതയോടെയും ഇനിയും വിശകലനവിധേയമാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. ജന്മസിദ്ധമായ സവിശേഷതയായും, ഭൂമിശാസ്ത്രപരമായ പ്രത്യേകതമൂലം സംഭവിച്ചതായുമുള്ള അലസനിഗമനങ്ങളാണ് മലയാളിയുടെ കുടിയേറ്റത്തെപ്പറ്റിയുള്ള ജനപ്രിയമായ ആഖ്യാനങ്ങളുടെ പൊതുസ്വഭാവം. ആഗോളതലത്തിൽ മുതലാളിത്ത സാമ്പത്തികവ്യവസ്ഥയുമായി ബന്ധപ്പെട്ട മാറ്റങ്ങളുടെ പശ്ചാത്തലം കേരളത്തിനകത്തും, പുറത്തേക്കുമുള്ള കുടിയേറ്റത്തെ എങ്ങനെയാണ് സ്വാധീനിച്ചതെന്ന വിഷയം ഗൗരവമായ പഠനമർഹിക്കുന്ന മേഖലയാണ്. കേരളത്തിനകത്തു നടന്ന പറിച്ചുനടീലിന്റെ ഒരു സുപ്രധാനപ്രേരണയായി തോട്ടം മേഖലയെ കണക്കാക്കാവുന്നതാണ്. കൊളോണിയൽ മൂലധനം തദ്ദേശീയമായ നിക്ഷേപകസാധ്യതകൾ തേടിയതിന്റെ ഫലമാണ് തോട്ടവിളകളുടെ വ്യാപനത്തിന്റെ കാരണം. തോട്ടം കൃഷിയുടെ വികാസം കേരളത്തിലെ കാർഷിക മേഖലയുടെ പുനസംഘാടനമായി മാറിയതും, അതിനുവേണ്ടുന്ന രീതി

യിൽ അദ്ധ്വാനശക്തിയെ പുനക്രമീകരിച്ചതും ഇപ്പോൾ സുവ്യക്തമായ വിവരങ്ങളാണ്. തിരുവിതാംകൂറിൽ അടിമവേല നിരോധിച്ചുകൊണ്ടുള്ള ഉത്തരവിറങ്ങുന്നതും തോട്ടം കൃഷിയുടെ ആരംഭവും ഒരേകാലത്തുതന്നെ സംഭവിക്കുകയെന്നത് വെറും യാദൃച്ഛികം മാത്രമല്ലെന്നു ചരിത്രം പഠിക്കുന്നവർക്ക് വ്യക്തമാണ്.

കേരളത്തിനകത്തുണ്ടായ കുടിയേറ്റങ്ങളുടെ പശ്ചാത്തലം ആഗോളമൂലധനവ്യവസ്ഥയിലെ മാറ്റങ്ങളുമായി പ്രത്യക്ഷമായും, പരോക്ഷമായും ബന്ധപ്പെട്ടിരിക്കുന്നതുപോലെയാണ് കേരളത്തിന് പുറത്തേക്കുള്ള മലയാളിയുടെ കുടിയേറ്റത്തിന്റെ ചരിത്രവും. കേരളത്തിനുപുറത്ത് ഇൻഡ്യയുടെ ഇതരഭാഗങ്ങളിലേക്കും, വിദേശത്തേക്കുമുള്ള മലയാളിയുടെ പറിച്ചുനടീലിന്റെ ഒരു പ്രധാനകാലഘട്ടമാണ് 1920–കളും മുപ്പതുകളും. ആഗോളമുതലാളിത്തത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയായി വിശേഷിപ്പിക്കുന്ന മുപ്പതുകളിലെ വൻ സാമ്പത്തിക മാന്ദ്യത്തിന്റെ കാലത്താണ് സിംഗപ്പൂർ, മലേഷ്യ, ശ്രീലങ്ക (പഴയ കാലത്തെ സിലോൺ) എന്നിവിടങ്ങളിലേക്കുള്ള മലയാളി കുടിയേറ്റത്തിന്റെ പ്രഭവകാലം. കയറ്റുമതിയിലധിഷ്ഠിതമായ നാണ്യവിളകളെ ആശ്രയിച്ചുടലെടുത്ത കാർഷികസമ്പദ്‌വ്യവസ്ഥ തകർന്നതോടെ ഉപജീവനത്തിനുപോലും ബുദ്ധിമുട്ടായ സ്ഥിതിയിലാണ് വിദേശത്തേക്കും, സ്വദേശത്തേക്കും (ഇൻഡ്യയുടെ മറ്റു ഭാഗങ്ങളിലേക്കും) കുടിയേറുവാൻ മലയാളികൾ അക്കാലം നിർബന്ധിതരാവുന്നത്. ഒരു ഭാഗത്തു ആഴിയും (അറേബ്യൻ കടലും) മറുഭാഗത്ത് മലകളും (പശ്ചിമഘട്ടനിരകളും) ചേർന്ന ഭൂപ്രദേശത്തു ജനിച്ചവരുടെ ജന്മവാസനയാണ് – കടലിനും, മലകൾക്കുമപ്പുറം എന്തെന്നു കണ്ടെത്താനുള്ള ത്വര – മലയാളിയുടെ കുടിയേറ്റത്തിന്റെ പിന്നിലെന്ന വിശദീകരണങ്ങൾ കേൾക്കുവാൻ സുഖമുള്ളതാണെങ്കിലും ചരിത്രവുമായി നിരക്കുന്നതല്ലെന്നു ഈയനുഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നു.



### അറബ് ലോകത്തിന്റെ അനിശ്ചിതാവസ്ഥ

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തുടങ്ങുന്ന മലയാളിയുടെ വിദേശങ്ങളിലേക്കുള്ള കുടിയേറ്റം അതിന്റെ മൂർദ്ധ്യനത്തിലേത്തുന്നത് 1970–കളിൽ തുടങ്ങിയ ഗൾഫ് കുടിയേറ്റത്തോടെയാണ്. 1960–കളുടെ അവസാനത്തോടെ ഒറ്റപ്പെട്ട നിലയിൽ തുടങ്ങിയ ഗൾഫിലേക്കുള്ള കുടിയേറ്റം 1970–80 കളിൽ മലയാളിയുടെ സാമൂഹികജീവിതത്തിന്റെ സമസ്തമേഖലകളെയും ബാധിക്കുന്ന വൻപ്രവാഹമായി മാറി. ഗൾഫ് കോ–ഓപറേഷൻ കൗൺസിൽ അഥവാ ജിസിസി രാജ്യങ്ങൾ എന്നറിയപ്പെടുന്ന ഈ മേഖലയിലെ തൊഴിൽവിപണി കേരളത്തിലെയും, ഫിലിപ്പൈൻസ് പോലുള്ള തെക്കു–കിഴക്കനേഷ്യൻ രാജ്യങ്ങളിലെയും അദ്ധ്വാനശക്തിയിലേക്കു ശ്രദ്ധതിരിക്കുന്നതിന്റെ കാരണമെന്താണ്? 1960 കളുടെ അവസാനംവരെ ജിസിസി രാജ്യങ്ങളിലെ തൊഴിൽ വിപണിയിലെ മനുഷ്യശേഷിയുടെ നല്ലൊരുപങ്കും ഈജിപ്ത്, ടുണീഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവരായിരുന്നു. 1950–60 കൾ അറബിലോകത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വിപ്ലവപരമായ കാലമായിരുന്നു. ഈജിപ്തിലെ നാസ്സർ വിപ്ലവം അറബിലോകത്ത് പുതിയൊരു രാഷ്ട്രീയത്തിന്റെ സാധ്യതകൾ തുറന്നിടുകയായിരുന്നു. ഈയൊരു മാറ്റത്തെ ഏറ്റവുമധികം ഭയന്നത് ജിസിസി രാജ്യങ്ങളിലെ രാജകൂടുംബഭരണങ്ങളായിരുന്നു. നാസ്സർ വിപ്ലവത്തിന്റെ അലയൊലികൾ ഈ രാജ്യങ്ങളിൽ പണിയെടുത്തിരുന്ന ഈജിപ്തിലും, മറ്റു അറബിരാജ്യങ്ങളിൽ നിന്നുമുള്ള തൊഴിലാളികളിൽ ഗണ്യമായ സ്വാധീനം ചെലുത്തി.

ജിസിസി രാജ്യങ്ങളിലെ ജനങ്ങളെക്കാൾ രാഷ്ട്രീയമായി മുന്നേറിയിട്ടുള്ള ഈ തൊഴിലാളികളുടെ സാന്നിദ്ധ്യം തങ്ങളുടെ ആധിപത്യത്തിന് ഭീഷണിയാവുമെന്ന തിരിച്ചറിവ് അവിടങ്ങളിലെ രാജഭരണകൂടങ്ങൾക്ക് വ്യക്തമായിരുന്നു. നാസ്സറിന്റെ മരണത്തോടെ അറബി ഉയർത്തെഴുന്നേൽപ്പ് തിരിച്ചടി നേരിട്ടു. ഈ കാലഘട്ടത്തിൽ ജിസിസി രാജ്യങ്ങളിൽ നിന്നും അന്യദേശക്കാരായ ലക്ഷക്കണക്കിന് അറബി തൊഴിലാളികളെ കുടിയിറക്കുകയുണ്ടായി. ഈ കുടിയിറക്കലിന്റെ ഫലമായി നേരിട്ട തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായാണ് കേരളം പോലുള്ള പ്രദേശങ്ങൾ ഗൾഫിലേക്കുള്ള അദ്ധ്വാനശക്തിയുടെ പ്രധാനസ്രോതസ്സുകളിലൊന്നായി രൂപാന്തരപ്പെടുന്നത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ തുറന്നുകിട്ടിയ ഈ തൊഴിൽ വിപണി 21–ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തന്നെ മുരടിപ്പിന്റെ ലക്ഷണങ്ങൾ പ്രകടമാക്കുവാൻ തുടങ്ങി. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയുടെ ഏറ്റിറക്കത്തിലും, അതിലും തീവ്രമായ രാഷ്ട്രീയ സംഘർഷങ്ങളാലും മുഖരിതമായ പശ്ചിമേഷ്യ മലയാളികൾക്ക് അനന്തകാലം നിലനിൽക്കുന്ന തൊഴിൽ വിപണിയല്ലെന്നുള്ള കാര്യം ഇപ്പോൾ ഏറെക്കുറെ വ്യക്തമാണ്. പുതുതായി ഗൾഫിലേക്കു പോകുന്നവരെക്കാൾ മടങ്ങുന്നവരുടെയെണ്ണം കൂടുതലാവുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. എന്നു മാത്രമല്ല, കെട്ടിടനിർമാണം പോലുള്ള അടിസ്ഥാനമേഖലകളിൽ മലയാളികളെക്കാൾ കുറഞ്ഞ വേതനത്തിൽ ലഭ്യമായ അദ്ധ്വാനശക്തിയുടെ ഉറവിടങ്ങൾ കണ്ടെത്തുന്നതിന് ഗൾഫ് മുതലാളിത്തം പ്രാപ്തമാണ്.

ഈയൊരു പശ്ചാത്തലത്തിലാണ് കേരളത്തിൽ നിന്നുള്ള ഗൾഫ് കുടിയേറ്റത്തിന്റെ സവിശേഷതകൾ ഗൗരവമായ പഠനം ആവശ്യപ്പെടുന്ന വിഷയമാവുന്നത്. കേരളത്തിൽ നിന്നും അന്യ സംസ്ഥാനങ്ങളിലേക്കും, വിദേശത്തും നടന്ന കുടിയേറ്റത്തിന്റെ ചരിത്രത്തിൽ ഗൾഫ് കുടിയേറ്റം പല ഭാവത്തിലും വ്യതിരിക്തമാണ്. തൊഴിൽതേടി കേരളത്തിൽനിന്നും അതുവരെയുള്ള കുടിയേറ്റം ചില സവിശേഷസ്ഥലങ്ങളിൽ ഒതുങ്ങിയിരുന്നുവെങ്കിൽ ഗൾഫ് കുടിയേറ്റം കേരളത്തിലങ്ങോളമിങ്ങോളം ഒരുപോലെ ബാധിച്ച ഒന്നായിരുന്നു. ആദിവാസി–ദളിത് വിഭാഗങ്ങളിലെ ജനങ്ങളെ ഒഴിവാക്കിയാൽ കേരളത്തിലെ പ്രബലസമുദായങ്ങളെല്ലാം ഗൾഫ് കുടിയേറ്റത്തിന്റെ ഗുണഭോക്താക്കളാണ്. എന്തുകൊണ്ടാണ് ആദിവാസി–ദളിത് ജനവിഭാഗങ്ങൾ കുടിയേറ്റത്തിൽ നിന്നും ഒഴിവാക്കപ്പെട്ടതെന്ന വിഷയം കേരളത്തിന്റെ സാമൂഹികചരിത്രം പഠിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഇനിയും മാറ്റിവെക്കാനാവാത്ത വിഷയമാണ്. കേരളത്തിൽ നിന്നുള്ള കുടിയേറ്റത്തിന്റെ ചരിത്രത്തിൽ ഭൂരിഭാഗവും കായികശേഷി ആവശ്യമായിരുന്ന മേഖലയിലാണ് നടന്നതെന്ന യാഥാർത്ഥ്യം പരിഗണിക്കുമ്പോഴാണ് ആദിവാസി–ദളിത് വിഭാഗങ്ങൾ കുടിയേറ്റത്തിൽ നിന്നും അസ്പൃശ്യരായതിന്റെ കാരണം പ്രസക്തമാകുന്നത്. കായികാധ്വാനത്തിന്റെ കാര്യത്തിൽ ഏതൊരു സവർണനെയും പിന്നിലാക്കുന്നതിന്റെ ചരിത്രമുള്ള ഒരു ജനത എങ്ങനെയാണ് പിന്തള്ളപ്പെട്ടത്. കേരളത്തിൽ നിന്നുള്ള കുടിയേറ്റത്തിന്റെ ചരിത്രത്തിൽ ഇങ്ങനെ അവഗണിക്കപ്പെടുന്ന നിരവധി വിഷയങ്ങൾ കണ്ടെത്താനാകും. കേരളത്തിൽ നിന്നും വിദേശത്തേക്കുള്ള കുടിയേറ്റത്തിന്റെ ചരിത്രത്തിലെ സ്ത്രീകളുടെ പദവിയെന്താണ്? അന്യനാടുകളിൽ തൊഴിൽതേടുവാൻ നിർബന്ധിതമായ സാമൂഹികസാഹചര്യത്തിന്റെ ചരിത്രം മറുനാട്ടിലെ കച്ചവടങ്ങളിൽ വിജയിച്ചവരുടെ അപദാനങ്ങൾ മാത്രമാവുന്ന വർത്തമാനകാലത്ത് 'ചരിത്രപുസ്തകങ്ങൾ തലകീഴായി പിടിച്ചു വായിക്കേണ്ടി വരുമെന്ന' കവിദർശനം അസ്ഥാനത്താവില്ല. ■

വി. മുസഫർ അഹമ്മദ്

# വിമാനയാത്രക്കാരനായ തൊഴിലാളി



വിവിധ ഗൾഫ് നഗരങ്ങളിൽ നിന്ന് കേരളത്തിലേക്കു വരുന്ന യാത്രക്കാരിൽ 70 ശതമാനത്തോളം സാധാരണ തൊഴിലാളികളാണ്. 600–1200 റിയാലിനു പണിയെടുക്കുന്നവർ. വിമാനയാത്രക്കാരനായ തൊഴിലാളി എന്നുതന്നെ അവരെ വിളിക്കാം...

വെറുമൊരു തൊഴിലാളി, അവന്റെ/അവളുടെ ഒരു വിമാന യാത്ര, കാണിച്ചു തരാം! – ഗൾഫ് മലയാളിയുടെ മുഖത്തേക്ക് നിത്യവും ഇതു പറഞ്ഞ എയർ ഇന്ത്യ അവഗണനയുടെ കൂരമ്പുകൾ പായിക്കുന്നു. ഗൾഫ് മലയാളി യാത്രക്കാരെ വിമാനറാഞ്ചികളാക്കാൻ പോലും ദേശീയ വിമാനക്കമ്പനിക്കു കഴിഞ്ഞു.

വിവിധ ഗൾഫ് നഗരങ്ങളിൽ നിന്ന് കേരളത്തിലേക്കു വരുന്ന യാത്രക്കാരിൽ 70 ശതമാനത്തോളം സാധാരണ തൊഴിലാളികളാണ്. 600 –1200 റിയാലിനു പണിയെടുക്കുന്നവർ. വിമാനയാത്രക്കാരനായ തൊഴിലാളി എന്നുതന്നെ അവരെ വിളിക്കാം. ഗൾഫിൽ ശമ്പളക്കയറ്റം, സ്ഥാനക്കയറ്റം എന്നിവ ഒട്ടും ലഭിക്കാത്തവരാണ് അവരിൽ ഭൂരിഭാഗവും. 90 കളിൽ ലഭിച്ചു തുടങ്ങിയ ശമ്പളം തന്നെയായിരിക്കും ഇന്നും ആ തൊഴിലാളികൾ മിക്കവർക്കും കിട്ടുന്നത്. ഇവർ മൂന്നോ നാലോ വർഷം കഠിനമായി ജോലിചെയ്ത് നാട്ടിലേക്ക് അവധിയിൽ വരുമ്പോൾ വിമാനടിക്കറ്റിനുള്ള പണം കടംവാങ്ങാൻ വിധിക്കപ്പെട്ടവരാണ്. പല സ്ഥാപനങ്ങളും തൊഴിലാളികൾക്ക് നാട്ടിൽ പോകുമ്പോൾ ശമ്പളത്തോടു കൂടിയ അവധിയോ ടിക്കറ്റോ നൽകാറുമില്ല. ഇങ്ങനെയുള്ള മലയാളിത്തൊഴിലാളിയാണ് എയർ ഇന്ത്യയെ താങ്ങി നിർത്തുന്നത് എന്നതാണ് വാസ്തവം. പക്ഷെ അവർ തൊഴിലാളികളാണ്, അതിനാൽ ഒട്ടും മയമോ മാന്യതയോ അർഹിക്കുന്നവരല്ലെന്ന അങ്ങേയറ്റം നിർഭാഗ്യകരമായ സമീപനം എയർ ഇന്ത്യയുടെ മുകൾത്തട്ടു മുതൽ അടിത്തട്ടുവരെയുണ്ട്.

കേരളത്തിൽനിന്ന് ഇന്ന് അപ്രത്യക്ഷമായിക്കഴിഞ്ഞ മലയാളി തൊഴിലാളി വർഗം മുളച്ചു പൊന്തിയത് ഗൾഫിലാണ്. ചെറിയ ശമ്പളത്തിന് കൊടും ചൂടിൽ കഠിന ജോലികൾ ചെയ്ത് ഈ തൊഴിലാളികൾ നിരവധി തലമുറകൾക്ക് അന്നം




നൽകി. സത്യത്തിൽ അവർ മുളപ്പിച്ച വറ്റിലാണ് ഇന്നത്തെ കേരളം നിലനിൽക്കുന്നത്.

നാട്ടിലെത്താനും തന്റെ പ്രിയപ്പെട്ടവരുമായി ഒന്നിക്കാനും നാട്ടിലേക്ക് യാത്ര തിരിക്കുന്ന ഒരു പ്രവാസി എത്രയും പെട്ടെന്ന് വീടണയാൻ ആഗ്രഹിക്കുന്നത് സ്വാഭാവികം. വിമാനയാത്ര അനന്തമായി നീളുമ്പോൾ, ഉദ്ദേശിച്ച വിമാനത്താവളത്തിൽ ഇറങ്ങാൻ കഴിയാതെ വരുമ്പോൾ അവർ പ്രതിഷേധിക്കും. എയർ ഇന്ത്യ വിമാനങ്ങളിൽ ഇത്തരം പ്രതിഷേധങ്ങൾ അരങ്ങേറാറുണ്ട്. പ്ലക്കാർഡുകളുമായി നാട്ടിൽ വന്നിറങ്ങേണ്ട ഗതികേടിൽ നിസ്സഹായരായ ഈ മനുഷ്യരെ എത്തിച്ചത് എയർ ഇന്ത്യതന്നെയാണ്. അനന്തമായി വൈകി എത്തിയ വിമാനത്തിൽ നിന്നും ഇറങ്ങാൻ വിസമ്മതിച്ച് പ്രതിഷേധിച്ചവരുണ്ട്. എത്രയോ കാലത്തെ വീർപ്പുമുട്ടലുകളാണ് ഇങ്ങനെയൊക്കെയുള്ള പ്രതിഷേധങ്ങളായി എപ്പോഴെങ്കിലും ചെറുതായി പൊട്ടിത്തെറിക്കാറുള്ളത്.

നാട്ടിലെത്താനും തന്റെ പ്രിയപ്പെട്ടവരുമായി ഒന്നിക്കാനും നാട്ടിലേക്ക് യാത്ര തിരിക്കുന്ന ഒരു പ്രവാസി എത്രയും പെട്ടെന്ന് വീടണയാൻ ആഗ്രഹിക്കുന്നത് സ്വാഭാവികം. വിമാനയാത്ര അനന്തമായി നീളുമ്പോൾ, ഉദ്ദേശിച്ച വിമാനത്താവളത്തിൽ ഇറങ്ങാൻ കഴിയാതെ വരുമ്പോൾ അവർ പ്രതിഷേധിക്കും. എയർ ഇന്ത്യ വിമാനങ്ങളിൽ ഇത്തരം പ്രതിഷേധങ്ങൾ അരങ്ങേറാറുണ്ട്

## സമ്പൂർണ പ്രവാസദേശം

കേരളം സമ്പൂർണ പ്രവാസദേശമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇതൊരു യാഥാർഥ്യമാണ്. മലയാളികൾ കൂട്ടത്തോടെ ഗൾഫ് നാടുകളിലേക്കു ചേക്കേറി അര നൂറ്റാണ്ടു പിന്നിടുമ്പോൾ കേരളത്തിലേക്ക് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവരുടെ ഒഴുക്ക് ശക്തിപ്പെട്ടിരിക്കുന്നു. ഇതോടെ കേരളം സമ്പൂർണ പ്രവാസദേശമായി മാറി. മലയാളി ഗൾഫിലേക്കും ഇതര നാടുകളിലേക്കും പോയപ്പോൾ തമിഴ്നാട്, ബിഹാർ, ആന്ധ്രപ്രദേശ്, അസം തുടങ്ങി വിവിധ സംസ്ഥാ

നങ്ങളിൽ നിന്നുള്ള തൊഴിലാളികൾ കേരളത്തിലേക്ക് ജോലി തേടിയെത്തി. അതായത് കേരളം സമ്പൂർണ്ണ പ്രവാസി ദേശമായതോടൊപ്പം യാത്രക്കാരുടെ നാടുകൂടിയായി. മലയാളി ഗൾഫടക്കമുള്ള പ്രദേശങ്ങളിൽ നിന്ന് വരികയും പോവുകയും ചെയ്യുമ്പോൾ ഇതര സംസ്ഥാനത്തുനിന്നുള്ള തൊഴിലാളികൾ കേരളത്തിലേക്കു വരികയും അവധിക്ക് നാട്ടിൽ പോവുകയും ചെയ്യുന്നു. കഴിഞ്ഞ കുറച്ചു കാലത്തിനുള്ളിൽ കേരളത്തിലേക്ക് യാത്ര ചെയ്യുന്നവരുടെ ട്രാഫിക്കിൽ എത്ര വർധനവാണ് ഉണ്ടായിരിക്കുന്നതെന്ന് ചൂണ്ടിക്കാണിക്കാനാണ് ഇക്കാര്യങ്ങൾ പറയുന്നത്.

## മരുഭൂമിയിൽ വീണ വിയർപ്പു തുള്ളികൾ

കേരളത്തിൽ വന്ന് ജോലിചെയ്യുന്നവർക്ക് കിട്ടുന്നത്ര കൂലിപോലും ലഭിക്കാതെയാണ് ഗൾഫിലെ ഒരു വിഭാഗം തൊഴിലാളികൾ അവിടെ ജോലിചെയ്യുന്നത്. പറഞ്ഞാൽ പലരും വിശ്വസിക്കണമെന്നില്ല, യാഥാർഥ്യം അതാണെങ്കിലും. അവരാണ് കേരളത്തിലേക്കു വിമാനങ്ങളിൽ വരുന്ന തൊഴിലാളികൾ. 40 കളുടെ അന്ത്യത്തിൽ കേരളത്തിൽ നിന്നും തൊഴിൽ തേടി അസമിലേക്കു പോയവരെക്കുറിച്ചാണ് വൈലോപ്പിള്ളി *ആസ്സാം പണിക്കാർ* എന്ന കവിത എഴുതിയത്. കേരളം വിട്ട് അസമിന്റെ കഠിന പ്രകൃതിയിൽ പോയി തൊഴിലെടുത്ത് കുടുംബം പോറ്റിയവരെക്കുറിച്ചാണ് ആ കവിത വിശദീകരിക്കുന്നത്. ആ കവിത ഇന്ന് 62 വയസ്സ് പിന്നിട്ടിരിക്കുന്നു. ഇന്ന് നാം കാണുന്നത് അസമിൽ നിന്നുള്ള പണിക്കാർ, കേരളത്തിലേക്കു വരുന്ന കാഴ്ചയാണ്. ഒരർഥത്തിൽ 62 വർഷം കൊണ്ട് മലായാളിക്കു ലഭിച്ച നേട്ടം ഈ റിവേഴ്സ് പ്രോസസ്സിലുണ്ട്. മലയാളികളുടെ ഗൾഫ് പ്രവാസമുണ്ടാക്കിയ സമൃദ്ധിയാണ് ഇതര സംസ്ഥാനക്കാർക്ക് കേരളത്തിൽ തൊഴിൽ ലഭിക്കാനുള്ള അന്തരീക്ഷമുണ്ടാക്കിയത്. ഈ അർഥത്തിൽ രണ്ടുതരത്തിൽ നോക്കുമ്പോഴും കേരളം സമ്പൂർണ്ണ പ്രവാസ ദേശമായിരിക്കുകയാണ്.

ഇന്ന് നാം കാണുന്ന കേരളത്തിന്റെ ശിൽപികളിൽ പ്രധാനികൾ ഗൾഫിലേക്ക് കുടിയേറിയവരാണ്. തങ്ങളുടെ പ്രകൃതിയുമായോ കാലാവസ്ഥയുമായോ സമാനതകളൊന്നുമില്ലാത്ത ഗൾഫ് നാടുകളിൽ ചെന്ന് കഠിനമായി ജോലിചെയ്തവരാണ് ഇന്നു കാണുന്ന കേരളത്തെ നിർമിച്ചവരിൽ പ്രധാനികളെന്ന് പലരും കാണാറില്ല. വൈലോപ്പിള്ളി *ഗൾഫ് സ്റ്റേറ്റുകളോട്* എന്ന മറ്റൊരു കവിതയിൽ 'പനിനീരൊഴുകുന്നു കുവൈത്തിൻ തെരുവുകളിൽ' എന്ന പറഞ്ഞിട്ടുണ്ട്. സത്യത്തിൽ മലയാളി മരുഭൂമിയിൽ ഒഴുക്കിയ വിയർപ്പ് പനിനീർപ്പൂവിന്റെ സുഗന്ധത്തേക്കാളും വലുതാണെന്നാണ് കവി ഈ വരികളിലൂടെ ഓർമിപ്പിച്ചത്.

ഇങ്ങനെ ആധുനിക കേരളത്തെ നിർമിച്ചവരിൽ പ്രധാനികളായ ഗൾഫ് മലയാളിക്ക് നാട്ടിലേക്കുള്ള യാത്രയെന്നത് പേടിസ്വപ്നമാണ്. എയർ ഇന്ത്യ യാത്രക്കാരെ ഏതെങ്കിലും വിധത്തിൽ വലക്കുന്നത് മലയാള ദിനപത്രങ്ങളും ടിവി ചാനലുകളും നിത്യേനയെന്നോണം വാർത്തയായിക്കൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി സമീപകാലത്ത് ഈ പ്രശ്നം കേന്ദ്ര-സംസ്ഥാന തലങ്ങളിൽ ചർച്ചയായി മാറിയെങ്കിലും വേണ്ടവിധത്തിൽ പരിഹരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

എയർ ഇന്ത്യ പീഡനം അസഹനീയമായിത്തുടരവേയാണ് കേരള സർക്കാർ എയർ കേരള പ്രഖ്യാപനവുമായി എത്തുന്നത്. പ്രവാസി മലയാളികൾ കേരള സർക്കാരിന്റെ പ്രഖ്യാപനം ഏറെ പ്രതീക്ഷയോടെയാണ് കണ്ടത്. ഗൾഫിലെ എല്ലാ മലയാളി സംഘടനകളും ഇക്കാര്യത്തിൽ സർക്കാരിന് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. കേരളത്തിൽ നിന്ന് നേരിട്ട് ഗൾഫിലേക്ക് സർവീസ് നടത്താനുള്ള നീക്കമാണ് എയർ കേരള നടത്തുന്നതെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഹൈ സീസൺ ഫെയർ എന്ന പേരിൽ അമിതചാർജ് വാങ്ങുന്ന വിമാന കമ്പനികളുടെ ചൂഷണം തടയുക, കൃത്യസമയത്ത്

> കേരളത്തിൽ വന്ന് ജോലി ചെയ്യുന്നവർക്ക് കിട്ടുന്നത്ര കൂലിപോലും ലഭിക്കാതെയാണ് ഗൾഫിലെ ഒരു വിഭാഗം തൊഴിലാളികൾ അവിടെ ജോലിചെയ്യുന്നത്. പറഞ്ഞാൽ പലരും വിശ്വസിക്കണമെന്നില്ല, യാഥാർഥ്യം അതാണെങ്കിലും. അവരാണ് കേരളത്തിലേക്കു വിമാനങ്ങളിൽ വരുന്ന തൊഴിലാളികൾ



ദുബായ് അന്താരാഷ്ട്ര വിമാനത്താവളത്തിലെ ഒരു ദൃശ്യം

സർവീസ് നടത്തുക എന്നീ മുഖ്യ അജണ്ടയിൽ ഊന്നിയായിരിക്കും എയർ കേരള പ്രവർത്തിക്കുക എന്ന് പ്രഖ്യാപനവുമുണ്ടായി.

ഉത്സവ സീസണിലും (പ്രത്യേകിച്ച് ഈദ് അവധി ദിവസങ്ങളിൽ, ഗൾഫിലെ സ്കൂൾ വേനലവധിക്കാലത്തും (ജൂൺ-ജൂലൈ മാസങ്ങളിൽ) എയർലൈനുകൾ ടിക്കറ്റ് നിരക്കുകൾ 150 ശതമാനത്തിലധികം വർധിപ്പിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഈ പ്രവണത എല്ലാ അതിർത്തികളും ലംഘിച്ചിരിക്കുന്നു. ആകാശമാണ് അതിര് എന്ന പ്രയോഗത്തേയും മറികടക്കുന്ന രീതിയിലാണ് എയർലൈൻ കമ്പനികൾ ഹൈ സീസൺ ഫെയർ എന്ന പേരിൽ ഗൾഫ് മലയാളിയിൽ നിന്ന് വിമാനച്ചാർജ് ഈടാക്കുന്നത്. ശരിക്കുമുള്ള ചൂഷണം, അല്ലെങ്കിൽ കൊള്ള.

മതി വാങ്ങിയെടുക്കുമെന്ന് കേരള സർക്കാർ പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ കേന്ദ്ര നിലപാട് ഇക്കാര്യത്തിൽ പ്രതീക്ഷാനിർഭരമായിരുന്നില്ല. ആഭ്യന്തര സർവീസും വിദേശ സർവീസും നടത്തി കഴിവു തെളിയിച്ചവർക്കേ എയർലൈൻസ് തുടങ്ങാൻ അനുമതി നൽകൂ എന്ന കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ നിലപാട് ആദ്യമേ തിരിച്ചടിയായി.

ഇക്കാര്യത്തിൽ ഇളവുവാങ്ങാൻ കേരള സർക്കാർ കേന്ദ്രവുമായി ചർച്ച നടത്തി. എന്നാൽ അത് ലക്ഷ്യത്തിലെത്തി എന്നു പറയാൻ ഇപ്പോൾ കഴിയാത്ത നിലയാണുള്ളത്. ഇതിനിടെ കെ.സി. വേണുഗോപാൽ വ്യോമയാന സഹമന്ത്രിയായത് എയർ കേരളയുടെ സാക്ഷാത്കാരത്തിന് ഗുണകരമായേക്കുമെന്ന പ്രതീക്ഷ വളർത്തിയിട്ടുണ്ട്. നിരന്തരമായ വിമർശനങ്ങളുടെ പശ്ചാത്തലത്തിൽ എയർ ഇന്ത്യയും ഗൾഫ് മലയാളിയും തമ്മിലുള്ള അകൽച്ച കുറക്കാനുള്ള



## മലയാളിയുടെ സ്വന്തം വിമാനം

ഈ സാഹചര്യത്തിൽ എയർ കേരള പ്രഖ്യാപനം ഗൾഫ് മലയാളികളിൽ വമ്പൻ പ്രതീക്ഷയുണർത്തി. കേന്ദ്രത്തിൽ സമ്മർദം ചെലുത്തി എത്രയും പെട്ടെന്ന് കേരളത്തിന്റെ സ്വന്തം എയർലൈന് അനു

ശ്രമങ്ങളും കേന്ദ്രതലത്തിൽ തുടങ്ങിയിട്ടുണ്ട്. കൊച്ചിയിൽ എയർ ഇന്ത്യ എക്സ്പ്രസ് ആസ്ഥാനം ജനുവരിയിൽ സ്ഥാപിക്കുമെന്ന പ്രഖ്യാപനം ഇതിന്റെ ഭാഗമാണ്. എയർ ഇന്ത്യ എക്സ്പ്രസിനെ എയർ ഇന്ത്യയിൽനിന്നും സ്വതന്ത്രമാക്കും, വിമാന സർവീസ് കൃത്യത പാലിക്കും, എയർ ഇന്ത്യ എക്സ്പ്രസിനു മാത്രമായി കൂടുതൽ പൈലറ്റമാരെ നിയമിക്കും, ഗൾഫ് രാജ്യങ്ങളിലേക്കും തിരിച്ചും എയർ ഇന്ത്യ എക്സ്പ്രസിൽ യാത്ര ചെയ്യുന്ന ഇംഗ്ലീഷ് അറിയാത്തവർക്ക് വിമാന സർവീസ് സംബന്ധിച്ച വിവരങ്ങൾ മലയാളത്തിൽ നൽകാൻ കൊച്ചിയിൽ കോൾ സെന്റർ തുറക്കും തുടങ്ങിയ കാര്യങ്ങൾ പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണ്. എയർ ഇന്ത്യ എക്സ്പ്രസ് എയർ ഇന്ത്യയിൽ നിന്ന് സ്വതന്ത്രമാവുകയും മുകളിൽപ്പറഞ്ഞ പോലെ കാര്യങ്ങൾ നടപ്പാക്കുകയുമാണെങ്കിൽ നല്ലതാണ്.

30 ലക്ഷത്തോളം മലയാളികൾ ഗൾഫിൽ കഴിയുന്നു. ഇവർക്കെല്ലാം വരേണ്ടത് കേരളത്തിലേക്കാണ്. ഇവരെല്ലാം ഗൾഫിലേക്കു മടങ്ങുന്നത് കേരളത്തിലെ വിമാനത്താവളത്തിൽ നിന്നാണ്. ഈ സാഹചര്യത്തിൽ എയർ കേരള നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. മലയാളിയുടെ സ്വന്തം എയർലൈൻ എന്ന രീതിയിൽ. ഈ എയർലൈൻ സാക്ഷാത്കരിക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി കേരള സർക്കാർ കാണിക്കണം. കാരണം ഗൾഫ് മലയാളി യാത്രാപ്രശ്നം അത്രയേറെ യഥാർഥ മലയാളി പ്രശ്നമാണ്. മിതമായ നിരക്കിൽ, സർവീസ് കൃത്യത പാലിച്ച് സ്വന്തമെന്ന് അഭിമാനിക്കാവുന്ന ഒരു മലയാളി എയർലൈൻ ആ നിലയ്ക്ക് ഒരു രാഷ്ട്രീയ ആവശ്യമാണ്.

വളരെ വർഷങ്ങൾക്കു മുമ്പ് അങ്കമാലിയിലെ പ്രശസ്തമായ കണ്ണാശുപത്രിയിൽ വിഖ്യാത നേത്ര ചികിത്സകൻ ഡോ. ടോണി ഫെർണാണ്ടസിനെ കാണാൻ കാത്തു നിൽക്കുമ്പോൾ മുഷ്താഖ് അലി എന്ന ഒരാളെ പരിചയപ്പെട്ടിരുന്നു. ഖത്തറിൽ എണ്ണക്കിണറിൽ പണിയെടുക്കുമ്പോൾ അഗ്നിബാധയിൽ അദ്ദേഹത്തിന്റെ വലതു കണ്ണ് കരിഞ്ഞു പോയിരുന്നു. അതുമായി ബന്ധപ്പെട്ട ചികിത്സയ്ക്കാണ് അദ്ദേഹം അങ്കമാലി ആശുപത്രിയിൽ എത്തിയത്. അര നൂറ്റാണ്ടു പിന്നിട്ട മലയാളിയുടെ ഗൾഫ് കുടിയേറ്റത്തിന്റെ അനശ്വരമായ പ്രതീകമാണ് മുഷ്താഖ് അലിയെന്ന് ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ തോന്നുന്നു. കുടുംബത്തെ പോറ്റാനും അതുവഴി നാടിനെ സമൃദ്ധിയിലാക്കാനും കടൽ കടന്ന് ഗൾഫിലേക്കു പോയ ലക്ഷങ്ങൾ നാട്ടിലേക്കു മടങ്ങി വരുന്നത് ഇത്തരത്തിൽ ഏതെങ്കിലും തരത്തിലുള്ള മുറിവുകളുമായാണ്, പ്രശ്നങ്ങളുമായാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒരേപോലെ താത്പര്യം കാണിക്കേണ്ട വിഷയമാണിത്. കൊച്ചിയിൽ പ്രവാസി ഭാരതീയ ദിവസിൽ ഇത്തരത്തിൽ സജീവമായി ചർച്ചകൾ പൊന്തിവരുമെന്ന് പ്രതീക്ഷിക്കുകയാണ്. ■

എം.കെ. ഭാസി
സിംഗപ്പൂർ

ഒരു കാലത്ത് മലയാളി പ്രവാസികളുടെ പ്രഥമ ലക്ഷ്യസ്ഥാനമായിരുന്നു സിംഗപ്പൂർ. 50 വർഷം തുടർച്ചയായി ഒരു മലയാള ദിനപ്പത്രം പ്രസിദ്ധീകരിച്ചിരുന്ന സിംഗപ്പൂരിൽ മലയാള നാടകങ്ങൾക്കും സാഹിത്യത്തിനും ഒട്ടേറെ ആരാധകരുണ്ടായിരുന്നു. ഇന്ത്യയുടെയും കേരളത്തിന്റെയും സിംഗപ്പൂർ ബന്ധത്തെക്കുറിച്ച്...



# മലയാണ്മയുടെ സിംഗപ്പൂർ പാരമ്പര്യം

അമ്പത് വർഷം തുടർച്ചയായി ഒരു മലയാളദിനപത്രം പ്രസിദ്ധീകരിച്ചിരുന്ന സ്ഥലമാണ് സിംഗപ്പൂർ എന്നുകേൾക്കുമ്പോൾ വിശ്വസിക്കാനാവുന്നുണ്ടോ? ഒരുകാലത്ത് സിംഗപ്പൂരിലെ കേരള പ്രവാസികളുടെ മലയാളത്തോടുള്ള ആത്മാഭിമാനം ജ്വലിപ്പിച്ചുനിർത്തിയിരുന്ന പത്രമായിരുന്നു **മലേഷ്യ മലയാളി**യെന്നും **കേരളബന്ധു**വെന്നും അറിയപ്പെട്ടിരുന്ന പ്രസിദ്ധീകരണം. 1939-ൽ മലേഷ്യയിലെ ബാടു പഹതിൽനിന്ന് വാരികയായിട്ടായിരുന്നു തുടക്കം. പിന്നീട് സിംഗപ്പൂരിലേക്കു മാറുകയും ദീർഘകാലം പബ്ളിഷറായിരുന്ന കെ.എസ്. പിള്ളയുടെ സഹായസഹകരണങ്ങളോടെ ദിനപത്രമായി ഇറങ്ങുകയും ചെയ്തു. **മലേഷ്യ മലയാളി**യായിരുന്നു അന്ന് കേരളത്തിനുപുറത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന ഒരേയൊരു മലയാളം ദിനപത്രം. പത്രത്തിന്റെ തുടക്കം മുതൽ ബന്ധമുണ്ടായിരുന്ന വി.പി. അബ്ദുള്ള എന്ന മുതിർന്ന പത്രപ്ര




വർത്തകനായിരുന്നു അതിന്റെ പിന്നിൽ. മലയാളം സംസാരിക്കുന്ന വായനക്കാരുടെ എണ്ണം ക്രമേണ കുറഞ്ഞതോടെ 1988-ൽ പത്രം അടച്ചുപൂട്ടുകയായിരുന്നു.

മലയാളനാടകചരിത്രത്തിനും ഒരു സിംഗപ്പൂർ ബന്ധമുണ്ട്. എൺപത്താറ് വർഷംമുമ്പ്, 1926-ൽതന്നെ സിംഗപ്പൂരിൽ ഒരു മലയാളനാടകം അരങ്ങേറിക്കഴിഞ്ഞിരുന്നു. മലയാളി സമാജം എന്നപേരിൽ 1917-ൽ രജിസ്റ്റർചെയ്ത സിംഗപ്പൂർ മലയാളി അസോസിയേഷനാണ്-സിംഗപ്പൂരിലെ ആദ്യത്തെ ഇന്ത്യൻ അസോസിയേഷൻ-കേളികേട്ട നാടകങ്ങൾ പലതും അവതരിപ്പിച്ചത്. കലാനിലയത്തിന്റെപേരും എടുത്തു പറയേണ്ടിയിരിക്കുന്നു. മികച്ച സാംസ്കാരികചരിത്രമുള്ള അവർ എഴുപതിലധികം നാടകങ്ങൾ അവതരിപ്പിച്ചു. ശ്രീനാരായണ മിഷനും നേവൽബേസ് കേരള ലൈബ്രറിയും ധാരാളം മികച്ച നാടകങ്ങൾ അവതരിപ്പിച്ച മറ്റു സംഘടനകളാണ്. കേരളത്തിൽ അറിയപ്പെട്ട മിക്കവാറും എല്ലാ നാടകങ്ങളും സിംഗപ്പൂരിലും വിജയകരമായി അവതരിപ്പിച്ചിട്ടുണ്ട്. കറവറ്റ പശു, ഇതു ഭൂമിയാണു, ചവിട്ടിക്കുഴച്ച മണ്ണ്, വിലകുറഞ്ഞ മനുഷ്യർ, കണ്ടംബെച്ചകോട്ട്,


വിലാസിനി

പുതിയ ആകാശം പുതിയ ഭൂമി, മുടിയനായ പുത്രൻ, ഭഗ്നഭവനം, കാട്ടുകുതിര, മൺകോലങ്ങൾ തുടങ്ങിയവ അവയിൽപെടുന്നു.

നേവൽബേസിലുണ്ടായിരുന്ന മലയാളികളാണ് ആദ്യകാലത്ത് ഇത്തരം സാംസ്കാരിക പരിപാടികളുടെ വളർച്ചയ്ക്ക് താങ്ങായത്. ബ്രിട്ടീഷുകാർ 1960-ൽ സൂയസിൽനിന്ന് പിൻമാറിയതോടെ നേവൽബേസ് മലായാളികൾ ബ്രിട്ടനിലേക്കും ഇന്ത്യയിലേക്കും പ്രവഹിച്ചു. ഇത് സിംഗപ്പൂരിലെ മലയാള സാംസ്കാരരംഗത്ത് വലിയ വിടവുണ്ടാക്കി.

അതേസമയം വലിയതോതിൽ വർക്ക് പെർമിറ്റ്, എംപ്ലോയ്മെന്റ് പാസ് നേടിയവർ കേരളത്തിൽനിന്ന് എത്താൻതുടങ്ങി. കേരളത്തിലെ സാംസ്കാരികഭൂമികയിലെ പുതിയ പ്രവണതകൾ പരിചയിച്ചവർ അതിലുണ്ടായിരുന്നു. പുതുതലമുറ സിംഗപ്പൂർ മലയാളികൾക്കൊപ്പം സാംസ്കാരിക ചരിത്രത്തിലെ വിടവ് നികത്താൻ ഇവരും സംഭാവന നൽകി. പുതുതലമുറ നാടകത്തോടും സംഗീതത്തോടും കാണിച്ച താത്പര്യം അഭിനന്ദനാർഹമായിരുന്നു. മലയാളഭാഷയുടെ സ്വാഭാവികമായ ഉച്ചാരണ സവിശേഷതകളും മറ്റും വശമില്ലാതിരുന്നിട്ടും ഇവർ ഉത്സാഹികളായി. ചിലർ സംഭാഷണങ്ങൾ ഇംഗ്ലീഷിലെഴുതി പഠിച്ചു. കഴിഞ്ഞ ഏതാനും വർഷത്തിനിടെ മലയാളി സാംസ്കാരികസംഘങ്ങൾ അവതരിപ്പിച്ച നാടകങ്ങളോടുള്ള പ്രതികരണം പ്രോത്സാഹജനകമായിരുന്നു. ടിക്കറ്റുകളെല്ലാം വിറ്റഴിയുന്നു. 1926-ൽനിന്ന് സിംഗപ്പൂരിലെ നാടകരംഗം ഏറെ മുന്നോട്ടുപോയിട്ടുണ്ടെന്നുപറയാം.

### എഴുത്തുകാർ

സിംഗപ്പൂരിലെ മലയാളി എഴുത്തുകാർ ഇന്ത്യയിൽ നിരവധി അംഗീകാരങ്ങളും പുരസ്കാരങ്ങളും നേടിയിട്ടുണ്ട്. വിലാസിനിയും (എം. കെ. മേനോൻ) ഞെക്കാടുമാണ് അവരിൽ പ്രമുഖർ. ഇരുവരുടേയും നോവലുകൾ സിംഗപ്പൂരിലേയും മലേഷ്യയിലേയും പ്രവാസാനുഭവങ്ങളിൽനിന്ന് ഏറെ ഊർജം ഉൾക്കൊണ്ടവയാണ്. മികച്ച പത്രപ്രവർത്തകനായിരുന്ന വിലാസിനി ഇന്ത്യയിലേക്കു തിരിച്ചെത്തിയത് മുഴുവൻ സമയ എഴുത്തുകാരനായാണ്. അദ്ദേഹത്തിന്റെ ഇതിഹാസകൃതിയായ അവകാശികൾ, ഇന്ത്യൻ സാഹിത്യത്തിലെ ഏറ്റവും വലിയ നോവൽ, സാഹിത്യഅക്കാദമി പുരസ്കാരം നേടി.

എൻ.സി.കട്ടേലിന്റെയും എം.കെ. ഭാസിയുടെയും കവിതകൾ കേരളത്തിലെ പ്രമുഖ ആനുകാലികങ്ങളിൽ പ്രസിദ്ധീക




**സിംഗപ്പൂരിൽ ഇന്ത്യക്കാർക്ക് പ്രാമുഖ്യമുള്ള സെറാംഗൂണിലെ ഒരു തെരുവ്**

രിച്ചു. ഭാസിയുടെ ശകുന്തള എന്ന കവിത 1952-ൽ കൗമുദി പുരസ്കാരം നേടി. കേരളകവിസമാജം പുരസ്കാരം, ഗായത്രി പുരസ്കാരം(ഡൽഹി) എന്നിവയും അദ്ദേഹത്തിന്റെ കവിതകൾ നേടി. ജോർജ് നെറ്റോ, കഴിമ്പ്രം, ജെ.എം. മോനി, എം.പി. പ്രേംരാജ്, വി.എം. സൈനുദ്ദീൻ, ജെ. അലക്സാണ്ടർ, സരോജിനി ചന്ദ്രൻ, വി. വല്ലൻ തുടങ്ങിയവർ സിംഗപ്പൂർ മലായളികളിലെ പ്രമുഖ എഴുത്തുകാരാണ്.

കെ.പി. ഭാസ്കറും ശാന്ത ഭാസ്കറും ഇന്ത്യൻ ക്ളാസിക്കൽ നൃത്ത സ്നേഹികൾക്കിടയിൽ പ്രത്യേക മുഖവുര ആവശ്യമില്ലാത്തവരാണ്. 1952-ൽ ഭാസ്കേഴ്സ് അക്കാദമി ഓഫ് ഡാൻസ് സിംഗപ്പൂരിൽ ആരംഭിച്ചു. ഇന്ത്യൻ ക്ളാസിക്കൽ നൃത്തത്തെക്കുറിച്ച് മൂന്നു പുസ്തകങ്ങൾ ഭാസ്കർ രചിച്ചു. സിംഗപ്പൂർ പ്രസിഡന്റ് പിംഗത് ജാസ ജേമിലാംഗ് പുരസ്കാരം നൽകി അദ്ദേഹത്തെ ആദരിച്ചു. ഭാര്യ ശാന്ത ഭാസ്കറും 1956 മുതൽ നൃത്തരംഗത്ത് സജീവമാണ്. 1990-ൽ കൾചറൽ മെഡലിയൻ പുരസ്കാരം നേടി. കലാറാണി പുരസ്കാരം, സിംഗപ്പൂർ ഫിലിം ആർട്സ് സൊസൈറ്റിയുടെ കലാരത്നം തുടങ്ങിയ പുരസ്കാരങ്ങളും അവരെ തേടിയെത്തി. ഇന്ത്യയിലും മലേഷ്യയിലും മറ്റു നിരവധി അംഗീകാരങ്ങളും ഇരുവരേയും തേടിയേത്തി. ഇപ്പോൾ സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റി, സെന്റർ ഫോർ ആർട്സിൽ അധ്യാപികയാണ് അവർ.

## മലയാളത്തിന്റെ ഭാവി

മലയാളികൾ സിംഗപ്പൂരിലെ ഇന്ത്യക്കാരിൽ ഗണ്യമായ വിഭാഗമാണെങ്കിലും മലയാളഭാഷയുടെ ഉപയോഗം പതിയെ കുറഞ്ഞുവരികയാണ്; അത്ഭുതകരമെന്നുപറയട്ടെ യുവാക്കളിൽ മാത്രമല്ല, പഴയ തലമുറയ്ക്കിടയിൽപ്പോലും. എങ്കിലും ആശ്വാസകരമായ ഒരു വസ്തുത മലയാളി സമൂഹത്തിൽ പ്രത്യേകിച്ചും യുവാക്കൾക്കിടയിൽ മലയാളം പഠിക്കാനുള്ള താത്പര്യം വീണ്ടും ഉയർന്നുതുടങ്ങിയതാണ്. മലയാളം സാംസ്കാരിക പരിപാടികൾ അവർ നല്ലതുപോലെ ആസ്വദിക്കുന്നു. ചാനലുകൾ ഇതിൽ പ്രധാനപങ്ക് വഹിക്കുന്നു. ഭാഷയുടെ പ്രോത്സാഹനത്തിനും കൂട്ടായ പ്രവർത്തനത്തിനും ഇത് മലയാളി സമൂഹത്തിന് പ്രേരണയായിട്ടുണ്ട്. വ്യത്യസ്ത വംശീയസമൂഹങ്ങളുടെ ഭാഷയും കലയും സംസ്കാരവും പോഷിപ്പിക്കാനുള്ള സിംഗപ്പൂർ സർക്കാരിന്റെ നയവും ഈ നവോത്ഥാനത്തിന് തുണയാവുന്നു. ലിറ്റിൽ ഇന്ത്യയിൽ ഒരു മലയാളി സാംസ്കാരിക പാരമ്പര്യകേന്ദ്രം തുറക്കാനുള്ള പദ്ധതിക്ക് ആക്കം കൂടിയിട്ടുണ്ട്.

ആശ്വാസകരമായ ഒരു വസ്തുത മലയാളി സമൂഹത്തിൽ പ്രത്യേകിച്ചും യുവാക്കൾക്കിടയിൽ മലയാളം പഠിക്കാനുള്ള താത്പര്യം വീണ്ടും ഉയർന്നുതുടങ്ങിയതാണ്. മലയാളം സാംസ്കാരിക പരിപാടികൾ അവർ നല്ലതുപോലെ ആസ്വദിക്കുന്നു. ചാനലുകൾ ഇതിൽ പ്രധാന പങ്ക് വഹിക്കുന്നു. ഭാഷയുടെ പ്രോത്സാഹനത്തിനും കൂട്ടായ പ്രവർത്തനത്തിനും ഇത് മലയാളി സമൂഹത്തിന് പ്രേരണയായിട്ടുണ്ട്.

## കൂട്ടായ്മയുടെ പാഠങ്ങൾ

ഒരേ മതവിശ്വാസം പങ്കിടുന്നവരല്ല സിംഗപ്പൂരിലെ മലയാളികൾ. ഹിന്ദുക്കളും മുസ്ലിങ്ങളും ക്രിസ്ത്യാനികളും തങ്ങളുടെ വ്യത്യസ്ത ആചാരവിശ്വാസങ്ങൾ പുലർത്തുന്നതിനിടയിലും അവരെ ഒന്നിപ്പിക്കുന്നത് മലയാളഭാഷയാണ്. മലയാളത്തിന്റെ സംസ്കാരവും പാരമ്പര്യവുമാണ് അവർ പങ്കിടുന്ന മൂല്യങ്ങൾ

സമീപവർഷങ്ങളിൽ അസംഖ്യം മലയാളികൾ പ്രവാസികളായി സിംഗപ്പൂരിലെത്തിയിട്ടുണ്ട്. സാംസ്കാരികമായി ഉയർന്നുചിന്തിക്കുന്ന മലയാളികളുടെ എണ്ണമേറുന്നതോടെ സിംഗപ്പൂർ മലയാളികളുടെ സാംസ്കാരികരംഗം ഇനിയും അഭിവൃദ്ധിപ്പെടുമെന്നാണ് പ്രത്യാശ. ■

ബാബു തളിയത്ത്
ലണ്ടൻ

# പ്രവാസിയുടെ ദേശീയത

പ്രവാസികളുടെ ഗൃഹാതുരത്വമെന്നത് വളരെ സമാന്യവത്ക്കരിക്കപ്പെട്ട ഒരാശയമാണ്. വിദേശത്ത് ദീർഘകാലം ജീവിച്ചുകഴിഞ്ഞിട്ടും മനസ്സു കൊണ്ട് മാതൃരാജ്യം വിട്ടുപോരാനാവാത്ത അവസ്ഥയ്ക്ക് ദേശ, സംസ്കാരഭേദങ്ങൾക്കതീതമായ സമാനതകളുണ്ട്. പ്രവാസിയുടെ മനസ്സ് സ്ഥല-സമയങ്ങളുടെ വർത്തമാനവുമായി പൊരുത്തപ്പെടാൻ വിസമ്മതിക്കുന്നു. അന്യദേശത്തെ സംസ്കാരത്തോടും ജീവിതരീതികളോടുമൊക്കെ ഇടപഴകിക്കഴിഞ്ഞെങ്കിൽത്തന്നെ സ്വദേശവും അവിടെ നിക്ഷേപിച്ച ഭൂതകാലവും പ്രവാസികളെ എന്നും പിന്തുടരുന്ന സ്മരണകളാകുന്നു. ഈ സ്മരണകൾ ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങൾക്കും വിരസതയ്ക്കുമിടയിൽ വൈരുധ്യമായി അനുഭവപ്പെട്ടുതുടങ്ങുന്നതോടെ പ്രവാസിയുടെ വ്യക്തിത്വം രൂപം കൊള്ളുന്നു. സ്വദേശത്തെ ഭൂതകാലം രൂപപ്പെടുത്തിയ മനസ്സ് വിദേശത്തെ ഭാഷ, സംസ്കാരം, കീഴ്വഴക്കങ്ങൾ, ജീവിത രീതികൾ എന്നിവയൊക്കെ നിർബന്ധിതമാക്കുന്ന വ്യക്തിത്വഭേദങ്ങൾക്ക് വഴങ്ങാതാവുന്നു. പ്രവാസിയുടെ മനസ്സിന് കാലത്തിനൊത്തു സഞ്ചരിക്കാനായില്ലെങ്കിൽ അതിന്റെ അടിസ്ഥാനം സ്വന്തം ചരിത്ര സാംസ്കാരിക പൈതൃകങ്ങളുടെ നിലയ്ക്കാത്ത പിൻവിളിയാണ്.

പ്രവാസികളിൽ ഭൂരിഭാഗവും ജോലി, ഉപജീവനം ഇവ ലക്ഷ്യമാക്കി വിദേശത്തു പോയവരും അവിടെ സ്ഥിരതാമസമാക്കിവരുമാണ്. വ്യത്യസ്ഥമായ തൊഴിലുകളിലേർപ്പെടുന്നെങ്കിലും പ്രവാസികളിലെ ഈ വലിയ വിഭാഗത്തിന് പൊതുവെ സമാനമായ കാഴ്ചപ്പാടുകളും പ്രശ്നങ്ങളുമാണുള്ളത്. എന്നാൽ ജോലി ചെയ്യുകയും ജീവിക്കുകയും ചെയ്യുന്ന രാജ്യത്തിന്റെ സംസ്കാരം, ഭാഷ, മതം ജീവിതരീതികൾ തുടങ്ങിയവ പ്രവാസിയുടെ വ്യക്തിത്വത്തിനെ നിർണയിക്കുന്ന ഘടകങ്ങളാവാം. പ്രവാസമെന്നത് ഒരു ആഗോള പ്രതിഭാസമാണെങ്കിലും പ്രവാസിക്ക് അയാൾ സ്വീകരിക്കേണ്ടിവരുന്ന ദേശീയതയുടെ മുഖ്യധാരയിൽനിന്ന് വേറിട്ടു നിൽക്കാനാവില്ല.

ഗൃഹത്തിനുള്ളിലെ സ്വദേശിയതയും ഗൃഹത്തിനു പുറത്ത് സമൂഹത്തിലും ജോലിസ്ഥലത്തുമുള്ള വിദേശീയതയും തമ്മിലുള്ള പൊരുത്തക്കേടുകൾ ഒരു പ്രവാസിയുടെ ദൈനംദിനാനുഭവങ്ങളാണ്. പ്രവാസത്തിന്റെ ആദ്യകാലങ്ങളിൽ ഇത്തരം പ്രശ്നങ്ങൾ കൂടുതലായി നേരിടേണ്ടിവരുന്നെങ്കിലും അവയൊക്കെ മാറികടക്കാനുള്ള ആത്മവിശ്വാസവും കുടുംബസാഹചര്യങ്ങളും പലർക്കുമുണ്ടാകാം. എന്നാൽ വിദേ






ശത്തു ജനിച്ച സ്വന്തം കുട്ടികൾ വളരുന്നതോടെ അവർ സ്വാംശീകരിക്കുന്ന വിദേശീയത സ്വദേശ പാരമ്പര്യം നിലനിർത്തിപ്പോകുന്ന കുടുംബത്തിനുള്ളിൽ -മതാചാരങ്ങളും മനുഷ്യബന്ധങ്ങളും തൊട്ട് ഭക്ഷണരീതി വരെയുള്ള കാര്യങ്ങളിൽ - സംഘർഷങ്ങൾ സൃഷ്ടിക്കുന്നു. സ്വദേശവും വിദേശവുമായി സാംസ്കാരികമായുള്ള സാമ്യവ്യത്യാസങ്ങളായിരിക്കും ഈ സംഘർഷങ്ങളുടെ ആഴവും സ്വഭാവവും നിർണയിക്കുക. ഉദാഹരണത്തിന് ജർമനിയിലെ മലയാളികൾക്ക് ഗൾഫിലെ മലയാളികളേക്കാൾ വിദേശത്തുള്ള ഒറ്റപ്പെടൽ അനുഭവിക്കേണ്ടതായി വരും. ഈ അടിസ്ഥാനത്തിൽത്തന്നെ ഇംഗ്ലണ്ടിലെ പ്രവാസാനുഭവം ഇംഗ്ലീഷ് തന്നെ ഭൂരിപക്ഷ ഭാഷയായ അമേരിക്കയുടേതിൽനിന്ന് വ്യത്യസ്തമായിരിക്കും.

പ്രവാസത്തിന്റെ ഈ മുഖ്യധാരയിൽനിന്ന് വേറിട്ടുനിൽക്കുന്ന അക്കാദമിക് പ്രവാസികളെക്കുറിച്ചാണ് ഇനി പറയാനുള്ളത്. പ്രഥമ ബിരുദത്തിനോ ഉപരിപഠനത്തിനോവേണ്ടി വിദേശത്തു പോകുകയും വർഷങ്ങളോളം നീണ്ട പഠനത്തിനും ഗവേഷണത്തിനും ശേഷം ഏകദേശം ഒരു പ്രവാസിയുടെ ജീവിതം നയിക്കേണ്ടിവരുന്നവരാണ് ഈ വിഭാഗത്തിലുള്ളത്. ഉപരിപഠനത്തിനായി വിദേശത്തുപോയ വിദ്യാർഥികളിൽ നല്ലൊരു ഭാഗവും പഠനത്തിനും ഗവേഷണത്തിനും ശേഷം ജോലി സമ്പാദിച്ച് വിദേശരാജ്യങ്ങളിൽ സ്ഥിരതാമസമാക്കണമെന്നാഗ്രഹിക്കുന്നെങ്കിലും ഉപജീവനത്തിനായി വിദേശത്തുപോയവരിൽനിന്നും അവർ പലകാര്യങ്ങളിലും വ്യത്യസ്തരാണ്. ഭാരതത്തിൽ നിന്നും വിദേശത്തേക്ക് പോകേണ്ടിവരുന്ന സാഹചര്യങ്ങളിൽ ഈ രണ്ടു വിഭാഗങ്ങളും ചില പൊതുവായ കാരണങ്ങൾ പങ്കുവയ്ക്കുന്നുണ്ടാവാം. എന്നാലൊരു അക്കാദമിക് പ്രവാസിയെ ഏറ്റവും ആകർഷിക്കുന്ന ഘടകങ്ങൾ ഭാരതത്തിലെ വിദ്യാഭ്യാസരംഗത്തെ അപേക്ഷിച്ച് വിദേശ സർവകലാശാലകളിൽ നിലനിൽക്കുന്ന അക്കാദമിക് സ്വാതന്ത്ര്യം, പഠനത്തിന്റെയും ഗവേഷണത്തിന്റെയും ഉയർന്ന നിലവാരം, മികച്ച പുസ്തക ശാലകൾ, ലോകമെങ്ങും നിന്നു വരുന്ന വിദ്യാർഥികളും ഗവേഷകരുമായുള്ള സമ്പർക്കം, ഗവേഷണത്തിനു മുൻതൂക്കം കൊടുക്കുന്ന പഠന സമ്പ്രദായം, ക്യാംപസുകളിലെ പൂർണമായ സെക്യുലറിസം, സ്ത്രീ പുരുഷ സമത്വം തുടങ്ങിയവയാണ്. അക്കാദമിക് പ്രവാസികൾ - പ്രത്യേകിച്ച് ഹ്യുമാനിറ്റീസ് വിഷയങ്ങളിൽ പഠനവും ഗവേഷണവും നടത്തുന്നവർ - വിദേശ സംസ്കാരവുമായി അടുത്തിടപഴകാനുള്ള സാധ്യത വളരെ കൂടുതലാണ്. അതിനുള്ള പ്രധാന കാരണം വിദേശ ഭാഷയിലുള്ള

> സ്വദേശത്തെ ഭൂതകാലം രൂപപ്പെടുത്തിയ മനസ്സ് വിദേശത്തെ ഭാഷ, സംസ്കാരം, കീഴ്‌വഴക്കങ്ങൾ, ജീവിത രീതികൾ എന്നിവയൊക്കെ നിർബന്ധിതമാക്കുന്ന വ്യക്തിത്വ ഭേദങ്ങൾക്ക് വഴങ്ങാതാവുന്നു. പ്രവാസിയുടെ മനസ്സിന് കാലത്തിനൊത്തു സഞ്ചരിക്കാനായില്ലെങ്കിൽ അതിന്റെ അടിസ്ഥാനം സ്വന്തം ചരിത്ര സാംസ്കാരിക പൈതൃകങ്ങളുടെ നിലയ്ക്കാത്ത പിൻവിളിയാണ്

നൈപുണ്യം തന്നെ. എന്നാൽ വിദേശ ഭാഷ മാതൃഭാഷപോലെതന്നെ കൈകാര്യം ചെയ്യാൻ കഴിഞ്ഞാലും ഇവർക്ക് മറ്റുള്ളവരെയപേക്ഷിച്ച് തികഞ്ഞ ഭാഷാപ്രവാസികളാകാനുള്ള പ്രവണതയുണ്ട്. വിദേശ ഭാഷയോടുള്ള താത്പര്യവും സ്നേഹവും ഇത്തരക്കാരെ മാതൃഭാഷയിൽ നിന്നകറ്റുന്നില്ല, പകരം കൂടുതലായി അടുപ്പിക്കുന്നതേയുള്ളൂ.

ഒരാൾ പ്രവാസിയാകുന്നത് വ്യത്യസ്തമായ സാഹചര്യങ്ങളിൽനിന്നാകാം. വിദേശ സംസ്കാരത്തിൽ അംഗീകരിക്കപ്പെടുമെന്ന മോഹത്തിന് ഭംഗമേൽക്കുകയും അന്യദേശത്ത് സാമൂഹികമായും രാഷ്ട്രീയമായും തിരസ്കൃതരാകുന്നു എന്ന ധാരണ ശക്തമാകുകയും ചെയ്യുമ്പോഴാണ് പൊതുവേ പ്രവാസി ജനിക്കുന്നത്. വിദേശത്തു ജീവിക്കേണ്ടിവന്ന പലരുടെയും ഭൂതകാലത്തിൽ സ്വദേശത്തുനിന്നുണ്ടായ തീക്ഷ്ണമായ അനുഭവങ്ങൾ മറഞ്ഞുകിടപ്പുണ്ട്. വിദേശത്തു വന്നശേഷം ആദ്യകാലങ്ങളിൽ സ്വദേശവുമായി അകന്നുനിൽക്കാൻ പലരെയും പ്രേരിപ്പിച്ചത് ഇത്തരം സാഹചര്യങ്ങളാണ്. എന്നാൽ വിദേശവാസം ഇതിനു പരിഹാരമാവുന്നില്ലെന്നത് വൈകിയെത്തിയ അറിവാകുമ്പോൾ പ്രവാസിയിൽ സ്വദേശാഭിനിവേശവും ഗൃഹാതുരത്വവും ഉടലെടുക്കുന്നു. തിരികെ സ്വദേശത്തു വരുമ്പോഴോ വിദേശത്തിന്റെ പഴയ ആകർഷണം വീണ്ടും ശക്തമാകുന്നു. പിന്നീട് വിദേശത്തുതന്നെ സ്വദേശം സൃഷ്ടിക്കാനുള്ള വിഫലശ്രമങ്ങളിലായിരിക്കും ഭൂരിഭാഗം പ്രവാസികളും ഏർപ്പെടുക.

ഇങ്ങനെ ഒരു പ്രവാസി തന്റെ ജീവിതത്തിൽ രണ്ടുതരം തിരസ്കാരങ്ങൾ - സ്വദേശത്തുനിന്നും വിദേശത്തുനിന്നും - നേരിടുകയും അതിനുള്ളിൽ നിന്ന് ജീവിക്കാൻ നിർബന്ധിതനായിത്തീരുകയും ചെയ്യുന്നു. ഈ സാഹചര്യം ഒരു ജർമൻ പഴഞ്ചൊല്ലിനെ അന്വർഥമാക്കുന്നു. Einmal Ausländer, immer Ausländer! (ഒരാൾ ഒരിക്കൽ വിദേശിയായാൽ എന്നും വിദേശിയാവാൻ വിദേശത്തും സ്വദേശത്തും വിധിക്കപ്പെട്ടിരിക്കുന്നു).

എന്നാൽ അക്കാദമിക് പ്രവാസിക്ക് ഇങ്ങനെയുള്ള തിരസ്കാരങ്ങൾ അനുഭവിക്കേണ്ടിവരണമെന്നില്ല. സ്വദേശത്തിനോടു തോന്നിയ അകൽച്ചയാകണമെന്നില്ല ഒരു വിദ്യാർഥിയെ വിദേശത്തു പോകാൻ പ്രേരിപ്പിച്ചത്. വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും ശേഷം വിദേശ സമൂഹത്തിൽ അയാൾ കൂടുതൽ അംഗീകാരം തേടാനാണ് സാധ്യത. വിദേശഭാഷയിലെ പ്രാവീണ്യവും അതുവഴി വിദേശ സംസ്കാരവുമായി വളരെ അടുക്കാനുമുള്ള സാഹചര്യങ്ങളുമാണ് ഇതിന്റെ പ്രധാന അടിസ്ഥാനം. ഇവിടെ സ്വദേശാഭിമാനവും വിദേശ സംസ്കാരത്തോടുള്ള ആഭിമുഖ്യവും ഒരു സന്തുലിതാവസ്ഥയിലെത്തുന്നു. ഇത്തരമൊരവസ്ഥയിലും ഒരു അക്കാദമിക് പ്രവാസിയുടെ ഗൃഹാതുരത്വം കുറയുന്നില്ല, പ്രായം കൊണ്ട് കൂടുന്നതേയുള്ളൂ. എന്നാൽ തിരികെ സ്വദേശത്തുവരുമ്പോൾ മറ്റു പ്രവാസികളെപ്പോലെതന്നെ മാറിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ അയാൾക്കു കഴിഞ്ഞെന്നു വരില്ല. സ്വദേശത്തും വിദേശത്തും ചേരാത്ത പ്രവാസിയുടെ നിഴൽ അയാളെ പിന്തുടർന്നുകൊണ്ടേയിരിക്കും. സ്വന്തം വ്യക്തിത്വത്തിൽ സംഭവിച്ച മാറാത്ത ഈ വ്യതിയാനത്തിലും ഒരു പ്രവാസിയുടെ മനസ്സിനെ സമ്പന്നമാക്കുന്നത് അയാൾ നേടിയ ചരിത്രാവബോധമാണ്. വിദേശത്തുനിന്നു നിരീക്ഷിക്കുമ്പോൾ സ്വദേശികൾക്കു കാണാൻ കഴിയാത്ത സ്വദേശ ചരിത്രത്തിന്റെ വ്യാപ്തിയും അതിർവരമ്പുകളും കൂടുതൽ തെളിഞ്ഞു വരുന്നു. അതുപോലെതന്നെ പ്രവാസികൾക്ക് വിദേശികളുടെ വീക്ഷണത്തിൽപ്പെടാതെ പോകുന്ന വിദേശ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും മാനങ്ങൾ കാണാൻ കഴിയും. ഇങ്ങനെ ഗൃഹാതുരത്വത്തിന്റെ ശക്തമായ പിൻവിളിയിലും പ്രവാസിക്ക് സ്വന്തം ചരിത്രബോധത്തിൽ മുമ്പോട്ടു പോകാൻ കഴിയുന്നു. ഇതാവാം പ്രവാസത്തിന്റെ സാധാരണമായ എല്ലാ ലാഭനഷ്ടങ്ങളും കണക്കുകൂട്ടിയതിനുശേഷം ബാക്കിയാവുന്ന മുതൽക്കൂട്ട്. ഈ സമ്പന്നതയ്ക്ക് സ്വദേശത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക-സാമൂഹിക ഭാവിക്ക് കാര്യമായി സംഭാവന ചെയ്യാൻ കഴിയുമോയെന്ന് ചിന്തിക്കേണ്ടതുണ്ട്. ■

■ മുരളി വെട്ടത്ത്
ലണ്ടൻ

# യൂറോപ്പിൽ ഒരു മലയാളി



ആവാസവ്യവസ്ഥ മറ്റൊരിടത്തേക്ക് പറിച്ചുനടുമ്പോൾ ഒരാൾ പ്രവാസിയാകുന്നു. എന്നാൽ മലയാളിയെ സംബന്ധിച്ചിടത്തോളം ഗൾഫിൽ പോയവനാണ് യഥാർഥ പ്രവാസി. മുംബൈ, ദില്ലി, ഹൈദരാബാദ് തുടങ്ങിയ സ്ഥലങ്ങളിലെല്ലാം അതിജീവനത്തിനായി എത്തപ്പെട്ടവർക്ക് ആ പേര് ചാർത്തിക്കൊടുക്കാൻ നാം തയാറല്ല. കേരളത്തിന്റെ സമ്പദ് ഘടനയിൽ പ്രവാസി മലയാളികൾ നൽകുന്ന സംഭാവനകളിലും ഗൾഫ് മലയാളികൾക്കാണ് പ്രാധാന്യം. എങ്കിലും പഴയ പ്രതാപങ്ങളൊന്നും മണലാരണ്യങ്ങളിലേക്ക് പണി അന്വേഷിച്ച് പോകുന്നവർക്ക് ഇപ്പോഴില്ല. ഇറാൻ-ഇറാക്ക് യുദ്ധങ്ങൾ, കുവൈത്ത് അധിനിവേശം, ഇറാക്ക് നേരിട്ട ദുരന്തങ്ങൾ അങ്ങനെ സംഘർഷ ഭീതി നിറഞ്ഞ കാലങ്ങളും സാമ്പത്തിക മാന്ദ്യവുമൊക്കെ അതിനു കാരണമായി.

പ്രവാസി ഭാരതീയ ദിവസം

1987 ൽ ഉപജീവനാർഥമാണ് ഞാൻ ദുബായിൽ എത്തിപ്പെടുന്നത്. ഗൾഫ് മലയാളിക്ക് നാട്ടിൽ ഗമയുള്ള സമയം. ദുബായിയിലെ ആനന്ദിക്കാനും കാശുണ്ടാക്കാനും മാത്രമുള്ള ദിനരാത്രങ്ങൾ എന്നെ മടുപ്പിച്ചു. അവിടെയുള്ള എല്ലാവരും ഒരു തിരിച്ചുപോക്ക് പ്രതീക്ഷിക്കുന്നുണ്ട്. അമേരിക്കയിലും മറ്റ് യൂറോപ്യൻ രാജ്യങ്ങളിലുമെല്ലാം പൗരത്വം ലഭിക്കാനുള്ള സാധ്യതയുണ്ട്. ഇവിടെ അങ്ങനെയല്ല. ഒരു അന്യതാബോധം നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കും. അതുകൊണ്ടുതന്നെ പൊങ്ങച്ചം കുറവാണ്. മറ്റ് രാജ്യങ്ങളിലെ പ്രവാസികളിൽ അത് അൽപം കൂടുതലാണ്. ദുബായിയിൽ ഞാൻ അഡ്മിനിട്രേറ്റീവ് അസിസ്റ്റന്റായി രണ്ടരവർഷം ജോലി ചെയ്തു. പിന്നെ അവിടം വിട്ട് ലണ്ടനിലേക്ക് യാത്രയായി.

ലണ്ടനിൽ പ്രവാസികൾ കുറച്ചുകൂടി ആത്മവിശ്വാസമുള്ളവരാണ്. ആ രാജ്യത്തിന്റെ രീതികളും ഭരണഘടനാസംവിധാനങ്ങളുമൊക്കെ മനസ്സിലാക്കി മുഖ്യധാരയിൽ ഒത്തുചേർന്നതോടെ അവിടം എനിക്ക് ആർഷകമായി. മലയാളി കൾച്ചറൽ ഫോറം, മറ്റ് സംഘടനകൾ എന്നിവയിലെല്ലാം ചേർന്ന് പ്രവർത്തിക്കാൻ സാധിച്ചിരുന്നു. എന്നാൽ പലപ്പോഴും പ്രവാസി മലയാളികൾ സ്വന്തം സംസ്കാരത്തിന്റെ ഉൾപ്പുളകത്തിലും പ്രതീകാത്മകതയിലുമൊക്കെ മാത്രം മുങ്ങിജീവിക്കുന്നത് ശരിയല്ലെന്ന് തോന്നി. വിഭാഗീയമായ ജീവിതരീതിക്കു പകരം നാം വസിക്കുന്ന സംസ്കാരത്തിന്റെ തനിമ കൂടി ഉൾക്കൊള്ളുമ്പോഴാണ് ഒരു രാഷ്ട്രത്തിലെ സാമൂഹികജീവിതം സുന്ദരമാകുന്നത്.

നോർത്ത് ലണ്ടനിലെ ഈസ്റ്റ് ഫിൻച്ലിയിലാണ് ഞാൻ ആദ്യം താമസിക്കാനെത്തിയത്. അന്ന് മാർഗരറ്റ് താച്ചറായിരുന്നു അവിടെ എം.പി. ഇംഗ്ലീഷുകാരനോട് ഒരു അടിമത്തബോധം ഇന്ത്യക്കാരന് ഇപ്പോഴുമുണ്ടെന്ന് പലരും പറയാറുണ്ട്. അത് മിഥ്യാബോധമാണെന്ന് എനിക്കു തോന്നുന്നു. അവരുടെ പഴയ വെട്ടിപ്പിടുത്തങ്ങളൊക്കെ ചരിത്രമായിരിക്കുന്നു. പുതിയകാലത്തിലെ പൗരനായാണ് നാം പ്രത്യക്ഷപ്പെടേണ്ടത്. ബ്രിട്ടന്റെ തെരുവീഥികളിൽ കൊളോണിയലിസത്തിന്റെ ശേഷിപ്പുകൾ ധാരാളമുണ്ട്. കീഴടക്കലിന്റെയും കൊലപാതകത്തിന്റെയും കണക്കിൽ മുന്നിലെത്തിയവരുടെ പ്രതിമകൾ അനുയോജ്യമാംവിധം പരിപാലിക്കപ്പെടുന്നു. എന്നാൽ ജനാധിപത്യത്തിനും പൗരനും വളരെയേറെ വിലകൽപ്പിക്കുന്ന രാഷ്ട്രമായി അത് മാറിയിട്ടുണ്ട്. ആഭ്യന്തര തലത്തിൽ അങ്ങനെയെങ്കിലും ആഗോള സമീപനത്തിൽ അഭിപ്രായവ്യത്യാസങ്ങൾ ധാരാളമുണ്ട്. സ്വാതന്ത്ര്യാനന്തരം ഇന്ത്യ വിട്ടുപോയ ചിലരെ ലണ്ടനിൽവെച്ച് പരിചയപ്പെടുകയുണ്ടായി. ഒരാൾ കഥകളി പ്രേമി, മറ്റൊരാൾ പൂനെയിൽ പട്ടാള സേവനം അനുഷ്ഠിച്ച ബ്രിട്ടീഷുകാരൻ. നമ്മൾ ഒരു കാലത്ത് ഗൾഫിൽ പോകുന്ന അവസ്ഥയിലായിരുന്നു സാധാരണ ബ്രിട്ടീഷ് പട്ടാളക്കാരുടെ ഇന്ത്യയിലേക്കുള്ള വരവ്. ഭാര്യയെയും കുട്ടികളെയുമൊന്നും ഒപ്പം കൂട്ടാൻ അനുവാദമില്ല. ഒറ്റപ്പെട്ട ജീവിതത്തിന്റെ വിഹ്വലത തീർക്കാൻ ബ്രിട്ടീഷ് സർക്കാർ അനൗദ്യോഗികമായി അവർക്ക് പല സൗകര്യങ്ങളും ചെയ്തുകൊടുത്തിരുന്നു. അങ്ങനെയൊരാളാണ് റോബർട്ട്. യുദ്ധത്തിനും പിടിച്ചടക്കലിനുമൊന്നും ആവശ്യമില്ലാത്ത സാധാരണ പട്ടാളക്കാരൻ.

2007 മുതൽ ലണ്ടനും സാമ്പത്തികമാന്ദ്യത്തിന്റെ പിടിയിലാണ്. ഇപ്പോഴും അതു തുടരുന്നു. തൊഴിലാഴി വർഗത്തിൽ 10 ശതമാനത്തോളമാണ് തൊഴിൽ രഹിതർ. പ്രവാസികളാണ് ഏറ്റവും ആശങ്കയിൽ ജീവിക്കുന്നത്. ബ്രിട്ടീഷുകാരല്ലാത്ത ഏതൊരാളുടെയും ജോലി എപ്പോൾ വേണമെങ്കിലും പോകാമെന്ന അവസ്ഥയാണ്.

സാമ്പത്തിക രംഗത്ത് യൂറോപ്യൻ രാജ്യങ്ങൾക്കുണ്ടായ തിരിച്ചടി അവരെ കൂടുതൽ കരുതലോടെ നീങ്ങാൻ പ്രേരിപ്പിച്ചിട്ടുണ്ട്. രാഷ്ട്രീയ ധാർമികത തെല്ലുമില്ലാത്ത രാജ്യങ്ങളാണിത്. സമകാലിക ലോകത്ത് പടിഞ്ഞാറൻ രാഷ്ട്രങ്ങളിൽ നിന്ന് ഉദിച്ചുവരുന്ന ആശയങ്ങളിലെല്ലാം അധീശത്വത്തിന്റെ വിത്തുകളുണ്ട്. അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പീസ് ഇതിന് ഉദാരഹണമാണ്. സമാധാന ഇടനിലക്കാരന്റെ റോളുകളിൽ എത്തുന്നവർ പലരും യഥാർഥ മുന്നേറ്റങ്ങളെ ചെറുക്കാനും പ്രതിവിപ്ലവങ്ങളെ പ്രോത്സാഹിപ്പിക്കാനും രംഗത്തെത്തുന്നവരാണ്. മുല്ലപ്പൂ വിപ്ലവം എന്ന പേരുതന്നെ നോക്കുക. കാല്പനികതയും വിപ്ലവവും ചേർന്ന സുഖകരമായ പേര്. അണ്ണാ ഹസാരെയുടെ മുന്നേറ്റങ്ങൾക്കു നൽകിയ പിന്തുണ നോക്കുക. അഴിമതി വളരെ ജനകീയമായ വിഷയ



മാണ്. അത് പ്രതിരോധിക്കാൻ ശാസ്ത്രീയ മാർഗങ്ങളൊന്നും വിലപ്പോവില്ലെന്നു മന സ്സിലാക്കി ഗാന്ധിയൻ മാതൃകയിൽ ഒരു ആൾക്കൂട്ടം. അതിങ്ങനെതന്നെ എരിഞ്ഞു തീരുമെന്ന് ഏവർക്കുമറിയാം. ഇതിനിടയിൽ രാഷ്ട്രീയ സാമ്പത്തിക ഇടങ്ങളിൽ കുത്ത കകൾ സൃഷ്ടിക്കുന്ന നയങ്ങൾ അർഹത പ്പെട്ട രീതിയിൽ പ്രതിരോധിക്കാൻ കഴിയു ന്നില്ലെന്ന ദുരവസ്ഥയുണ്ട്. ഒബാമ അധി കാരത്തിലേറിയ ശേഷം ആദ്യയാത്ര ബർമ യിലേക്കാണ്. അത്രയൊന്നും പ്രസക്തമ ല്ലാത്ത ആ രാജ്യം ചൈനയുടെ അതിർത്തി പ്രദേശമാണ്. സിറിയ പോലുള്ള ഒറ്റപ്പെട്ട രാജ്യങ്ങളുടെ പിണ ക്കങ്ങളും കൂടി അടിച്ചമർത്തിയാൽ പിന്നെ കിഴക്കൻ രാജ്യങ്ങളിൽ തന്നെയാണ് അവ രുടെ കണ്ണ്. 1990 ൽ ഞാൻ ലണ്ടനിൽ എത്തുമ്പോൾ അവിടെ ആഭ്യന്തരസ്ഥിതി മെച്ചമായിരുന്നു. ഇവിടെയും ഉദാരവത്ക രണത്തിന്റെ, സാമ്പത്തിക മാറ്റങ്ങളുടെ കാലമായിരുന്നു അത്.

ലണ്ടനിലെ ജോലിയും പഠനവും ലക്ഷ്യമിട്ടാണ് ഞാനെത്തിയത്. കാറ്ററിങ് മേഖലയിലെ തൊഴിലും ഒപ്പം ചില ഡിഗ്രി കളും സമ്പാദിക്കാൻ കഴിഞ്ഞു. അക്കാല ത്താണ് ജപ്പാൻകാരി മിച്ചുരു ആബെയു മായി പ്രണയിത്താലാകുന്നത്. തുടർന്ന്

**പുതിയ തലമുറ നിസ്സാര മായി ഐ ഫോണുക ളുടെ സാധ്യതകൾ കണ്ടെത്തുന്നു. ഒരെണ്ണം കേടായാൽ മറ്റൊന്ന് വാങ്ങാമെന്ന സാമ്പത്തിക സുരക്ഷിതത്വവും അവനു ണ്ട്. ജപ്പാന്റെ പാരമ്പര്യ ത്തിൽ കൃഷി ക്കൊപ്പംതന്നെ ടെക്നോ ളജിയും സാധാരണ ജീവി തോപാധിയായിട്ട് വർഷ ങ്ങൾ കഴിഞ്ഞു**

വിവാഹം. 14 വയസ്സുള്ള മകൻ രാമു ലണ്ട നിൽ തന്നെ പഠിക്കുന്നു. ജപ്പാൻ എന്ന രാജ്യവുമായി ആഴത്തിൽ ഇടപെടാൻ എനിക്കു സാധിച്ചിട്ടുണ്ട്. ഞാനും രാമുവും ജപ്പാനിൽ പോകാറുണ്ട്. മിച്ചുരുവും രാമുവും ഇരിങ്ങാലക്കുടയിൽ എന്റെ വീട്ടിലും വരും, ദേശാന്തരങ്ങളുടെ വ്യത്യാ സങ്ങളൊന്നും ഞങ്ങളുടെ ദാമ്പത്യത്തിൽ അനുഭവപ്പെട്ടിട്ടില്ല. മറിച്ച് സാംസ്കാരിക വൈരുധ്യങ്ങളും രുചിഭേദങ്ങളുമൊക്കെ അടുത്തറി യാനുള്ള സാധ്യതയാണ് തുറന്നിട്ട ത്. ജപ്പാനിലെ നാര, കിയോട്ട എന്നീ സ്ഥലങ്ങളാണ് എനിക്ക് ഏറ്റവുമിഷ്ടം. ഓസ്ട്രേലിയ ഒഴിച്ച് മറ്റു പ്രധാന സ്ഥലങ്ങളിലെല്ലാം സഞ്ചരിച്ചിട്ടുള്ള എനിക്ക് ഈ പ്രദേ ശങ്ങളുടെ ഭൂപ്രകൃതിയും പരിപാ ലനവുമൊക്കെയാണ് ആകർഷിച്ച ത്. മെട്രോപൊളിറ്റൻ നഗരങ്ങളിൽ ലണ്ടനും ന്യൂയോർക്കുമാണ് നന്നാ യിരിക്കുന്നത്. ലണ്ടനിൽ ദേശഭേദ ങ്ങളില്ലാതെ ഒന്നിച്ചു കഴിയുന്ന സാംസ്കാരിക ഇടങ്ങളുണ്ട്. എന്നാൽ ന്യൂയോർക്കിൽ ആൾക്കാർ വിഭാഗീയമായി ജീവി ക്കുന്നു. രണ്ടും വലിയ നഗരങ്ങളെ ങ്കിലും മാനുഷികതയുടെ മുഖം ലണ്ടനു തന്നെ.



ജപ്പാനിലും വ്യത്യസ്ത അഭി രുചികളുടെ ലയനം കാണാം. സുമോ ഗുസ്തിക്കാർ, മെലിഞ്ഞു സുന്ദരികളായ സിനിമാനടിമാരുടെ പ്രണയജോഡികളാകുന്നു. ചേരിക ളിലും വലിയ നഗരങ്ങളിലും കാണുന്ന വ്യത്യസ്ത ജീവിതരീതി ക്കാർ പെട്ടെന്ന് ഇണങ്ങുന്നു. വ്യത്യ സ്തതകൾ ഉൾക്കൊള്ളാൻ ഈ രാജ്യ ത്തിന് ഒരു പ്രയാസവുമില്ല. അധ്വാനശീ ലത്തിൽ മുന്നിട്ടു നിൽക്കുന്ന ജപ്പാൻ ജന തയുടെ ആഹാരരീതികളും വിശേഷമാണ്. എന്റെ ലണ്ടനിലുള്ള വീട്ടിൽ മിച്ചൂരി ജാപ്പ നീസ്, ഇറ്റാലിയൻ വിഭവങ്ങൾ തയാറാ ക്കും. മലയാളി ചേരുവകകളൊക്കെ എന്റെ വകയാണ്. ഓരോ രുചിയുടെ രീതികളും അവരുടെ സാംസ്കാരിക പൈതൃകവു മായി വളരെ ബന്ധപ്പെട്ടു കിടക്കുന്നുണ്ട്.


സാങ്കേതികവിദ്യയുടെ കാര്യത്തിലും പടിഞ്ഞാറൻ യുവാക്കളുടെ ചാതുര്യം ജാപ്പനീസിനുണ്ട്. മലയാളികളായ നമുക്ക് റേഡിയോ ഓൺചെയ്യാൻ പോലും ഒരുകാ ലത്ത് പേടിയായിരുന്നു. പട്ട് വിരിച്ച് മുക ളിൽ വെച്ചിരിക്കുന്ന യന്ത്രം കേടാകും എന്ന ശാസനകേട്ടാണ് പലരും വളർന്നത്. ഇപ്പോഴും സാങ്കേതിക അറിവിനോടുള്ള ഭയം മാറിയിട്ടില്ല. എന്നാൽ പുതിയ തല മുറ നിസ്സാരമായി ഐ ഫോണുകളുടെ സാധ്യതകൾ കണ്ടെത്തുന്നു. ഒരെണ്ണം കേടായാൽ മറ്റൊന്ന് വാങ്ങാമെന്ന സാമ്പത്തിക സുരക്ഷിതത്വവും അവനുണ്ട്. ജപ്പാന്റെ പാരമ്പര്യത്തിൽ കൃഷി ക്കൊപ്പംതന്നെ ടെക്നോളജിയും സാധാ രണ ജീവിതോപാധിയായിട്ട് വർഷങ്ങൾ കഴിഞ്ഞു.

സഞ്ചാരജീവിതം നമുക്ക് പലതും തിരുത്തിതരും. സ്വന്തം രാജ്യത്തിന്റെ പുരോഗതിയും തളർച്ചയുമൊക്കെ ലോക ത്തിന്റെ മറ്റൊരു കോണിൽ നിന്നുള്ള കാഴ്ചയിൽ പുതിയ അറിവുകളാണ് നൽകു ന്നത്. ഹണ്ടർ എം. തോംസൺന്റെ ഡ്രഗ്സി നെക്കുറിച്ചുള്ള പുസ്തകം വായിച്ചപ്പോ ഴാണ് മുകന്ദന്റെ ലഹരിയെഴുത്തുകൾ ബാലിശമായി തോന്നിയത്. അസ്തിത്വബോ ധവും, ഏകാന്തതയുമെല്ലാം ഒരു മലയാളി വായനയ്ക്ക് അപ്പുറം തിരിച്ചറിയാൻ നമുക്ക് സാധിക്കും. ലോക പൗരന്മാരുടെ അന്യവത്കരണവും സാമൂഹികബോധവു മൊക്കെ ഇടപെടലുകളിലൂടെ തിരിച്ചറിയേ ണ്ടതാണ്. ഇരിങ്ങാലക്കുട ചേറൂരിൽ ജനിച്ച എന്റെ ചെറുപ്പം പൊതുപ്രവർത്തനത്തി ന്റെയും വായനയുടേതുമായിരുന്നു.

നാട്ടിൽ നിന്ന് യാത്രതിരിക്കുമ്പോൾ മനുഷ്യനെ അറിയാനുള്ള വ്യഗ്രതയും ഉപ ജീവനവുമായിരുന്നു മുന്നിൽ. ഇപ്പോഴും വർഷത്തിൽ രണ്ടുതവണ നാട്ടിൽ വരും. ഏഷ്യ, മധ്യേഷ്യ, യൂറോപ്പ് തുടങ്ങിയ രാജ്യങ്ങളുടെ സാമ്പത്തികവും സാമൂഹി കവുമായ തലങ്ങളിൽ സങ്കീർണമായ മാറ്റ ങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിട്ടുണ്ട്. പുതിയ ടെക്നിക്കൽ യുഗത്തിന്റെ ഉരക ല്ലിൽ അത് എത്രത്തോളം നിരീക്ഷി ക്കാനാകും എന്ന ആവേശത്തിലാണ് ഞാൻ. ■

■ അജിത് വെണ്ണിയൂർ

# പോരാളിയായ പ്രവാസി



മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽ

ഇന്ത്യ ഒരു പ്രവാസി ദിവസം ആഘോഷിക്കുമ്പോൾ രാജ്യത്തെ ഏറ്റവും പ്രമുഖനും പ്രസിദ്ധനുമായ പ്രവാസിയെ മറക്കുക അസാദ്ധ്യം തന്നെ. 21 വർഷത്തെ അതിസാഹസികമായ പ്രവാസത്തിനുശേഷം ദക്ഷിണാഫ്രിക്കയിൽ നിന്ന് ബാരിസ്റ്റർ മോഹൻ ദാസ് കരംചന്ദ് ഗാന്ധി എന്നേക്കുമായി ഇന്ത്യയിൽ തിരിച്ചെത്തിയ ദിവസം തന്നെ പ്രവാസി ദിനാചരണത്തിനായി തിരഞ്ഞെടുത്തത് പ്രവാസികളുടെ ത്യാഗത്തേയും സേവനങ്ങളേയും രാജ്യം എത്രമാത്രം അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു എന്നതിന്റെ തെളിവാണ്.

എല്ലാ അർഥത്തിലും പ്രാതിനിധ്യസ്വഭാവമുള്ള ഒരു പ്രവാസിയായിരുന്നു ഗാന്ധിജി. ആദ്യം വിദ്യാഭ്യാസത്തിനു വേണ്ടി ഇംഗ്ലണ്ടിലേക്ക്; പിന്നെ തൊഴിലിനായി ദക്ഷിണാഫ്രിക്കയിലേക്ക്. അവിടെ ദീർഘനാൾ നീണ്ട പോരാട്ടങ്ങൾ, പരീക്ഷണങ്ങൾ, കഠിനമായ ത്യാഗങ്ങൾ, ഒടുവിൽ പിറന്ന നാടിന്റെ മോചനത്തിനു വേണ്ട സന്നാഹവും 'സമരായുധങ്ങ'ളുമായി ഐതിഹാസികമായ മടക്കയാത്ര... സമാനതകളില്ലാത്ത പ്രവാസജീവിതവും സമരചരിത്രവും കൊണ്ട് തീർത്തും വ്യത്യസ്തമാണ് ഗാന്ധിജിയുടെ ദക്ഷിണാഫ്രിക്കൻ ജീവിതഘട്ടം.

## പ്രഥമ പ്രവാസം ഇംഗ്ലണ്ടിൽ

മെട്രിക്കുലേഷൻ പാസ്സായശേഷം നിയമപഠനത്തിനായാണ് 1888 ൽ ഗാന്ധിജി ലണ്ടനിലേക്ക് കപ്പൽ കയറിയത്. ബന്ധുക്കളുടെയും ജാതിനേതാക്കളുടെയും കഠിനമായ എതിർപ്പുകളെ അദ്ദേഹത്തിന് നേരിടേണ്ടിവന്നു. കടൽകടക്കുന്നത് ജാത്യാചാരത്തിനു വിരുദ്ധമായതിനാൽ ജാതിഭ്രഷ്ടനായി. അതൊന്നും വകവെക്കാതെ ലണ്ടനിലെത്തിയപ്പോഴാകട്ടെ പലവിധ പ്രലോഭനങ്ങളെയും പരീക്ഷണങ്ങളെയും അതിജീവിക്കേണ്ടതായും വന്നു. പക്ഷെ അമ്മയ്ക്കു കൊടുത്ത വാക്ക് അക്ഷരംപ്രതി പാലിച്ചും ആദർശങ്ങൾ കൈവിടാതെയും പിടിച്ചു



**ഗാന്ധിജി ദക്ഷിണാഫ്രിക്കയിലെ അഹിംസാസമര നേതാക്കൾക്കൊപ്പം**

നിന്ന് മൂന്നു കൊല്ലത്തെ നിയമപഠനം പൂർത്തിയാക്കി ബാരിസ്റ്റർ ബിരുദവും നേടി ഗാന്ധിജി 1891 ൽ ഇന്ത്യയിൽ മടങ്ങിയെത്തി.

ഇംഗ്ലണ്ടിൽ പഠിക്കുമ്പോഴാണ് ഗാന്ധിജി പൊതുപ്രവർത്തനത്തിന്റെ ബാലപാഠങ്ങൾ സ്വായത്തമാക്കിയത്. അവിടത്തെ ഇന്ത്യൻ വിദ്യാർഥി സംഘടനയിലും സസ്യാഹാര പ്രസ്ഥാനത്തിലും അംഗമായി. തിയോസഫിക്കൽ സൊസൈറ്റിയുമായി ഈ കാലഘട്ടത്തിലാണ് ആദ്യമായി അദ്ദേഹം അടുക്കുന്നത്.

പത്രപ്രവർത്തനത്തിലെ ആദ്യചുവടുവയ്പും ഇംഗ്ലണ്ടിലെ പ്രവാസകാലത്താണ്. ഇംഗ്ലണ്ടിലും ഇന്ത്യയിലുമുള്ള പത്രങ്ങൾക്കു വേണ്ടി അദ്ദേഹം വാർത്തകളും കുറിപ്പുകളും എഴുതിക്കൊണ്ടിരുന്നു. അവയിലധികവും അവിടെക്കണ്ട കാഴ്ചകൾ, സസ്യാഹാര പ്രസ്ഥാനം, തിയസോഫിക്കൽ സൊസൈറ്റിയുമായുള്ള ആഭിമുഖ്യം, ഇന്ത്യൻ വിദ്യാർഥികൾ അവിടെ നേരിടുന്ന പ്രശ്നങ്ങൾ, താൻ വായിച്ച പുസ്തകങ്ങൾ, ഇന്ത്യയുടെ ഭാവിയേയും ദേശീയപ്രസ്ഥാനത്തേയും പറ്റി അവിടെ നടക്കുന്ന ചർച്ചകൾ തുടങ്ങിയവയെപ്പറ്റിയായിരുന്നു. അവയെല്ലാംതന്നെ പിന്നീട് ദക്ഷിണാഫ്രിക്കയിലും ഇന്ത്യയിലും നടത്തിയ പ്രവർത്തനങ്ങളിലും പോരാട്ടങ്ങളിലും ഗാന്ധിജിക്ക് ഏറെ തുണയായി.

> ഡർബൻ തുറമുഖത്ത് കപ്പലിറങ്ങിയതുമുതൽ വിവാദങ്ങളുടെയും വാർത്തകളുടെയും നടുവിലായിരുന്നു യുവബാരിസ്റ്ററായ ഗാന്ധിജി. കോടതിയിൽ കേസ് വാദിക്കാനെത്തിയ ഗാന്ധിജിയോട് തലപ്പാവ് ഊരാൻ മജിസ്ട്രേട്ട് ആവശ്യപ്പെട്ടു. അതിന് വിസമ്മതിച്ച് കോടതിയിൽ നിന്ന് ഇറങ്ങിപ്പോയതോടെ ഗാന്ധിജിയുടെ പേര് പത്രത്തിൽ ഇടംപിടിച്ചു. അത് അവിടെ വലിയൊരു വാദപ്രതിവാദത്തിന് വഴിയൊരുക്കി

## ദക്ഷിണാഫ്രിക്കയിൽ

ഏതൊരു പ്രവാസിയേയും പോലെ ഗാന്ധിജി ദക്ഷിണാഫ്രിക്കയിലേക്ക് പോയതും രണ്ടു കാര്യങ്ങൾക്കായാണ്. തൊഴിലിനും ധനസമ്പാദനത്തിനും. ഇംഗ്ലണ്ടിൽ നിന്നു മടങ്ങിയെത്തി നാട്ടിൽ വക്കീൽ പണി ആരംഭിച്ചെങ്കിലും വേണ്ടത്ര വിജയിക്കാതെ നിരാശനായിരിക്കുമ്പോഴാണ് ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ വ്യാപാരിക്കുവേണ്ടി കേസ് വാദിക്കാൻ ഒരവസരം കിട്ടിയത്. പോർബന്തർ ആസ്ഥാനമായ ദാദാ അബ്ദുള്ള കമ്പനിയുടെ വക്കീലായി 105 പവൻ പ്രതിഫലം നിശ്ചയിച്ച് ഒരു കൊല്ലത്തെ കരാറിൽ നേറ്റാളിലേക്ക് കപ്പൽ കയറി.

ഡർബൻ തുറമുഖത്ത് കപ്പലിറങ്ങിയതുമുതൽ വിവാദങ്ങളുടെയും വാർത്തകളുടെയും നടുവിലായിരുന്നു യുവബാരിസ്റ്ററായ ഗാന്ധിജി. കോടതിയിൽ കേസ് വാദിക്കാനെത്തിയ ഗാന്ധിജിയോട് തലപ്പാവ് ഊരാൻ മജിസ്ട്രേട്ട് ആവശ്യപ്പെട്ടു. അതിന് വിസമ്മതിച്ച് കോടതിയിൽ നിന്ന് ഇറങ്ങിപ്പോയതോടെ ഗാന്ധിജിയുടെ പേര് പത്രത്തിൽ ഇടംപിടിച്ചു. അത് അവിടെ വലിയൊരു വാദപ്രതിവാദത്തിന് വഴിയൊരുക്കി. ചിലർ ഗാന്ധിജിയുടെ ധീരതയെ പ്രശംസിച്ചു, മറ്റു ചിലർ അവിവേകമെന്ന് ആക്ഷേപിച്ചു. എന്തായാലും ദക്ഷിണാഫ്രിക്കയിലെത്തി മൂന്നാം നാൾ തന്നെ അദ്ദേഹം വിവാദപുരുഷനായി. തുടർന്നങ്ങോട്ട് കോടതിമുറികളിലും തീവണ്ടിയിലും പൊതുവേദികളിലുമെല്ലാം ഗാന്ധിജി ശ്രദ്ധാകേന്ദ്രമായി.

പ്രവാസികളായ ഇന്ത്യക്കാരോടും മറ്റു കുടിയേറ്റക്കാരോടുമുള്ള വിവേചനത്തിനും മനുഷ്യത്വരഹിതമായ നിയമങ്ങൾക്കും ക്രൂരമായ പെരുമാറ്റങ്ങൾക്കുമെതിരെ വിട്ടു

വീഴ്ചയില്ലാത്ത പോരാട്ടം ക്രമേണ പാർശ്വവത്കൃത സമൂഹത്തിന്റെ നേതൃസ്ഥാനം ഗാന്ധിജിയിലെത്തിക്കാൻ ഇടയാക്കി. വക്കീൽപ്പണിയുടെ കരാർ കാലാവധി കഴിഞ്ഞിട്ടും ഇന്ത്യയിലേക്ക് മടങ്ങാനായില്ല.

നീണ്ട 21 വർഷം. ജീവിതത്തിലെ ഏറ്റവും പുഷ്കലമായ കാലഘട്ടം. സംഭവബഹുലമായ നാളുകൾ... ആദ്യത്തെ അപമാനം, നിയമനിഷേധം, ജയിൽവാസം, തളരാത്ത പോരാട്ടങ്ങൾ, ബഹുഭാഷാപത്രപ്രവർത്തനം, പുസ്തകരചന, സത്യഗ്രഹ സമര പരീക്ഷണങ്ങൾ, ആശ്രമജീവിതം, പൊതുപ്രവർത്തനം... ഇങ്ങനെ അടിച്ചമർത്തപ്പെട്ടവരും അപമാനിതരുമായ പ്രവാസികളുടെ മാനം വീണ്ടെടുക്കാനും അവകാശങ്ങൾ നേടിയെടുക്കാനും വേണ്ടിയുള്ള നിരന്തരമായ പ്രവർത്തനങ്ങളിലൂടെ നേടിയത് ഇന്ത്യക്ക് കരുതൽധനമായി മാറിയ, മാറ്റുരച്ചുമിനുക്കിയ തന്ത്രങ്ങൾ, സമരായുധങ്ങൾ.

മൂന്നാം ക്ലാസ്സിലെ തീവണ്ടി – കപ്പൽ യാത്രയടക്കം ജീവിതകാലമത്രയും പിന്തുടർന്ന തന്റെ ജീവിതത്തിലെ സുപ്രധാനമായ മിക്ക ജീവിതവ്രതങ്ങളും തീരുമാനങ്ങളും ഗാന്ധിജി കൈക്കൊണ്ടത് ദക്ഷിണാഫ്രിക്കയിലെ പ്രവാസകാലത്താണ് – ലളിതമായ വസ്ത്രധാരണം, ആശ്രമജീവിതം, ബ്രഹ്മചര്യം, അഹിംസ, അനാസക്തി, പ്രകൃതി ചികിത്സ...

**ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി നടത്തിയ പ്രവർത്തനങ്ങളുടെയും അദ്ദേഹത്തിന്റെ ചിന്താധാരകളുടെയും കണ്ണാടി കൂടിയാണ് ഇന്ത്യൻ ഒപ്പിനിയൻ. സത്യഗ്രഹമെന്ന സമരായുധം മൂർച്ചകൂട്ടിയെടുക്കുന്നതിൽ ആ പത്രത്താളുകൾ വഹിച്ച പങ്ക് ചരിത്രരേഖയാണ്**

### പത്രപ്രവർത്തനം

ഇംഗ്ലണ്ടിൽ നിയമപഠനം നടത്തുമ്പോൾത്തന്നെ പത്രങ്ങൾക്കു വേണ്ടി എഴുതുമായിരുന്നുവെങ്കിലും ഗാന്ധിജി ഒരു പത്രപ്രവർത്തകനായത് 1903 ൽ ആണ്. ദക്ഷിണാഫ്രിക്കയിൽ വക്കീൽ പണിക്കൊപ്പം വെള്ളക്കാരുടെ അക്രമങ്ങൾക്കും അനീതിക്കുമെതിരെ തീവ്രമായ പോരാട്ടം നടത്തിവന്നകാലത്ത് പൊതുപ്രവർത്തനം ഫലപ്രദമായി നടത്തുന്നതിന് ഒരു പത്രം ആവശ്യമാണെന്ന് ഗാന്ധിജിക്കു തോന്നി. അവിടെ ഒരു അച്ചുകൂടം നടത്തിയിരുന്ന ഇന്ത്യക്കാരനായ മൻജിത്ത് എന്നയാളുമായി അതേപ്പറ്റി സംസാരിച്ചു. അദ്ദേഹം അതീവ താത്പര്യത്തോടെ അതിനു തയാറായി. അങ്ങനെ 1903 ജൂണിൽ മൻജിത്തിന്റെ പ്രസിൽ നിന്ന് ആദ്യമായി ഗാന്ധിജിയുടെ പത്രം പുറത്തിറങ്ങി. 'ഇന്ത്യൻ ഒപ്പിനിയൻ' എന്ന് അതിനു പേരിട്ടു.

ഇന്ത്യൻ ഒപ്പിനിയന് പരിചയസമ്പന്നനായ ഒരു മുഴുവൻ സമയപത്രാധിപർ വേണമെന്ന് അവർ തീരുമാനിച്ചു. അതിനു പറ്റിയ ആളെ കണ്ടെത്തുന്ന ചുമതലയും ഗാന്ധിജിക്കായി. ഇന്ത്യയിൽ ഏറെക്കാലം പത്രപ്രവർത്തകനായിരുന്ന മദൻ സുഖലാൽ നാസ്സർ അക്കാലത്ത് ദക്ഷിണാഫ്രിക്കയിലുണ്ടായിരുന്നു. ഗാന്ധിജി അദ്ദേഹത്തെ പത്രാധിപരായി നിർദേശിച്ചു. ഗാന്ധിജി ഇടക്കാലത്ത് ഇന്ത്യയിലായിരുന്നപ്പോൾ ദക്ഷിണാഫ്രിക്കൻ കോൺഗ്രസിന്റെ ചുമതല വഹിച്ചയാളായിരുന്നു മദൻ സുഖലാൽ.

പത്രാധിപരുടെ ചുമതല അദ്ദേഹം ഏറ്റെടുത്തെങ്കിലും ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച കുറിപ്പുകളും എഡിറ്റോറിയലും ലേഖനങ്ങളും എഴുതുന്ന ജോലി ഗാന്ധിജിക്കായിരുന്നു. അദ്ദേഹം അത് ഏൽക്കണമെന്ന വ്യവസ്ഥയിലായിരുന്നു മദൻസുഖലാൽ പത്രാധിപത്യം സമ്മതിച്ചത്. ക്രമേണ ഗാന്ധിജിയുടെ സമയത്തിലേറെ പങ്ക് പത്രപ്രവർത്തനത്തിനായി മാറ്റിവെക്കേണ്ടിവന്നു. പ്രതിവാരപത്രികയായി ആരംഭിച്ച ഈ പ്രസിദ്ധീകരണം ക്രമേണ ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ വംശജരുടെ ശബ്ദമായി മാറി.

നാലു ഭാഷകളിൽ – ഇംഗ്ലീഷ്, ഗുജറാത്തി, തമിഴ്, ഹിന്ദി – ഒരേസമയം ലേഖനങ്ങളും വാർത്തകളും കുറിപ്പുകളും പ്രസിദ്ധീകരിച്ചുവന്ന ഇന്ത്യൻ ഒപ്പിനിയൻ പത്രപ്രവർത്തനമേഖലയിൽ അക്കാലത്തെ പ്രതിഭാസമായി വിശേഷിപ്പിക്കപ്പെട്ടു.

പത്രാധിപർ മദൻസുഖലാൽ ആണെങ്കിലും അതിനു പിന്നിലെ തൂലികയും ധാർമികശക്തിയും ഗാന്ധിജിയാണെന്ന് സർക്കാരിനും വെള്ളക്കാർക്കും അറിയാമായിരുന്നു. അതുകൊണ്ടുതന്നെ ചുരുങ്ങിയ കാലത്തിനുള്ളിൽ ഇന്ത്യൻ ഒപ്പിനിയൻ വെള്ളക്കാരുടെ പേടിസ്വപ്നവും ഗാന്ധിജി നോട്ടപ്പുള്ളിയുമായി. പത്രത്തിൽ എഴുതുന്നതിനുപുറമെ അതിന് പണമുണ്ടാക്കുന്ന ചുമതലയും ഗാന്ധിജിക്കായിരുന്നു. വക്കീൽ പണിയിൽ നിന്നു കിട്ടിയിരുന്ന വരുമാനത്തിന്റെ നല്ലൊരു പങ്ക് അതിനായി അദ്ദേഹം മാറ്റിവെച്ചു. ക്രമേണ ഇന്ത്യൻ ഒപ്പിനിയന്റെ പൂർണ ചുമതല അദ്ദേഹത്തിന് ഏറ്റെടുക്കേണ്ടിവന്നു.



ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി നടത്തിയ പ്രവർത്തനങ്ങളുടെയും അദ്ദേഹത്തിന്റെ ചിന്താധാരകളുടെയും കണ്ണാടി കൂടിയാണ് ഇന്ത്യൻ ഒപ്പിനിയൻ. സത്യഗ്രഹമെന്ന സമരായുധം മൂർച്ചകൂട്ടിയെടുക്കുന്നതിൽ ആ പത്രത്താളുകൾ വഹിച്ച പങ്ക് ചരിത്രരേഖയാണ്. മഹാത്മാഗാന്ധിയുടെ ജീവിതത്തിൽ വഴിത്തിരിവ് സൃഷ്ടിച്ച ഗ്രന്ഥങ്ങളിലൊന്നാണ് ജോൺ റസ്കിന്റെ 'അൺടു ദിസ് ലാസ്റ്റ്'. ആ പുസ്തകം വായിച്ചയുടൻ അദ്ദേഹം ആദ്യം ചെയ്തത് ഇന്ത്യൻ ഒപ്പിനിയൻ പത്രത്തിന്റെ അച്ചുകൂടം നാട്ടിൻപുറത്തെ ഒരു കൃഷിയിടത്തിലേക്ക് മാറ്റുകയായിരുന്നു. അതിലെ ജീവനക്കാർ അവിടെ താമസിക്കണമെന്നും നിശ്ചയിച്ചു. പ്രതിമാസം മൂന്നു പവൻ ആയിരുന്നു എല്ലാവരുടെയും ശമ്പളം. എല്ലാവർക്കും ഒരേ പ്രതിഫലം. ഒരു ലേഖനത്തിലൂടെ പരിചയപ്പെട്ട ഹെൻറി പോളക്ക് എന്ന ബ്രിട്ടീഷുകാരനാണ് ഗാന്ധിജിക്ക് റസ്കിന്റെ പുസ്തകം സമ്മാനിച്ചത്.

ജോഹന്നാസ് ബർഗിൽനിന്ന് ഡർബനിലേക്കുള്ള തീവണ്ടിയാത്രയ്ക്കിടയിൽ വായിച്ചു തീർത്ത ആ പുസ്തകത്തിലെ പ്രധാന തത്ത്വങ്ങൾ ഇവയാണ്

1. *സമുദായത്തിന്റെ നന്മ തന്നെയാണ് വ്യക്തിയുടെയും നന്മ.*
2. *എല്ലാ തൊഴിലിന്റെയും അന്തസ് ഒരു*



**ഡർബനിൽ ഗാന്ധിജി (1914)**

*പോലെയാണ്. ഒരു വക്കീലിന്റെ തൊഴിലിനും ക്ഷുരകന്റെ തൊഴിലിനും തുല്യമായ അന്തസ് കൽപ്പിക്കണം*

3. *കർഷകന്റെയും കൂലിപ്പണിക്കാരന്റെയും ജീവിതം ഒരുപോലെ ഉത്കൃഷ്ടമാണ്. കാരണം, അവർ ശാരീരികാദ്ധ്വാനം കൊണ്ട് ജീവിക്കുന്നവരാണ്.*

വളരെക്കാലമായി താൻ കൊണ്ടുനടന്നിരുന്ന ആശയങ്ങൾക്ക് ഒരു കർമരൂപം കിട്ടിയ ആഹ്ലാദമായിരുന്നു ഗാന്ധിജിക്ക്. ഇതു പരീക്ഷിക്കാൻ പറ്റിയ ആദ്യ സന്ദർഭം ഇന്ത്യൻ ഒപ്പീനിയനിൽ അദ്ദേഹം പ്രയോജനപ്പെടുത്തി. ഇന്ത്യൻ ഒപ്പീനിയൻ പ്രസ് പട്ടണത്തിൽനിന്ന് നാട്ടിൻപുറത്തേക്ക് മാറ്റാനുള്ള നീക്കത്തെ തുടക്കത്തിൽ പലരും അനുകൂലിച്ചില്ല. പക്ഷെ പിന്നീട് എതിരഭിപ്രായങ്ങൾ അലിഞ്ഞില്ലാതായി. അരുവികളും ഫലവൃക്ഷങ്ങളും ധാരാളമുള്ള ഗ്രാമത്തിൽ നൂറേക്കർ സ്ഥലം ആയിരം പവൻ കൊടുത്ത് ഗാന്ധിജി വിലയ്ക്കുവാങ്ങി. അവിടെ അച്ചുകൂടം സ്ഥാപിച്ചു. സ്വയം കൃഷിചെയ്ത് ആഹാരത്തിനു വകകണ്ടെത്താൻ പ്രസിലെ ജോലിക്കാർക്കെല്ലാം മൂന്നേക്കർവീതം സ്ഥലം നൽകി. കൂട്ടത്തിൽ ഗാന്ധിജിക്കും കിട്ടി മൂന്നേക്കർ.

ഫിനിക്സ് സെറ്റിൽമെന്റ് എന്നു പേരിട്ട കൂട്ടായ ജീവിതത്തിന്റെ പരീക്ഷണക്കളരിയും സാമൂഹിക വിപ്ലവത്തിന്റെ തീപ്പൊരിയുമായി മാറി ആ ഉദ്യമം.

റസ്കിന്റെ പുസ്തകം വായിച്ചുണ്ടായ മാറ്റം പോളക്കിനെയും അതിയായി സന്തോഷിപ്പിച്ചു. അവിടേക്ക് താമസം മാറ്റാൻ പോളക് ആഗ്രഹിച്ചു. ഒരു മാസത്തിനുള്ളിൽ അദ്ദേഹം ഫിനിക്സ് സെറ്റിൽമെന്റിൽ പങ്കാളിയാവുകയും ചെയ്തു. അദ്ദേഹത്തിന്റെ സാന്നിധ്യം അവിടെയുള്ളവർക്ക് ആവേശം പകർന്നു.

## സത്യഗ്രഹവും ഇന്ത്യൻ ഒപ്പീനിയനും

ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ വർണവിവേചനത്തിനെതിരെ നടത്തിവന്ന പോരാട്ടങ്ങളെ പാസീവ് റസിസ്റ്റൻസ് (സഹനസമരം) എന്നാണ് ആദ്യകാലത്ത് പത്രങ്ങളും അധികൃതരുമൊക്കെ വിശേഷിപ്പിച്ചിരുന്നത്. ആ പദപ്രയോഗത്തിൽ ഗാന്ധിജി തൃപ്തനായിരുന്നില്ല.

സഹന സമരം ദുർബലരുടെ സമരതന്ത്രമായി പലരും വ്യാഖ്യാനിക്കുകയും ചെയ്തിരുന്നു. ആ പദത്തിൽ സമരത്തിന്റെ സവിശേഷത പൂർണമായും ഉൾക്കൊള്ളുന്നില്ലെന്ന് ഗാന്ധിജിക്കു തോന്നി. മാത്രമല്ല അതൊരു ഇംഗ്ലീഷ് പദവുമാണ്. ഒരു പുതിയ പദം കണ്ടെത്താനായി ഗാന്ധിജി ഇന്ത്യൻ ഒപ്പീനിയനിൽ അഭ്യർഥന പ്രസിദ്ധീകരിച്ചു.

വായനക്കാർ പല പേരുകൾ നിർദേശിച്ചു. അവയെല്ലാം അദ്ദേഹം ഇന്ത്യൻ ഒപ്പീനിയനിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അയച്ചുകിട്ടിയ പേരുകളിൽ അദ്ദേഹത്തിന് ഏറ്റവും ഇഷ്ടമായത് 'സദാഗ്രഹം' ആയിരുന്നു. അതിനെ ഒന്നുകൂടി മെച്ചപ്പെടുത്തി ഗാന്ധിജി 'സത്യഗ്രഹ'മാക്കി. "സത്യഗ്രഹത്തിൽ നിന്നും സ്നേഹത്തിൽ നിന്നും അഹിംസയിൽ നിന്നും ഉളവാക്കുന്ന ശക്തി" എന്ന് അദ്ദേഹം സത്യഗ്രഹത്തെ നിർവചിക്കുകയും ചെയ്തു.

## ദക്ഷിണാഫ്രിക്കയിലെ പ്രധാന സത്യഗ്രഹങ്ങൾ

1905 ട്രാൻസ്വാൾ ഗവൺമെന്റ് ഏഷ്യക്കാരുടെ അവകാശങ്ങൾ വെട്ടിക്കുറച്ചു. കരാർ ജോലിക്കാരായ ഇന്ത്യക്കാർ കാലാവധി കഴിഞ്ഞാൽ മടങ്ങിപ്പോവുകയോ 25 പവൻ ആൾനികുതി കൊടുക്കുകയോ കരാർ പുതുക്കുകയോ ചെയ്യണമെന്ന് ആഗസ്റ്റ് 22 ന് നിയമം കൊണ്ടുവന്നു. ഇന്ത്യക്കാർ വഴങ്ങിയില്ല. സെപ്റ്റംബർ 11 ന് ഗാന്ധിജിയുടെ നേതൃത്വത്തിൽ 3000 പ്രതിനിധികൾ ജോഹന്നാസ്ബർഗിൽ യോഗം ചേർന്ന് പ്രതിഷേധസൂചകമായി സത്യഗ്രഹം അനുഷ്ഠിച്ചു. ഗാന്ധിജിയടക്കം 200 പേരെ ജയിലിലടച്ചു. ആൾനികുതിക്ക് മൂന്നു പവൻ കുറച്ചു.

1907 സമരം കൊടുമ്പിരികൊണ്ടപ്പോൾ അവിടത്തെ പ്രധാനമന്ത്രി ജനറൽ സ്മട്സ് സന്ധിക്ക് തയാറായി. നിയമം പിൻവലിക്കാമെന്ന് ജനുവരി 30 ന് ഉറപ്പുകൊടുത്തു. സത്യഗ്രഹം പിൻവലിച്ചു.

1908 സ്മട്സ് വാക്കു പാലിച്ചില്ല. ഇന്ത്യക്കാർ സ്വയം രജിസ്റ്റർ ചെയ്താൽ നിയമം മാറ്റാമെന്നായി അധികൃതർ. സമരം പുനരാരംഭിച്ചു. ആഗസ്റ്റ് 16 ന് രജിസ്ട്രേഷൻ കടലാസുകൾ പരസ്യമായി തീയിട്ട് വീണ്ടും പ്രക്ഷോഭം. പിഴ, ജയിൽ ശിക്ഷ, ചാട്ടയടി, വെടി... മർദനമുറകൾ എന്നിവ അഴിച്ചുവിട്ടു. സത്യഗ്രഹികൾക്കായി ഗാന്ധിജി രണ്ട്

ആശ്രമങ്ങൾ സ്ഥാപിച്ചു. ഫീനിക്സ്, ടോൾസ്റ്റോയ്ഫാം.

1913 നേറ്റാൾ അതിർത്തിയിൽ നിന്ന് ട്രാൻസ്‌വാൾ അതിർത്തിയിലേക്ക് മഹാസത്യഗ്രഹയാത്ര. ഗാന്ധിജിയടക്കം അനേകം പേരെ അറസ്റ്റു ചെയ്തു ജയിലിലടച്ചു.

1914 ജനുവരി സന്ധിസംഭാഷണം. സത്യഗ്രഹികളെയെല്ലാം വിട്ടയച്ചു. ആൾനികുതി നിയമം നിർത്തലാക്കി. മറ്റാവശ്യങ്ങളും അംഗീകരിച്ചു. സമരം പിൻവലിച്ചു.

## മടക്കയാത്ര

ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ പ്രവാസികൾക്കുവേണ്ടിയുള്ള ഗാന്ധിജിയുടെ എട്ടുകൊല്ലത്തെ പോരാട്ടങ്ങൾക്ക് പൂർണ പിന്തുണയും സാമ്പത്തിക സഹായവും സമാഹരിച്ചു നൽകിയത് അദ്ദേഹം രാഷ്ട്രീയ ഗുരുവായി സ്വീകരിച്ചിരുന്ന ഗോപാലകൃഷ്ണഗോഖലെ ആയിരുന്നു. അദ്ദേഹത്തിന്റെ കൂടി നിർദേശം കണക്കിലെടുത്താണ് ഗാന്ധിജി ഇന്ത്യയിലേക്ക് താമസവും പ്രവർത്തനവും മാറ്റാൻ നിശ്ചയിച്ചത്. സമ്മിശ്രവികാരങ്ങളോടെയാണ് അദ്ദേഹവും പത്നി കസ്തൂർബയും 1914ൽ ദക്ഷിണാഫ്രിക്കയോട് വിടപറഞ്ഞത്.

ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ പ്രവാസികൾക്കുവേണ്ടിയുള്ള ഗാന്ധിജിയുടെ എട്ടുകൊല്ലത്തെ പോരാട്ടങ്ങൾക്ക് പൂർണപിന്തുണയും സാമ്പത്തിക സഹായവും സമാഹരിച്ചു നൽകിയത് അദ്ദേഹം രാഷ്ട്രീയ ഗുരുവായി സ്വീകരിച്ചിരുന്ന ഗോപാലകൃഷ്ണഗോഖലെ ആയിരുന്നു. അദ്ദേഹത്തിന്റെ കൂടി നിർദേശം കണക്കിലെടുത്താണ് ഗാന്ധിജി ഇന്ത്യയിലേക്ക് താമസവും പ്രവർത്തനവും മാറ്റാൻ നിശ്ചയിച്ചത്



ദക്ഷിണാഫ്രിക്കയിലെ സഹപ്രവർത്തകർക്കൊപ്പം ഗാന്ധിജി

ഇന്ത്യക്കാരും വെള്ളക്കാരുമടക്കം ഒരു വൻ ജനാവലി ഗാന്ധികുടുംബത്തെ യാത്രയാക്കാൻ കെയ്പ്ടൗൺ തുറമുഖത്ത് തിങ്ങിക്കൂടിയിരുന്നു. വാദ്യഘോഷങ്ങളോടെയാണ് അവരെ ജനങ്ങൾ തുറമുഖത്തേക്കാനയിച്ചത്. തന്റെ ആത്മാർഥ സുഹൃത്തായിരുന്ന പോളിക്കിന്റെ പത്നിയും അക്കൂട്ടത്തിലുണ്ടായിരുന്നു. ഗാന്ധികുടുംബത്തിന്റെ മടക്കയാത്രയെപ്പറ്റി അവർ എഴുതി: "കപ്പൽ പതുക്കെപ്പതുക്കെ കരയിൽ നിന്ന കലുന്നത് ഞാൻ നോക്കി നിന്നു. എന്റെ ജീവിതത്തിൽ സഹിക്കവയ്യാത്ത ഒരു ശൂന്യത ബാധിച്ചതായി അനുഭവപ്പെട്ടു. പ്രവർത്തനങ്ങളും ചിന്തകളും വികാരങ്ങളും തിരതല്ലിക്കൊണ്ടിരിക്കുന്ന ജീവിതത്തിലെ ഒരധ്യായം അവസാനിച്ചു."

ജനറൽ സ്മട്സ് ഗാന്ധിജിയുടെ എഴുപതാം ജന്മദിനാഘോഷവേളയിൽ ഇങ്ങനെ അനുസ്മരിച്ചു: "അന്നുതന്നെ ഗാന്ധിയെ എനിക്ക് വലിയ ബഹുമാനമായിരുന്നു. അങ്ങനെയുള്ള ഒരാളുടെ എതിരാളിയാകേണ്ടിവന്നത് എന്റെ നിർഭാഗ്യമാണ്. അന്ന് അദ്ദേഹം പ്രകടിപ്പിച്ച ഗുണങ്ങൾ വികസിച്ചുവന്നത് അതിലും വിശാലമായ ഒരു രംഗത്തിലാണ്. തെക്കേ ആഫ്രിക്കയിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ എന്നെ ഒട്ടധികം വിഷമിപ്പിച്ചിരുന്നു എന്ന് ഇവിടെ തുറന്നുപറഞ്ഞുകൊള്ളട്ടെ. ...ഗാന്ധി ചെയ്തിരുന്ന ഏത് പ്രവൃത്തിയിലും ചില പ്രത്യേകതകൾ കാണാം... അന്യോന്യബഹുമാനത്തോടെയാണ് ഞങ്ങൾ പൊരുതിയിരുന്നത്. വ്യക്തിപരമായ വെറുപ്പിനോ വിദ്വേഷത്തിനോ അതിൽ സ്ഥാനമുണ്ടായിരുന്നില്ല. അദ്ദേഹം ഒരിക്കലും വിശാലമനസ്ഥിതി കൈവെടിഞ്ഞിരുന്നില്ല. സമരത്തിന് തൃപ്തികരമായ ഒത്തുതീർപ്പിനുള്ള അവസരം അത് സൃഷ്ടിച്ചു.."

യാത്ര ഇംഗ്ലണ്ടുവഴിയാക്കാൻ ഗോഖലെ നിർദേശിച്ചു. 1914 ആഗസ്റ്റ് ആറിന് ഇംഗ്ലണ്ടിൽ എത്തിയ ഗാന്ധിജിക്കും പത്നിക്കും ആഗസ്റ്റ് എട്ടിന് ഇന്ത്യക്കാരും ബ്രിട്ടീഷുകാരും ഉൾപ്പെട്ട സുഹൃത്സംഘം വൻ പൗരസ്വീകരണം നൽകി. ഡിസംബർ 19 ന് ഇന്ത്യയിലേക്ക് യാത്ര പുറപ്പെടുമ്പോൾ ഹൃദ്യമായ യാത്രയയപ്പും നൽകി. 1915 ജനുവരി ഒൻപതിന് കപ്പൽ ബോംബെ തുറമുഖത്ത് എത്തിച്ചേർന്നു. സ്വദേശി വേഷത്തിലാണ് അദ്ദേഹവും പത്നിയും കപ്പലിറങ്ങിയത്. അവിടെ രാജകീയ സ്വീകരണമാണ് അവരെ കാത്തിരുന്നത്. പത്രങ്ങൾ വൻ പ്രാധാന്യത്തോടെ ആ സംഭവം റിപ്പോർട്ട് ചെയ്തു. ഇന്ത്യയിലെത്തിയ ഗാന്ധിജി ആദ്യം തന്നെ ഗോഖലെയെ കാണാനായി പൂണയിലേക്ക് പുറപ്പെട്ടു. ഭാവി പ്രവർത്തനങ്ങൾക്ക് തന്റെ രാഷ്ട്രീയ ഗുരുവിന്റെ ഉപദേശവും ആശീർവാദവും തേടിയുള്ള ആ യാത്ര ഇന്ത്യയിൽ ഗാന്ധിജിയുടെ പിന്നീടുള്ള ജീവിതത്തേയും ഇന്ത്യയുടെ ഭാഗധേയത്തെത്തന്നെയും എങ്ങനെ മാറ്റിമറിച്ചുവെന്നത് പിൽക്കാല ചരിത്രം. ■

■ ബൈജു ഭാസ്കർ




# പണം കായ്ക്കുന്ന മരങ്ങൾ




ഒരു കിലോ അരിവാങ്ങാൻ ഒരു കെട്ടു നോട്ടുമായി പോകുന്ന ചില ആഫ്രിക്കൻ രാജ്യങ്ങളിലെ ജനങ്ങളുടെ ദുർവിധിയോർത്ത് പലപ്പോഴും വ്യാകുലപ്പെട്ടിരുന്ന ഇന്ത്യക്കാരുടെ സ്ഥിതിയും അത്ര സുരക്ഷിതമല്ല എന്നാണ് രൂപയുടെ മൂക്കുകുത്തൽ നൽകുന്ന മുന്നറിയിപ്പ്. സൊമാലിയയിലേയോ ഉഗാണ്ടയിലേയോ അവസ്ഥ ഇന്ത്യയ്ക്കുണ്ടാകില്ലെങ്കിലും ഇപ്പോഴത്തെ നില തുടർന്നാൽ രൂപയ്ക്ക് കടലാസിന്റെ വില പോലുമുണ്ടാകില്ല. കഴിഞ്ഞ ഒരു വർഷത്തിനിടെ 28 ശതമാനത്തോളം ഇടിവാണ് ഇന്ത്യൻ രൂപയുടെ മൂല്യത്തിൽ സംഭവിച്ചത്. 2011 ജൂണിൽ ഡോളറിനെതിരെ 44.84 ആയിരുന്നു വിനിമയ നിരക്കെങ്കിൽ 2012 ജൂൺ ആയപ്പോൾ 57.33 വരെയാണ് ഇടിഞ്ഞത്. കഴിഞ്ഞ വർഷം പകുതിയോടെ തകരാൻ തുടങ്ങിയ ഇന്ത്യൻ രൂപ 2011 ഡിസംബറിൽ 52.52 വരെ എത്തിയെങ്കിലും ഇക്കൊല്ലം ആദ്യത്തോടെ ഭേദപ്പെട്ട നിലയിലേക്ക് മടങ്ങിയെത്തുമെന്ന പ്രതീക്ഷ ജനിപ്പിച്ചിരുന്നു. എന്നാൽ, ഏപ്രിലോടെ കാര്യങ്ങൾ തകിടംമറിഞ്ഞു. യൂറോപ്പിലെ സാമ്പത്തിക പ്രശ്നങ്ങൾക്കൊപ്പം അമേരിക്കൻ ഡോളർ ശക്തിപ്രാപിക്കുന്നതാണ് ഇന്ത്യൻ രൂപയ്ക്ക് തിരിച്ചടിയാകുന്നതെ

ന്നാണ് പ്രത്യക്ഷ വിലയിരുത്തൽ. കഴിഞ്ഞ എട്ടു മാസങ്ങൾക്കിടെ ആശങ്കപ്പെടുത്തുന്ന രീതിയിലാണ് ഇന്ത്യൻ രൂപയുടെ മൂല്യത്തിൽ ഇടിവു സംഭവിച്ചത്. മാർച്ചിൽ 50.40 ആയിരുന്ന മൂല്യം ജൂൺ അവസാന ആഴ്ച ആയപ്പോഴേക്കും 57.33 ലേക്കാണ് കൂപ്പുകുത്തിയത്. മെയിലെ കുറഞ്ഞ മൂല്യം 54.25 ന് മുകളിലാണ്. ചുരുക്കത്തിൽ രൂപയുടെ ഇപ്പോഴത്തെ അവസ്ഥ അത്ര ശുഭകരമല്ലെന്നർഥം. ഇത്തരത്തിൽ തകർച്ച തുടരുകയാണെങ്കിൽ ഒരു ഡോളറിന് 60 രൂപ വരെ കൊടുക്കേണ്ട അവസ്ഥയുണ്ടാകുമെന്നാണ് സാമ്പത്തിക വിദഗ്ധരുടെ മുന്നറിയിപ്പ്

ഇന്ത്യൻ രൂപ തകർച്ചയുടെ പടുകുഴിയിലേക്കു വീഴുമ്പോൾ താൽക്കാലികമായെങ്കിലും സന്തോഷിക്കുന്ന ഒരു കൂട്ടരുണ്ട്. പ്രവാസി ഇന്ത്യക്കാർ! അമേരിക്കയിൽ ജോലി ചെയ്യുന്ന ഒരു ഇന്ത്യാക്കാരന് ഒരു ഡോളർ കൊടുത്താൽ ഇപ്പോൾ 54 രൂപയ്ക്കു മുകളിൽ നാട്ടിലേക്ക് അയക്കാം. രൂപയുടെ മൂല്യത്തകർച്ച ഏറ്റവുമധികം പ്രയോജനപ്പെടുത്തുന്നത് ഗൾഫിലെ ഇന്ത്യക്കാരാണ്. പ്രത്യേകിച്ച് മലയാളികൾ. യു.എ.ഇ യിൽ 10 മാസങ്ങൾക്കു മുമ്പ് ഒരു ദിർഹത്തിന് 12 രൂപയാണ് ലഭിച്ചിരുന്നതെങ്കിൽ ഇപ്പോൾ 15 രൂപവരെ കിട്ടും. രൂപയുടെ മൂല്യത്തകർച്ചയ്ക്കനുസരിച്ച് ഇതിനു ഏറ്റക്കുറച്ചിൽ ഉണ്ടാകുന്നുണ്ടെങ്കിലും അടുത്തകാലത്തൊന്നും 14 രൂപയിൽ താഴേക്ക് ഇടിയില്ലെന്നാണ് ദുബായ് ബർജിൽ ജിയോജിത്ത് സെക്യൂരിറ്റീസിലെ ഫിൻൻഷ്യൽ കൺസൾട്ടന്റ് ബൈജു ജോർജ് വിലയിരുത്തുന്നത്. 2011 ഓഗസ്റ്റിൽ 11.99 ആയിരുന്ന വിനിമയനിരക്ക് ഒരു കൊല്ലത്തിനിപ്പുറം 15 രൂപയ്ക്കു മുകളിലെത്തി. ചുരുക്കത്തിൽ 15,000 രൂപ നാട്ടിലയക്കാൻ 1000 ദിർഹം മതിയാകും. എന്നാൽ ഇന്ത്യയിലെ വിലക്കയറ്റം കണക്കിലെടുക്കുമ്പോൾ ഈ പണം കൊണ്ട് എന്തു പ്രയോജനം എന്ന ചോദ്യവും പ്രസക്തമാണ്. ബാങ്കു വായ്പയും മറ്റ് കടങ്ങളുമൊക്കെയുള്ള സാധാരണ പ്രവാസിയെ സംബന്ധിച്ച് ഇതു പ്രയോജനകരംതന്നെയാണ്. അനുകൂല സാഹചര്യം മുതലാക്കി നാട്ടിലേക്കുള്ള പണമൊഴുക്കു പതിൻമടങ്ങു വർധിച്ചിട്ടുണ്ട്. കടം വാങ്ങിയും ബാങ്ക് വായ്പ തരപ്പെടുത്തിയും കമ്പനികളിൽ നിന്നും ശമ്പളം മുൻകൂട്ടി വാങ്ങിയും നാട്ടിലേക്കു പണം അയക്കുന്നവരുടെ എണ്ണം ക്രമാതീതമായി ഉയർന്നിട്ടുണ്ടെന്ന് മണി എക്സ്ചേഞ്ച് സ്ഥാപന പ്രതിനിധികളും സമ്മതിക്കുന്നു. മാത്രമല്ല ചെലവു ചുരുക്കി നാട്ടിലേക്കു പരമാവധി പണം അയക്കാനുള്ള പ്രവണതയും പ്രവാസി മലയാളികൾക്കിടയിൽ വർധിച്ചിട്ടുണ്ട്. യു.എ.ഇ യിൽ മാത്രമല്ല മറ്റ് ഗൾഫ് രാജ്യങ്ങളിലേയും സ്ഥിതി സമാനമാണ്.



ഇന്ത്യയിൽ പ്രവാസി നിക്ഷേപ കാര്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് കേരളം തന്നെ. തമിഴ്നാടിനാണ് രണ്ടാം സ്ഥാനം. പഞ്ചാബ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് തൊട്ടുപിന്നിൽ. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (CDS) നടത്തിയ കേരള മൈഗ്രന്റ് സർവെ റിപ്പോർട്ടിൽ പറയുന്നത് 2011-12 സാമ്പത്തിക വർഷം കേരളത്തിലേക്കൊഴുകിയത് 49,965 കോടി രൂപയാണെന്നാണ്

ലോക ബാങ്കിന്റെ കണക്കുപ്രകാരം 2010 ൽ 58 ബില്യൻ ഡോളറാണ് വിദേശ രാജ്യങ്ങളിൽ നിന്നും ഇന്ത്യക്കാർ നാട്ടിലേക്കയച്ചത്. 2011 ൽ ഇത് 10 ശതമാനം ഉയർന്നു. 64 ബില്യൻ ഡോളർ കഴിഞ്ഞ വർഷം ഇന്ത്യയിലേക്ക് ഒഴുകിയെന്നാണ് കണക്ക്. ഇക്കൊല്ലം ഇത് 70 ബില്യൻ ഡോളർ കടക്കുമെന്നാണ് വിലയിരുത്തൽ.

## പ്രവാസി നിക്ഷേപത്തിൽ ഒന്നാമത്

ലോക ബാങ്കും ഇന്ത്യൻ സർക്കാരും അസോച്ചവും ബാങ്കേഴ്സ് കമ്മിറ്റിയുമൊക്കെ നൽകുന്ന കണക്കുകളിൽ ഏറ്റക്കുറച്ചിലുണ്ടെങ്കിലും എല്ലാ മേഖലകളും അടിവരയിട്ടു പറയുന്നത് ഇന്ത്യയിലേക്കുള്ള പണമൊഴുക്കു വർധിച്ചിട്ടുണ്ട് എന്നുതന്നെയാണ്.

പ്രവാസികാര്യ മന്ത്രി വയലാർ രവി അടുത്തിടെ ലോക്സഭയിൽ അവതരിപ്പിച്ച കണക്കുപ്രകാരം 2011-12 സാമ്പത്തിക വർഷം വിദേശ ഇന്ത്യക്കാർ രാജ്യത്തേക്കയച്ചത് 66.13 ബില്യൻ ഡോളറാണ്. അതായത് 3,42,884.05 കോടി രൂപ. 2010-11 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 19 ശതമാനത്തിന്റെ വർധന. 55.62



ബില്യൺ ഡോളറാണ് 2010–11 സാമ്പത്തിക വർഷം പ്രവാസികൾ ഇന്ത്യയിലേക്ക് അയച്ചതെന്ന് സർക്കാർ രേഖകൾ പറയുന്നു. നടപ്പു സാമ്പത്തിക വർഷം ഇത് 7000 കോടി ഡോളർ കടക്കുമെന്ന് ലോകബാങ്കിന്റെ റിപ്പോർട്ടിൽ പറയുമ്പോൾ അസോചം (ASSOCHAM - Associated Chambers of Commerce and Industry of India) വിലയിരുത്തുന്നത് 7500 കോടി ഡോളറിനടുത്തെത്തുമെന്നാണ്. പ്രവാസി നിക്ഷേപത്തിൽ ഒന്നാം സ്ഥാനത്ത് ഇന്ത്യയാണെങ്കിൽ രണ്ടാം സ്ഥാനം ചൈനയ്ക്കാണ്. വിദേശത്തുള്ള ചൈനീസ് വംശജർ നടപ്പു സാമ്പത്തിക വർഷം 66 ബില്യൻ ഡോളർ നാട്ടിലേക്കയക്കുമെന്ന് ലോകബാങ്കിന്റെ അവലോകന റിപ്പോർട്ടിൽ പറയുന്നു. തൊട്ടു പിന്നിൽ മെക്സിക്കോയും ഫിലിപ്പൈൻസുമാണ്. 24 ബില്യൻ ഡോളർ. 21 ബില്യൻ ഡോളറുമായി നൈജീരിയയാണ് നാലാം സ്ഥാനത്തെത്തുകയെന്നും ലോകബാങ്ക് വിലയിരുത്തുന്നു. ഈജിപ്ത്, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, വിയറ്റ്നാം, ലബനൻ എന്നീ രാഷ്ട്രങ്ങളാണ് തൊട്ടുപിന്നിലുള്ളത്.

1.2 കോടിയിലധികം ഇന്ത്യക്കാരാണ് വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നത്. പ്രവാസി നിക്ഷേപത്തിലെ പ്രഥമ സ്ഥാനം ഇത്തവണയും ഇന്ത്യ നിലനിർത്തുമെന്നും ഇന്ത്യയിലേക്കുള്ള പണമൊഴുക്കിൽ 6.5 ശതമാനത്തിന്റെ വർധനയുണ്ടാകുമെന്നും പ്രമുഖ റമിറ്റിങ് ഏജൻസിയായ എക്സ്പ്രസ് മണിയുടെ വൈസ് പ്രസിഡന്റും ബിസിനസ് മേധാവിയുമായ സിധീഷ് ഗിരിയാൻ വിലയിരുത്തുന്നു. ഇന്ത്യൻ രൂപ ദുർബലമായതിനു പുറമെ, വിദേശത്തു നിന്നു പണമയക്കുന്നതിനുള്ള പരിധി കുത്തനെ ഉയർത്തിയതും പ്രവാസി നിക്ഷേപം ഉയരാൻ കാരണമായെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. വിദേശ ഇന്ത്യക്കാർ നാട്ടിലേക്കയക്കുന്ന പണത്തിന്റെ നല്ലൊരു ശതമാനവും ഗൾഫ് രാജ്യങ്ങളിൽ നിന്നാണ്. റിസർവ് ബാങ്കിന്റെ കഴിഞ്ഞ വർഷത്തെ കണക്കു പ്രകാരം വിദേശത്ത് നിന്ന് നാട്ടിലേക്കൊഴുകിയ പണത്തിന്റെ 30.8 ശതമാനം പശ്ചിമേഷ്യൻ രാജ്യങ്ങളിൽ നിന്നാണ്. വടക്കേ അമേരിക്കയിൽ നിന്നുള്ള ഇന്ത്യക്കാർ നാട്ടിലേക്കയച്ചത് 29.4 ശതമാനവും യൂറോപ്യൻ രാജ്യങ്ങളിൽ നിന്ന് 19.5 ശതമാനവും. വിദേശത്തു നിന്ന് നാട്ടിലേക്കൊഴുകുന്ന പണത്തിന്റെ 40 ശതമാനവും വീട്ടാവശ്യങ്ങൾക്കായാണ് ചെലവഴിക്കുന്നതെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്.

ഇന്ത്യയിൽ പ്രവാസി നിക്ഷേപകാര്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് കേരളം തന്നെ. തമിഴ്നാടിനാണ് രണ്ടാം സ്ഥാനം. പഞ്ചാബ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് തൊട്ടുപിന്നിൽ. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (CDS) നടത്തിയ കേരള മൈഗ്രന്റ് സർവെ റിപ്പോർട്ടിൽ പറയുന്നത് 2011–12 സാമ്പത്തിക വർഷം കേരളത്തിലേക്കൊഴുകിയത് 49,965 കോടി രൂപയാണെന്നാണ്. സംസ്ഥാനത്തെ ആഭ്യന്തര ഉത്പാദനത്തിന്റെ 31.2 ശതമാനം വരും ഈ തുക. കേന്ദ്ര സഹായമായി സംസ്ഥാനത്തിന് ലഭിക്കുന്ന തുകയുടെ ആറിരട്ടിയിലധികമാണ് പ്രവാസി മലയാളികൾ നാട്ടിലേക്കയക്കുന്നതെന്നും സർവെ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. 2011 ൽ 9,965 കോടി രൂപയാണ് പ്രവാസി മലയാളികൾ നാട്ടിലേക്കയച്ചതെങ്കിൽ 2012 മാർച്ച് വരെയുള്ള കണക്കു പ്രകാരം 48,454 കോടി രൂപ കേരളത്തിലേക്കൊഴുകിക്കഴിഞ്ഞു. 2011 മാർച്ച് വരെ ഇത് 37,690 കോടി രൂപയായിരുന്നു. 25.56 ശതമാനത്തിന്റെ വാർഷിക വർധനവ്. സംസ്ഥാനതല ബാങ്കേഴ്സ് സമിതിയാണ് ഈ വിലയിരുത്തൽ നടത്തിയത്. സ്റ്റേറ്റ് ബാങ്കുകളുടെ നിക്ഷേപത്തിൽ ഇക്കൊല്ലം 43.53 ശതമാനത്തിന്റെ വർധനവാണുണ്ടായത്. സ്വകാര്യ ബാങ്കുകളുടെ നിക്ഷേപത്തിൽ 34.08 ശതമാനത്തിന്റെയും ദേശസാത്കൃത ബാങ്കുകളിൽ 21.97 ശതമാനത്തിന്റെയും വർധന രേഖപ്പെടുത്തി.

ലോകത്താകമാനമുള്ള ഇന്ത്യക്കാരിൽ പകുതിയും ഗൾഫ് രജ്യങ്ങളിലാണ്. 60 ലക്ഷത്തോളം ഇന്ത്യക്കാരാണ് പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ജോലി ചെയ്യുന്നത്. ഇതിൽ പകുതിയോളം മലയാളികളാണെന്നാണ് കണക്ക്. ചുരുക്കത്തിൽ കേരളത്തിന്റെ മാത്രമല്ല രാജ്യത്തെ തന്നെ സമ്പദ് വ്യവസ്ഥയിൽ ഗൾഫ് മലയാളികൾക്കുള്ള പങ്ക് നിർണായകമാണ്. കേരളത്തിൽ ഇന്നു കാണുന്ന സൗഭാഗ്യങ്ങൾക്കു പിന്നിൽ ഗൾഫ് മലയാളികളുടെ വിയർപ്പും ചോരയുമുണ്ട്.

തൊഴിൽ സുരക്ഷ ഉൾപ്പെടെ നിരവധി പ്രശ്നങ്ങളാണ് പ്രവാസി മലയാളികൾ പ്രത്യേകിച്ചും ഗൾഫ് മലയാളികൾ നേരിടുന്നത്. രാജ്യത്തിന്റെ സ്വന്തം വിമാനക്കമ്പനിയായ എയർ ഇന്ത്യയുടെ ഭാഗത്തു നിന്നുണ്ടാകുന്ന ക്രൂരത ഗൾഫ് മലയാളികളെ ബുദ്ധിമുട്ടിക്കുന്നതു പതിവായിരിക്കുന്നു. സീസൺ സമയത്തെ ടിക്കറ്റ് നിരക്ക് വർധന, അപ്രതീക്ഷിതമായ റദ്ദാക്കൽ, അനിശ്ചിതമായ വൈകൽ, ജീവനക്കാരിൽ നിന്നു നേരിടേണ്ടിവരുന്ന മോശം പെരുമാറ്റം തുടങ്ങി എയർ ഇന്ത്യയെക്കുറിച്ചുള്ള പരാതിപ്രളയമാണ് ഗൾഫ് മലയാളികളുടെ ഭാഗത്തു നിന്നുണ്ടാകുന്നത്. വിസാ തട്ടിപ്പിനിരയായി വിദേശ രാജ്യങ്ങളിലെത്തിപ്പെടുന്ന മലയാളികളുടെ എണ്ണവും കുറവല്ല. വീട്ടു വേലയ്ക്കെന്ന പേരിൽ ഗൾഫ് രാജ്യങ്ങളിലെത്തി പെൺവാണിഭ സംഘങ്ങളുടെ കൈകളിലകപ്പെടുന്ന യുവതികളും നിരവധി. ഇത്തരത്തിൽ ചതിക്കുഴികൾ തീർക്കുന്ന സംഘങ്ങൾ ഗൾഫ് മേഖലയിൽ മാത്രമല്ല കേരളത്തിലും പ്രവർത്തിക്കുന്നു. നെടുമ്പാശേരി വിമാനത്താവളം വഴിയുള്ള മനുഷ്യക്കടത്തിനെക്കുറിച്ച് അടുത്തിടെ പുറത്തുവന്ന റിപ്പോർട്ടുകൾ ഞെട്ടിക്കുന്നതാണ്. ഇത്തരത്തിൽ പ്രവാസികൾ അനുഭവിക്കുന്ന പ്രയാസങ്ങളും യാതനകളും നിരവധിയാണ്. ഇതിനു പരിഹാരം തേടിയുള്ള മുറവിളിക്ക് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്.

ഇന്ത്യൻ സമ്പദ് രംഗം ആടിയുലയുമ്പോൾ അൽപമെങ്കിലും താങ്ങാവുന്ന പ്രവാസികളുടെ പ്രശ്നങ്ങൾ പ്രവാസി ദിവസ് പോലുള്ള സമ്മേളനങ്ങളിൽ ഉയർന്നുവരട്ടെ. രാജ്യത്തെ സാമ്പത്തിക രംഗത്തെ ഉണർവോടെ നിർത്തുന്നവരാണ് പ്രവാസികളെന്ന യാഥാർഥ്യവും വിസ്മരിക്കാതിരിക്കട്ടെ. ■

*(ദുബായ് ഏഷ്യാനെറ്റ് റേഡിയോയിൽ ന്യൂസ് എഡിറ്ററാണ് ലേഖകൻ)*

# നോർക്ക പ്രവാസികൾക്കൊരു കൈത്താങ്ങ്

പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും മറുനാട്ടിൽ നിന്നും തിരികെ എത്തുന്നവരുടെ പുനരധിവാസം സാധ്യമാക്കുന്നതിനും സഹായകരമാകുംവിധം ഒരു പൊതു വേദിയായി നോർക്ക റൂട്ട്സ് പ്രവർത്തിക്കുന്നു

പ്രവാസി മലയാളികളുടെ ക്ഷേമം ഉറപ്പുവരുത്തുക, അവരുടെ പരാതികൾക്ക് പരിഹാരം കാണുക, അവരുടെ അവകാശങ്ങൾ പരിരക്ഷിക്കുക തുടങ്ങി പ്രവാസി മലയാളികളുടെ ജീവിതത്തിൽ സംസ്ഥാന സർക്കാർ സുപ്രധാന പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. നിശ്ചലമായിരുന്ന പ്രവാസിക്ഷേമ വകുപ്പിനെ സജീവമാക്കുന്നതിന് ഗൾഫിലും മറ്റ് വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും പണിയെടുക്കുന്ന മലയാളികൾക്കും അവരുടെ കുടുംബങ്ങൾക്കും പരമാവധി സഹായം നൽകാൻ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തി. പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും മറുനാട്ടിൽ നിന്നും തിരികെ എത്തുന്നവരുടെ പുനരധിവാസം സാധ്യമാക്കുന്നതിനും സഹായകരമാകുംവിധം ഒരു പൊതുവേദിയായി നോർക്ക റൂട്ട്സ് പ്രവർത്തിക്കുന്നു.

തിരുവനന്തപുരത്ത് തൈക്കാട് നോർക്ക സെന്റർ ആരംഭിച്ചു. പ്രവാസി ക്ഷേമത്തിനായുള്ള വിവിധ ഏജൻസികളെ ഒരു കുടക്കീഴിൽ കൊണ്ടുവരണമെന്ന സ്വപ്നം ഇതിലൂടെ യാഥാർഥ്യമാക്കി. മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി 2012-13 ലെ ബജറ്റിൽ രണ്ടു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

വിദേശ രാജ്യങ്ങളിലെ സമയക്രമവുമായി താദാത്മ്യപ്പെടുത്തി പ്രവാസികളുടെ സംശയങ്ങൾക്ക് ഏതു സമയത്തും മറുപടി നൽകത്തക്കവിധത്തിൽ കോൾ സെന്റർ നോർക്ക സെന്ററിൽ പ്രവർത്തനം ആരംഭിച്ചു. വിദേശത്ത് തൊഴിൽ നേടാനാഗ്രഹിക്കുന്ന ഉദ്യോഗാർഥികൾക്ക് ശരിയായ മാർഗനിർദേശം നൽകുന്നതിനും അനുയോജ്യരായ തൊഴിൽ സംരംഭകരെ കണ്ടെത്തുന്നതിനുമായി ഒരു ജോബ് പോർട്ടൽ പ്രവർത്തനം തുടങ്ങി. ഇതിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് 2012-2013 ലെ ബജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തി.



അബ്ദുറഹിമാൻ രണ്ടത്താണി എം.എൽ.എ.
ചെയർമാൻ, പ്രവാസി ക്ഷേമകാര്യ
നിയമസഭാസമിതി



പി.എം.എ. സലാം, മുൻ എം.എൽ.എ,
ചെയർമാൻ, കേരള നോൺ റസിഡന്റ്
കേരളൈറ്റ്സ് വെൽഫെയർ ബോർഡ്

മരണാനന്തര ചടങ്ങുകൾ, കാൻസർ, ഹൃദയസംബന്ധമായ ഓപ്പറേഷൻ, ഗുരുതരമായ വൃക്കരോഗങ്ങൾ, പരാലിസിസ്, ഗുരുതമായ അംഗവൈകല്യം എന്നിവയ്ക്ക് സാന്ത്വന പദ്ധതിയിൽ പ്രവാസികൾക്ക് സർക്കാർ നൽകിവരുന്ന സഹായം 10,000 രൂപയിൽ നിന്നും 20,000 രൂപയായി വർധിപ്പിച്ചു. വിദേശങ്ങളിൽ മരണമടയുന്നവരുടെ ഭൗതികശരീരം സ്വദേശത്തെത്തിക്കുന്നതിനുള്ള കാരുണ്യം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

ഗൾഫ് മലയാളികളുടെ മക്കൾക്ക് നൽകുന്ന വിവാഹ ധനസഹായം 15000 രൂപയാക്കി വർധിപ്പിച്ചിട്ടുണ്ട്. പ്രവാസികൾക്കുള്ള അപകട മരണ ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യം ഒരു ലക്ഷം രൂപയായിരുന്നത് 2011 നവംബർ മുതൽ രണ്ടു ലക്ഷം രൂപയാക്കി വർധിപ്പിച്ചു. വടക്കൻ ജില്ലകളിലെ അംഗങ്ങളുടെ സൗകര്യാർഥം പ്രവാസിക്ഷേമ ബോർഡിന്റെ പ്രാദേശിക കേന്ദ്രം കോഴിക്കോട് പ്രവർത്തനമാരംഭിച്ചു.

വിസാതട്ടിപ്പിനും അനധികൃത റിക്രൂട്ട്മെന്റിനും എതിരെ വ്യാപകമായ ബോധവത്കരണം നടത്തുന്നു. വിദേശ തൊഴിൽ വിപണിയുടെ സമ്മർദങ്ങൾ അതിജീവിക്കുന്നതിന് വിദേശത്ത് തൊഴിൽ നേടുന്നവർക്ക് നൈപുണ്യവർധനാ പരിപാടി നടപ്പാക്കി.

നോർക്കയുടെ ഔദ്യോഗിക ജോബ് പോർട്ടൽ ആണ് *www.jobsnorka.gov.in* തൊഴിൽ ദാതാക്കൾക്ക് വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ കണ്ടെത്തുന്നതിനും ഉദ്യോഗാർഥികൾക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിനും ഈ ഓൺലൈൻ സംരംഭം സഹായിക്കുന്നു

നോർക്ക റൂട്ട്സിന്റെ ഓഫീസ് കോട്ടയത്തും പ്രവർത്തനമാരംഭിച്ചു.

### നോർക്ക റൂട്ട്സിന്റെ പ്രധാന പ്രവർത്തനങ്ങൾ

പ്രവാസി മലയാളികൾക്ക് ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക, പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക, പ്രവാസി മലയാളികൾക്കാവശ്യമായ എല്ലാ സഹായങ്ങളും യഥാസമയം എത്തിക്കുക. കേന്ദ്ര-സംസ്ഥാന സർക്കാരുമായും ഇന്ത്യയിലും വിദേശത്തുമുള്ള സ്ഥാപനങ്ങൾ. സംഘടനകൾ എന്നിവയുമായും ബന്ധപ്പെട്ട് പ്രവാസി മലയാളികളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുക.

വിദേശത്തുനിന്നും തിരികെയെത്തുന്ന മലയാളികൾക്ക് കേരളത്തിനകത്തും ഇതര സംസ്ഥാനങ്ങളിലും പുനരധിവാസത്തിനും പുനസംയോജനത്തിനും വേണ്ട സംവിധാനങ്ങൾ ആവിഷ്കരിക്കുക.

നമ്മുടെ സംസ്ഥാനത്തിന്റെ വ്യാവസായിക പുരോഗതിയിൽ പ്രവാസിമലയാളിക



**കോട്ടയം കളക്ട്രേറ്റിൽ നോർക്ക റൂട്ട്സ് കോട്ടയം ഓഫീസ്, ഗ്രാമവികസന-സാംസ്കാരിക, നോർക്ക വകുപ്പ് മന്ത്രി കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു**

ളുടെ ധനവും വൈദഗ്ധ്യവും പ്രയോജനപ്പെടുത്തുക.

പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനും പുതിയ പദ്ധതികൾ നടപ്പിലാക്കാനും സഹായിക്കുക.

വിവിധ തൊഴിലുകളിൽ വൈദഗ്ധ്യമുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാനവവിഭവ സമാഹരണം നടത്തുക.

തൊഴിലുകളിൽ വൈദഗ്ധ്യമുള്ളവരെ വിദേശത്തേക്ക് അയക്കുന്നതിന് സുതാര്യവും നിയമപരവുമായ നടപടികൾ കൈക്കൊള്ളുക. ലോകമെമ്പാടുമുള്ള പ്രവാസി മലയളികളെ ഏകോപിപ്പിക്കുന്ന വിധം മലയാളി സംഘടനകളുടെ രൂപീകരണത്തിലും തുടർന്നുള്ള പ്രവർത്തനത്തിലും മേൽനോട്ടം വഹിക്കുക.

### സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ

വിദേശത്ത് തൊഴിൽ തേടിപോകാൻ ആഗ്രഹിക്കുന്ന കേരളീയരുടെ വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ വ്യാജമല്ലെന്ന് സാക്ഷ്യപ്പെടുത്തുന്നതിനുള്ള മൂന്ന് അറ്റസ്റ്റേഷൻ കേന്ദ്രങ്ങൾ കേരള സർക്കാരിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്നു.

### പ്രവാസി തിരിച്ചറിയൽ കാർഡ്

പ്രവാസി തിരിച്ചറിയൽ കാർഡ് (പ്രവാസി ID കാർഡ്) പദ്ധതി ആരംഭിച്ചത് 2008 ആഗസ്റ്റിലാണ്. ആറു മാസത്തിലേറെയായി വിദേശത്തു താമസിച്ചു വരുന്നതോ / ജോലി ചെയ്തു വരുന്നതോ ആയ 18 വയസ്സ് പൂർത്തിയായ പ്രവാസി കേരളീയർക്ക് തിരിച്ചറിയൽ കാർഡിന് അപേക്ഷിക്കാവുന്നതാണ്.

പ്രവാസി മലയാളികളിൽ നിന്നും ID കാർഡിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവാസി മലയാളി തിരിച്ചറിയൽ കാർഡ് സെൽ രൂപീകരിച്ചിട്ടുണ്ട്.

### ജോബ് പോർട്ടൽ, റിക്രൂട്ട്മെന്റ് സേവനങ്ങൾ

നോർക്കയുടെ ഔദ്യോഗിക ജോബ് പോർട്ടൽ ആണ് www.jobsnorka.gov.in. തൊഴിൽ ദാതാക്കൾക്ക് വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ കണ്ടെത്തുന്നതിനും അതേസമയം ഉദ്യോഗാർഥികൾക്ക് അവർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിനും ഈ ഓൺലൈൻ സംരംഭം സഹായിക്കുന്നു. വിദേശത്തുള്ള തൊഴിൽ ദാതാക്കളെയും കേരളത്തിലുള്ള ഉദ്യോഗാർഥികളെയും തമ്മിൽ വേഗത്തിലും ചെലവു കുറഞ്ഞ രീതിയിലും ബന്ധിപ്പിക്കുന്നതിനും വിവരങ്ങൾ കൈമാറുന്നതിനും ജോബ് പോർട്ടൽ വഴി സാധ്യമാകുന്നു.

> കേരളത്തിലേക്ക് തിരിച്ചെത്തുന്ന മറുനാടൻ മലയാളികൾക്ക് സാമ്പത്തികസഹായം നൽകുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആരംഭിച്ചിരിക്കുന്ന സമാശ്വാസ പദ്ധതിയാണ് 'സാന്ത്വന' പദ്ധതി. തിരികെ എത്തിയ പ്രവാസി മലയാളി, ആ വ്യക്തിയുടെ ആശ്രിതർ, കുടുംബാംഗങ്ങൾ എന്നിവർക്ക് ചികിത്സയ്ക്കാവശ്യമായ ധനസഹായം

തൊഴിൽ അന്വേഷണം, റിക്രൂട്ട്മെന്റ് എന്നിവ ഏറ്റവും ഫലപ്രദമാകും വിധമാണ് നോർക്ക ജോബ് പോർട്ടൽ ഒരുക്കിയിരിക്കുന്നത്. വിവിധ മേഖലകളിൽ തൊഴിൽ തേടുന്നവരുടെ വിശദവിവരങ്ങൾ തൊഴിൽ ദായകർക്ക് ലഭ്യമാക്കുന്ന മികച്ച ഡാറ്റാബേസ് നോർക്കയുടെ ജോബ് പോർട്ടലിലുണ്ട്.

### ബോധവത്കരണ പരിപാടി

വിദേശത്തെ തൊഴിൽ രംഗത്തെക്കുറിച്ച് സാമാന്യമായ ധാരണ നൽകുന്നതിനും വിസ, എമിഗ്രേഷൻ നിയമങ്ങൾ, തൊഴിൽ കരാർ, കസ്റ്റംസ് നിയമങ്ങൾ, യാത്രയിൽ അനുവർത്തിക്കേണ്ട ചിട്ടകൾ മുതലായ വിഷയങ്ങളിൽ അവബോധം നൽകുന്നതിനുമാണ് നോർക്ക റൂട്ട്സ് തൊഴിൽ വൈദഗ്ധ്യ പരിപാടികൾ നടത്തുന്നത്.

### 'സാന്ത്വന' പദ്ധതി

കേരളത്തിലേക്ക് തിരിച്ചെത്തുന്ന മറുനാടൻ മലയാളികൾക്ക് സാമ്പത്തികസഹായം നൽകുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആരംഭിച്ചിരിക്കുന്ന സമാശ്വാസ പദ്ധതിയാണ് 'സാന്ത്വന' പദ്ധതി. തിരികെ എത്തിയ പ്രവാസി മലയാളി, ആ വ്യക്തിയുടെ ആശ്രിതർ, കുടുംബാംഗങ്ങൾ എന്നിവർക്ക് ചികിത്സയ്ക്കാവശ്യമായ ധനസഹായം. പ്രവാസി മലയാളി മരണമടഞ്ഞാൽ കുടുംബാംഗങ്ങൾക്കുള്ള ധനസഹായം. തിരികെ എത്തിയ പ്രവാസിമലയാളികളുടെ മകളുടെ വിവാഹധനസഹായം. ശാരീരിക വൈകല്യങ്ങൾ അതിജീവിക്കാനുള്ള ഉപകരണങ്ങൾ (ഉദ. കൃത്രിമകാൽ, ഊന്നുവടി, വീൽച്ചെയർ) വാങ്ങുന്നതിനുള്ള ധനസഹായം എന്നിവ നൽകുന്നു.

### ചെയർമാൻ ഫണ്ട്

നിർധനരായി തിരികെവന്ന പ്രവാസികളെ സഹായിക്കുന്നതിനായി സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷനിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 20 ശതമാനം തുക മാറ്റിവെച്ച് രൂപീകരിച്ചിട്ടുള്ള പ്രത്യേ സഹായധനമാണ് 'നോർക്ക റൂട്ട്സ് ചെയർമാൻ ഫണ്ട്'. 'സാന്ത്വന' വഴി നൽകി വരുന്ന എല്ലാ സഹായങ്ങളും ചെയർമാൻ ഫണ്ടുവഴിയും നൽകുന്നതാണ്.

### പ്രധാന പദ്ധതികൾ

പ്രവാസി ലീഗൽ എയ്ഡ് സെൽ, പ്രവാസി നിക്ഷേപകർക്കായുള്ള ബിസിനസ് സെന്റർ, വിദേശത്ത് ജയിൽശിക്ഷ അനുഭവിച്ച പാവപ്പെട്ട പ്രവാസി മലയാളികളെ നാട്ടിൽ തിരികെ കൊണ്ടുവരുന്നതിനുള്ള 'സ്വപ്നസാഫല്യം' പദ്ധതി. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ പ്രവാസി മലയാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്ന തിരിച്ചറിയൽ കാർഡ്. (ഇതര സംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികൾക്ക് ഈ പദ്ധതിയിൽ 300 രൂപ അടച്ച് അംഗമാകാവുന്നതാണ്. മൂന്നു വർഷത്തേക്കായിരിക്കും ഇൻഷുറൻസ് പരിരക്ഷ. അപകടമരണത്തിന് രണ്ടു ലക്ഷം രൂപയും ഭാഗികമായ അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപയുടെ ആനുകൂല്യവും ലഭിക്കും).

### ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികളുടെ കുട്ടികൾക്കായുള്ള സ്കോളർഷിപ്പ് പദ്ധതി ഇ.സി.ആർ. വിഭാഗത്തിലോ അവിദഗ്ധ തൊഴിലാളികൾ, വീട്ടു ഡ്രൈവർമാർ, വീട്ടു ജോലിക്കാർ എന്നീ വിഭാഗത്തിലോ ഉൾപ്പെട്ട വാർഷിക വരുമാനം മൂന്നു ലക്ഷം രൂപയിൽ താഴെയുള്ള പ്രവാസി കേരളീയരുടെ മക്കൾക്കാണ് സ്കോളർഷിപ്പിന് അർഹത.

കേരളീയ പ്രവാസി ക്ഷേമനിധി അംഗത്വത്തിനുള്ള പ്രായപരിധി 60 ആക്കി ഉയർത്തിയിട്ടുണ്ട്. പെൻഷനു പുറമെ ഇൻഷുറൻസ് പരിരക്ഷയും സ്വയംതൊഴിൽ വായ്പ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും പ്രവാസി ക്ഷേമനിധി ബോർഡ് വിഭാവനം ചെയ്യുന്നുണ്ട്. ■

**എഴുമാവിൽ രവീന്ദ്രനാഥ്**



# പ്രവാസം മാറുന്ന മുഖം

ചന്ദ്രനിലെത്തിയ നീൽ ആംസ്ട്രോങ് വിജയസ്മിതത്തോടെ തന്റെ പേടകത്തിൽ നിന്നും പുറത്തിറങ്ങി. അന്തരീക്ഷത്തിലേക്കു രണ്ടു കൈകളുമുയർത്തി. അങ്ങനെ താനൊരു ചരിത്രം രചിച്ചിരിക്കുന്നു... എന്നും തന്റെ പേര് ലോകം ഓർക്കും.. അഭിമാനത്തോടെയും തെല്ല് അഹങ്കാരത്തോടെയും അദ്ദേഹം പൊട്ടിച്ചിരിക്കാൻ തുടങ്ങവേ പുറകിൽ നിന്നൊരു ശബ്ദം '*സാറേ... ചൂടു ചായ എടുക്കട്ടെ...?*' ഞെട്ടിത്തിരിഞ്ഞ ആംസ്ട്രോങ്ങ് കണ്ടത് ബാലരാമപുരംകാരൻ ഗോപാലകൃഷ്ണനെയാണ്. '*ഞാൻ ഗോലകൃഷ്ണൻ... അങ്ങ് തിരവന്തോരത്ത് വാൽരാമരത്തൂന്നാ... എന്തരു വിശേഷങ്ങളു സാറെ...?*' ചന്ദ്രനിൽ തട്ടുകട നടത്തുന്ന സാക്ഷാൽ മലയാളി അങ്ങനെ ബഹിരാകാശ സഞ്ചാരിയുടെ ഗർവ് തീർത്തുവത്രേ.

ഇതൊരു ഭാവനാസൃഷ്ടിയാണെങ്കിലും ഇതിൽ കഥയില്ലാതില്ല. നാട്ടിൽ അല്പം അലസനാണെങ്കിലും മറുനാട്ടിൽ ചെന്നാൽ എന്തു ജോലിയും ചെയ്യാൻ മലയാളിക്ക് മടിയില്ല. ഇത് ഇന്നത്തെ നമ്മുടെ സഹജീവികളുടെ സ്വഭാവമാണ്. പണ്ട് കഠിനാദ്ധ്വാനികൾ തന്നെയായിരുന്നു ഏവരും. നിർമാണത്തൊഴിലാളികളായും തോട്ടം തൊഴിലാളികളായുമൊക്കെ കൊളമ്പിലും പേർഷ്യയിലും ശീമേലും എത്തപ്പെട്ട ആയിരങ്ങളുടെ കഥകൾ നമുക്കു മുമ്പിലുണ്ട്. ഇവരിൽ മലമ്പനിയും മഹാവ്യാധിയും പിടിച്ച് മണ്ണടിഞ്ഞവരുണ്ട്. മറുനാടിനൊപ്പം വളർന്നു പടർന്നവരുമുണ്ട്. അവരുണ്ടാക്കിയ സത്പേരിന്റെ ബലത്തിലാണ് പിന്നീടുള്ള പ്രവാസപരമ്പരയ്ക്കു തുടക്കം കുറിക്കുന്നത്.

നാല്പതുകളിൽ വിദേശത്തേക്കു യാത്രപോയവർ തൊഴിൽ തേടിത്തന്നെയായിരുന്നു നാടുവെടിഞ്ഞത്. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന കുടുംബങ്ങളിൽ നിന്നുള്ളവരായിരുന്നു ഇവരിലേറെയും. ഉന്നത വിദ്യാഭ്യാസത്തിനായും ഉയർന്ന പദവികളിലേക്കുമായി മറുകരയെത്തിയവർ വളരെക്കുറച്ചുമാത്രം. അപ്പോത്തിക്കരി (ഡോക്ടർ), ബാരിസ്റ്റർ പഠനങ്ങൾക്കായി യൂറോപ്യൻ രാജ്യങ്ങളിലേക്കു പോയവരിൽ സമ്പന്നർ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

എഴുപതുകളോടെയാണ് ഗൾഫ് രാജ്യങ്ങളിലേക്കുള്ള ഒഴുക്ക് ശക്തമായത്. നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ ശക്തമായ ചലനങ്ങളുണ്ടാക്കാൻ പ്രാപ്തമായ എൻ.ആർ.ഐ ഇഫക്ടിനു തുടക്കമിട്ടത് ഇക്കാലത്താണ്. ആകെ ജനസംഖ്യയിൽ അഞ്ചു ശതമാനം മാത്രമേ ഇത്തരത്തിലുള്ള ഒഴുക്കിൽപ്പെട്ടുള്ളു എങ്കിലും അവരുണ്ടാക്കിയ 'ഇംപാക്ട്' അതിലുമേറെയായിരുന്നു. സംസ്ഥാനത്തെ ആകെ ബാങ്ക് നിക്ഷേപങ്ങളിൽ ഒമ്പതു ശതമാനം അവരുടെ പങ്കായിരുന്നു.

ആദ്യകാലയാത്രക്കാർ തങ്ങളുടെ വരുമാനത്തിൽ 10 മുതൽ 15 ശതമാനം മാത്രമേ ബാങ്ക് നിക്ഷേപമാക്കാൻ താല്പര്യം കാണിക്കുകയുണ്ടായുള്ളു. അടിസ്ഥാന സൗകര്യവികസനമായിരുന്നു അവരിൽ ഭൂരിപക്ഷത്തിന്റെയും ലക്ഷ്യം. വീണ്ടുമൊരു പതിറ്റാണ്ടുകൂടി കഴിഞ്ഞതോടെ സ്ഥിതി വ്യത്യസ്തമായി. ആകെ നിക്ഷേപത്തിന്റെ 25 ശതമാനം പ്രവാസികളുടേതായി മാറി. എൻ.ആർ.ഐക്കാർക്കു വേണ്ടി ബാങ്കുകൾ പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചത് നിക്ഷേപ വളർച്ചയ്ക്കു കാരണമായിത്തീർന്നുവെന്നു പറയാം. തൊഴിൽ രംഗത്തുണ്ടായ മാറ്റവും വരുമാനത്തിലുണ്ടായ വർധനവും ഇതിനു സഹായകമായി. തൊണ്ണൂറുകളിൽ നടത്തപ്പെട്ട സ്ഥൂലതല സർവേയിൽ പ്രവാസികളുടെ വിന്യാസം ഇപ്രകാരമാണ്.

> ഗൾഫ് രാഷ്ട്രങ്ങളുടെ വളർച്ചയിൽ നിർണായകമായ പങ്കുവഹിച്ചിട്ടുള്ളവരാണ് മലയാളികൾ. അടിസ്ഥാന സൗകര്യവികസനത്തിന് ഏറ്റവും കൂടുതൽ വിയർപ്പൊഴുക്കിയവരും മറ്റാരുമല്ല. മലയാളികൾക്കു പിന്നാലെയാണ് മറ്റു രാജ്യങ്ങളിൽ നിന്നുള്ളവർ അവിടേക്കെത്തുന്നത്. നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവാസികളുടെ പിൻവാങ്ങലും അനിവാര്യമാകുന്നു

| | | |
|---|---|---|
| ഉന്നതതല ഉദ്യോഗസ്ഥർ | : | 5 ശതമാനം |
| ക്ലാസ് വൺ ഉദ്യോഗസ്ഥർ | : | 12 ശതമാനം |
| ക്ലാസ് ടു ഉദ്യോഗസ്ഥർ | : | 26 ശതമാനം |
| ക്ലാസ് ത്രീ ഉദ്യോഗസ്ഥർ | : | 38 ശതമാനം |
| മറ്റുള്ളവർ | : | 19 ശതമാനം |

(അവലംബം: സിഗ്മ റിസർച്ച് & അനാലിസിസ്)

**രണ്ടായിരത്തോടെ സ്ഥിതിവിവര കണക്കുകളിൽ വലിയ വ്യത്യാസമാണ് ഉണ്ടായത്.**

| | | |
|---|---|---|
| ഉന്നതതല ഉദ്യോഗസ്ഥർ | : | 3 ശതമാനം |
| ക്ലാസ് വൺ ഉദ്യോഗസ്ഥർ | : | 7 ശതമാനം |
| ക്ലാസ് ടു ഉദ്യോഗസ്ഥർ | : | 20 ശതമാനം |
| ക്ലാസ് ത്രീ ഉദ്യോഗസ്ഥർ | : | 30 ശതമാനം |
| മറ്റുള്ളവർ | : | 40 ശതമാനം |

(അവലംബം: സിഗ്മ റിസർച്ച് & അനാലിസിസ്)

ഇത് ഗൾഫ് മലയാളികളുടെ മാത്രം കണക്കാണ്. മാറിയ നിയമങ്ങൾ മൂലം ഔദ്യോഗികരംഗത്തുണ്ടായ ചലനങ്ങൾ ഈ സർവേ വ്യക്തമാക്കുന്നു. ചെറുകിട കച്ചവടം മുതൽ വമ്പൻ ബിസിനസ്സ് സംരംഭങ്ങൾ വരെ 'മറ്റുള്ളവർ' എന്ന വിഭാഗത്തിലുണ്ട്. ഉദ്യോഗസ്ഥർ എന്ന തലക്കെട്ടിനു കീഴിൽ സ്വകാര്യ/സർക്കാർ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്നവരെയെല്ലാം ഉൾപ്പെടുത്തിയിരിക്കുന്നു.

ഗൾഫ് രാഷ്ട്രങ്ങളുടെ വളർച്ചയിൽ നിർണായകമായ പങ്കുവഹിച്ചിട്ടുള്ളവരാണ് മലയാളികൾ. അടിസ്ഥാന സൗകര്യവികസനത്തിന് ഏറ്റവും കൂടുതൽ വിയർപ്പൊഴുക്കിയവരും മറ്റാരുമല്ല. മലയാളികൾക്കു പിന്നാലെയാണ് മറ്റു രാജ്യങ്ങളിൽ നിന്നുള്ളവർ അവിടേക്കെത്തുന്നത്. നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവാസികളുടെ പിൻവാങ്ങലും അനിവാര്യമാകുന്നു. ഇപ്രകാരം സംഭവിക്കുമ്പോൾ സാമ്പത്തികമായി ഭദ്രമല്ലാത്തവരുടെ നിലയാണ് ഏറെ പരുങ്ങലിലാവുന്നത്. തൊഴിലാളികളിൽ ഏതാണ്ട് 60 ശതമാനവും ഈ ഗണത്തിൽപ്പെടുന്നു. ഇവരുടെ സുരക്ഷയ്ക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒരു മനസ്സോടെ പ്രവർത്തിക്കേണ്ടതുണ്ട്. നമ്മുടെ സർക്കാർ ഈ രംഗത്തു പ്രശംസാർഹമായ ചുവടുകൾ വച്ചുകഴിഞ്ഞു.

### മണ്ണിന്റെ മക്കൾ വാദം

2030 ഓടെ ഗൾഫ് നാടുകളിൽ വ്യവസായ സംരംഭങ്ങളിലും സ്വയംതൊഴിൽ പദ്ധതികളിലും ഏർപ്പെട്ടിരിക്കുന്നവർ മാത്രമേ പ്രവാസികളായി ശേഷിക്കാൻ സാധ്യതയുള്ളുവെന്ന് പഠനങ്ങൾ പറയുന്നു. മണ്ണിന്റെ മക്കൾ വാദം ശക്തിയാർജിക്കുമെന്നും ഒഴിച്ചുകൂടാനാവാത്ത മേഖലകളിൽ മാത്രമേ വിദേശികൾ വിന്യസിക്കപ്പെടുകയുള്ളുവെന്നും പ്രവചിക്കപ്പെടുന്നു. ഇത്തരം സ്ഥിതിവിശേഷം മുൻകൂട്ടിക്കാണുകയും അതനുസരിച്ച ഭാവിയിലെ തന്ത്രങ്ങൾ മെച്ചപ്പെടുത്തുകയും വേണം. മറുനാട്ടുകാർക്ക് അവസരങ്ങൾനൽകി സ്വന്തം പ്രജകളെ തൊഴിൽ രഹിതരാക്കിമാറ്റാൻ ഏതെങ്കിലുമൊരു ഭരണകൂടം തയാറാകുമോ? മേൽപ്പറഞ്ഞ ഒഴിച്ചുകൂടാൻ വയ്യാത്ത മേഖലകളിൽ ആതുരസേവനത്തിനാവും ഏറ്റവും പ്രാമുഖ്യം ലഭിക്കുക. ആരോഗ്യമേഖലയിൽ വരുന്ന 50 വർഷക്കാലം കൂടി പ്രവാസികൾക്ക് സുഖകരമായ ബർത്തുകൾ ഉണ്ടാവുമെന്നാണ് പ്രവചനങ്ങൾ. പിന്നീടു വരുന്നത് വിവിധ സാങ്കേതിക മേഖലകളാണ്. ഐടിയുടെ ഭാവി അത്ര ശോഭനമാവില്ലെങ്കിൽക്കൂടി തികച്ചും മോശമാവില്ല. ഭക്ഷ്യം, ഹൈടെക് കൃഷി, ഡയറി സയൻസ് എന്നിങ്ങനെയുള്ള മേഖലകളിൽ അവസരങ്ങൾ ഏറുകതന്നെ ചെയ്യും. അതതു രാജ്യങ്ങളിലെ അഭ്യസ്തവിദ്യരോടു തോൾചേർന്നു പ്രവർത്തിക്കേണ്ടവരിൽ നല്ലൊരുവിഭാഗം മലയാളികൾ തന്നെയാവാനാണ് സാധ്യത.

പണ്ട് അത്യാവശ്യ വിദ്യാഭ്യാസം നേടി നാട്ടിൽ തൊഴിലന്വേഷകനായി അലയുന്നവരെയൊക്കെ 'പാസ്സ്പോർട്ടും പത്തുപുത്തനും' സംഘടിപ്പിച്ച് പേർഷ്യയിലേക്കുവിടുന്ന സമ്പ്രദായമായിരുന്നു ഇവിടെ നിലനിന്നിരുന്നത്. പലപ്പോഴും വിസയിൽ പറയുന്ന 'പണി' മറുനാട്ടിൽ ചെന്നാവും മലയാളി പഠിച്ചിരുന്നത്. ഇന്ന് ആ കഥയൊക്കെ മാറി അംഗീകൃത സ്ഥാപനത്തിൽനിന്നും ലഭിച്ച അർഹമായ അഥവാ തസ്തികയ്ക്കുയോജിച്ച വിദ്യാഭ്യാസവും പ്രതിപാദിക്കുന്ന പ്രവർത്തന പരിചയവുമില്ലാതെ ഒരാൾക്കുവേണ്ടിയും അവസരങ്ങളുടെ പടിവാതിൽ തുറക്കപ്പെടുകയില്ല. അതിനുവേണ്ടി സ്വയം സജ്ജമായാൽ മാത്രമേ ഇനിയൊരു സുഖകരമായ പ്രവാസിജീവിതം സാധ്യമാകുകയുള്ളു. ■